# മലങ്കര സുറിയാനി കത്തോലിക്കാ സഭ

# കൂദാശകൾ

## മൃതസംസ്കാരം, ഭവനാശീർവ്വാദം

www.malankaralibrary.com

മലങ്കര സുറിയാനി കത്തോലിക്കാ സഭ

# കൂദാശകൾ

## മൃതസംസ്കാരം, ഭവനാശീർവ്വാദം

www.malankaralibrary.com

*Imprimatur*
**✠ Moran Mor Baselios Cardinal Cleemis**
*Major Archbishop-Catholicos of the Syro - Malankara Catholic Church*

Re-printed : 2023 July

*Approved by*
The Holy Episcopal Synod

*Prepared by*
The Synodal Commission for Liturgy

*Published by*
The Major Archiepiscopal Curia
of the Syro-Malankara Catholic Church
Catholicate Centre, Pattom, Trivandrum - 695 004

*Layout & Printing*
St.Marys Press Pattom, Trivandrum
Ph: 0471-2446116

www.malankaralibrary.com

# വിഷയവിവരം


| | | പുറം |
|---|---|---|
| 1. | മാമോദീസാ | 4 |
| 2. | മൂറോനഭിഷേകം | 33 |
| 3. | പാപമോചനം (മലയാളം) | 38 |
| 4. | വിവാഹം | 39 |
| 5. | രോഗികളുടെ തൈലാഭിഷേകം | 86 |
| 6. | പുരുഷന്മാരുടെ മൃതസംസ്കാരം | 101 |
| 7. | സ്ത്രീകളുടെ മൃതസംസ്കാരം | 173 |
| 8. | കുട്ടികളുടെ മൃതസംസ്കാരം | 233 |
| 9. | ഭവനാശീർവ്വാദം | 263 |
| 10. | അനുബന്ധം | 275 |
| 11. | പാപമോചനം (സുറിയാനി) | 288 |
| 12. | ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിലെ ധൂപപ്രാർത്ഥന | 289 |


www.malankaralibrary.com

# മാമോദീസാ

## നിർദ്ദേശങ്ങൾ

1. കാർമികൻ വി. കുർബാനയ്ക്ക് ഉപയോഗിക്കുന്ന അംശവസ്ത്രങ്ങൾ ധരിച്ചിരിക്കണം.

2. തലതൊടുന്ന ആൾ ആൺകുട്ടിക്കു പുരുഷനും പെൺകുട്ടിക്കു സ്ത്രീയുമായിരിക്കണം. 18 വയസ് പൂർത്തിയായ കത്തോലിക്കാ വിശ്വാസിയായിരിക്കണം. സ്വന്തം മാതാപിതാക്കൾ പാടില്ല.

3. ശുശ്രൂഷയ്ക്ക് ആവശ്യമുള്ള സാധനങ്ങൾ - സൈത്ത്, മൂറോൻ, ചൂടുവെള്ളം, പച്ചവെള്ളം, മാമോദീസാ തൊട്ടിയിൽ വയ്ക്കാനുള്ള കുരിശ്, ശോശപ്പ മുതലായവ കരുതിയിരിക്കണം.

4. ഹൈക്കലായിൽ നമസ്ക്കാര മേശയുടെ മുന്നിൽ നിന്നുകൊണ്ടാണ് കർമ്മി ശുശ്രൂഷ ആരംഭിക്കുന്നത്. ഈ സമയം മറ വലിച്ച് മദ്ബഹാ തുറന്നിടണം.

5. ഒന്നിലധികം പേർ മാമോദീസാ സ്വീകരിക്കുവാനുണ്ടെങ്കിൽ വാഴ്ത്തിയ ജലത്തിൽ കുറെ മാറ്റി വച്ച് ഓരോരുത്തരെയും പ്രത്യേകം പ്രത്യേകം സ്നാനപ്പെടുത്തണം.

6. കിരീട ധാരണത്തിനു വേണ്ട കിരീടം പള്ളിയിൽ ഉണ്ടാക്കി വയ്ക്കുന്നത് നല്ലതാണ്. കിരീടമില്ലെങ്കിൽ കൈയ്യുറയോ ഹൈമ്നിയായോ ഉപയോഗിക്കാം.

7. മാമോദീസാ, മൂറോനഭിഷേകം, കുർബാന ഇവ ഒരുമിച്ചു നൽകേണ്ടതാണ്. അർത്ഥി ശിശുവാണെങ്കിൽ, കാർമികൻ ഒരു വിരൽ കാസായിൽ മുക്കി ഒരു തുള്ളി തിരുരക്തം നാക്കിൽ തൊട്ടു കൊടുക്കുന്നു.

8. ഗീതങ്ങൾ (കുക്കിലിയോൻ, എനിയോനോ, കോലോ, എക്ബോ) ആലപിക്കുമ്പോൾ കാർമികൻ പടിഞ്ഞാറോട്ട് തിരിഞ്ഞുനിൽക്കണം.

9. സ്ഥാനാർത്ഥി ശിശുവാണെങ്കിൽ, ശിശുവിന്റെ തല ഇടതുകൈയിൽ പിടിച്ചുകൊണ്ട് തലതൊടുന്നയാൾ കിഴക്കോട്ടു തിരിഞ്ഞുനിൽക്കുന്നു.

10. സുവിശേഷവായന മദ്ബഹായിൽ നിന്നായിരിക്കണം നടത്തേണ്ടത്.

www.malankaralibrary.com

# മാമോദീസാ

## കൗമാ

കാർമ്മി : ശുബ്ഹോ...

ജനം : ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

## പ്രാരംഭ പ്രാർത്ഥന

കാർമ്മി : ദൈവമായ കർത്താവേ, അഗ്നിയാലും ആത്മാവിനാലും സ്നാനം നൽകുവാൻ വിശുദ്ധ ശ്ലീഹന്മാരെ നീ വിശ്വാസപൂർവ്വം ഭരമേൽപ്പിച്ചു. ഈ ആദ്ധ്യാത്മിക പൗരോഹിത്യ ശുശ്രൂഷയ്ക്ക് ഞങ്ങളെയും യോഗ്യരാക്കണമേ. കർത്താവേ, ഇപ്പോൾ സ്നാനത്തിനും വീണ്ടും ജനനത്തിനുമായി അടുത്തു വന്നിരിക്കുന്ന ഈ ദാസന്റെ (ദാസിയുടെ) ആത്മാവിന് പാപികളായ ഞങ്ങളുടെ മദ്ധ്യസ്ഥതയാൽ രക്ഷ ലഭിക്കുകയും ഈ ദാസൻ (ദാസി) അനുഗ്രഹങ്ങളും കരുണയും എന്നേക്കും പ്രാപിക്കുകയും ചെയ്യുമാറാകണമേ (മോറാൻ വാലോഹാൻ ല്ഒൽമ്മീൻ). ആമ്മീൻ.

## കുക്കിലിയോൻ (രണ്ടാം രാഗം)

### ആൺകുട്ടിയെ സ്നാനപ്പെടുത്തുമ്പോൾ

സങ്കീർത്തനം 29: 1-4

(ഐത്താവ് ല്മൊറിയൊ... എന്ന രീതി)

ആൺ പൈതങ്ങളെ ഈശനു നൽകിൻ ഹാ-
സ്തുതി ബഹുമാനവുമങ്ങേയ്ക്കേകിൻ

ബഹുമതി തിരുനാമത്തിനു നൽകിൻ ഹാ-
തിരുഭവനത്തിൽ നാഥനെ വന്ദിപ്പിൻ

നാഥൻ ശബ്ദം വാരിധി മീതേ ഹാ-
മേഘധ്വനി മഹിതൻ ദൈവമുയർത്തി

പെരുവെള്ളത്തിൻ മീതെ നാഥൻ ഹാ-
നാദമുയർന്നതി ഗംഭീരം. ബാറെക്മോർ.

www.malankaralibrary.com

അല്ലെങ്കിൽ

ആൺപൈതങ്ങളെ കർത്താവിന് സമർപ്പിക്കുവിൻ, അവന് സ്തുതിയും ബഹുമാനവും നൽകുവിൻ.

കർത്താവിന്റെ നാമത്തിനു ബഹുമാനം കൊടുക്കുവിൻ, തന്റെ വിശുദ്ധ മന്ദിരത്തിൽ കർത്താവിനെ വന്ദിക്കുവിൻ.

കർത്താവിന്റെ ശബ്ദം വെള്ളത്തിൻ മീതേ, മഹത്ത്വമുള്ള ദൈവം ഇടിമുഴക്കി; കർത്താവ് പെരുവെള്ളത്തിൻ മീതെ.

കർത്താവിന്റെ ശബ്ദം ശക്തിയും മഹത്ത്വവും ഉള്ളതാണ്.
ബാറെക്മോർ.

## പെൺകുട്ടിയെ സ്നാനപ്പെടുത്തുമ്പോൾ

സങ്കീർത്തനം 49: 10-13
(ഐത്താവ് ല്മൊറിയൊ... എന്ന രീതി)

നിന്നൂ മഹിമയിൽ രാജകുമാരി ഹാ-
നിൻ വലഭാഗേ രാജാംഗനയും
ഓഫീർ കാഞ്ചന വസ്ത്രാലംകൃതയായ് ഹാ-
കാണുകയെൻ മകളേ നിൻ ചെവി ചായിക്ക
തവലാവണ്യം നരപതി കാംക്ഷിപ്പാൻ ഹാ-
മറക്കുക നീ നിൻ ജനവും പിതൃകുലവും
നിൻ നാഥനവൻ പ്രണമിക്കുക നീ ഹാ-
സോറിൻ മകളും പ്രണമിക്കും. ബാറെക്മോർ.

അല്ലെങ്കിൽ

രാജാവിന്റെ പുത്രി മഹത്ത്വത്തോടെ നിന്നു; ഓഫീറിലെ തങ്കവസ്ത്രം ധരിച്ചുകൊണ്ട്, രാജ്ഞി നിന്റെ വലത്തുവശത്തും നിന്നു.

എന്റെ മകളേ, നീ കാണുകയും ശ്രദ്ധിച്ചു കേൾക്കുകയും ചെയ്യുക. രാജാവ് നിന്റെ സൗന്ദര്യം ആഗ്രഹിക്കുവാൻ നീ നിന്റെ ജനത്തെയും പിതൃകുലത്തെയും മറക്കുക.

അവൻ നിന്റെ നാഥനാകയാൽ നീ അവനെ വന്ദിക്കുക. സോറിന്റെ മകളും അവനെ വന്ദിക്കും.

ബാറെക്മോർ.

www.malankaralibrary.com

കാർമ്മി : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

ജനം : ആദിമുതൽ എന്നേക്കും. ആമ്മീൻ.

കാർമ്മി : *മാമോദീസാ സ്വീകരിക്കുന്നയാളിന്റെ സമീപം ആദ്ധ്യാത്മികമായി നിന്നുകൊണ്ട് ദാവീദ് ഇപ്രകാരം പറയുന്നതു നമുക്കു ശ്രദ്ധിക്കാം: "ദാഹിക്കുന്നവരേ, നിങ്ങൾ ഏവരും കർത്താവായ ദൈവത്തിന്റെ അടുത്തുവന്ന് ശക്തിപ്രാപിക്കുവിൻ. അധ:പതിച്ചവനും നിർഭാഗ്യവാനുമായ ആദാം സങ്കടത്തോടെ അവനെ വിളിച്ചപേക്ഷിച്ചു. ദൈവമായ കർത്താവ് അവനു മറുപടി അരുളുകയും, യോർദ്ദാൻ നദീതീരത്തേക്കു വന്ന് അവനെ ഉദ്ധരിക്കുകയും ചെയ്തു".

കട്ടിളപ്പടികളിൽ തളിക്കപ്പെട്ട രക്തത്താൽ സംഹാരദൂതനിൽ നിന്ന് എബ്രായക്കാർ രക്ഷിക്കപ്പെട്ടതുപോലെ കൃപയുടെ മുദ്ര, വിശ്വാസികളായ ഞങ്ങൾക്ക് കാവലായിരിക്കട്ടെ. ജീവപ്രദവും ദൈവികവുമായ ×പുതുസ്നാനത്തിന്റെ കൃപയിൽ അഭയം പ്രാപിക്കുന്ന ഞങ്ങൾക്ക് അതു സംരക്ഷണമാകട്ടെ. എന്തുകൊണ്ടെന്നാൽ, പൊലിഞ്ഞുപോകാത്ത പ്രകാശമാകുന്ന ഇതിൽ ത്രിത്വത്തെ ഞങ്ങൾ കാണുന്നു.

## പ്രാർത്ഥന

ഉന്നതങ്ങളിലുള്ള സൈന്യങ്ങളുടെ ദൈവമായ കർത്താവേ, ദിവ്യോപദേശം സ്വീകരിക്കുന്ന ഈ ദാസനെ (ദാസിയെ) അനുഗ്രഹിക്കണമേ. ഈ ലോകത്തിന്റെ വ്യർത്ഥത ഗ്രഹിക്കുവാനായി ഈ ദാസന്റെ (ദാസിയുടെ) മനോനയനങ്ങളെ പ്രകാശിപ്പിക്കണമേ. മരണകരമായ സകല പ്രവൃത്തികളും വെടിഞ്ഞ് ഈ ദാസൻ (ദാസി) നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കുവാൻ ഇടയാകണമേ. ആമ്മീൻ.

---

* സ്റ്റാർ അടയാളം കൊടുത്തിരിക്കുന്ന ഭാഗം വിട്ടുകളയാവുന്നതാണ്.

× വീണ്ടും ജനനത്തിനുള്ള പുതിയ സ്നാനം

www.malankaralibrary.com

## എനിയോനോ

സങ്കീർത്തനം 23: 1–3

കർത്താവ് എന്നെ മേയിക്കുന്നു; എനിക്കു യാതൊന്നിനും കുറവുണ്ടാവുകയില്ല. അവൻ എന്നെ പുഷ്ടിയുള്ള മേച്ചിൽ സ്ഥലങ്ങളിൽ വസിപ്പിക്കുന്നു.

യൂഹാനോൻ ഞെട്ടി
യോർദ്ദാൻ വിറപൂണ്ടു
സ്രോപ്പേർ ഘോഷിച്ചു
ശുദ്ധൻ ശുദ്ധൻ പരിശുദ്ധൻ
സ്നാനത്തിന്നാഗതനായോൻ ദൈവം തന്നെ.

ശാന്തമായ ജലാശയത്തിലേക്ക് അവൻ എന്നെ നയിക്കുന്നു. അവൻ എന്റെ ആത്മാവിനെ തിരിച്ച് നീതിയുടെ പാതകളിൽ നടത്തുന്നു.

ജ്ഞാനസ്നാനത്താൽ
ആദാമ്യർക്കു പുനർ-
ജനനം നൽകുന്നോൻ
സ്രോപ്പേൻമാർക്കു വിശുദ്ധി കൊടുപ്പോൻ
ജലമതു വാഴ്ത്താൻ സ്നാനാർത്ഥം വന്നു.

ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

പാപാൽ ജീർണ്ണിച്ച
ആദാമിൻ സുതരെ
നീരാൽ, ആത്മാവാൽ
ദൈവികശക്ത്യാ നവമാക്കും
താതനുമേക സുതനും റൂഹായ്ക്കും സ്തോത്രം.

www.malankaralibrary.com

അല്ലെങ്കിൽ

കർത്താവ് എന്നെ മേയിക്കുന്നു. എനിക്കു യാതൊന്നിനും കുറവുണ്ടാവുകയില്ല. അവൻ എന്നെ പുഷ്ടിയുള്ള മേച്ചിൽ സ്ഥലങ്ങളിൽ വസിപ്പിക്കും.

യോഹന്നാൻ വിറച്ചു. യോർദ്ദാൻ ഇളകി. ജ്ഞാനസ്നാനത്തിനായി വന്നവൻ ദൈവമാകുന്നു. അവൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു സ്രോപ്പേൻമാർ ഉച്ചത്തിൽ ഘോഷിച്ചു.

ശാന്തമായ ജലാശയത്തിലേക്ക് അവൻ എന്നെ നയിക്കുന്നു. അവൻ എന്റെ ആത്മാവിനെ തിരിച്ച് നീതിയുടെ പാതകളിൽ നടത്തുന്നു.

സ്രോപ്പേന്മാരെ ശുദ്ധീകരിക്കുന്നവൻ തന്റെ സ്നാനംവഴി വെള്ളത്തെ ശുദ്ധീകരിക്കുവാൻ വന്നു. ആദാമിന്റെ ജീർണ്ണിച്ചു പോയ മക്കളെ ഈ ജലത്താലും ആത്മാവാലും പുനർജീവിപ്പിക്കുവാൻ തന്നെ.

ബാറെക്മോർ.

കാർമ്മി : പിതാവിനും...

ജനം : ആദിമുതൽ ...

പാപത്താൽ ജീർണ്ണിച്ച ആദാമിന്റെ മക്കളെ വെള്ളത്തിൽ നിന്നും ആത്മാവിൽനിന്നും ദൈവികശക്തിയാൽ നവീകരിക്കുന്ന പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ശുശ്രൂ : സ്തൗമെൻകാലോസ്

ജനം : കുറിയേലായിസ്സോൻ

കാർമ്മി : നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണയും യാചിക്കണം.

ജനം : കാരുണ്യവാനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് സഹായിക്കണമേ.

കാർമ്മി : സ്തുതിയും സ്തോത്രവും മഹിമയും പുകഴ്ചയും അനശ്വരകീർത്തിയും എല്ലാനേരത്തും ഇടവിടാതെ അർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമേ.

www.malankaralibrary.com

## പ്രുമിയോൻ

മഹനീയമായ ദിവ്യജ്ഞാനത്താൽ മാമോദീസാ എന്ന കൂദാശ ഏർപ്പെടുത്തി തന്റെ ആത്മീക അജഗണത്തെ ശുദ്ധീകരിച്ച അവർണ്ണനീയ സത്യപ്രകാശമായവന് മാമോദീസായുടെ ഈ സമയത്തും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

ജനം : ആമ്മീൻ.

## സെദ്റാ

പാപപ്പതർച്ചയിൽനിന്ന് ഞങ്ങളെ കൂട്ടിച്ചേർക്കുകയും തന്റെ വിശുദ്ധ കൽപ്പനകളുടെ ആചരണത്തിനായി ഞങ്ങളെ ക്ഷണിക്കുകയും, ആദ്ധ്യാത്മികമായ ആലയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കുകയും, രക്ഷയുടെ ജലപ്രവാഹത്തിലേക്കും, ജീവന്റെ ഉറവയിലേക്കും ആകർഷിച്ചുകൊണ്ട് 'നിങ്ങൾ കുളിച്ചു വെടിപ്പുള്ളവരായി, ഹൃദയത്തിൽനിന്ന് ദുഷ്ടത കഴുകിക്കളയുവിൻ' എന്ന് ജീവപ്രദമായ ശബ്ദത്താൽ പ്രസംഗിക്കുകയും ചെയ്ത ഞങ്ങളുടെ ദൈവമായ മിശിഹാതമ്പുരാനേ, സ്വസം രക്ഷണത്തിനായി ജീവന്റെ മുദ്ര പ്രാപിക്കുവാൻ അടുത്തുവന്നിരിക്കുന്ന ഈ ദാസനെ (ദാസിയെ) ആശീർവദിക്കണമേ. ✠

നിന്റെ ആലയിൽ ഈ ദാസനെ (ദാസിയെ) പ്രവേശിപ്പിച്ച് നിന്റെ അജഗണത്തിൽ എണ്ണണമേ. തിരുമുഖശോഭ ഈ ദാസനിൽ (ദാസിയിൽ) പ്രതിബിംബിപ്പിക്കണമേ. ഈ ദാസനെ (ദാസിയെ) നിന്റെ ജനകന് പുത്രനാക്കി (പുത്രിയാക്കി) ത്തീർക്കണമേ. വീണ്ടും ജനനത്തിനു ഈ ദാസനെ (ദാസിയെ) നീ യോഗ്യനാ(യാ)ക്കണമേ. പഴയ മനുഷ്യനെ ഈ ദാസനിൽ (ദാസിയിൽ) നിന്ന് ഉരിഞ്ഞു കളഞ്ഞ് നാശമില്ലായ്മയുടെ വസ്ത്രം ധരിപ്പിക്കണമേ.

ആശ്വാസകരവും ശാന്തവുമായ ജീവിതത്താൽ ശുഭമായ അന്ത്യത്തിനും ക്രൈസ്തവ പരിപൂർണ്ണതയ്ക്കും യോഗ്യനാ(യാ)

---

✠ കുരിശടയാളം കൊടുത്തിരിക്കുന്നിടത്തു പടിഞ്ഞാറോട്ടു തിരിഞ്ഞു അർത്ഥിയെ ആശീർവദിക്കേണ്ടതാണ്.

www.malankaralibrary.com

യിത്തീരുവാൻ ഈ ദാസനെ (ദാസിയെ) നല്ലവണ്ണം പരിപാലിച്ച് പൂർണ്ണ പ്രായത്തിൽ എത്തിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും (ഹോശോവബ്കൂല്സ്ബാൻ ല്ഒൽമ്മീൻ).

ജനം : ആമ്മീൻ.

കാർമി : ദൈവത്തിൽനിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം പ്രാപിക്കുമാറാകട്ടെ.

ജനം : ആമ്മീൻ.

## കോലോ

പടിഞ്ഞാറോട്ട് തിരിഞ്ഞ്

(നാത്തർ മോറാൻ ബസ്ലീബോ... എന്ന രീതി)

കാക്കുക നാഥാ സ്ലീബായാൽ ✠
ആഗതരാം സ്നാനാർത്ഥികളെ

ഈ സ്നാനം മുന്നേ കണ്ട്
ചൊന്നേവം സ്കറിയാ തനയൻ
നൽകുന്നേൻ സ്നാനം നീരാൽ
വന്നീടുന്നോനാത്മാവാൽ.

ആറ്റിൻ തീരത്തിൽ വന്നാൻ
യോഹന്നാൻ, സ്കറിയാതനയൻ
മാമോദീസായ്ക്കാഗതനായ്
ഈറേർക്കും മറവാം ശക്തി.

സ്നാനത്തിന്നെത്തി നാഥൻ
സാക്ഷിപ്പാൻ യോഹന്നാനും
ഘോഷിച്ചു താതൻ ദ്യോവിൽ
മാമക വത്സല സൂനുവിവൻ. മൊറിയോ റാഹേം...

www.malankaralibrary.com

അല്ലെങ്കിൽ

കർത്താവേ, മാമോദീസായ്ക്കു വന്നിരിക്കുന്നവരെ നിന്റെ സ്ലീബായാൽ സംരക്ഷിക്കണമേ.

'ഞാൻ നിങ്ങളെ വെള്ളംകൊണ്ട് സ്നാനപ്പെടുത്തുന്നു. വരുവാനിരിക്കുന്നവനാകട്ടെ, പരിശുദ്ധാത്മാവിനാൽ നിങ്ങളെ സ്നാനപ്പെടുത്തും', എന്നു ഈ മാമോദീസായെക്കുറിച്ച് സ്കറിയായുടെ പുത്രൻ പ്രവചിച്ചു.

സ്കറിയായുടെ പുത്രനായ യോഹന്നാൻ നദീതീരത്തിൽ വന്നു നിന്നു. ഈറേമാലാഖമാർക്ക് നോക്കുവാൻ സാധിക്കാതിരിക്കത്തക്ക പ്രബലനായവൻ അവനിൽനിന്ന് മാമോദീസ മുങ്ങുവാൻ വന്നു.

നമ്മുടെ കർത്താവ് സ്നാനമേൽക്കുവാൻ വന്നപ്പോൾ യോഹന്നാൻ അവനു സാക്ഷ്യം നൽകി; പിതാവാകട്ടെ, 'ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്നു സ്വർഗ്ഗത്തിൽനിന്നുദ്ഘോഷിച്ചു. മൊറിയോ റാഹേം...

## എത്രോ

കാർമി : കർത്താവേ, വിശുദ്ധ മാമോദീസായ്ക്ക് ഒരുങ്ങി വന്നിരിക്കുന്ന ഈ ദാസനു (ദാസിക്കു) വേണ്ടി ഈ സുഗന്ധധൂപം നിന്റെ ബഹുലമായ കരുണയുടെ മുമ്പിൽ ഞങ്ങൾ അർപ്പിക്കുന്നു. ഈ ദാസനെ (ദാസിയെ) നീ ജീവനിലേക്ക് മുദ്രകുത്തുകയും, നിന്റെ ഭവനാവകാശിയാക്കുകയും ചെയ്യണമേ. ഈ ദാസൻ (ദാസി) നിന്റെ വിശുദ്ധ കല്പനകൾ ആചരിക്കുന്നവനാ(ളാ)യിത്തീരണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും.

ജനം : ആമ്മീൻ.

www.malankaralibrary.com

## സൂമോറോ

സങ്കീർത്തനം 42: 1-2

നീർത്തോടിനു മാനുഴലും പോലെ;
വാഞ്ഛരിക്കുന്നെന്നാത്മം നിൻപേർക്കെൻ നാഥാ!

അല്ലെങ്കിൽ

ദൈവമായ കർത്താവേ, നീർച്ചാലിനായി കാംക്ഷിക്കുന്ന മാനിനെപ്പോലെ എന്റെ ആത്മാവ് നിന്നെ വാഞ്ഛരിക്കുന്നു.

## ലേഖനം

റോമാക്കാർക്ക് എഴുതിയ ലേഖനം 5:20-6:4

പാപം വർദ്ധിപ്പിക്കുവാൻ നിയമം രംഗപ്രവേശനം ചെയ്തു. എന്നാൽ പാപം വർദ്ധിച്ചിടത്ത് കൃപ അതിലേറെ വർദ്ധിച്ചു. അങ്ങനെ പാപം മരണത്തിലൂടെ ആധിപത്യം പുലർത്തിയതു പോലെ കൃപ നീതിവഴി നമ്മുടെ കർത്താവായ യേശുമിശി ഹായിലൂടെ നിത്യജീവനിലേക്ക് നയിക്കുവാൻ ആധിപത്യം പുലർത്തും. അപ്പോൾ നാം എന്താണു പറയേണ്ടത്? കൃപ സമൃദ്ധമാകുവാൻ വേണ്ടി പാപത്തിൽ തുടരണമോ? ഒരിക്കലും പാടില്ല. പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരായ നാം ഇനിയതിൽ ജീവിക്കുന്നതെങ്ങനെ? യേശുമിശിഹായോട് ഐക്യപ്പെടുവാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടുവാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ? അങ്ങനെ അവന്റെ മരണത്തോട് നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാനസ്നാനത്താൽ നാമവനോടൊത്ത് സംസ്കരിക്കപ്പെട്ടു. മിശിഹാ മരിച്ചതിനു ശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്ത് സംസ്കരിക്കപ്പെട്ടത്. ബാറെക്മോർ.

www.malankaralibrary.com

വേറൊന്ന്

തീത്തൂസിനെഴുതിയ ലേഖനം 3:4-7

എന്നാൽ നമ്മുടെ രക്ഷകനായ ദൈവത്തിന്റെ നന്മയും സ്നേഹംനിറഞ്ഞ കാരുണ്യവും വെളിപ്പെട്ടപ്പോൾ അവൻ നമുക്ക് രക്ഷ നൽകി. അത് നമ്മുടെ നീതിയുടെ പ്രവൃത്തികൾകൊണ്ടല്ല, പിന്നെയോ അവന്റെ കാരുണ്യംമൂലം പരിശുദ്ധാത്മാവിൽ അവൻ നിർവ്വഹിച്ച പുനർജ്ജീവനത്തിന്റെയും നവീകരണത്തിന്റെയും സ്നാനത്താലത്രേ. ദൈവം നമ്മുടെ രക്ഷകനായ യേശുമിശിഹായിലൂടെയാണ് പരിശുദ്ധാത്മാവിനെ നമ്മുടെമേൽ സമൃദ്ധമായി വർഷിച്ചത്. അവന്റെ കൃപാവരത്താൽ നാം നീതീകരിക്കപ്പെടുന്നതിനും നിത്യജീവനെപ്പറ്റിയുള്ള പ്രത്യാശയിൽ നാം അവകാശികളാകുന്നതിനും വേണ്ടിയാണ് ഇങ്ങനെ ചെയ്തത്.

ബാറെക്മോർ.

## ഹൂലോലോ

ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ
സോപ്പായാൽ തളിക്കുക നിർമ്മലനാവാൻ
തൂമഞ്ഞതിലും വെണ്മയണിഞ്ഞീടും ഞാൻ
ഹാലേലൂയ്യാ.

## സുവിശേഷം

ലൂക്കോ. 3:15-16, യോഹ. 3:5-6

പ്രതീക്ഷയോടെയിരുന്ന ജനമെല്ലാം, ഇവൻ തന്നെയോ മിശിഹാ എന്നു യോഹന്നാനെപ്പറ്റി ചിന്തിച്ചുതുടങ്ങി. യോഹന്നാൻ അവരോട് പറഞ്ഞു: 'ഞാൻ ജലംകൊണ്ട് സ്നാനം നൽകുന്നു. എന്നാൽ എന്നെക്കാൾ ശക്തനായ ഒരുവൻ വരുന്നു. അവന്റെ ചെരിപ്പിന്റെ കെട്ട് അഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല. അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങൾക്ക് സ്നാനം നൽകും.' യേശു പ്രതിവചിച്ചു: 'സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു. ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല. മാംസത്തിൽനിന്നു ജനിക്കുന്നതു മാംസമാണ്; ആത്മാവിൽനിന്നു ജനിക്കുന്നത് ആത്മാവും.'

www.malankaralibrary.com

## മാനീസോ

(സെഹിയോൻ കോട്ടയിൽ... എന്ന രീതി)

*പാടേയെൻ തിന്മകളെ കഴുകുകനാഥാ
എൻ പാപം നിർമ്മലമാക്കാൻ സോപ്പായേതും മതിയാകാ
നിയമജലത്തിന്നെളുതല്ലേതും ശുദ്ധിവരുത്താൻ
ദൈവികമാമോദീസായിൻ സേചനമതിനും, നിന്നുടെ
നിരുപമ കരുണയ്ക്കും-സാ-ദ്ധ്യം.

അല്ലെങ്കിൽ

* എന്റെ അധർമ്മത്തിൽനിന്ന് എന്നെ നന്നായി കഴുകണമേ. ഞാൻ ചെയ്തിട്ടുള്ള പാപം കഴുകിക്കളയുവാൻ സോപ്പായ്ക്കോ അതിനെ തുടച്ചു വെടിപ്പാക്കുവാൻ ദൃഷ്ടാന്തരൂപേണയുള്ള ന്യായ പ്രമാണസംബന്ധമായ വെള്ളത്തിനോ സാധിക്കുകയില്ല. നിന്റെ ദൈവികമായ സ്നാനത്തിന്റെ തളിക്കലിനും, പരിശോധനയ്ക്കും ബഹുലമായ കൃപാധനത്തിനും മാത്രമേ സാദ്ധ്യമാകൂ.

ശുശ്രൂ : കുറിയേലായിസ്സോൻ.

തലകുനിച്ചു രഹസ്യത്തിൽ

കാർമി : പ്രകാശദാതാവും ആത്മശരീരങ്ങളെ പ്രകാശിപ്പിക്കുന്നവനും, അന്ധകാരത്തിൽനിന്ന് പ്രകാശം ഉദിക്കട്ടെ എന്നു അരുളിച്ചെയ്തവനുമായ കർത്താവേ, ഞങ്ങളുടെ ഹൃദയങ്ങളിൽ നീ ഉദിച്ചു. സൗഭാഗ്യദായകമായ ജലംവഴി രക്ഷാകര നൈർമ്മല്യവും വിശുദ്ധ തൈലാഭിഷേകത്താൽ ദൈവികവിശുദ്ധിയും നീ പ്രദാനം ചെയ്തു. ഞങ്ങളുടെ കർത്താവായ യേശുമിശിഹായുടെ തിരുശരീരത്തിലും തിരുരക്തത്തിലും ഭാഗഭാഗിത്വം നൽകി അവനോടു ഞങ്ങളെ ഐക്യപ്പെടുത്തുകയും ചെയ്തു.

കാരുണ്യവാനായ ദൈവമേ, നിന്റെ ഈ ദാസനെ (ദാസിയെ) അന്ധകാരത്തിൽനിന്നും മാർഗ്ഗഭ്രംശത്തിൽനിന്നും നിന്റെ സത്യത്തിന്റെ ജ്ഞാനത്തിലേക്ക് നീ വിളിച്ചിരിക്കുന്നു. ജീവന്റെ പുസ്തകത്തിൽ ഈ ദാസന്റെ (ദാസിയുടെ) പേര് എഴുതണമേ.

www.malankaralibrary.com

നിന്റെ ഭക്തന്മാരുടെ ഗണത്തിൽ ഈ ദാസനെ (ദാസിയെ) എണ്ണി നിന്റെ മുഖശോഭ ഈ ദാസനിൽ (ദാസിയിൽ) പ്രതിബിംബി പ്പിക്കണമേ. ഈ ദാസന്റെ (ദാസിയുടെ) ഹൃദയത്തിലും വിചാരത്തിലും നിന്റെ അഭിഷിക്തന്റെ സ്ലീബാ പതിക്കണമേ. ഈ ലോകത്തിന്റെ വ്യർത്ഥത വെടിഞ്ഞു നിന്റെ വിശുദ്ധ കല്പനകളിൽ വ്യാപരിക്കുവാൻ തക്കവണ്ണം സകലവിധ ദുഷ്ടതയിൽനിന്നും ഈ ദാസനെ (ദാസിയെ) സ്വതന്ത്രനാ(യാ)ക്കണമേ.

കൈകൾ ഉയർത്തി ഉച്ചത്തിൽ

ദൈവമായ കർത്താവേ, നിന്റെ ഏകജാതൻ വിശുദ്ധ ശ്ലീഹന്മാരിൽ ഊതിയ ദൈവികശ്വാസം ഈ ദാസന് (ദാസിക്ക്) നൽകണമേ. നിന്റെ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിന് ഈ ദാസനെ (ദാസിയെ) നീ ഒരുക്കുന്നതോടൊപ്പം വിഗ്രഹാ രാധനയുടെ സകല അവശേഷിപ്പും ഈ ദാസനിൽ (ദാസിയിൽ) നിന്ന് അകറ്റണമേ.

കാർമികൻ അർത്ഥിയുടെ നെറ്റിമുതൽ താടിവരെയും ഇടത്തെ കാതുമുതൽ വലത്തെ കാതുവരെയും കുരിശാകൃതിയിൽ മൂന്ന് പ്രാവശ്യം ഊതുന്നു.

വീണ്ടും ജനനമാകുന്ന സ്നാനത്തിന് ഈ ദാസൻ (ദാസി) അർഹനാ(യാ)കുവാൻവേണ്ടി ഞങ്ങളുടെ കർത്താവും ദൈവവും രക്ഷകനുമായ യേശുമിശിഹാ എന്ന നിന്റെ ഏകജാതൻ മുഖാന്തരം പാപമോചനത്തിന് ഈ ദാസനെ (ദാസിയെ) യോഗ്യനാ(യാ)ക്കണമേ. അവനോടുകൂടെ നിനക്കും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും ആധിപത്യവും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും യോഗ്യമാകുന്നു. ആമ്മീൻ.

കാർമികൻ സ്ഥാനാർത്ഥിയുടെ നെറ്റിയിൽ തൈലം കൂടാതെ മൂന്നുപ്രാവശ്യം മുദ്ര കുത്തുന്നു.

ܡܬܪܫܡ (ܦܠܢ) ܥܒܕܐ.. ܒܫܡܐ ܕܐܒܐ ✠ ܘܒܪܐ
✠ ܘܪܘܚܐ ܚܝܐ ܘܩܕܝܫܐ ✠ ܠܚܝܐ ܕܠܥܠܡ
ܥܠܡܝܢ ◆

www.malankaralibrary.com

അല്ലെങ്കിൽ

**കാർമി : (പേര്) നിത്യജീവന്നായി മുദ്രകുത്തപ്പെടുന്നു (ബാറെക്മോർ). ✠ പിതാവിന്റെ നാമത്തിൽ (ആമ്മീൻ) ✠ പുത്രന്റെ നാമത്തിൽ (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ).**

കാർമികൻ കിഴക്കോട്ട് തിരിഞ്ഞ് രഹസ്യത്തിൽ

സർവ്വാധിപതിയായ ദൈവമായ കർത്താവേ! സകല ദുരാത്മാക്കളുടെയും ബഹിഷ്ക്കരണത്തിനും പ്രതികൂലമായ സകല അദൃശ്യവ്യാപാരങ്ങളുടെയും നിഷ്കാസനത്തിനും വേണ്ടി ഞങ്ങളുടെ കർത്താവും ദൈവവുമായ നിന്റെ ഏക പുത്രൻ യേശുമിശിഹാ മുഖാന്തിരം നിന്നെ ഞാൻ വിളിക്കുന്നു.

നിന്നെ സമീപിക്കുന്ന ഈ ആത്മാവിനെ നിന്റെ പരിശുദ്ധാത്മാവിന്റെ ആവാസംമൂലം വെടിപ്പോടും വിശുദ്ധിയോടുംകൂടെ സ്വീകരിക്കണമേ. കർത്താവേ! നീ വെളിപ്പെട്ട്, വ്യർത്ഥമായ അധരങ്ങളാലല്ല, നിന്റെ കൃപയാലും ദുഷ്ടനിൽനിന്നു ലോകത്തെ ഉദ്ധരിക്കുന്ന ശക്തിയാലും, സംസാരിക്കത്തക്കവണ്ണം തിരുനാമത്തിൽ ഞങ്ങൾ ഉച്ചരിക്കുന്ന വിശ്വാസവചനത്തിനു ശക്തി നൽകണമേ.

അർത്ഥിയുടെ നേർക്ക് തിരിഞ്ഞ് താഴെ കാണുന്ന പ്രാർത്ഥന ചൊല്ലുന്നു. കുരിശടയാളം കാണുന്നിടത്തു സ്നാനാർഥിയുടെ മേൽ റൂശ്മാ ചെയ്യുന്നു.

ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവായ ദൈവമേ, കർത്താവേ, ഈ നിന്റെ സൃഷ്ടിയുടെ മേൽ ഞങ്ങൾ കൈവച്ചുകൊണ്ടു വിളിച്ചപേക്ഷിക്കുന്നു. (കാർമികൻ അർത്ഥിയുടെ ശിരസ്സിൽ കൈ വയ്ക്കുന്നു.) നിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ഈ ദാസനിൽ (ദാസിയിൽ) നിന്ന് സകല പിശാചുക്കളും ദുഷ്ടരും അശുദ്ധരുമായ എല്ലാ ആത്മാക്കളും അകന്ന് ഒഴിഞ്ഞു മാറിപ്പോകുവാൻവേണ്ടി സകലത്തിലും വിശുദ്ധമായ നിന്റെ നാമത്തിൽ ഈ ദാസനെ (ദാസിയെ) ഞാൻ മുദ്രകുത്തുന്നു. കർത്താവേ, എന്നെ ചെവിക്കൊണ്ട് അവയെ

www.malankaralibrary.com

നിരോധിക്കുകയും എതിരാളിയുടെ സർവ്വവിധമായ വ്യാപാരങ്ങളിൽനിന്നും ഈ നിന്റെ ദാസനെ (ദാസിയെ) വിടുവിക്കുകയും ചെയ്യണമേ.

ദൈവത്തിന്റെ സൃഷ്ടിയെ അകറ്റുന്ന വഞ്ചകനും അശുദ്ധനും പീഡകനുമായവനേ, നീ കേൾക്കുക, സകല നീതിയുടെ ശത്രുവും നിയമലംഘകനുമേ, വലിയവനായ രാജാവിന്റെ മഹിമ കൊണ്ട് ഞാൻ നിന്നെ ശപഥത്തിൻകീഴ് അധീനപ്പെടുത്തുന്നു. ✠ ഭയത്തോടെ പുറപ്പെട്ടു പോകൂ. സ്വകല്പനയാൽ ഭൂമിയെ വെള്ളത്തിൻമേൽ സ്ഥാപിച്ചുറപ്പിക്കുകയും മണൽകൊണ്ട് സമുദ്രത്തിനു അതിർത്തി നിർണ്ണയിക്കുകയും ചെയ്ത ഭയജനകനായ കർത്താവിന് നീ കീഴ്പ്പെടുക. സകലവും സൃഷ്ടിച്ച് പരിപാലിക്കുകയും ആകാശത്തിലുള്ളവ നില നിർത്തുകയും ഭൂമിയിലുള്ളവ ശക്തിപ്പെടുത്തുകയും ആകാശ ത്തിന്റെയും ഭൂമിയുടെയും സർവ്വാധികാരി ആയിരിക്കുന്നവനെ ക്കൊണ്ട് ഞാൻ നിന്നെ ശപഥത്തിൻകീഴ് അധീനപ്പെടുത്തുന്നു. ✠ പിശാചിന്റെ കൂട്ടത്തെ പന്നികളിൽക്കൂടി അഗാധത്തിലേക്കയ യ്ക്കുകയും കഠിന ഹൃദയനായ ഫറവോനെ അവന്റെ രഥങ്ങ ളോടും കുതിരപ്പടയോടും കൂടെ സമുദ്രത്തിൽ മുക്കിക്കളയുകയും ചെയ്തവനെക്കൊണ്ട് ഞാൻ നിന്നെ ശപഥത്തിൻകീഴ് അധീന പ്പെടുത്തുന്നു. ✠ ചെകിടനും ഊമനുമായ ആത്മാവിനോട് ഈ മനുഷ്യനിൽനിന്നു പോവുക, ഇനി ഇവനിൽ പ്രവേശിക്കരുത് എന്നു ദൈവികശക്തിയോടും അധികാരത്തോടുംകൂടെ കൽപ്പിച്ച വനെക്കൊണ്ട് ഞാൻ നിന്നെ ശപഥത്തിൻകീഴ് അധീനപ്പെടു ത്തുന്നു. ✠ മാലാഖമാർ, പ്രധാന മാലാഖമാർ ആദിയായ സർവ്വസൃഷ്ടികളും തന്നെ ഭയപ്പെട്ട് വിറയ്ക്കുകയും തന്റെ മുമ്പിൽ സകല പ്രബലന്മാരും ശുശ്രൂഷകന്മാരും ഭയന്നുനിൽക്കു കയും ക്രോബേന്മാരും സ്രോപ്പേന്മാരും തന്റെ നേരെ നോക്കുവാൻപോലും ധൈര്യപ്പെടാതിരിക്കുകയും തന്റെ മുമ്പിൽ ആകാശം ഇളകുകയും ആഴങ്ങൾ വിറയ്ക്കുകയും ചെയ്യുന്നവനെ നീ ഭയപ്പെട്ടുകൊള്ളുക.

www.malankaralibrary.com

ഒന്നാമത്തെ മത്സരക്കാരനെ അന്ധകാരശൃംഖലകളാൽ ബന്ധിച്ച് അഗാധസ്ഥലത്തേക്ക് അയച്ചവനായ ദൈവത്തിന്റെ ഭയങ്കര നാമത്തെ നീ ഭയപ്പെടുക. ✠ വരാനിരിക്കുന്ന ന്യായവിധിയെ ഭയന്ന് ✠ വേഗത്തിൽ ഈ ദാസനിൽ (ദാസിയിൽ) നിന്ന് വിറച്ചോടിപ്പോവുക. ദൈവസൃഷ്ടിയെ നീ സമീപിക്കരുത്; അതിനെ ഉപദ്രവിക്കരുത്; ദൈവത്തിന്റെ സൃഷ്ടിയിൽ നീ വസിക്കരുത്. അതു പിശാചുക്കളുടെ വാസസ്ഥലമല്ല; ജീവനുള്ള ദൈവത്തിന്റെ ആലയമാണ്. എന്തെന്നാൽ, 'ഞാൻ അവരിൽ വസിക്കുകയും അവരിൽ ചരിക്കുകയും ഞാൻ അവർക്ക് ദൈവമായിരിക്കുകയും അവർ എനിക്ക് വിശുദ്ധ ജനമായിരിക്കുകയും ചെയ്യും' എന്ന് അവൻ അരുളിച്ചെയ്തിരിക്കുന്നു. നീചനും നിന്ദ്യനുമായ അശുദ്ധാത്മാവേ, നിന്നെ അഗ്നിക്കിരയായി നിശ്ചയിച്ചിരിക്കുന്നു. പരിശുദ്ധനും വിജയിയും നിർമ്മലനുമായ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തെക്കൊണ്ട് ഞാൻ നിന്നെ ശപഥത്തിൻകീഴ് അധീനപ്പെടുത്തുന്നു. ✠ ദൈവത്തിന്റെ ഭൃത്യന്മാരിൽ നിന്നകന്നുകൊള്ളുക. സഞ്ചാരയോഗ്യമല്ലാത്തതും വെള്ളമില്ലാത്തതുമായ പ്രദേശത്തേക്ക് മാറിക്കൊള്ളുക. എന്തെന്നാൽ നിന്റെ സ്ഥാനമതാണ്. വേഗത്തിൽ ഓടി അകന്നുകൊള്ളുക. ചെറുത്തു നിൽക്കരുത്. നിശ്ശേഷം മാഞ്ഞു നശിച്ചുപോകട്ടെ. ശപിക്കപ്പെട്ടവനേ, നീ ദൈവസൃഷ്ടിയിൽനിന്ന് പുറപ്പെട്ടു പോവുക; ദുഷ്ടാത്മാവേ, തെറ്റുകാരനായ ആത്മാവേ, അഗ്നിക്കിരയായവനേ, ധൃതിപ്പെട്ടു പോവുക; ചെറുത്തു നിൽക്കരുത്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം സകല സൃഷ്ടികളിൽനിന്നും ബഹിഷ്ക്കരിച്ചും കെടാത്ത തീയിൽ ദഹിപ്പിച്ചും നിന്നെ നിശേഷം നശിപ്പിക്കും.

തന്റെ കൈപ്പണിയായ ഈ ദാസനെ (ദാസിയെ) രക്ഷാദിവസംവരെ ദൈവം കാത്തുകൊള്ളും. എന്തെന്നാൽ ശക്തിയും ആധിപത്യവും അധികാരവും അവനുള്ളതാകുന്നു. അവന് ഞങ്ങൾ ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും. ആമ്മീൻ.

www.malankaralibrary.com

വേറൊന്ന്

ദൈവമായ കർത്താവേ, നിന്റെ തിരുനാമത്തിൽ മുദ്രയിട്ടുകൊണ്ട് നിന്റെ കൈപ്പണിയായ ഈ സൃഷ്ടിയിൽനിന്ന് സകല അശുദ്ധ ദുഷ്ടാത്മാക്കളെയും ഞാൻ ബഹിഷ്ക്കരിക്കുന്നു. വക്രബുദ്ധിയും അഹങ്കാരിയുമായവനെ നീ ശാസിക്കണമേ. (✠ ✠ ✠) വഞ്ചകാത്മാക്കളിൽനിന്ന് നിന്റെ ദാസനെ (ദാസിയെ) സ്വതന്ത്രനാ(യാ)ക്കണമേ. അശുദ്ധാത്മാവേ, വരുവാനിരിക്കുന്ന ന്യായവിധിയെ നീ ഭയപ്പെടുക. (✠ ✠ ✠) ദൈവസൃഷ്ടിയെ നീ സമീപിക്കരുത്. എന്തെന്നാൽ, ഇതു പിശാചുക്കളുടെ വാസസ്ഥലമല്ല. ദൈവത്തിന്റെ ആലയമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിന്റെ നാമത്തിൽ നിന്നെ ശപഥത്തിൻകീഴ് അധീനപ്പെടുത്തുന്നു. (✠ ✠ ✠) അശുദ്ധാത്മാവേ, നീ ചെറുത്തു നിൽക്കരുത്. നിശ്ശേഷം വേഗത്തിൽ ഒഴിഞ്ഞു പോവുക.

അർത്ഥിയെ പടിഞ്ഞാറോട്ടു തിരിച്ചുനിർത്തി, കാർമികൻ കിഴക്കോട്ടഭിമുഖമായിനിന്ന് അർത്ഥിയെക്കൊണ്ട് മൂന്നു പ്രാവശ്യം സാത്താനെ ഉപേക്ഷിച്ചു പറയിക്കുന്നു. തലതൊടുന്നയാൾ ഇടതുകൈകൊണ്ട് സ്നാനാർത്ഥിയുടെ ഇടതു കൈയ്യിൽ പിടിക്കുകയും അർത്ഥിക്കുവേണ്ടി ഉപേക്ഷണ വാചകം ഏറ്റുചൊല്ലുകയും ചെയ്യണം.

**മാമോദീസാ മുങ്ങുന്ന (ഇന്നാർ ആയ) ഞാൻ സാത്താനേ, നിന്നെയും നിന്റെ സകല സൈന്യങ്ങളെയും നിന്റെ സകല ദൂതന്മാരെയും നിന്റെ എല്ലാ വഞ്ചനയെയും നിന്നെക്കുറിച്ചുള്ള എല്ലാ ഭയത്തെയും ഉപേക്ഷിക്കുന്നു.**

അനന്തരം സ്ഥാനാർത്ഥി കിഴക്കോട്ടും കാർമികൻ പടിഞ്ഞാറോട്ടും അഭിമുഖമായി നിൽക്കുന്നു. തലതൊടുന്നയാൾ വലതു കൈകൊണ്ട് അർത്ഥിയുടെ വലതു കൈയ്യിൽ പിടിക്കുകയും അർത്ഥിക്കുവേണ്ടി മൂന്നു പ്രാവശ്യം വിശ്വാസവാചകം ഏറ്റു ചൊല്ലുകയും ചെയ്യുന്നു.

**മാമോദീസാ മുങ്ങുന്ന (ഇന്നാർ ആയ) ഞാൻ, മിശിഹാ തമ്പുരാനേ, നിന്നിലും പരിശുദ്ധന്മാരായ പ്രവാചകന്മാർ, ശ്ലീഹന്മാർ, പിതാക്കന്മാർ എന്നിവരിൽകൂടെ ദൈവികമായി നീ ഭരമേൽപിച്ചിട്ടുള്ള സകല ഉപദേശങ്ങളിലും പൂർണ്ണമായി വിശ്വസിക്കുന്നു.**

കാർമി : സർവ്വശക്തനായ പിതാവും...

www.malankaralibrary.com

എല്ലാവരും വിശ്വാസപ്രമാണം ഏറ്റുചൊല്ലുന്നു. പുരോഹിതൻ തലകുനിച്ച് രഹസ്യത്തിൽ താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലുന്നു.

കാർമി : കർത്താവേ, നിന്റെ പരിശുദ്ധ റൂഹായെ നീ അയയ്ക്കുകയും ഈ ദാസൻ (ദാസി) ശൂന്യതയിൽനിന്ന് സൃഷ്ടിക്കപ്പെട്ട് ഉണ്മയിലേക്ക് നയിക്കപ്പെടുകയും നിന്റെ മനുഷ്യസ്നേഹം നിമിത്തം വിശുദ്ധ മാമോദീസായ്ക്ക് അർഹനാ(യാ)ക്കപ്പെടുകയും ചെയ്തു. വിശുദ്ധ ശ്ലീഹന്മാരാകുന്ന അടിസ്ഥാനത്തിന്മേൽ ഈ ദാസനെ (ദാസിയെ) ഉറപ്പിക്കണമേ. വിശുദ്ധ സഭയിൽ സത്യത്തിന്റെ ചെടിയായി ഈ ദാസനെ (ദാസിയെ) നട്ടു വളർത്തണമേ. രഹസ്യപൂർണ്ണമായ അഭിഷേകത്തിന് ഈ ദാസൻ (ദാസി) യോഗ്യനാ(യാ)യിത്തീരുവാൻ നിന്റെ പരിശുദ്ധ റൂഹായെ ഈ ദാസന്റെ (ദാസിയുടെ) മേൽ അയയ്ക്കണമേ. നിന്റെ ദൈവികദാനങ്ങളാൽ ഈ ദാസനെ (ദാസിയെ) നിറയ്ക്കണമേ. പാപദാസ്യത്തിൽ നിന്നു സ്വതന്ത്രനാ(യാ)കുവാൻ ഈ ആരാധകന്റെ (ആരാധകയുടെ) ഹൃദയത്തിൽ നിന്റെ പ്രകാശം ഉദിപ്പിക്കണമേ.

പെരുവിരൽ അഭിഷേക തൈലത്തിൽ (സൈത്തിൽ) മുക്കി സ്നാനാർത്ഥിയുടെ നെറ്റിയിൽ കുരിശടയാളത്തിൽ മുദ്രയിടുന്നു.

ܡܬܪܫܡ (ܦܠܢ) ܒܡܫܚܐ ܕܚܕܘܬܐ ܕܢܫܡܬܘܐ
ܒܫܘܡܠܝܐ ܚܝܐ ܒܡܘܗܒܐ ܕܡܢ ܕܪܘܚ ܒܡܫܝܚ:
ܒܫܡܐ ܕܐܒܐ ✠ ܘܒܪܐ ✠ ܘܪܘܚܐ ܚܝܐ
ܘܩܕܝܫܐ ✠ ܠܚܝܐ ܕܠܥܠܡ ܥܠܡܝܢ ❖

അല്ലെങ്കിൽ

**വീണ്ടും ജനനത്താൽ പുത്രസ്വീകാര്യത്തിനു യോഗ്യനാ(യാ)കുവാൻ ആനന്ദ തൈലം കൊണ്ട് (പേര്) നിത്യജീവനിലേക്ക് മുദ്രകുത്തപ്പെടുന്നു. (ബാറെക്മോർ). ✠പിതാവിന്റെ നാമത്തിൽ (ആമ്മീൻ) ✠പുത്രന്റെ നാമത്തിൽ (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ).**

www.malankaralibrary.com

കാർമികൻ മാമോദീസാത്തൊട്ടിയുടെ അടുത്തേക്കു പോകുന്നു. വലതു കൈയിൽ ചൂടുവെള്ളവും ഇടതുകൈയിൽ പച്ചവെള്ളവും എടുക്കുന്നു. വലതു കൈ ഇടതു കൈയുടെ മുകളിൽ കുരിശാകൃതിയിൽ പിടിച്ച് വെള്ളം മാമോദീസാ തൊട്ടിയിൽ ഒഴിച്ചുകൊണ്ടു ചൊല്ലുന്നു.

ദൈവമായ കർത്താവേ, ഞങ്ങളുടെ എളിയ മാദ്ധ്യസ്ഥ്യം മൂലം ഈ വെള്ളം ആദ്ധ്യാത്മികമായ ഉദരവും അനശ്വരതയെ വാർക്കുന്ന മൂശയും ആയിത്തീരുവാൻ നിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയും വ്യാപാരവും ഇതിൽ കലർത്തണമേ. ഇതിൽ സ്നാനപ്പെടുന്ന ഈ ദാസന് (ദാസിക്ക്) നിന്റെ പ്രീതിയാലും നിന്റെ ഏകപുത്രന്റെ മനുഷ്യ സ്നേഹത്താലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലും ഇതു നാശമില്ലായ്മയുടെ ആദ്ധ്യാത്മിക വസ്ത്രവും പാപബന്ധനങ്ങളിൽനിന്നുള്ള മോചനവും ആയിത്തീരുവാൻ കൃപ നൽകണമേ. ആമ്മീൻ.

മാമോദീസാ തൊട്ടിയിൽ കുരിശു കിടത്തി കുരിശടയാളമുള്ള ശോശപ്പാകൊണ്ട് തൊട്ടി മൂടുന്നു.

## കോലോ

കൂക്കോയൊ (രണ്ടാം രാഗം)

(ശ്മാഹോദേകുലഹൂൻ ആമ്മേ.....എന്ന രീതി)

കേൾപ്പിൻ-ജാതികളെല്ലാമേ-ഹാലേലൂയ്യാ
ചേർത്തു-സലിലം യോഹന്നാൻ സ്നാനം നൽകാൻ
മിശിഹാ-സ്വ-സ്നാനത്താലതു പരിപാവനമാക്കി
നീരിൽനിന്നും തീരത്തേറുമ്പോൾ
മാനിച്ചൊരുപോൽ അവനിയുമംബരവും
പകലോൻ-പനിമതികൾ കൂപ്പി മുകിലുകൾ സ്തുതി പാടി
അവനീ-ശുദ്ധീകരണാർത്ഥം വെള്ളത്തെ വാഴ്ത്തി
ഹാലേലൂയ്യാ... ഉ... ഹാലേലൂയ്യാ.

വരുവിൻ-കേൾപ്പിൻ വിവരിക്കാം ഹാലേലൂയ്യാ
പരിപാവന മാമോദീസാ തിരുസഭയെന്നേവം
അഴകേറും സോദരിമാരെ മറ്റെവിടെ കാണ്മൂ?
നവ്യാത്മിക പൈതങ്ങളെയൊരുവൾ

www.malankaralibrary.com

പ്രസവിക്കുന്നു, മറ്റവൾ പേറുന്നു.
മാമോദീസായാത്മിക ശിശുവിനു സലിലത്താൽ
ജനനം നൽകും സഭയതിനെ കൈക്കൊണ്ടർപ്പിക്കും
ഹാ - നാഥൻ സവിധത്തിൽ. ബാറെക്മോർ.

കാർമി : ശുബ്ഹോ...

മാമോദീസാത്തൊട്ടി തുറക്കുന്നു.

ആചാര്യൻ മാമോദീസാത്തൊട്ടി തുറക്കുമ്പോൾ
വാനിൽ - ഈറേദൂതന്മാർ കൂറുന്നാശ്ചര്യം
മണ്മയനഗ്നി - ജ്വാലോപരി നിൽപ്പോൻ
ആഹ്വാനം ചെ - യ്യുന്നു റൂഹായെ
അവനോ- സത്വരമുത്തരമായിഷ്ടം നിറവേറ്റി
പാപത്തിൻ മോചനമേകാൻ പാവനമാക്കുന്നു
ഹാ- മാമോദീസായെ.

ജനം : മെൻഓലം...

ജീവൻ നൽകീടും നല്ലൊരുറവ തുറക്കുന്നു
ത്രിത്വം കനിവായതിനെ പരിപാവനമാക്കുന്നു
പ്രിയ സുതനിവനെ-ന്നോതുകയായ് താതൻ
ശിരസ്സു നമിച്ചി-ട്ടതിൽ മുങ്ങി സൂനു
പ്രാവിൻ-വടിവിൽ റൂഹ്കുദിശാ തനയന്മേൽ താണു
ജീവൻ-ലോകത്തിന്നരുളും മഹിതത്രിത്വത്തിൽ
ഹാ-അഭയം കൊൾവൂ നാം. മൊറിയോ റാഹേം...

അല്ലെങ്കിൽ

സകല ജാതികളുമേ, ഇതു ശ്രദ്ധിക്കുവിൻ, യോഹന്നാൻ സ്നാനത്തിനുള്ള വെള്ളം ഒരുക്കി. മിശിഹാ അതിൽ മുങ്ങി അതിനെ പവിത്രീകരിച്ചു. അവൻ വെള്ളത്തിൽനിന്ന് ഉയർന്നപ്പോൾ ആകാശവും ഭൂമിയും ഒരുപോലെ അവനെ ബഹുമാനിച്ചു. സൂര്യചന്ദ്രന്മാർ അവനെ വന്ദിച്ചു. ലോകത്തിന്റെ പവിത്രീകരണത്തിനായി വെള്ളത്തെ ശുദ്ധീകരിച്ചവനെ മേഘങ്ങൾ സ്തുതിച്ചു.

www.malankaralibrary.com

വരുവിൻ, ഞാൻ പറയുന്നതു ശ്രദ്ധിച്ചു കേൾക്കുവിൻ. പാവനമായ മാമോദീസായും വി. സഭയും പോലെ രണ്ടു സുന്ദരികളായ സഹോദരികളെ ആര് കണ്ടിട്ടുണ്ട്? പുതിയതും ആദ്ധ്യാത്മികവുമായ ശിശുക്കളെ ഒരുവൾ പ്രസവിക്കുമ്പോൾ മറ്റവൾ അവയെ പോറ്റുന്നു. വെള്ളത്തിൽനിന്ന് ആദ്ധ്യാത്മിക ശിശുവിനു മാമോദീസാ, ജന്മംനൽകുമ്പോൾ വി. സഭ അതിനെ സ്വീകരിച്ച് കർത്താവിനു സമർപ്പിക്കുന്നു. ബാറെക്മോർ.

കാർമി : പിതാവിനും ...

കാർമികൻ മാമോദീസാത്തൊട്ടി തുറന്ന് ശോശപ്പാ ആഘോഷിക്കുന്നു.

കാർമികൻ തന്റെ വലത്തുകൈ നീട്ടി മാമോദീസാത്തൊട്ടി തുറക്കുമ്പോൾ സ്വർഗ്ഗത്തിൽ ഈറേന്മാർ അത്യധികം സന്തോഷിക്കുന്നു. മണ്ടയർ തീജ്വാലക്കുമേലായി നിന്നുകൊണ്ട് റൂഹായെ ക്ഷണിക്കുന്നു. റൂഹാ മേലിൽനിന്നിറങ്ങി മറുപടി അരുളുകയും അവന്റെ ഇംഗിതമനുസരിച്ച് കടങ്ങളുടെ പരിഹാരത്തിനായി മാമോദീസാജലം ശുദ്ധീകരിക്കുകയും ചെയ്യുന്നു.

ജനം : ആദിമുതൽ...

ജീവന്റെ ഉറവയായ മാമോദീസാത്തൊട്ടി തുറക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധ ത്രിത്വം കാരുണ്യപൂർവ്വം അതിനെ ശുദ്ധീകരിക്കുന്നു. 'ഇവൻ എന്റെ പ്രിയ പുത്രനാണ്', എന്ന് ഉദ്ഘോഷിക്കുന്ന പിതാവും, തലകുനിച്ചുനിന്ന് ജലത്തിൽ സ്നാനം ഏൽക്കുന്ന പുത്രനും, പ്രാവിന്റെ രൂപത്തിൽ അവന്റെ മേൽ ഇറങ്ങുന്ന പരിശുദ്ധ റൂഹായുമായ ആ മഹിത ത്രിത്വത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. അതിനാലത്രേ ലോകത്തിൽ ജീവൻ നിലനിൽക്കുന്നത്. മൊറിയോ റാഹേം...

ശുശ്രൂ : കുറിയേലായിസ്സോൻ

www.malankaralibrary.com

തലകുനിച്ച് രഹസ്യത്തിൽ

കാർമ്മി : കർത്താവേ, പാപത്തിന്റെ സർവ്വവിധമായ മാലിന്യവും കഴുകിക്കളയുന്ന യഥാർത്ഥ ശുദ്ധീകരണത്തിന്റെ ഉറവ ഞങ്ങൾക്കു നീ നൽകിയിരിക്കുന്നു. നിന്റെ ഏക പുത്രൻ തന്റെ ശിഷ്യന്മാരിൽ ഊതിയ ആ ജീവൽശ്വാസം പാപികളായ ഞങ്ങളുടെ മദ്ധ്യസ്ഥതയാൽ ഇപ്പോൾ നൽകണമേ.

കൈകൾ ഉയർത്തി ഉച്ചത്തിൽ

എന്തെന്നാൽ, നീ രക്ഷിക്കുന്നവനും നിർമ്മലമാക്കുന്നവനും സകല നന്മകളും പ്രദാനം ചെയ്യുന്നവനുമാകുന്നു. ഞങ്ങൾ നിനക്കും നിന്റെ ഏക ജാതനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും.

കാർമികൻ താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലുമ്പോൾ വെള്ളത്തിൽ പടിഞ്ഞാറുനിന്ന് കിഴക്കോട്ടും, തെക്കുനിന്ന് വടക്കോട്ടും കുരിശാകൃതിയിൽ മൂന്നു പ്രാവശ്യം ഊതുന്നു.

കർത്താവേ, കൃപാകടാക്ഷമുണ്ടായി ഈ വെള്ളത്തെ ശുദ്ധീകരിക്കണമേ. ✠ ✠ ✠

ശുശ്രൂ : കുറിയേലായിസ്സോൻ

തലകുനിച്ച് രഹസ്യത്തിൽ

കാർമ്മി : കർത്താവേ, മനുഷ്യരെ കൊല്ലുന്നവനായ ആ മഹാസർപ്പത്തിന്റെ തല നിന്റെ സ്ലീബായുടെ അടയാളത്താൽ നീ തകർക്കണമേ. അദൃശ്യരും അന്തരീക്ഷ നിവാസികളുമായ ദുഷ്ടാരൂപികൾ ഓടി ഒളിക്കട്ടെ. കർത്താവേ, നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അന്ധകാരമയനായ ആ ദുരാത്മാവ് ഈ വെള്ളത്തിൽ ഒളിച്ചിരിക്കുകയോ ദുഷ്ടവിചാരങ്ങളും മനശ്ചാഞ്ചല്യവും ഉളവാക്കുന്ന ആ അന്ധകാരമയനായ ദുഷ്ടാത്മാവ് മാമോദീസാ മുങ്ങുന്ന ഈ ദാസന്റെ (ദാസിയുടെ) കൂട്ടത്തിൽ ഇറങ്ങുകയോ ചെയ്യുവാനിടയാകരുതേ. ആകൽക്കറുസായുടെ വ്യാപാരം ഈ ദാസനിൽ (ദാസിയിൽ) നിന്ന് മാഞ്ഞുപോകുവാൻ നീ കൃപചെയ്യണമേ.

www.malankaralibrary.com

കൈകൾ ഉയർത്തി ഉച്ചത്തിൽ

കർത്താവേ, നിന്റെ സ്ലീബായാൽ രക്ഷിക്കപ്പെട്ട സഭയും അജഗണവും യോർദ്ദാൻ നദീ പ്രവാഹത്തിനരികെ നിന്നുകൊണ്ട് നിന്നോടപേക്ഷിക്കുന്നു. നീ മുഖേനയും നിന്നോടുകൂടെയും നിന്റെ പിതാവിനോടും അനുതാപപൂർവ്വം അപേക്ഷിക്കുന്നു.

ജനം : സർവ്വശക്തിയുള്ള പിതാവായ ദൈവമേ, ഞങ്ങളോട് കരുണ ചെയ്യണമേ.

കാർമി : കർത്താവേ, ബലഹീനരും പാപികളുമായ നിന്റെ ദാസരായ ഞങ്ങൾ നിനക്കു നന്ദി പറഞ്ഞുകൊണ്ട് സകലത്തെക്കുറിച്ചും സകലത്തിനുവേണ്ടിയും കാരുണ്യവാനായ നിന്നെ സ്തോത്രം ചെയ്യുന്നു.

ശുശ്രൂ : ബാറെക്മോർ, എന്റെ വാത്സല്യമുള്ളവരേ, ജീവനുള്ള പരിശുദ്ധ റൂഹാ സ്വർഗമാകുന്ന ഉയരങ്ങളിൽനിന്ന് പ്രതാപത്തോടുകൂടി ഇറങ്ങി മാമോദീസായുടെ ഈ വെള്ളത്തിന്മേൽ ആവസിച്ച് ഇതിനെ ശുദ്ധീകരിക്കുന്ന ഈ സമയം എത്ര ദിവ്യവും ഭക്തിജനകവുമാകുന്നു. നിങ്ങൾ ഭയഭക്തിയോടുകൂടെ പ്രാർത്ഥിക്കുവിൻ.

ജനം : ഞങ്ങൾക്കെല്ലാവർക്കും സമാധാനവും സംപ്രീതിയും ഉണ്ടാകണമേ.

പരിശുദ്ധാത്മാവിനെ ക്ഷണിച്ചുകൊണ്ട് കൈകൾ ആവസിപ്പിക്കുമ്പോൾ

കാർമി : സർവ്വശക്തിയുള്ള പിതാവായ ദൈവമേ, ഞങ്ങളോട് കരുണ ചെയ്യണമേ. സജ്ജമായ നിന്റെ വാസസ്ഥലത്തുനിന്നും നിസ്സീമമായ നിന്റെ മടിയിൽനിന്നും ഞങ്ങളുടെമേലും ശുദ്ധീകരിക്കപ്പെടുന്ന ഈ വെള്ളത്തിന്മേലും നിന്റെ പരിശുദ്ധാത്മാവിനെ അയച്ചുതരണമേ.

* അവൻ ക്നൂമായുള്ളവനും, ഉന്നതനും കർത്താവും ജീവദാതാവുമാകുന്നു; ന്യായപ്രമാണവും ദീർഘദർശിമാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനും, എല്ലായിടത്തും സമീപസ്ഥനും, എല്ലാറ്റിലും നിറഞ്ഞവനുമാകുന്നു. അവൻ തനിക്കിഷ്ടമുള്ളവരെ സേവകനെന്ന നിലയിലല്ല, അധികാരപൂർവ്വംതന്നെ വിശുദ്ധീകരിക്കുന്നവനാകുന്നു. അവൻ

www.malankaralibrary.com

സ്വപ്രകൃതിയിൽ കലർപ്പില്ലാത്തവനും പ്രവർത്തനത്തിൽ വൈവിധ്യമുള്ളവനും ആകുന്നു. ദൈവികദാനങ്ങളുടെ ഉറവയായ അവൻ സാരാംശത്തിൽ നിനക്ക് സമനും നിന്നിൽനിന്ന് പുറപ്പെടുന്നവനും നിന്റെ പുത്രനിൽനിന്ന് സ്വീകരിക്കുന്നവനും നിന്റെയും ഞങ്ങളുടെ കർത്താവും ദൈവവും രക്ഷകനുമായ യേശുമിശിഹായുടെയും രാജ്യത്തിലെ പദവിക്ക് തുല്യാവകാശിയുമാകുന്നു.

കൈകൾ ഉയർത്തി ഉച്ചത്തിൽ

കാർമി : കർത്താവേ, എന്നോട് ഉത്തരമരുളണമേ.
കർത്താവേ, എന്നോടു ഉത്തരമരുളണമേ.
കർത്താവേ, എന്നോടു ഉത്തരമരുളി ദയതോന്നി ഞങ്ങളോട് കരുണചെയ്യണമേ.

ജനം : കുറിയേലായിസ്സോൻ... കുറിയേ... കുറിയേ...

കാർമികൻ താഴെക്കാണുന്ന പ്രാർത്ഥന ഉച്ചത്തിൽ ചൊല്ലിക്കൊണ്ട് വെള്ളത്തിൻ മീതെ കുരിശടയാളം വരയ്ക്കുന്നു.

കാർമി : സർവ്വാധിപതിയായ ദൈവമായ കർത്താവേ, ഇതിനെ ആശ്വാസത്തിന്റെ ജലവും, സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും നിന്റെ ഏകപുത്രന്റെ മരണത്തെയും ഉയിർപ്പിനെയും ദൃഷ്ടാന്തീകരിക്കുന്ന ജലവും ശുദ്ധീകരണത്തിന്റെ ജലവുമാക്കിത്തീർക്കണമേ. ✠

ജനം : ആമ്മീൻ.

കാർമി : ഇതിനെ ആത്മശരീരങ്ങളുടെ മാലിന്യം നീക്കിക്കളയുന്നതും ബന്ധനങ്ങൾ അഴിക്കുന്നതും പിഴകൾ മോചിക്കുന്നതും ആത്മശരീരങ്ങളെ പ്രകാശിപ്പിക്കുന്നതുമായ വെള്ളമാക്കിത്തീർക്കണമേ. ✠

ജനം : ആമ്മീൻ.

കാർമി : ഇതിനെ വീണ്ടും ജനനത്തിനുള്ള സ്നാനവും പുത്രസ്വീകാര്യത്തിന്റെ നൽവരവും നാശമില്ലായ്മയുടെ വസ്ത്രവും പരിശുദ്ധാത്മാവിലുള്ള നവീകരണവും ആക്കിത്തീർക്കണമേ. ✠

ജനം : ആമ്മീൻ.

www.malankaralibrary.com

മൂറോൻ കുപ്പിയെടുത്തുയർത്തി, സ്ലീബാരൂപത്തിൽ
മൂന്നുപ്രാവശ്യം ആഘോഷിച്ചുകൊണ്ട്

സങ്കീ. 29:3

കാർമ്മി : ദൈവമേ, വെള്ളം നിന്നെ കണ്ടു. കർത്താവേ, വെള്ളം നിന്നെകണ്ട് ഭയപ്പെട്ടു.

ശുശ്രൂ : ഹാലേലുയ്യാ...

കാർമ്മി : കർത്താവിന്റെ ശബ്ദം വെള്ളത്തിൻമീതേ; മഹത്ത്വമുള്ള ദൈവം ഇടിമുഴക്കി; കർത്താവ് പെരുവെള്ളത്തിൻ മീതേ.

ശുശ്രൂ : ഹാലേലുയ്യാ...

കാർമ്മി : പിതാവിനും ...

ശുശ്രൂ : ആദിമുതൽ ...

മാമോദീസാത്തൊട്ടിയിലെ വെള്ളത്തിൽ കുരിശാകൃതിയിൽ
മൂറോൻ ഒഴിച്ചുകൊണ്ട്

ܐܪܫܝܢܢ ܡܘܪܘܢ ܩܕܝܫܐ ܥܠ ܡ̈ܝܐ ܗܠܝܢ
ܕܡܥܡܘܕܝܬܐ ܐܝܟܢܐ ܕܢܬܚܕܬ ܒܗܘܢ ܒܪܢܫܐ
ܥܬܝܩܐ ܠܚܝ̈ܐ ܕܠܥܠܡ ܒܫܡ ܐܒܐ ✠
ܘܒܪܐ ✠ ܘܪܘܚܐ ܚܝܐ ܘܩܕܝܫܐ ✠ ܠܚܝ̈ܐ
ܕܠܥܠܡ ܥܠܡܝܢ ܀

അല്ലെങ്കിൽ

കാർമ്മി : **ഇതിനാൽ പഴയ മനുഷ്യൻ നവീകരിക്കപ്പെടുവാൻ മാമോദീസായുടെ ഈ വെള്ളത്തിൽ നിത്യജീവനായി ഞങ്ങൾ വിശുദ്ധ മൂറോൻ ഒഴിക്കുന്നു (ബാറെക്മോർ). ✠പിതാവിന്റെ നാമത്തിൽ (ആമ്മീൻ) ✠പുത്രന്റെ നാമത്തിൽ (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ).**

www.malankaralibrary.com

കാർമികൻ തലകുനിച്ച് രഹസ്യപ്രാർത്ഥന ചൊല്ലുമ്പോൾ
ശുശ്രൂഷകൻ കുറിയേലായിസോൻ എന്നു ചൊല്ലണം

**കാർമി** : പ്രാവിന്റെ രൂപത്തിൽ പരിശുദ്ധാത്മാവിനെ അയയ്ക്കുകയും യോർദ്ദാൻ നദീപ്രവാഹത്തെ ശുദ്ധീകരിക്കുകയും ചെയ്ത ദൈവമായ കർത്താവേ, മാമോദീസാ സ്വീകരിക്കുന്ന നിന്റെ ഈ ദാസനെ (ദാസിയെ) പൂർണ്ണനാ(യാ)ക്കുകയും രക്ഷാകരമായ സ്നാനത്താൽ നിർമ്മലനാ(യാ)ക്കി നിന്റെ അഭിഷിക്തനോട് സംബന്ധമുള്ളവനാ(ളാ)ക്കുകയും ചെയ്യണമേ.

കൈകൾ ഉയർത്തി ഉച്ചത്തിൽ

നിന്റെ കൃപയാൽ നവീകരണവും പൂർണ്ണതയും പ്രാപിച്ച് ഈ ദാസൻ (ദാസി) ശ്രേഷ്ഠനാ(യാ)യിത്തീരണമേ. നീ ഭരമേൽപ്പിച്ച ദിവ്യനൽവരങ്ങൾ ഈ ദാസൻ (ദാസി) സംരക്ഷിക്കുവാൻ ഇടയാക്കണമേ. ഞങ്ങളും ഈ ദാസനും (ദാസിയും) നിനക്കും നിന്റെ ഏകജാതനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും.

**ജനം** : ആമ്മീൻ.

**കാർമി** : നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

**ജനം** : അങ്ങയുടെ ആത്മാവിനുമുണ്ടായിരിക്കട്ടെ.

വെള്ളത്തിൽ വലതുകൈ ആവസിപ്പിച്ചശേഷം
റൂശ്മാ ചെയ്തുകൊണ്ട് ഉച്ചത്തിൽ

ܡܒܪ̈ܟܝܢ ܐܢܘܢ ܘܡܩܕ̈ܫܝܢ ܡܝ̈ܐ ܗܠܝܢ
ܘܢܗܘܘܢ ܠܚܘܣܝܐ ܠܚܘܠܡܢܐ ܘܡܘܗܒܐ
ܘܡܛܒ̈ܥܝܢ ܟܗܢܐ: ܒܫܡ ܐܒܐ ܚܝܐ ܠܚܝ̈ܐ ✠
ܒܫܡ ܒܪܐ ܚܝܐ ܠܚܝ̈ܐ ✠ ܒܫܡ ܪܘܚܐ ܚܝܐ
ܩܕܝܫܐ ✠ ܠܚܝ̈ܐ ܕܠܥܠܡ ܥܠܡܝܢ ❖

www.malankaralibrary.com

അല്ലെങ്കിൽ

കാർമി : **വീണ്ടും ജനനത്താൽ നിത്യജീവൻ പ്രാപിക്കുവാനുള്ള ദിവ്യസ്നാനജലമായിത്തീരുന്നതിനുവേണ്ടി ഈ വെള്ളം ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു.**

ശുശ്രൂ : ബാറെക്മോർ

കാർമി : ✠ **ജീവനുള്ള പിതാവിന്റെ നാമത്തിലും**

ജനം : **ആമ്മീൻ.**

കാർമി : ✠ **ജീവനുള്ള പുത്രന്റെ നാമത്തിലും**

ജനം : **ആമ്മീൻ.**

കാർമി : ✠ **ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും**

ജനം : **ആമ്മീൻ.**

കാർമികൻ മാമോദീസാത്തൊട്ടിയുടെ കിഴക്കുവശത്ത് പടിഞ്ഞാറോട്ടു അഭിമുഖമായി നിന്നുകൊണ്ടും വലതുകൈ അർത്ഥിയുടെ തലയിൽ വച്ചുകൊണ്ടും ഇടതുകൈകൊണ്ട് വെള്ളം കോരി അർത്ഥിയുടെ തലയിൽ ഒഴിക്കുന്നു. ആദ്യമായി അർത്ഥിയുടെ മുൻവശത്തുനിന്നും, പിന്നീടു പിറകിൽനിന്നും, മൂന്നാമത് വലതുവശത്തുനിന്നും ഇടതുവശത്തുനിന്നും വെള്ളം കോരി അർത്ഥിയുടെ തലയിൽ ഒഴിച്ചുകൊണ്ട് ഇപ്രകാരം ചൊല്ലുന്നു.

ܡܥܡܕ (ܦܠܢ) ܥܠ ܣܒܪܐ ܕܚܝ̈ܐ ܘܫܘܒܩܢܐ
ܕܚܛܗ̈ܐ ܒܪܟܡܪ. ܠܚܝ̈ܐ ܕܠܥܠܡ ܒܫܡ ܐܒܐ ✠ ܘܒܪܐ ✠
ܘܪܘܚܐ ܚܝܐ ܘܩܕܝܫܐ ✠ ܠܚܝ̈ܐ ܕܠܥܠܡ
ܥܠܡܝܢ ❖

അല്ലെങ്കിൽ

**ജീവന്റെയും പാപമോചനത്തിന്റെയും പ്രത്യാശയിൽ (പേര്) നിത്യജീവന്നായി മാമോദീസാ മുക്കപ്പെടുന്നു (ബാറെക്മോർ). ✠പിതാവിന്റെ നാമത്തിൽ (ആമ്മീൻ) ✠പുത്രന്റെ നാമത്തിൽ (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ).**

കാർമികൻ മാമോദീസാ സ്വീകരിച്ചയാളെ മദ്ധ്യസ്ഥനെ ഏൽപ്പിക്കുന്നു. ശുശ്രൂഷകൻ ഈ ഗീതം ചൊല്ലുന്നു.

www.malankaralibrary.com

## പെസ്ഗോമോ

രാജകുമാരി മഹത്വത്തോടെ നിന്നു.

സങ്കീ. 45: 10-11

## കോലോ

(പ്രുസ്കെൻപൈക് ഈദാസ്കുദിശോ... എന്ന രീതി)

പാവനയാം സഭയേ ചിറകിൽ
ഈ കുഞ്ഞാടിനെയേറ്റാലും
മാമോദീസായിൽ നിന്നും
ജൻമമിതിന്നേകി റൂഹാ.

എന്റെ മകളേ, നീ ചെവി ചായിച്ച് ശ്രദ്ധാപൂർവ്വം കേൾക്കുക.

ഈ സ്നാനം മുന്നേ കണ്ടു
ചൊന്നേവം സ്കറിയാ തനയൻ
നൽകുന്നേൻ സ്നാനം നീരാൽ
വന്നീടുന്നോനാത്മാവാൽ. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ത്രിത്വത്തിൻ തിരുനാമത്തിൽ
വെള്ളത്താൽ ജനിയാർന്നോനേ
കുഞ്ഞാടേ, നവമാം സൂനു
സ്വാഗതമോതുന്നേൻ വരിക.

ജനം : മെൻഓലം...

വെള്ളത്തിൽ നിന്നും ഗെദഓൻ
പോരിന്നാളുകളെ ചേർത്തു
മിശിഹാ തന്നാരാധകരെ
സ്നാനത്തിൻ നീരിൽ നിന്നും.

www.malankaralibrary.com

അല്ലെങ്കിൽ

അല്ലയോ വിശുദ്ധ സഭയേ, മാമോദീസാവെള്ളത്തിൽനിന്നും പരിശുദ്ധാത്മാവ് ജനിപ്പിച്ച കളങ്കമില്ലാത്ത ഈ കുഞ്ഞാടിനെ നിന്റെ ചിറകുകൾ വിരിച്ച് സ്വീകരിച്ചാലും.

എന്റെ മകളേ, നീ ചെവിചായിച്ച് ശ്രദ്ധാപൂർവ്വം കേൾക്കുക.

ഈ മാമോദീസായെക്കുറിച്ച് സ്നാപകയോഹന്നാൻ ഇങ്ങനെ പ്രവചിച്ചു: ഞാൻ വെള്ളംകൊണ്ട് സ്നാനം നൽകുന്നു; വരുവാനിരിക്കുന്നവനാകട്ടെ പരിശുദ്ധാത്മാവിനാലും. ബാറെക്മോർ.

കാർമി : പിതാവിനും...

ത്രിത്വത്തിന്റെ നാമത്തിൽ മാമോദീസാവെള്ളത്തിൽനിന്നു ജനിച്ച അഭിനവപൈതലായ കുഞ്ഞാടേ, സ്വാഗതം.

ജനം : ആദിമുതൽ...

ഗെദഓൻ ജലം മുഖേന പടയാളികളെ തെരഞ്ഞെടുത്ത് യുദ്ധത്തിനു പുറപ്പെട്ടു. മിശിഹാ തന്റെ ആരാധകരെ മാമോദീസാവെള്ളം മുഖേനയും തെരഞ്ഞെടുത്തു.

❖

www.malankaralibrary.com

# മൂറോനഭിഷേകം

## കൗമാ

കാർമികൻ മൂറോൻ കുപ്പിയെടുത്ത് ഉയർത്തി കിഴക്കോട്ടഭിമുഖമായി നിന്നുകൊണ്ട് ചൊല്ലുന്നു.

കർത്താവേ, മാമോദീസാ മുഖാന്തരം ലഭിച്ച വിശ്വാസത്താൽ നിന്റെ ഭക്തന്മാരുടെ കൂട്ടത്തിൽ എണ്ണപ്പെട്ടിരിക്കുന്ന ഈ ദാസൻ (ദാസി) നിന്റെ തിരുനാമത്തിൽ ഈ വിശുദ്ധ മുദ്രയും അടയാളവും സ്വീകരിക്കുവാൻ ഇടയാക്കണമേ. മുഴുവൻ പരിമള വാസനയാകുന്ന ഈ മൂറോനാൽ ഈ ദാസൻ (ദാസി) ആദ്ധ്യാത്മിക സുഗന്ധത്താൽ നിറയട്ടെ. പ്രതികൂല സൈന്യങ്ങൾക്ക് ഈ ദാസൻ (ദാസി) വിധേയനാ(യാ)കരുതേ. ഇനിമേൽ ഈ ദാസൻ (ദാസി) ദുഷ്പ്രഭുക്കളായ പിശാചുക്കളെയും അന്ധകാരശക്തികളെയും ഭയപ്പെടാതിരിക്കട്ടെ. നിന്റെ പ്രകാശത്തിൽകൂടെ സഞ്ചരിക്കുന്നതിനും പ്രകാശത്തിന്റെ പുത്രൻ (പുത്രി) ആയിത്തീരുന്നതിനും നിന്നിൽ ജീവിച്ച് നിന്റെ പക്കൽ വന്നുചേരുന്നതിനും ഇടയാക്കണമേ.

അർത്ഥിയുടെ നേരെ തിരിയുന്നു. പെരുവിരൽ മൂറോനിൽ തൊട്ട് അർത്ഥിയുടെ നെറ്റിയിൽ മൂന്നുപ്രാവശ്യം കുരിശാകൃതിയിൽ മുദ്രയിടുമ്പോൾ

ܒܡܘܪܘܢ ܩܕܝܫܐ ܒܣܝܡܘܬܐ ܕܪܝܚܐ ܕܡܫܝܚܐ:
ܚܬܡܐ ܘܛܒܥܐ ܕܗܝܡܢܘܬܐ ܕܫܪܪܐ: ܘܫܘܡܠܝܐ
ܕܡܘܗܒܬܐ ܕܪܘܚܐ ܩܕܝܫܐ ܡܬܛܒܥ (ܦܠܢ)
ܪܫܡ: ܒܫܡܐ ܕܐܒܐ ✠ ܘܕܒܪܐ ✠ ܘܕܪܘܚܐ
ܚܝܐ ܘܩܕܝܫܐ ✠ ܠܚ̈ܝܐ ܕܠܥܠܡ ܥܠܡܝܢ

www.malankaralibrary.com

അല്ലെങ്കിൽ

**മിശിഹായുടെ പരിമളവാസനയും, സത്യവിശ്വാസത്തിന്റെ മുദ്രയും, അടയാളവും, പരിശുദ്ധാത്മ നൽവര പൂർണ്ണ തയുമായ, വിശുദ്ധ മൂറോൻകൊണ്ട് നിത്യജീവനിലേക്ക് (പേര്) മുദ്രകുത്തപ്പെടുന്നു (ബാറെക്മോർ). ✠പിതാവിന്റെ നാമത്തിൽ (ആമ്മീൻ) ✠പുത്രന്റെ നാമത്തിൽ (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ).**

## മാനീസോ

കൃപയുടെ സ്നാനത്താൽ നിന്റെ ഹൃദയം ബലം പ്രാപിച്ച് പുഷ്ടിപ്പെടട്ടെ. ഒരു ജ്യോതിർഗോളം പോലെ നീ ലോകത്തിൽ വിളങ്ങട്ടെ. പരിശുദ്ധാത്മാവു മുഖാന്തരം സ്വർഗീയശക്തികൊണ്ട് നീ ബലം പ്രാപിക്കട്ടെ. വഞ്ചനാപരമായ മായാമോഹങ്ങളാൽ നാശം സംഭവിച്ച നമ്മുടെ പഴയ മനുഷ്യനെ നീ വെറുത്ത് അവനിൽനിന്ന് പിന്തിരിയുക. അതുപോലെ അവിശ്വാസി കളുമായി ഇടപെടുമ്പോൾ ജീവന്റെ വചനത്തെ അവ ലംബിക്കുക. വരുവാനിരിക്കുന്നതും, വിശ്വാസികൾക്കു വാഗ്ദാനം ചെയ്യപ്പെട്ടതുമായ പുതിയ ജീവനിലേക്ക് ധൃതിയായി നീ പൊയ്ക്കൊണ്ടിരിക്കുന്നുവെന്ന് ധരിച്ചുകൊള്ളുക. മിശിഹാ യുടെ കൃപാബാഹുല്യത്തിനനുസരണം അവനോടുകൂടെ വാഴു ന്നതിന് നീ യോഗ്യനായി(യായി)ത്തീരട്ടെ.

അനന്തരം അർത്ഥിയുടെ അവയവങ്ങളിൽ, തല മുതൽ പാദം വരെ, മൂറോൻ പൂശിക്കൊണ്ട് ചൊല്ലുന്നു.

## കോലോ

(ബ്മെശ്ഹോദ് കുദിശോ... എന്ന രീതി)

ചൊ-ന്നാൻ ദൈവം അഹറോനെ പൂശുക
നിർമ്മലനാവാൻ പാവനതൈലത്താൽ
പൂ-ശുന്നിപ്പോൾ സ്നാനം പ്രാപിച്ചൊരു
കുഞ്ഞാടിനെയീ-പാവന തൈലത്താൽ. ബാറെക്മോർ.

www.malankaralibrary.com

കാർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

മാമോദീസായേറ്റൊരു കുഞ്ഞാടിനെ
തെളിവായ് പൂശും-തൈലവുമിതുതന്നെ
റൂഹാ-ഗൂഢം തൻ റൂ-ശ്മാ നൽകി
ദൈവികമായ് വാ-ണിവനെ(ളെ) വാഴ്ത്തുന്നു.

## കിരീടധാരണ പ്രാർത്ഥന

മാമോദീസ സ്വീകരിച്ചവരെ മദ്ബഹായിൽ പ്രവേശിപ്പിച്ച് മൂന്നുപ്രാവശ്യം ത്രോണോസിനു പ്രദക്ഷിണം വെയ്പിച്ച് ത്രോണോസിന്റെ കോണുകൾ മുത്തിക്കുന്നു. അനന്തരം മദ്ബഹായുടെ വാതുക്കൽ വെച്ച് കിരീടം ധരിപ്പിക്കുന്നു.

കാർമ്മി : **ദൈവമായ കർത്താവേ, നിന്റെ ഈ ദാസനെ (ദാസിയെ) മഹത്ത്വത്താലും പ്രഭയാലും കിരീടം ധരിപ്പിക്കണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ, ഈ ദാസന്റെ (ദാസിയുടെ) ജീവിതം നിന്റെ കർത്തൃത്വത്തിനും തിരുനാമമഹത്ത്വത്തിനും പ്രീതികരവും അനുയോജ്യവുമായിത്തീരണമേ.**

## സൂഗീസോ

(ഹാശായാലടിയാർ... എന്ന രീതി)

നൃപകാ-മ്യം മകുടം നിന്നെ-അണിയിച്ചൂ സഹജാ- [സഹജേ]
സ്തുതി ചെയ് നീ സകലേ-ശാത്മജനെ.

ഹിമവെ-ണ്മസമം നിൻ വസനം-മിന്നുന്നൂ യോർദ്ദാൻ
നദിയെക്കാൾ രമ്യം-നിൻ കാന്തി.

റൂഹാ-തൻ ശക്ത്യാ മാലാ-ഖസമനായ് മാമോ-
ദീസായീന്നേറി-നീ പ്രിയനേ [സഹജേ].

ചൂടി അക്ഷയമാം മകുടം-നിൻശിരസ്സിൽ മാനവ-
കുലമഹിമാവീനാൽ-നീയാർന്നു.

www.malankaralibrary.com

സ്വർഗീയം ഭാഗ്യം നേടി-നീ സഹജാ- [സഹജേ]
ശ്രദ്ധിക്കൂ ദുഷ്ടൻ മോഷ്ടി-ച്ചീടായ്‌വാൻ.

ഇന്നാ-ചാര്യൻ വഴി മിശിഹാ നൽകിയതാം മകുടം
യോഗ്യം നിൻ വസനം-കമനീയം!

വിശുദ്ധ കുർബാന കൊടുക്കുമ്പോൾ

[പറുദീ-സായിലാദം രുചിനോ-ക്കാഞ്ഞ ഫലം
സാമോ-ദം വയ്ക്കുന്നീനാൾ-നിൻ നാവിൽ]

സ്നാനാത്മജനേ നീ ശുഭമായ്- പോയീടുകനതിചെയ്
നിന്നെ കാത്തീടും-സ്ലീബായെ.

സ്തോത്രം-താതന്നും സ്തുതിതൻ-തനയന്നും
ആരാ-ധനയുന്നതി വിമലാത്മാവിന്നും.

അല്ലെങ്കിൽ

ഞങ്ങളുടെ സഹോദരാ, (സഹോദരീ), സർവ്വേശ്വരപുത്രന് നീ സ്തുതി പാടുക. എന്തുകൊണ്ടെന്നാൽ രാജാക്കന്മാർ മോഹിക്കുന്ന മുടി അവൻ നിനക്കായി മെടഞ്ഞിരിക്കുന്നു. സഹോദരാ, (സഹോദരീ) മഞ്ഞുപോലെ നിന്റെ വസ്ത്രങ്ങൾ തിളങ്ങുന്നു. നിന്റെ ശോഭ യോർദ്ദാൻ നദിയേക്കാൾ മനോഹരമായിരിക്കുന്നു.

പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മാമോദീസാത്തൊട്ടിയിൽനിന്ന് അല്ലയോ പ്രിയനേ (പ്രിയേ), മാലാഖയ്ക്കനുരൂപനാ (യാ)യി നീ പുറത്തുവന്നിരിക്കുന്നു. കണ്ടാലും, അക്ഷയമായ കിരീടം നിന്റെ തലയിൽ വയ്ക്കപ്പെട്ടിരിക്കുന്നു. ആദാമ്യഭവനത്തിന്റ മഹത്ത്വം ഇന്നു നീ ധരിച്ചിരിക്കുന്നു.

അല്ലയോ സഹോദരാ (സഹോദരീ), സ്വർഗീയ ഭാഗ്യങ്ങൾ നീ കൈക്കൊണ്ടിരിക്കുന്നു. ദുഷ്ടൻ നിന്നെ അപഹരിക്കാതിരിക്കുവാൻ നീ സൂക്ഷിച്ചുകൊള്ളുക.

നിന്റെ വസ്ത്രങ്ങൾ എത്ര ഭംഗിയുള്ളവ. പുരോഹിതൻ മുഖാന്തരം ആദ്യജാതൻ ഇന്നു നിനക്കായി നിർമ്മിച്ച കിരീടം എത്ര ചേർച്ചയുള്ളതാകുന്നു.

www.malankaralibrary.com

വിശുദ്ധ കുർബാന കൊടുക്കുമ്പോൾ

പറുദീസായിൽവച്ച് ആദം രുചിച്ചുനോക്കാതിരുന്ന ഫലം ഇന്നിതാ സന്തോഷപൂർവ്വം നിന്റെ നാവിൽ വയ്ക്കപ്പെടുന്നു.

മാമോദീസായുടെ പുത്രാ (പുത്രീ), നീ സമാധാനപൂർവ്വം പോയി നിന്നെ സംരക്ഷിക്കുന്ന സ്ലീബായെ വന്ദിക്കുക

പിതാവിനു മഹത്ത്വവും പുത്രനു സ്തോത്രവും പരിശുദ്ധാത്മാവിനു ആരാധനയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ.

## ഹൂത്തോമോ

✠പിതാവായ ദൈവം നിന്നോടുകൂടെ ആയിരിക്കട്ടെ

✠വന്ദ്യനായ പുത്രൻ നിന്നെ സംരക്ഷിക്കട്ടെ

✠നീ ധരിച്ചിരിക്കുന്ന പരിശുദ്ധാത്മാവ് നിന്നെ പൂർണ്ണനാ (യാ) ക്കുകയും ഉപദ്രവങ്ങളിൽനിന്ന് നിന്നെ വിടുവിക്കുകയും ചെയ്യട്ടെ. നീ സ്വീകരിച്ച മാമോദീസാ എന്നേക്കും നിന്നിൽ വസിക്കട്ടെ.

എന്നേക്കും നമ്മുടെ ദൈവമായ മിശിഹായുടെ പാപപരിഹാരപ്രദമായ മാമോദീസായിൽനിന്ന് നീ കൈക്കൊണ്ട വി. മൂറോനോടുകൂടെ പരിശുദ്ധ ത്രിത്വത്തിന്റെ കൃപയ്ക്കും കരുണയ്ക്കും ഞങ്ങൾ നിന്നെ ഭരമേൽപ്പിക്കുന്ന ഈ സമയത്ത് സമാധാനത്തോടുകൂടെ പോവുക.

ജനം : ആമ്മീൻ

❖

www.malankaralibrary.com

# പാപമോചനം

ആരംഭത്തിൽ ആശീർവദിച്ചുകൊണ്ട്

**കൗമാ**

കാർമ്മി : ✠ സർവ്വശക്തനായ ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.

അല്ലെങ്കിൽ

കാരുണ്യവാനായ ദൈവം നിന്നോടു ക്ഷമിച്ച്, നിനക്ക് നീതീകരണവും പാപമോചനവും നൽകട്ടെ.

പാപം മോചിച്ചുകൊണ്ട്

നമ്മുടെ കർത്താവായ യേശുമിശിഹാ നിന്നെ വിമോചിക്കട്ടെ. അവൻ എനിക്കു നൽകിയിരിക്കുന്ന അധികാരത്തിനൊത്തവണ്ണവും, നിനക്ക് ആവശ്യമായപ്രകാരവും എല്ലാവിധ ശാപത്തിൽ നിന്നും (അനുതാപി കാർമികനാണെങ്കിൽ അംശമുടക്കിൽ നിന്നും) നിരോധനത്തിൽ നിന്നും അവൻ നിന്നെ മോചിക്കട്ടെ. ✠ പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്റെ പാപങ്ങൾ മോചിക്കപ്പെടുന്നു.

* നമ്മുടെ കർത്താവായ യേശുമിശിഹായുടെ പീഡാനുഭവവും, ഭാഗ്യവതിയായ കന്യകമറിയാമിന്റെയും, സകല വിശുദ്ധരുടെയും യോഗ്യതകളും, നിന്റെ നന്മപ്രവൃത്തികളും ക്ലേശങ്ങളും നിനക്കു പാപമോചനത്തിനും കൃപാവർദ്ധനയ്ക്കും നിത്യജീവന്റെ പ്രതിഫലത്തിനും നിദാനമാകട്ടെ. ആമ്മീൻ.

(ഇതിന്റെ സുറിയാനി 288-ാം പേജിൽ കൊടുത്തിരിക്കുന്നു)

## മരണാസന്നർക്കുവേണ്ടിയുള്ള ചെറിയ ക്രമം

**✠ പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്റെ പാപങ്ങൾ മോചിക്കപ്പെടുന്നു.**

❖

www.malankaralibrary.com

# വിവാഹം

## കൗമാ

## നിർദ്ദേശങ്ങൾ

1. മേശപ്പുറത്ത് മന്ത്രകോടിയും അതിന്റെ മദ്ധ്യത്തിൽ കുരിശും താലിയും (മിന്നും) താലിയുടെ വടക്കുഭാഗത്ത് വരന്റെ മോതിരവും, കിരീടവും (കുരിശുമാലയും) താലിയുടെ തെക്കു ഭാഗത്ത് വധുവിന്റെ മോതിരവും, കിരീടവും (കുരിശുമാലയും) വയ്ക്കണം.

2. കിരീടം വാഴ്ത്തലിന് പള്ളിയിൽ കിരീടം ഉണ്ടാക്കി വയ്ക്കുന്നത് നല്ലതാണ്.

3. വധൂവരന്മാർ പള്ളിയിൽ പ്രവേശിക്കുമ്പോൾ മുതൽ ശുശ്രൂഷ അവസാനിക്കുന്നതുവരെ മദ്ബഹായുടെ തിരശ്ശീല വലിച്ച് മദ്ബഹാ തുറന്നിടുകയാണ് പതിവ്.

4. കാർമികൻ വി. കുർബാനയ്ക്കു ഉപയോഗിക്കുന്ന അംശവസ്ത്രങ്ങൾ ധരിച്ചിരിക്കണം. മോതിരം ഇടീൽ, മിന്നുകെട്ട്, മന്ത്രകോടി ഇടീൽ തുടങ്ങിയ കാര്യങ്ങളിൽ പ്രാദേശിക പാരമ്പര്യങ്ങൾ മാനിക്കപ്പെടണം.

5. ശുശ്രൂഷ തുടങ്ങുന്നതിനുമുമ്പും പ്രസംഗസമയത്തും മറ്റും ഇരിക്കുവാനായി വധൂവരന്മാർക്ക് പ്രത്യേക ഇരിപ്പിടം ഒരുക്കിയിരിക്കുന്നത് നല്ലതാണ്.

6. ഗീതങ്ങൾ (കുക്കിലിയോൻ, എനിയോനോ, കോലോ, എക്ബോ) ആലപിക്കുമ്പോൾ പുരോഹിതൻ പടിഞ്ഞാറോട്ട് തിരിഞ്ഞുനിൽക്കണം.

www.malankaralibrary.com

# വിവാഹം

മണവാട്ടി മണവാളന്റെ വലത്തു വശത്തും തോഴ്മക്കാരൻ മണവാളന്റെ ഇടത്തും തോഴ്മക്കാരി മണവാട്ടിയുടെ വലത്തുമായി മദ്ബഹാ മുമ്പാകെ നിൽക്കണം.

## മനസമ്മതം

കാർമ്മി : ശുബ്ഹോ...

ജനം : ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നേക്കും വർഷിക്കുമാറാകണമേ.

കാർമ്മി : (വരനോട്) കർത്താവിൽ നമ്മുടെ മകനായ (പേര്) ഈ നിൽക്കുന്ന (ഇന്നാരെ) ക്രിസ്തീയ പ്രമാണവും തിരുസഭയുടെ നിബന്ധനകളും അനുസരിച്ച് വിവാഹം ചെയ്യുവാൻ സമ്മതമാണോ?

വരൻ : സമ്മതമാണ്.

കാർമ്മി : (സാക്ഷികളോട്) നിങ്ങൾ കേട്ടല്ലോ?

സാക്ഷി: കേട്ടു.

കാർമ്മി : (വധുവിനോട്) കർത്താവിൽ നമ്മുടെ മകളായ (പേര്) ഈ നിൽക്കുന്ന (ഇന്നാരെ) ക്രിസ്തീയ പ്രമാണവും തിരുസഭയുടെ നിബന്ധനകളും അനുസരിച്ച് വിവാഹം ചെയ്യുവാൻ സമ്മതമാണോ?

വധു : സമ്മതമാണ്.

കാർമ്മി : (സാക്ഷികളോട്) നിങ്ങൾ കേട്ടല്ലോ?

സാക്ഷി: കേട്ടു.

www.malankaralibrary.com

# ഒന്നാം ശുശ്രൂഷ

മോതിരം വാഴ്ത്തൽ

## പ്രാരംഭ പ്രാർത്ഥന

ദൈവമായ കർത്താവേ, നീ മുഖാന്തരവും നിന്നോടു കൂടെയും ഞങ്ങളുടെ സന്തോഷങ്ങൾക്ക് ആരംഭവും ഞങ്ങളുടെ ആനന്ദത്തിനു പൂർത്തീകരണവും ഉണ്ടാകുവാൻ തക്കവണ്ണം അക്ഷയമായ സൗഭാഗ്യത്തിനു ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളുടെ ദേഹികളും ആത്മാക്കളും നിന്നാൽ ആനന്ദിക്കുമാറാകണമേ.

കാരുണ്യപൂർവ്വം ഞങ്ങളുടെ ദുഃഖങ്ങൾ മായിച്ച് ദയാപൂർവ്വം ഞങ്ങളുടെ സുകൃതങ്ങൾ വർദ്ധിപ്പിക്കണമേ. നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളിൽ നിറഞ്ഞു കവിയുകയും ഞങ്ങളുടെ മനസ്സാക്ഷികൾ ശ്രേഷ്ഠമാകുകയും ചെയ്യട്ടെ.

ഈ മണവാളൻ പൂർണ്ണനും ഈ മണവാട്ടി ശ്രേഷ്ഠയുമായിത്തീരണമേ. നിന്നോടും ആദിമുതൽ നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള സകല വിശുദ്ധന്മാരോടും കൂടെ അക്ഷയ ഭാഗ്യങ്ങളിൽ ഞങ്ങളെ ആനന്ദിപ്പിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, നിന്റെ വിശുദ്ധന്മാരുടെ സംഘങ്ങളിലും നിന്റെ വാത്സല്യഭാജനങ്ങളുടെ ഗണങ്ങളിലും ചേർന്നുനിന്നുകൊണ്ട് ഞങ്ങൾ നിനക്കു സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും അർപ്പിക്കുമാറാകണമേ. മോറാൻ...

ജനം : ആമ്മീൻ

## മസ്മൂറാ 51

ദൈവമേ നിന്റെ കൃപയിൻ പ്രകാരം...

www.malankaralibrary.com

വാനവരൊപ്പം മാനവരും - വാഴ്ത്തി - പാടീടും
താതാത്മജ റുഹ്ക്കുദിശായാം ത്രിത്വം ആരാധ്യം.
മൊറിയോ റാഹേം...

അല്ലെങ്കിൽ

സ്വർഗീയരെയും ഭൗമികരെയും സന്തോഷിപ്പിച്ച കരുണാപൂർണ്ണനായ മിശിഹാ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ ആരാധകരെ സന്തോഷിപ്പിക്കണമേ.

ഞങ്ങളുടെ രക്ഷകാ, വൈദികർ തിരുനാമത്തിൽ കൊടുക്കുന്ന മോതിരങ്ങളെ നിന്റെ വലത്തുകൈ നീട്ടി കൃപയോടെ വാഴ്ത്തണമേ ✠

മോതിരം മുഖേന വിശുദ്ധ സഭ മിശിഹായുടെ മണവാട്ടിയായിത്തീരുകയും അവൾ അവന്റെ വിശുദ്ധ ശരീരരക്തങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

മോതിരം മുഖേന താമാർ കൊലയിൽനിന്ന് രക്ഷപെട്ടു. മോതിരത്താൽതന്നെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും മോചിക്കപ്പെടണമേ. ബാറെക്മോർ.

കാർമി : പിതാവിനും...

ജനം : ആദിമുതൽ...

സ്വർഗീയരും ഭൗമികരും ആരാധിച്ചു പുകഴ്ത്തുന്ന പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ത്രിത്വരഹസ്യം ആരാധ്യമാകുന്നു.

## പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ദൈവമേ, സ്വർഗത്തെയും, ഭൂമിയെയും, ഉയരത്തെയും, ആഴത്തെയും അനുരഞ്ജിപ്പിച്ച നിന്റെ സമാധാനം അന്യോന്യം സമർപ്പിതരായിരിക്കുന്ന ഈ ഞങ്ങളുടെ സഹോദരരെ സംയോജിപ്പിക്കണമേ. ഇവർ ആയുഷ്ക്കാലം മുഴുവൻ പരസ്പരം സ്നേഹിക്കുവാനും സന്തോഷപൂർവ്വം സ്വീകരിക്കുവാനും തക്കവണ്ണം ഇവർക്കു ഹൃദയ ഐക്യം നൽകണമേ. (ഹോശോ വബ്കൂല്സ്ബാൻ ല്ഒൽമ്മിൻ).

ജനം : ആമ്മീൻ

www.malankaralibrary.com

## കുക്കിലിയോൻ

(മൂന്നാം രാഗം)

സങ്കീർത്തനം- 45: 1-3

(ആബാലെബ് പെസ്ഗോമെ തോബെ... എന്ന രീതി)

എൻ മനമേ സദ്വചന മുതിർത്തിടുക -ഹാ-
വിവരിക്കൂ നിൻ നൃപനോടെൻ കൃതികൾ

പണ്ഡിതകവിതൻ തൂലിക എൻ രസന- ഹാ-
മാനുഷ നാവേക്കാളതി കമനീയം

നിന്നധരേ കൃപ ചൊരിയപ്പെട്ടു ഹാ-
നിന്നെ നിത്യം ദൈവം വാഴ്ത്തി.

യോദ്ധാവേ നിൻ ബഹുമതിയാം വാൾ ഹാ-
അരയിൽ ധരിക്കൂ നിൻ മഹിമ ജയിക്കും. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

അല്ലെങ്കിൽ

എന്റെ ഹൃദയമേ, ഉത്തമവചനങ്ങൾ ഉദിപ്പിച്ച് എന്റെ പ്രവൃത്തികളെ രാജാവിനോടുണർത്തണമേ. എന്റെ നാവു പണ്ഡിതനായ എഴുത്തുകാരന്റെ തൂലികയാകുന്നു. അതു മനുഷ്യമക്കളുടെ നാവിനേക്കാൾ മനോഹരമാകുന്നു. നിന്റെ അധരങ്ങളിന്മേൽ അനുഗ്രഹങ്ങൾ വർഷിച്ചു. അതുകൊണ്ട് ദൈവം നിന്നെ എന്നേക്കും വാഴ്ത്തി. പരാക്രമശാലിയായുള്ളോവേ, നിന്റെ ബഹുമാനവും മഹത്ത്വവുമാകുന്ന വാൾ അരയിൽ ധരിക്കുക. നിന്റെ മഹത്ത്വം ജയിക്കുന്നു. ബാറെക്മോർ.

കാർമി : പിതാവിനും പുത്രനും...

ജനം : ആദിമുതൽ...

www.malankaralibrary.com

## എക്ബോ

ഉത്തമഗീതം 5: 8–15

ഉപമകളാൽ ശ്ലേമോൻ ചൊന്നാനേവം
ചാരുമുഖീ-പാരം നീ
ശ്ലാഘിക്കും നിൻ പ്രിയനേവൻ
എൻ നാഥൻ പതിനായിരമതിലുത്തമനാം.

തൻ പൂങ്കാവാണിസ്രായേൽ
ശുഭ്രൻ യാക്കോബിൻ ലതയിൽ
ശോണൻ നർദീൻ തൈലത്തിൽ
പ്രബലൻ ലബനോൻ കാരകിലിൽ.

പാർത്തിടുകിൽ, ദൈവസമൻ
ഉന്നതനാം ഇവനെ നാം വാഴ്ത്തീ-ടു-ന്നു.

ശുശ്രൂ : സ്തൗമെൻകാലൊസ്...

ജനം : കുറിയേലായിസ്സോൻ

അല്ലെങ്കിൽ

ശ്ലേമോൻ ഉപമകളിൽ ഇപ്രകാരം പറഞ്ഞു: "സുന്ദരീ, നീ ഇത്രയധികം പ്രശംസിക്കുന്ന നിന്റെ പ്രിയൻ ആരാകുന്നു? എന്റെ പ്രിയൻ പതിനായിരങ്ങളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ടവനാകുന്നു. ഇസ്രായേൽ അവന്റെ തോട്ടമാകുന്നു. അവൻ യാക്കോബിന്റെ മുന്തിരിച്ചെടിയേക്കാൾ വെണ്മയും നർദീനിലെ എണ്ണയേക്കാൾ ചുവപ്പും ലബനോനിലെ കാരകിലുകളേക്കാൾ ബലവും ഉള്ളവനാകുന്നു. എന്തെന്നാൽ അവൻ മഹത്ത്വമുള്ളവനാകകൊണ്ട് നാം സ്തുതിക്കുന്ന ദൈവത്തിനു സദൃശനാകുന്നു. മഹോന്നതനായ അവനെ നമുക്ക് പ്രകീർത്തിക്കാം.

ശുശ്രൂ : സ്തൗമെൻ കാലൊസ്...

ജനം : കുറിയേലായിസ്സോൻ.

കാർമ്മി : നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് കരുണയും ദയയും യാചിക്കണം.

ജനം : കാരുണ്യവാനായ...

www.malankaralibrary.com

കാർമ്മി : സ്തുതിയും സ്തോത്രവും മഹിമയും പുകഴ്ചയും അനശ്വരകീർത്തിയും എല്ലാനേരത്തും ഇടവിടാതെ അർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമേ.

## പ്രുമിയോൻ

പുറജാതികളുടെ പുത്രിയെ തനിക്ക് സഭയായി തെരഞ്ഞെടുക്കുകയും സകലവിധ കളങ്കങ്ങളിൽനിന്നും അവളെ തന്റെ നിർമ്മല രക്തത്താൽ പവിത്രീകരിക്കുകയും ചെയ്ത സ്വർഗീയ മണവാളന് സ്തുതി.

അവൻ ഭൗമികസഭയുമായി വിവാഹനിശ്ചയം ചെയ്ത് സ്വയം അവൾക്ക് വരനായിത്തീരുകയും അശുദ്ധ പിശാചുക്കളുടെ ദാസ്യത്തിൽനിന്ന് അവളെ രക്ഷിച്ച് സർവ്വവിധമായ കടങ്ങളിൽനിന്നും പാപങ്ങളിൽനിന്നും അവൾക്ക് മോചനം നൽകുകയും ചെയ്തു.

തന്റെ സഭയുടെ വിവാഹവിരുന്നിന് സകല വിജാതികളെയും സ്വജാതികളെയും പ്രവാചകന്മാരെയും ശ്ലീഹന്മാരെയും സകല വംശങ്ങളെയും ക്ഷണിച്ച കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു. അവന് സ്വദാസരുടെ മോതിരങ്ങൾ ആശീർവ്വദിക്കപ്പെടുന്ന ഈ സമയത്തും, സകല പെരുന്നാളുകളിലും, നേരങ്ങളിലും, നാഴികകളിലും, കാലങ്ങളിലും, ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും എന്നേക്കും യോഗ്യമാകുന്നു.

ജനം : ആമ്മീൻ

## സെദ്റാ

അനുഗ്രഹങ്ങളുടെ ഉറവയായ ദൈവമേ, നിന്റെ സൃഷ്ടിയെ നീ അലങ്കരിച്ച് ശ്രേഷ്ഠമാക്കി കരുണാപൂർവ്വം സഹായിക്കുകയും അതിന്റെ വിശ്വാസത്തെ മഹാമനസ്കതയോടെ സ്വീകരിക്കുകയും ചെയ്തു.

നീ മനുഷ്യരുടെ സർവ്വപരിജ്ഞാനത്തിന് ഉപരിസ്ഥനും അതീതനും സദാ നന്മകളിൽ സമൃദ്ധനും തിന്മകളിൽനിന്ന്

www.malankaralibrary.com

വിദൂരസ്ഥനുമാകുന്നു. നീ അനശ്വരമായ വെടിപ്പുള്ള മൂറോനും അനാദ്യന്തമായ നിലയിൽ എല്ലാവിധ കഷ്ടതകൾക്കും മരണത്തിനും അതീതനുമാകുന്നു.

നിന്റെ വിശുദ്ധ സഭയ്ക്ക് നശിച്ചുപോകാത്ത വിധം നീ അനുഗ്രഹങ്ങൾ നൽകുകയും പരിമളംകൊണ്ട് ദയവോടെ അവളെ നിറയ്ക്കുകയും ചെയ്തു. മഹത്ത്വത്തിന്റെ നിലയങ്കി നീ അവളെ ധരിപ്പിച്ചു. വെള്ളംകൊണ്ടും ആത്മാവുകൊണ്ടും അവൾക്ക് നീ വിവാഹനിശ്ചയം ചെയ്ത് അവളെ നിന്റെ മണവാട്ടിയാക്കിത്തീർത്തു. ശത്രുവിന്റെ തലയിൽ ശക്തിയോടെ നീ ചവിട്ടി. ജയം നൽകുന്ന നിന്റെ തിരുശരീരവും തിരുരക്തവും അവൾക്കു നീ മോതിരമായി വെടിപ്പോടെ നൽകുകയും നിന്റെ സന്തോഷരശ്മിയാൽ അവളെ പ്രശോഭിപ്പിക്കുകയും ചെയ്തു. ദൈവികദാനത്താൽ അവളെ നിന്നോടുകൂടെ വസിപ്പിച്ച് വിശുദ്ധ ശ്ലീഹന്മാർ മുഖേന പരിപൂർണ്ണയാക്കി.

സ്ത്രീപുരുഷന്മാരുടെ വിവാഹനിശ്ചയം മോതിരത്തിൽ കൂടെ നിവൃത്തിയാകണമെന്നും വിവാഹനിശ്ചയം ചെയ്തവരുടെ ആനന്ദം മോതിരത്തിൽക്കൂടെ പൂർണ്ണമാകണമെന്നും നിശ്ചയിച്ചവൻ നീയാകുന്നു. ദൈവമായ കർത്താവേ, ഇപ്പോൾ നിന്റെ ബലഹീന ദാസരായ ഞങ്ങൾ വാഴ്ത്തുന്ന ഈ മോതിരങ്ങളെ നീ ✠ സന്തോഷപൂർവ്വം അനുഗ്രഹിക്കണമേ. ഈ മോതിരങ്ങളെ കരുണാപൂർവ്വം വാഴ്ത്തി ✠ ഇവരുടെ ബന്ധത്തെ വിശുദ്ധീകരിക്കണമേ. കർത്താവേ, വിശുദ്ധ സഭയുടെ മോതിരത്തെ നീ വാഴ്ത്തിയപ്രകാരം ദൈവികാശിസ്സുകളാൽ ഈ മോതിരങ്ങളെ ✠ വാഴ്ത്തണമേ.

ദൈവമായ കർത്താവേ, ഞങ്ങളുടെ പുത്രനായ ഈ മണവാളനും പുത്രിയായ ഈ മണവാട്ടിയും ജ്ഞാനത്തിൽ പരിപൂർണ്ണരായിത്തീരണമേ.

* ഇവരുടെ വിവാഹം സകലവിധ മാലിന്യങ്ങളിൽനിന്നും ഒഴിഞ്ഞിരിക്കുവാൻ കൃപ ചെയ്യണമേ. ഇഹത്തിലും പരത്തിലും ഇവർ അഭംഗമായി സന്തോഷിക്കുവാനും ഈ താൽക്കാലിക മണവറയിൽ ഇവരുടെ ആയുഷ്ക്കാലം മുഴുവൻ വിവിധ തരത്തിൽ ഇവരെ അലങ്കരിച്ച് വി. മാലാഖമാർ നിരന്തരം

www.malankaralibrary.com

അനുഭവിക്കുന്ന നിന്റെ സ്വർഗീയ വിരുന്നിലേക്ക് ഇവരെ നീ ആനയിക്കണമേ. തിരുമുമ്പാകെ സന്നിഹിതരായിരിക്കുന്ന ജനസമൂഹത്തെയും പാപങ്ങളിൽനിന്നും അനീതിയിൽനിന്നും മാലിന്യങ്ങളിൽനിന്നും പിഴകളിൽനിന്നും സ്നേഹപൂർവ്വം നീ സ്വതന്ത്രമാക്കണമേ.

ഇവർ നിന്റെ അനുഗ്രഹം പ്രാപിച്ച് നിന്നെ പ്രകീർത്തിക്കുകയും തിരുമുമ്പാകെനിന്ന് നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധാത്മാവിനെയും ഇടവിടാതെ സ്തുതിക്കുകയും ചെയ്യുമാറാകണമേ.

ജനം : ആമ്മീൻ

കാർമി : ദൈവത്തിൽനിന്ന്...

## കോലോ

(കദ്മക്റോ....എന്ന രീതി)

1. പതിവ്രതയാം -പരിപാവന സഭയെ
വാനോൻ -കാന്തൻ -വരണം ചെ-യ്തു
ശീമോൻ യോ-ഹന്നാനെന്നിവരെ
ആഹ്വാ -നം ചെ-യ്തേല്പിച്ചേ-വം
ഭവനാ-ധിപനായ് ശീ-മോനെ
സുവിശേ-ഷം യോഹ-ന്നാനെ
ഭരമേ-ല്പിച്ചാൻ വി-ലയേറും
രക്ത-ത്താലെ വാങ്ങിയൊരാ
സഭയെ-യവർ സംരക്ഷിച്ചീ-ടാൻ.

2. എൻ പേർക്കായ്- എൻ നാഥൻ ദൈവം
വിരുന്നൊ-ന്നൊരുക്കി, സഭയാർക്കുന്നു
സ്പർശിക്കി-ല്ലെൻ ബലിവേദിയിലെ
ബലിയാം-ഊറ്റൻ-കൂറ്റനെയന്യൻ
നിന്നന്തികമാർന്നീ-ടു-ന്നോൻ
സ്നാനം പ്രാപിച്ചീ-ടാ-തെ
നമ്മൾ-ക്കുള്ള രഹ-സ്യ-ങ്ങൾ

www.malankaralibrary.com

കാ-ണ്മാ-നിടയായീടരുതെ
ന്നെന്നോ-ടുടയോൻ -അരുളിച്ചെയ്താൻ. ബാറെക്മോർ.

കാർമ്മി : ശുബ്ഹോ...

3. മൂടുപടം- മോതിരം ദണ്ഡിവയാൽ
താമാ-ർ വിജയം- സമ്പാദിച്ചു
സഞ്ചിയതും കല്ലും കവണയുമായ്
വെന്നാൻ -ഗോല്യാ -ത്തിനെ ദാവീദും
താമാർ-ഉത്തമയായ്- മൂന്നാൽ
ദാവീ-ദുന്നതനായ്-മൂന്നാൽ
നമ്മെ- പരിപാലി-ക്കു-ന്ന
ത്രി-ത്വ-ത്തെ നതി ചെയ്‌വൂ സഭതൻ
സ്തുതി ഗീ-തത്താൽ കീ-ർത്തിക്കുന്നു.

ജനം : മെൻഓലം.....

4. വിശ്വസ്തേ- സഭയേ- നിന്നുള്ളിൽ
ഭയക്ലേശങ്ങൾ -ലേശം-വേ-ണ്ടാ
എന്നിൽ നീ -പതിവ്രതയായതിനാൽ
നിന്നെ-ഞാനും-കൈവിടുകില്ല
ലോക-ത്തിന്നവസാ-ന-ത്തിൽ
പാരും-വാനുമഴി-ഞ്ഞാലും
വാഴും-നീ - ആപ-ത്തെ-ന്യേ
താ-താത്മജ റൂഹാ സദനേ
തവപീഠം ഹാ-സജ്ജിതമല്ലോ.

ശുശ്രൂ : മൊറിയോ റാഹേം...

അല്ലെങ്കിൽ

സ്വർഗീയ മണവാളൻ വിശ്വസ്ത സഭയുമായി വിവാഹ നിശ്ചയം ചെയ്തപ്പോൾ ശെമഓനെയും യോഹന്നാനെയും വിളിച്ച് അവളെ അവരിരുവരെയും ഭരമേൽപ്പിച്ചു. ശെമഓനെ വീട്ടുകാര്യസ്ഥനും യോഹന്നാനെ സുവിശേഷഘോഷക

www.malankaralibrary.com

നുമാക്കിക്കൊണ്ട് വിലയേറിയ തന്റെ രക്തത്താൽ വിലക്കു വാങ്ങിയ സഭയെ ശ്രദ്ധാപൂർവ്വം കാത്തുകൊള്ളുവാൻ അവൻ അവരോടു കൽപ്പിച്ചു.

വിശ്വാസിനിയായ സഭ ഇപ്രകാരം പറയുന്നു: എന്റെ നാഥനായ ദൈവം എനിക്കുവേണ്ടി ഒരു വലിയ വിരുന്നൊരുക്കി. ആ സമൃദ്ധമായ വിരുന്നിൽ പങ്കുകൊള്ളുവാൻ അന്യനു കഴിയുകയില്ല. എന്തെന്നാൽ വെള്ളത്തിൽനിന്ന് നീ പുനർജന്മം കൊടുത്തിട്ടുള്ളവരൊഴികെ ആരെങ്കിലും നിന്റെ അടുക്കൽ വന്നാൽ അവൻ ഉള്ളിൽകടന്ന് നമ്മുടെ ഇടയിൽ ഗൂഢമായി സൂക്ഷിച്ചിരിക്കുന്ന ദിവ്യരഹസ്യം ഗ്രഹിക്കുവാൻ ഇടയാകരുതെന്ന് അവൻ എന്നോടു കൽപ്പിച്ചിട്ടുണ്ട്.

ബാറെക്മോർ.

കാർമ്മി : പിതാവിനും...

മൂടുപടം, വടി, മോതിരം എന്നീ മൂന്നു കാര്യങ്ങളാൽ താമാർ വിജയിച്ചു. സഞ്ചി, കല്ല്, കവണ ഇവയാൽ ദാവീദ് ഗോല്യാത്തിനെ തോൽപ്പിച്ചു. വിശ്വാസിനിയായ സഭയാകട്ടെ അവളെ സംരക്ഷിക്കുന്ന ത്രിത്വത്തെ സ്തുതിഗീതങ്ങളാൽ കീർത്തിക്കുന്നു.

ജനം : ആദിമുതൽ...

വിശ്വസ്ത സഭയേ, നീ പരിഭ്രമിക്കേണ്ട. നീ മനസ്സുകൊണ്ടു കുണ്ഠിതപ്പെടുകയും വേണ്ട. നീ എന്നെ വിട്ട് വേറൊരുവനെ പ്രാപിക്കാതിരുന്നതിനാൽ ഞാൻ നിനക്കുപകരം മറ്റൊരുവളോടു ചേരുകയില്ല. അവസാനകാലത്ത് ആകാശവും ഭൂമിയും അഴിഞ്ഞുപോയാലും നിനക്ക് അപകടം വരികയില്ല. കണ്ടാലും നിനക്കു സിംഹാസനമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും ഭവനം ഒരുക്കിയിരിക്കുന്നു.

ശുശ്രൂ : മൊറിയോ റാഹേം...

www.malankaralibrary.com

## എത്രോ

വ്രതനിഷ്ഠയും നൈർമ്മല്യവുമുള്ള ആത്മാക്കളെ തനിക്കായി വിവാഹനിശ്ചയം ചെയ്യുന്ന സത്യമണവാളാ, നിന്റെ പ്രാഭവത്തിൻ മുന്നിൽ നിൽക്കുന്ന എളിയവരായ ഞങ്ങളുടെ മദ്ധ്യസ്ഥതയിൽ നിന്റെ ഈ ദാസർ പരസ്പരം വിവാഹനിശ്ചയം ചെയ്ത് നിന്നെ അവരുടെ ദാമ്പത്യത്തിന്റെ മദ്ധ്യസ്ഥനായി സ്വീകരിച്ചിരിക്കുന്നു. ഇവരിൽനിന്ന് സുകൃത നടപടികളുടെ ഹൃദ്യപരിമളം വീശുവാനും ഇവർ തമ്മിൽ യഥാർത്ഥ സ്നേഹവും ശാന്തിയും സമാധാനവും ഐക്യവും ഉണ്ടാകുവാനും നീ ഇടയാക്കണമേ. ആത്മാവിലും ശരീരത്തിലുമുള്ള നൈർമ്മല്യം കാക്കുന്നതിന് അന്യോന്യം സഹായിക്കുവാൻ ഇവരെ ശക്തരാക്കണമേ. ഇവർ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും.

ജനം : ആമ്മീൻ

കാർമികൻ താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലുന്നു.

ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ.
ܘܥܠܝܢ ܚܠܫ̈ܐ ܘܚܛܝ̈ܐ ܢܗܘܘܢ
ܪ̈ܚܡܘܗܝ ܚ̈ܢܢܐ ܠܥܠܡܝܢ ❖
ܡܪܢ ܐܢܬ ܠܚ̈ܠܫܐ ܘܠܢ ܠܫܘܡܠܝ
ܫܘܬܐ ܘܪܚܡܬܐ ܘܠܒܪܐ ܩܕܝܫܬܐ. ܘܒܫܡܝܐ. ܠܫܡܝܐ
ܠܐܒܐ ✠ ܘܠܒܪܐ ✠ ܘܠܪܘܚܐ ܚܝܐ ܘܩܕܝܫܐ ✠
ܐܡܝܢ ❖

www.malankaralibrary.com

(അല്ലെങ്കിൽ)

കാർമി : **കാരുണ്യത്താലും ബഹുലവും സനാതനവുമായ കൃപയാലും ഈ മോതിരങ്ങൾ ആശീർവദിക്കുന്ന പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**

മോതിരങ്ങളുടെ മേൽ കൈ ആവസിപ്പിച്ചാശീർവദിച്ചുകൊണ്ട്

**വിശുദ്ധ സഭയുടെ മക്കളുടെ സന്തോഷപൂർത്തിക്കായി ഈ മോതിരങ്ങൾ ആശീർവദിക്കപ്പെടുന്നു (ബാറെക്മോർ). ✠പിതാവിന്റെ നാമത്തിൽ (ആമ്മീൻ) ✠പുത്രന്റെ നാമത്തിൽ (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ).**

മണവാളനെ മോതിരം അണിയിച്ചുക്കൊണ്ട്

നമ്മുടെ കർത്താവായ യേശുമിശിഹാ തന്റെ വലത്തുകൈ കരുണാപൂർവ്വം നിങ്കലേക്കു നീട്ടട്ടെ. നിന്റെ വിവാഹ ഉടമ്പടിയുടെ ഈ മോതിരത്തോടൊപ്പം കാരുണ്യവാനായ അവന്റെ കൃപയും അനുഗ്രഹവും നീ പ്രാപിക്കട്ടെ. നന്മകൾ നിറഞ്ഞതും വാഴ്വുകൾ നൽകുന്നതുമായ ആ വലത്തുകൈ നിന്നോടുകൂടെ ആയിരിക്കുകയും, ആയുഷ്ക്കാലം മുഴുവൻ നിന്നെ സംരക്ഷിക്കുകയും ചെയ്യട്ടെ.

മണവാട്ടിയെ മോതിരം അണിയിച്ചുക്കൊണ്ട്

നമ്മുടെ കർത്താവായ യേശുമിശിഹാ തന്റെ അനുഗ്രഹപൂർണ്ണമായ വലത്തുകൈ അദൃശ്യമായി നിങ്കലേക്ക് നീട്ടട്ടെ. വിശുദ്ധ ശ്ലീഹന്മാരിൽനിന്ന് എന്ന പ്രകാരം, വിശുദ്ധ ആചാര്യന്മാരുടെ കൈകളിൽനിന്ന് നിന്റെ വിവാഹ ഉടമ്പടിയുടെ മോതിരം നീ സ്വീകരിക്കുക. ആത്മശരീരങ്ങളുടെ ആരോഗ്യത്തോടും ഹൃദയസന്തോഷത്തോടും കൂടെ നമ്മുടെ കർത്താവിനും അവന്റെ പിതാവിനും പരിശുദ്ധാത്മാവിനും നീ സ്തുതി സമർപ്പിക്കണം.

www.malankaralibrary.com

## ദമ്പതികൾക്കുവേണ്ടിയുള്ള പ്രാർത്ഥന

(പടിഞ്ഞാറോട്ടു തിരിഞ്ഞ്)

വിശുദ്ധ സഭയുടെ സന്തോഷത്തെ തന്റെ അഭിഷിക്തൻവഴി പൂർത്തീകരിച്ച ദൈവം അന്യോന്യം വിവാഹനിശ്ചയം ചെയ്തിരിക്കുന്ന ഈ മക്കളെ സത്യത്തിലും നീതിയിലും പൂർണ്ണരാക്കട്ടെ. തങ്ങൾ സ്വീകരിച്ച മോതിരങ്ങളോടുകൂടെ സ്വർഗീയാനുഗ്രഹങ്ങൾ ഇവർ പ്രാപിക്കട്ടെ. കർത്താവ് സകല കപടസ്നേഹവും ഇവരിൽനിന്ന് നീക്കിക്കളയുകയും അന്യോന്യം സ്നേഹിക്കുവാൻ തക്കവണ്ണം സ്നേഹാഗ്നിയാൽ ഇവരുടെ ഹൃദയങ്ങളെ ഉജ്ജ്വലിപ്പിക്കുകയും ചെയ്യട്ടെ. ലില്ലിപ്പുഷ്പങ്ങളേക്കാൾ സൗരഭ്യമേറിയ പരിപാകതയിൽ തങ്ങളുടെ മനസ്സാക്ഷിയെ നയിക്കുവാൻ ഇവർക്ക് ഇടയാകട്ടെ. പാവനമായ വിവാഹത്തിന്റെ നിർമ്മലപാതയെ നശിപ്പിക്കുന്ന ദുഷ്ടാത്മാക്കളിൽനിന്ന് ദൈവം ഇവരെ സംരക്ഷിക്കട്ടെ.

കർത്താവ് പരിപാകതയാൽ ഇവരെ അലങ്കരിക്കുകയും വിനയത്താൽ ശ്രേഷ്ഠരാക്കുകയും ചെയ്യട്ടെ. ഇസഹാക്കിന്റെയും റബേക്കായുടെയും വിവാഹനിശ്ചയം സ്വർണ്ണാഭരണങ്ങളാൽ പൂർത്തിയാക്കിയതുപോലെ, ഇവരുടെ ഉടമ്പടിയെയും നീതിയാകുന്ന മോതിരങ്ങൾകൊണ്ട് പൂർണ്ണമാക്കട്ടെ. മണവാളനെ തന്റെ വീണ്ടെടുപ്പുവഴി ആനന്ദിപ്പിക്കുകയും മണവാട്ടിയെ അക്ഷയമായ മനോഹരഭൂഷണങ്ങൾകൊണ്ട് അലങ്കരിക്കുകയും ചെയ്യട്ടെ. സ്വർണ്ണാഭരണങ്ങൾകൊണ്ട് എന്നതിലധികമായി വിശുദ്ധിയുടെ മുദ്രകൊണ്ട് ഇവർ അലങ്കരിക്കപ്പെടട്ടെ. ഇവരുടെ അന്യോന്യ ബന്ധവും സഹവാസവും തന്റെ പ്രീതിക്കും, യോഗ്യമായ വിധത്തിലുള്ള സ്വഭാവ സംസ്ക്കരണത്തിനും ഉതകുവാൻ ദൈവമായ കർത്താവ് ഇടയാക്കട്ടെ. മനുഷ്യവർഗ്ഗത്തെ ദ്വേഷിക്കുന്ന അസൂയാലുക്കളായ ദുഷ്ടമനുഷ്യരുടെ കൈകളിൽനിന്ന് ദൈവം ഇവരെ സംരക്ഷിക്കട്ടെ. കർത്താവ് തന്റെ സന്നിധിയിൽനിന്ന് നല്ല കാലങ്ങളും അനുഗ്രഹസമ്പൂർണ്ണമായ സംവൽസരങ്ങളും ഇവർക്കു നല്കട്ടെ.

www.malankaralibrary.com

(കിഴക്കോട്ടു തിരിഞ്ഞുനിന്ന്)

ദൈവമായ കർത്താവേ, നിന്റെ മഹിമയുടെ മുമ്പാകെ നിൽക്കുന്ന ബലഹീനരും പാപികളുമായ ദാസരാകുന്ന ഞങ്ങളുടെ പ്രാർത്ഥനകൾ നീ കേൾക്കണമേ. ഇവർക്ക് അനുഗൃഹീത സന്താനങ്ങളെയും സന്തോഷകാലങ്ങളെയും നൽകണമേ. സുകൃതങ്ങളാകുന്ന സമ്പത്ത് ഇവർക്ക് വർദ്ധിപ്പിച്ചു കൊടുക്കണമേ. നിന്നിലുള്ള സത്യവിശ്വാസത്തിൽ ഇവരെ സ്ഥിരപ്പെടുത്തുകയും ഇവരുടെ സന്താനങ്ങൾക്ക് അത് അവകാശമായി കൊടുക്കുവാൻ സഹായിക്കുകയും ചെയ്യണമേ. വിജയപ്രദമായ സ്ലീബായാൽ ഈ മണവാളനെയും മണവാട്ടിയെയും കാത്തുകൊള്ളണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, ഞങ്ങൾ എല്ലാവരിലും നിന്റെ കരുണ വർഷിക്കണമേ.

ജനം : ആമ്മീൻ.

## * സൂഗീസൊ

(ഈത്തോനൊ ഇത്തോനൊ...എന്ന രീതി)

സഭയാം തിരുസഭയാ-മീ-ഞാൻ
അത്യുന്നതനുടെ മണവാ-ട്ടി

1 പാവനസഭ ചൊന്നീ-ടുന്നു
എൻ വരനേവൻ ഞാൻ ധ-ന്യ
വന്നു വിവാഹം ചെയ്തോനെ
ഞാനിതാ വന്ദിച്ചീടുന്നു

2 പ്രിയനവനെന്നെ വേളി ചെയ്കേ
സത്വരമുന്നതി ഞാൻ പൂ-ണ്ടു
സൃഷ്ടികളതിലത്ഭുതമാണ്ടു
മഹിമയണിഞ്ഞോൾ ഞാൻ ധ-ന്യ.

www.malankaralibrary.com

3 സ്നേഹിതരൊത്താനന്ദി-പ്പാൻ
മേൽ മണവറയവനു-ണ്ടാ-ക്കി
എൻ മണവാളനെ യ-തിനു-ള്ളിൽ
സ്തുതി ചെയ്യുമ്പോൾ ഞാൻ ധ-ന്യ.

4 വിഗ്രഹ മദ്ധ്യത്തീ-ന്നെ-ന്നെ
കൂട്ടി രഹസ്യങ്ങൾ കാ-ട്ടി
ലോകാന്ത്യംവരെ നിൻ-കൂ-ടെ
ഞാനുണ്ടെന്നെന്നോടു ചൊ-ന്നാൻ.

5 രാജതനൂജൻ താ-തൻ-തൻ
നിലയത്തിൽ നിന്നീ ഭാ-ഗ്യം
നിഖിലമെനിക്കരുളു-കയാ-ലെ
ഞാനവനെ വന്ദി-ക്കു-ന്നു.

6 ബിംബാരാധനയാ-ലെ-ന്നെ
വീഴ്ത്തിയ ദുഷ്ടനു ഹാ-നാശം
രക്ഷകനാമീശോ-സ്തോ-ത്രം
സംരക്ഷിതയാം ഞാൻ ധ-ന്യ.

7 എന്നെ മാമോദീ-സാ-യാൽ
ആത്മികായുധമണിയി-ച്ചാൻ
വിരലിൻമേൽ മെയ് ര-ക്ത-ങ്ങൾ
മോതിരമായെൻ പേർക്കേ-കി.

8 സൂര്യനു തുല്യൻ മ-ണവാ-ളൻ
പകലിന്നൊത്തോൾ മണവാ-ട്ടി
മോഹന പരിമള വൃക്ഷ-ത്തോ-
ടൊപ്പം ഭോജന സൽക്കാ-രം.

9 എൻ പ്രിയ ചരിതം കേ-ട്ടപ്പോൾ
എന്നിലെരിഞ്ഞുരാ-ഗാ-ഗ്നി
അവനെ ദർശിക്കും-മുമ്പേ
ഏറ്റു പറഞ്ഞോൾ ഞാൻ ധ-ന്യ.

www.malankaralibrary.com

10 കരയും കടലും ഞാൻ ചു-റ്റി
ചൊന്നില്ലവനെങ്ങെന്നാ-രും
ഞാൻ ബേത്‌ലഹേമിൽ-തേ-ടി
മിസറേമിനു പോയാനെ-ന്നാർ.

11 ഞാനാനന്ദത്തോ-ടെ-ത്തി
പിന്നാലെ മിസറേം നാ-ട്ടിൽ
ഗ്ലീലാ നാട്ടിലെ ന-സറേ-ത്തിൽ
പോയെന്നവരെന്നോ ടോ-തി.

12 അവനെയനുയാനം-ചെ-യ്തേൻ
ഞാൻ നസറേത്തിൽ ചെന്ന-പ്പോൾ
യോർദ്ദാൻ നദിയിങ്കൽ-പോ-യാ
നെന്നെന്നോടു ജനം-ചൊ-ന്നു.

13 ദുർഗ്ഗമ മാർഗ്ഗങ്ങ-ളിലൂ-ടെ
ചോരൻമാരെ കൂസാ-തെ
യോർദ്ദാൻ നദിയിങ്കൽ-ഞാൻ-ചെ
ന്നവനെ ജനമദ്ധ്യേ തേ-ടി.

14 നിദ്ര വെടിഞ്ഞു വല-ഞ്ഞോൾ-ഞാൻ
മങ്ങിമയങ്ങിയുണർന്ന-പ്പോൾ
നിന്നെ വിളിച്ചു വിരുന്നി-ന്നായ്
പ്രിയനെന്നവരെന്നോടോ-തി.

15 പ്രിയനെ വിരുന്നിൽ കാ-ൺമാൻ-ഞാൻ
ചെന്നങ്ങുള്ളിലണ-ഞ്ഞപ്പോൾ
പാനം ചെയ്‌വാൻ തോ-ഴ-ന്മാർ
ഭാവം മാറ്റിയ വീഞ്ഞേ-കി.

16 മണവാളനൊടൊപ്പം-ചേ-ർന്നു
ചൊല്ലുകയായ് തോഴന്മാരും
ആരെ നീയാരാ-യു-ന്നു?
നിൻ കാന്തൻ മരുവിൽ പോ-യി.

www.malankaralibrary.com

17 അനുരാഗസുഗന്ധം വീ-ശി
വദനപ്രഭയൊടു മോ-ദി-ച്ചേൻ
അവനെ ശൂന്യാര-ണ്യ-ത്തിൽ
ജനമദ്ധ്യേയും ആരാഞ്ഞേൻ.

18. കൂട്ടത്തിലൊരുത്തൻ-ചൊ-ന്നാൻ
ചെവി ചായിച്ചേവം കേ-ട്ടേൻ
ഈ നിർമ്മലയുടെ മ-ണവാ-ളൻ
ക്രൂശിതനായ് ഗോഗുൽത്താ-യിൽ.

19 സങ്കടമൊടു നിലവി-ളികൂ-ട്ടി
സീയോനിൽ ഞാൻ ചെന്നപ്പോൾ
കബറതിലവനെ യൂ-ദ-ന്മാർ
വച്ചെന്നവരെന്നോടോ-തി.

20 തരുവിൻമേലെൻ ത-ലതാ-ങ്ങി
തേങ്ങി തേങ്ങിക്കേണേൻ-ഞാൻ
കബറീന്നുത്ഥാനം-ചെ-യ്താൻ
കരയരുതെന്നോതി ദൂ-തൻ.

21 പ്രിയനാദത്താൽ മോ-ദി-ച്ചേൻ
തെളിവോടെൻ വദനം മി-ന്നി
അവനെ തഴുകിച്ചും-ബി-ച്ചേൻ
എന്നോടൻപൊടു ചൊ-ന്നേവം.

22 കുരിശിൽ ഞാൻ വരണം-ചെയ്ത
സുമുഖീ ! സ്വാഗതമോ-തുന്നേൻ
താതനികേതം ഞാൻ-പൂ-കി
വിട്ടീടാം ഞാൻ റൂഹാ-യെ.

www.malankaralibrary.com

## ഹൂത്തോമോ

പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നുകൊണ്ട്

ദൈവം അംഗീകരിച്ച ഈ കർമ്മത്തിന് സാക്ഷികളാകുവാൻ ഒരുങ്ങിവന്നിരിക്കുന്ന വിശ്വാസികളേ, നിങ്ങളുടെ പ്രയത്നത്തിനു മുപ്പതും, അറുപതും, നൂറും മടങ്ങ് അവൻ പ്രതിഫലം നൽകട്ടെ. നിങ്ങൾക്കെല്ലാവർക്കും നന്മ ലഭിക്കട്ടെ. നമ്മുടെ കർത്താവിന്റെ സ്ലീബാ ✠ രാവും പകലും നിങ്ങളോടുകൂടെ സ്ഥിതി ചെയ്ത് ദുഷ്ടനിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും നിങ്ങളെ സംരക്ഷിക്കുകയും ചെയ്യട്ടെ.

* ദൈവമേ നീ പരിശുദ്ധനാകുന്നു...

മോതിരം വാഴ്ത്തലിന്റെ ശുശ്രൂഷ അവസാനിച്ചു.

## രണ്ടാം ശുശ്രൂഷ

കിരീടം വാഴ്ത്തൽ

### പ്രാരംഭ പ്രാർത്ഥന

കാർമ്മി : ശുബ്ഹോ...

ജനം : ബലഹീനരും...

കാർമ്മി : ദൈവമായ കർത്താവേ, അനന്തമായ വിരുന്നിനും അനശ്വരമായ മണവറയ്ക്കും ഞങ്ങളെ യോഗ്യരാക്കണമേ. ആ വിരുന്നിനു ക്ഷണിക്കപ്പെട്ട അതിഥികളോടൊപ്പം നിന്റെ ശാശ്വതസന്തോഷത്തിലേക്ക് ഞങ്ങളെയും ക്ഷണിക്കണമേ. അവരോടുകൂടെയും അവരുടെയിടയിലും ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. മോറാൻ...

ജനം : ആമ്മീൻ.

www.malankaralibrary.com

അല്ലെങ്കിൽ

(ആലോഹോദു ബാറെക് ല്കീനെ...എന്ന രീതി)

1. ആദിമനീതി-ജ്ഞരെ വാഴ്ത്തിയ ദൈവം-തൻ ബഹുകൃപയാൽ
ഈ ദാസരെ വാഴ്ത്തട്ടെ ✠ നാഥാ, ദയ ചെയ്തീടണമേ.

2. ആദം ഹവ്വാ-യിവരെ വാഴ്ത്തിയ ദൈവം തൻ ബഹുകൃപയാൽ
ഈ ദാസരെ വാഴ്ത്തട്ടെ ✠ നാഥാ, ദയ ചെയ്തീടണമേ.

3. അബ്രഹാം സാറാ-യിവരെ വാഴ്ത്തിയ ദൈവം തൻ ബഹുകൃപയാൽ
ഈ ദാസരെ വാഴ്ത്തട്ടെ ✠ നാഥാ ദയ ചെയ്തീടണമേ.

4. ഇസ്സഹക്ക് റഫ്ക്കാ-യിവരെ വാഴ്ത്തിയ ദൈവം തൻ ബഹുകൃപയാൽ
ഈ ദാസരെ വാഴ്ത്തട്ടെ ✠ നാഥാ, ദയ ചെയ്തീടണമേ.

5. യാക്കോബ് റാഹേ-ലിവരെ വാഴ്ത്തിയ ദൈവം തൻ ബഹുകൃപയാൽ
ഈ ദാസരെ വാഴ്ത്തട്ടെ ✠ നാഥാ, ദയ ചെയ്തീടണമേ.
ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

6. മിസ്രേമിൽ യൗസേ-പ്പിനെ വാഴ്ത്തിയ ദൈവം തൻ ബഹുകൃപയാൽ
ഈ ദാസരെ വാഴ്ത്തട്ടെ ✠ നാഥാ, ദയ ചെയ്തീടണമേ.

ശുശ്രൂ : മൊറിയോ റാഹേം അലൈൻ ഊ ആദാറൈൻ.

---

✠ കുരിശുവരച്ച് ദമ്പതികളെ ആശീർവ്വദിക്കുന്നു

www.malankaralibrary.com

അല്ലെങ്കിൽ

കാർമ്മി : പൂർവ്വികരായ നീതിമാന്മാരെ അനുഗ്രഹിച്ച ദൈവം തന്റെ കൃപാതിരേകത്താൽ ഈ ദാസരെ അനുഗ്രഹിക്കട്ടെ. ✠

ജനം : ദൈവമേ, ഞങ്ങളോടു കരുണ ചെയ്യണമേ.

കാർമ്മി : ആദാമിനെയും ഹവ്വായെയും അനുഗ്രഹിച്ച ദൈവം തന്റെ കൃപാതിരേകത്താൽ ഈ ദാസരെ അനുഗ്രഹിക്കട്ടെ. ✠

ജനം : ദൈവമേ, ഞങ്ങളോടു കരുണ ചെയ്യണമേ.

കാർമ്മി : അബ്രഹാമിനെയും സാറായെയും അനുഗ്രഹിച്ച ദൈവം തന്റെ കൃപാതിരേകത്താൽ ഈ ദാസരെ അനുഗ്രഹിക്കട്ടെ. ✠

ജനം : ദൈവമേ, ഞങ്ങളോടു കരുണ ചെയ്യണമേ.

കാർമ്മി : ഇസ്സഹാക്കിനെയും റബേക്കയെയും അനുഗ്രഹിച്ച ദൈവം തന്റെ കൃപാതിരേകത്താൽ ഈ ദാസരെ അനുഗ്രഹിക്കട്ടെ. ✠

ജനം : ദൈവമേ, ഞങ്ങളോടു കരുണ ചെയ്യണമേ.

കാർമ്മി : യാക്കോബിനെയും റാഹേലിനെയും അനുഗ്രഹിച്ച ദൈവം തന്റെ കൃപാതിരേകത്താൽ ഈ ദാസരെ അനുഗ്രഹിക്കട്ടെ. ✠

ജനം : ദൈവമേ, ഞങ്ങളോടു കരുണ ചെയ്യണമേ.
ബാറെക്മോർ.

കാർമ്മി : പിതാവിനും...

ജനം : ആദിമുതൽ...

കാർമ്മി : മിസ്രേമിൽവച്ച് യൗസേപ്പിനെ അനുഗ്രഹിച്ച ദൈവം തന്റെ കൃപാതിരേകത്താൽ ഈ ദാസരെ അനുഗ്രഹിക്കട്ടെ. ✠

ജനം : ദൈവമേ, ഞങ്ങളോടു കരുണ ചെയ്യണമേ.

ശുശ്രൂ : മൊറിയോ റാഹേം...

www.malankaralibrary.com

## പ്രാർത്ഥന

കർത്താവേ, പരസ്പരം സംയോജിതരായിരിക്കുന്ന ഈ ദാസരെ നിന്റെ നൽവരങ്ങളുടെ സമൃദ്ധികൊണ്ട് ശ്രേഷ്ഠരാക്കുകയും ദാനങ്ങളാൽ സന്തോഷിപ്പിക്കുകയും ചെയ്യണമേ. നിന്റെ ദിവ്യകല്പനകളിൽ നിന്നുള്ള ആനന്ദംകൊണ്ട് ഇവരെ നിറയ്ക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമേ, ഇവർ സന്തോഷത്തോടും ആനന്ദത്തോടുംകൂടെ നിനക്കു സ്തുതി പാടുകയും തിരുസന്നിധിയിൽ ആഹ്ലാദിക്കുകയും ചെയ്യുമാറാകണമേ.

ജനം : ആമ്മീൻ.

## കുക്കിലിയോൻ (ഏഴാം രാഗം)

(മൊറിയൊ ബ്ഹൈലോക് നെഹദേമൽക്കോ... എന്ന രീതി)

നിൻ ശക്തിയിലരചൻ മോദിക്കും നാഥാ-ഹാ-ഉ-ഹാ...
നിൻ രക്ഷയിലവനേറ്റം-തോഷിക്കും

തന്നഭിലാഷം നീയവനേകി-ഹാ-ഉ-ഹാ...
നിജയാചന നിരസി-ച്ചതുമില്ല.

സത്വരമവനായ് നീ നൽകി-ഹാ-ഉ-ഹാ...
മഹിമാമുടി ശിരസ്സിൽ-ചൂ-ടിച്ചു.

അവനോ നിന്നോടു ജീവനിരന്നൂ-ഹാ-ഉ-ഹാ...
ദീർഘായുസ്സു നീ-അവനേകി. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

അല്ലെങ്കിൽ

കർത്താവേ, രാജാവ് നിന്റെ ശക്തിയിൽ സന്തോഷിക്കുകയും നിന്റെ രക്ഷയിൽ അത്യധികം ആനന്ദിക്കുകയും ചെയ്യട്ടെ.

അവന്റെ ഹൃദയാഭിലാഷം നീ നിറവേറ്റി; അവന്റെ അധരാഭ്യർത്ഥന നീ തടഞ്ഞില്ല. എന്തുകൊണ്ടെന്നാൽ, അവന്റെ

www.malankaralibrary.com

തലയിൽ മഹത്ത്വമുള്ള കിരീടം നീ ചൂടിച്ചു. അവൻ നിന്നോടു ജീവൻ യാചിച്ചു. നീ അവനു കൊടുത്തു; സുദീർഘവും അനന്തവുമായ കാലങ്ങൾ തന്നെ.

## എക്ബോ

(ബശ്മൈശ്മായോ... എന്ന രീതി)

തിരുസഭയേ മേൽ സ്വർഗത്തിൽ
മണവറ നിൻ കാന്തൻ സ്ഥാപിച്ചാൻ
വാഗ്ദത്തംപോൽ മേലുയരത്തിൽ
നിന്നെയേറ്റി, ശക്തഗണങ്ങൾ
ദൂതരിവർക്കെല്ലാം-മേലാക്കി.

അല്ലെങ്കിൽ

അല്ലയോ സഭയേ, നിന്റെ മണവാളൻ സ്വർഗാധിസ്വർഗങ്ങളിൽ നിന്റെ മണവറ സ്ഥാപിച്ചു. അവൻ വാഗ്ദാനം ചെയ്തിരുന്നതു പോലെ മഹാശക്തികൾ, അധികാരികൾ, മഹോന്നത സൈന്യങ്ങൾ എന്നിവരേക്കാളെല്ലാം ഉപരി നിന്നെ അത്യുന്ന തങ്ങളിലേക്കുയർത്തി.

ശുശ്രൂ : സ്തൗമെൻ കാലൊസ്

ജനം : കുറിയേലായിസ്സോൻ

കാർമി : നാമെല്ലാവരും...

ജനം : കാരുണ്യവാനായ...

കാർമി : സ്തുതിയും സ്തോത്രവും...

## പ്രുമിയോൻ

ഉണ്ടായിരുന്നവനും ഇപ്പോൾ ഉള്ളവനും കാലാകാലങ്ങളോളം സ്ഥിതി ചെയ്യുന്നവനുമായ വല്ലഭത്വമുള്ള കർത്താവിനു സ്തുതി. സിംഹാസനാരൂഢനും അനാദ്യന്തവചനവുമായ തനിക്ക് മാലാഖമാർ ആരാധന അർപ്പിക്കുന്നു. അവൻ തന്റെ കൃപാബാഹുല്യത്താൽ ഞങ്ങളിൽ ദയ തോന്നി തന്റെ പക്കലേക്കു ഞങ്ങളുടെ

www.malankaralibrary.com

വർഗ്ഗത്തെ തിരിച്ചുകൊണ്ടുവന്നു. അവൻ ശ്രേഷ്ഠനും പരമോൽകൃഷ്ടനുമാകുന്നു. അന്യമായിപ്പോയ ഞങ്ങളുടെ സ്വഭാവത്തെ സ്നേഹപൂർവ്വം തനിക്കു സമീപസ്ഥമാക്കി. യാതൊരു തത്വജ്ഞാനിക്കും താർക്കികനും അവനെ പരിശോധിക്കുവാനോ ആരാഞ്ഞറിയുവാനോ കഴിവില്ല. എല്ലാവരും അവന്റെ അസ്തിത്വത്തെ ആരാധിക്കുന്നു. അവൻ അധികാരികൾക്കു കിരീടം നിർമ്മിക്കുന്നവനാകുന്നു. അവൻ മോചിക്കുന്നതെല്ലാം മോചിക്കപ്പെടുന്നു; ബന്ധിക്കുന്നതെല്ലാം ബന്ധിക്കപ്പെടുന്നു. മണവാളന്മാർക്കും മണവാട്ടികൾക്കും സന്തോഷകിരീടങ്ങൾ പ്രദാനംചെയ്യുന്നവന് സ്വദാസരുടെ കിരീടം വാഴ്ത്തലിന്റെ ഈ സമയത്തും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

ജനം : ആമ്മീൻ.

വേറൊന്ന്

നിത്യനായ കർത്താവേ, സ്വർഗീയരും ഭൗമികരും നിന്നെ സ്തുതിക്കുന്നു. നീ അധികാരികൾക്ക് കിരീടം നിർമ്മിക്കുന്നവനാകുന്നു. നീ മോചിക്കുന്നതെല്ലാം മോചിക്കപ്പെടുന്നു; ബന്ധിക്കുന്നതെല്ലാം ബന്ധിക്കപ്പെടുന്നു. മണവാളന്മാർക്കും മണവാട്ടികൾക്കും കിരീടം പ്രദാനംചെയ്യുന്ന നിനക്ക്, നിന്റെ ദാസരുടെ കിരീടങ്ങൾ വാഴ്ത്തുന്ന ഈ സമയത്തും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

ജനം : ആമ്മീൻ

## സെദ്റാ

ദൈവമായ കർത്താവേ, സകല സ്വർഗീയ സൈന്യങ്ങളും ഭക്ത്യാദരപുരസ്സരം നിന്നെ മഹത്ത്വപ്പെടുത്തുകയും മഹോന്നതങ്ങളിൽ അഗ്നിമയന്മാരുടെ ഗണങ്ങൾ നിന്റെ പ്രാഭവത്തിൽ ഭയചകിതരാകുകയും ചെയ്യുന്നു. കർത്താവേ, അവർണ്യമായ നിന്റെ കരുണയുടെയും നിസ്സീമമായ നിന്റെ ദയയുടെയും സമൃദ്ധി

www.malankaralibrary.com

യാൽ എളിയവരായ ഞങ്ങളുടെ സ്തുതികളിൽ നീ സന്തോഷിക്കുന്നു. ബലഹീനരും മൺമയരുമായ ഞങ്ങളുടെ ശുശ്രൂഷകളിൽ നീ പ്രീതിപ്പെടുകയും ചെയ്യുന്നു. ഞങ്ങൾക്കു വേണ്ടവ നിന്നോടു യാചിക്കണമെന്ന് നീ ഞങ്ങളോട് ആവശ്യപ്പെട്ടിരിക്കുന്നു. കൃപാദാനങ്ങളിൽ നീ ഉത്സുകനാകുന്നു; ശിക്ഷാർഹരോടുള്ള പ്രതികാരത്തിൽ നീ ഉദാസീനതയും, ദീർഘക്ഷമയും കാണിക്കുന്നു. കർത്താവേ, ദേശാടനം ചെയ്യുന്നവരെയും, നിന്റെ ശ്രേഷ്ഠാധികാരത്തിനു വിധേയരായി കഴിയുന്ന സ്ഥിരവാസികളെയും പ്രത്യേകിച്ച് ഇവിടെ സന്നിഹിതരായി നിന്റെ കരുണയുടെ നിഴലിലും ദയയുടെ തണലിലും സങ്കേതം പ്രാപിച്ചിരിക്കുന്ന ഇവരെയും അനുഗ്രഹിക്കണമേ. ✠ (കാർമികൻ പടിഞ്ഞാറോട്ടു തിരിഞ്ഞ് വധൂവരന്മാരെ വാഴ്ത്തുന്നു)

വീണ്ടും കിഴക്കോട്ടു തിരിഞ്ഞുനിന്ന്

എല്ലാ പ്രവൃത്തികളിലും നല്ലവരായിത്തീരുവാൻ ഇവരെ നീ സഹായിക്കണമേ. ഇവരുടെ പ്രയാണം നിന്റെ സത്യത്തിൽ കൂടെയാകുവാൻ, നിന്റെ ന്യായപ്രമാണ മാർഗത്തിൽ ഇവരെ നയിക്കണമേ. സ്വർഗരാജ്യത്തിൽ എത്തിക്കുന്ന നേർപാതയിൽ സഞ്ചരിക്കുവാൻ ഇവർക്കു നീ കൃപ നൽകണമേ. ഇവർ ആദ്ധ്യാത്മിക നൽവരങ്ങളിൽ തൽപ്പരരും പാപമാകുന്ന മരണത്തിൽനിന്ന് അകന്നവരുമായിരിക്കുവാൻ ഇടയാക്കണമേ. ഇവർ ഒരുമിച്ചു ശപിക്കപ്പെട്ട സാത്താന്റെ ദാസ്യത്തിൽനിന്ന് ഓടിയകന്ന് നിന്റെ പരിശുദ്ധിയെ സമീപിക്കുവാൻ തക്കവണ്ണം ഇവരുടെ ഹൃദയങ്ങളെ ഐക്യപ്പെടുത്തണമേ.

* ഇവർ ആദ്ധ്യാത്മിക നൽവരങ്ങളിൽ തൽപ്പരരും ദൈവിക വ്യാപാരങ്ങളിൽ ഏർപ്പെട്ട് ലാഭമുണ്ടാക്കുന്നവരും ആയിത്തീരട്ടെ. ഞങ്ങളെയും ഇവരെയും നിന്റെ ആദ്ധ്യാത്മിക മുന്തിരിത്തോട്ടത്തിൽ നീതിയുടെ വേലക്കാരും നിന്നോടുള്ള ഭക്തിയിലും നിന്റെ കല്പനകളുടെ ആചരണത്തിലും തീക്ഷ്ണതയുള്ളവരും ആക്കണമേ. ഞങ്ങളെ നിന്റെ വിശുദ്ധർക്കു സദൃശ്യരും, പരസ്പരം സ്നേഹിക്കുന്നവരും, ദുഷ്ടനെ വെറുക്കുന്നവരും, നിന്റെ ദൈവത്വത്തെ അനുസരിക്കുന്നവരും, ശത്രുക്കളെ

www.malankaralibrary.com

അനുഗ്രഹിക്കുന്നവരും ആക്കിത്തീർക്കണമേ. ഞങ്ങൾ നിന്റെ ശ്രേഷ്ഠതയെ ആരാധിക്കുന്നവരും, നിന്റെ കർതൃത്വത്തെ പ്രീതിപ്പെടുത്തുന്നവരും ആയിത്തീരണമേ. കർത്താവേ, ഞങ്ങളുടെ പരേതരായ വിശ്വാസികളെ ആശ്വസിപ്പിച്ച് നിന്റെ സ്വർഗരാജ്യത്തിൽ ആനന്ദിപ്പിക്കണമേ. എന്തെന്നാൽ നീ ഉത്തമനും മനുഷ്യരിൽ പ്രീതിയുള്ളവനുമാകുന്നുവല്ലോ.

ഞങ്ങൾ നിനക്കും, നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും.

**ജനം** : ആമ്മീൻ

**കാർമി** : ദൈവത്തിൽ നിന്നു...

## കോലോ

കൂക്കോയോ

(മോശാപ്പിറാത്ത് ബസ് ആമ്മേ... എന്ന രീതി)

1. ശ്ലേമോൻ രാജൻ വിമലസഭേ, നിന്നെ ശ്ലാഘിപ്പൂ
സുന്ദരികളിലതി സുന്ദരി നീ-ജാതികളിൻ സുതയേ,
നിന്നധരങ്ങൾ-മധു വർഷിക്കുന്നു
വസന സുഗന്ധം-പനിനീർ കുസുമ സമം
സഭയേ, അഖിലമനോജ്ഞേ, നീ-മലിനത തീണ്ടാ-ത്തോൾ
സ്ലീബായെ വന്ദിപ്പതിനാൽ-രാജാവാം മിശിഹാ
ഹാ-പാലിക്കും നിന്നെ.

2. സുന്ദരികളിലതിസുന്ദരി നീ-ജാതികളിൻ സുതയേ
ലോകമശേഷം പ്രഭ വീശും-പകലോനൊടുതുല്യം
തവ ഫാലതലേ-സ്ലീബായടയാളം
പാവന വദനം-സ്തോത്രം പാടുന്നു.
ദൈവസുതൻ തിരുരക്തത്താ-ലങ്കിതമാമധരം
രാപകൽ നിൻ സുതർ പാടുന്നു-മഹിമാഗീതങ്ങൾ
ഹാലേ... ഉ... ഹാലേ... ബാറെക്മോർ.

www.malankaralibrary.com

കാർമി : ശുബ്ഹോ...

3. അത്യുന്നതനാം ദൈവത്തെ-പുലരിയിൽ വാഴ്ത്തീടും
മീവൽപക്ഷിയോടൊപ്പമിതാ-സഭ സ്തുതിയാർക്കുന്നു
ഈറേൻമാരോ-ടൊപ്പം ദാവീദിൻ
വീണയുമേന്തി-പ്പാടുന്നവർ ഘോഷാൽ
നൂറ്റമ്പതു തന്ത്രികളാലും-തംബുരു വാദ്യത്താൽ
വാഴ്ത്തീടുന്നവളുടയവനെ-തൻ കൃപയുണ്ടാവാൻ
ഹാ-ലോകം മുഴുവനിലും.

ജനം : മെൻഓലം...

4. സഭയോതുന്നെന്നെ മൂന്നു-കോട്ടകൾ ചുറ്റുന്നു
വഞ്ചകനാം ദുഷ്ടാത്മാവെ-ന്നുള്ളിൽ പൂകീടാൻ
സാധ്യമതല്ലാ-ബന്ധിതമവ മൂന്നും
അവ തന്നിടയിൽ-ലേശം പഴുതില്ല
താത, സുത, റുഹ്ക്കുദിശായാം-ത്രിത്വമഭേ-ദ്യം താൻ
മഹിമയെഴും വധു തുല്യം ഞാൻ നിൽപ്പൂ അവർ മദ്ധ്യേ
ഹാലേ... ഉ... ഹാലേ...

ശുശ്രൂ : മൊറിയൊ റാഹേം...

അല്ലെങ്കിൽ

വിശുദ്ധ സഭേ, ശലോമോൻ രാജാവ് നിന്നെ പുകഴ്ത്തുന്നു. പുറജാതികളുടെ പുത്രീ, നീ അതീവ സുന്ദരിയാകുന്നു. നിന്റെ അധരങ്ങൾ നറുതേൻ പൊഴിക്കുന്നു. നിന്റെ വസ്ത്രങ്ങളുടെ ഗന്ധം മേടമാസത്തിലെ പനിനീർ പുഷ്പത്തിന്റെതുപോലെയാകുന്നു. സഭയേ, നീ സൗന്ദര്യപൂർണ്ണയും, വൈരൂപ്യമില്ലാത്തവളും ആകുന്നു. തന്റെ സ്ലീബായെ നീ വന്ദിക്കുന്നതിനാൽ മിശിഹാരാജാവ് നിന്നെ കാക്കുന്നു.

ഹാ-ഉ-ഹാ

www.malankaralibrary.com

പുറജാതികളുടെ പുത്രീ, നീ സുന്ദരികളിൽ സുന്ദരിയാകുന്നു. ലോകം മുഴുവൻ പ്രകാശിക്കുന്ന സൂര്യനോടു നീ സദൃശ്യയാകുന്നു. നിന്റെ നെറ്റിമേൽ സ്ലീബായുടെ അടയാളമുണ്ട്. പാവനമായ നിന്റെ വായ് സ്തുതി പാടുന്നു; നിന്റെ അധരങ്ങൾ ദൈവപുത്രന്റെ രക്തത്താൽ അങ്കിതമാണ്. നിന്റെ സന്താനങ്ങൾ അവന് രാവും പകലും സ്തുതി പാടുന്നു. ബാറെക്മോർ.

ഹാ–ഉ–ഹാ–

കാർമി : പിതാവിനും...

അത്യുന്നതനായ ദൈവത്തിന് അതിരാവിലെ സ്തുതി പാടുന്ന മീവൽ പക്ഷിയോട് സഭ അതിന്റെ സ്തുത്യാലാപത്തിൽ സദൃശ്യയാകുന്നു. കൈയിൽ ദാവീദിന്റെ വീണ പിടിച്ചിരിക്കുന്ന അവൾ ഉന്നതത്തിലെ ഈറേന്മാരുടേതിനൊപ്പം ശബ്ദം മുഴക്കുന്നു. നൂറ്റമ്പതു കമ്പിയുള്ള തംബുരുകൊണ്ട് സർവ്വലോകത്തിന്മേലും തന്റെ കരുണ വർഷിക്കുവാനായിട്ട് ദൈവത്തിനവൾ സ്തുത്യാലാപം ചെയ്യുന്നു.

ഹാ–ഉ–ഹാ–

ജനം : ആദിമുതൽ...

സഭ ഇപ്രകാരം പറയുന്നു: മൂന്നു കോട്ടകൾ എന്നെ ചുറ്റിയിരിക്കുന്നു. വഞ്ചകനായ ദുഷ്ടന് അവയ്ക്കുള്ളിൽ പ്രവേശിക്കുവാൻ കഴിയുകയില്ല. എന്തുകൊണ്ടെന്നാൽ, അവ മൂന്നും പരസ്പരം ബന്ധിതമാണ്. ഒരു കോട്ടയ്ക്കും മറ്റൊന്നിനും മദ്ധ്യേ ഇടമില്ല. ആയതു പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ അഭേദ്യമായ ത്രിത്വമാകുന്നു. മഹത്ത്വമുള്ള മണവാട്ടിയെപ്പോലെ ഞാൻ മദ്ധ്യേ നിൽക്കുന്നു.

ഹാ–ഉ–ഹാ–

ശുശ്രൂ : മൊറിയൊ റാഹേം...

www.malankaralibrary.com

## എത്രോ

കാനായിലെ കല്യാണവിരുന്നിനു ക്ഷണിക്കപ്പെട്ട് വെള്ളത്തെ മേൽത്തരം വീഞ്ഞാക്കി മാറ്റിയ മനുഷ്യസ്നേഹിയും നീതിയുടെയും സത്യത്തിന്റെയും മണവാളനുമായ കർത്താവേ, ഈ സുഗന്ധധൂപം കരുണാപൂർവ്വം സ്വീകരിച്ച് നിന്റെ വിശുദ്ധ ബലിപീഠത്തിന്റെ മുമ്പിൽ തലകുനിച്ചു നിൽക്കുന്ന ഈ ദാസരെ അനുഗ്രഹിക്കണമേ. ✠ കരുണാപൂർണ്ണമായ നിന്റെ വലതുകൈ ഇവരിൽ ആവസിപ്പിക്കണമേ.

*ആദ്ധ്യാത്മികമായ നിന്റെ മണവറയിൽ ഇവരെ സന്തോഷിപ്പിക്കണമേ. നിന്നെ സ്നേഹിക്കുകയും നിന്റെ കല്പനകൾ ആചരിക്കുകയും ചെയ്ത വിശുദ്ധന്മാർക്ക് വാഗ്ദാനം ചെയ്യപ്പെട്ട വിരുന്നിന് ഇവരെയും യോഗ്യരാക്കണമേ.

ഞങ്ങളെല്ലാവരും നിന്റെ വലത്തുഭാഗത്ത് നിന്നുകൊണ്ട് നിന്റെ കാരുണ്യം ദർശിക്കുകയും നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കുകയും ചെയ്യുമാറാകണമേ.

ജനം : ആമ്മീൻ

## ലേഖനം

*ഗീതം : പൗലോസ് ശ്ലീഹാ...

എഫേസോസുകാർക്കെഴുതിയ ലേഖനം 5:20-33

എപ്പോഴും എല്ലാറ്റിനുംവേണ്ടി നമ്മുടെ കർത്താവായ യേശു മിശിഹായുടെ നാമത്തിൽ പിതാവായ ദൈവത്തിന് കൃതജ്ഞതയർപ്പിക്കുവിൻ. മിശിഹായോടുള്ള ബഹുമാനത്തെപ്രതി നിങ്ങൾ പരസ്പരം വിധേയരായിരിക്കുവിൻ. ഭാര്യമാരേ, നിങ്ങൾ കർത്താവിനെന്നപോലെ ഭർത്താക്കന്മാർക്ക് വിധേയരായിരിക്കുവിൻ. എന്തെന്നാൽ, മിശിഹാ തന്റെ ശരീരമായ സഭയുടെ ശിരസ്സായിരിക്കുന്നതുപോലെ, ഭർത്താവ് ഭാര്യയുടെ ശിരസ്സാണ്;

www.malankaralibrary.com

മിശിഹാ തന്നെയാണ് ശരീരത്തിന്റെ രക്ഷകനും. സഭ മിശിഹായ്ക്ക് വിധേയ ആയിരിക്കുന്നതുപോലെ ഭാര്യമാർ എല്ലാക്കാര്യങ്ങളിലും ഭർത്താക്കന്മാർക്ക് വിധേയരായിരിക്കണം. ഭർത്താക്കന്മാരേ, മിശിഹാ സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കുവാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം. അവൻ സഭയെ വിശുദ്ധീകരിക്കുന്നതിനു ജലംകൊണ്ടു കഴുകി വചനത്താൽ വെൺമയുള്ളതാക്കി. ഇത് അവളെ കറയോ ചുളിവൊ മറ്റു കുറവുകളോ ഇല്ലാത്ത മഹത്വപൂർണ്ണയായി തനിക്കുതന്നെ പ്രതിഷ്ഠിക്കുന്നതിനും അവൾ കളങ്കരഹിതയും പരിശുദ്ധയുമായിരിക്കുന്നതിനും വേണ്ടിയാണ്. അതുപോലെ ഭർത്താക്കന്മാർ ഭാര്യമാരെ സ്വന്തം ശരീരത്തെ എന്നപോലെ സ്നേഹിക്കണം. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെയാണ് സ്നേഹിക്കുന്നത്. ആരും ഒരിക്കലും സ്വന്തം ശരീരത്തെ വെറുക്കുന്നില്ലല്ലോ. മിശിഹാ സഭയെ എന്നപോലെ അവൻ അതിനെ പരിപോഷിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. എന്തെന്നാൽ, നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളാണ്. ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോടു ചേരും. അവർ രണ്ടുപേരും ഒന്നാവുകയും ചെയ്യും. ഇത് ഒരു വലിയ രഹസ്യമാണ്. ഞാൻ മിശിഹായെയും അവന്റെ സഭയെയും കുറിച്ചാണ് പറയുന്നത്. ചുരുക്കത്തിൽ നിങ്ങളിലോരോ വ്യക്തിയും തന്നെപ്പോലെതന്നെ ഭാര്യയെ സ്നേഹിക്കണം. ഭാര്യയാകട്ടെ ഭർത്താവിനെ ബഹുമാനിക്കുകയും വേണം. ബാറെക്മോർ.

## ഹുലോലോ

ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ
നിൻ ശക്തിയിലരചൻ മോദിക്കും നാ-ഥാ
നിൻ-രക്ഷയിലവനേറ്റം തോഷിക്കും
ഹാലേലൂയ്യാ.

www.malankaralibrary.com

## സുവിശേഷം

മത്തായി 19 : 1-12

(ഈ വാക്കുകൾ അവസാനിപ്പിച്ചശേഷം) യേശു ഗലീലാ വിട്ട് ജോർദ്ദാന് അക്കരെ യൂദയായുടെ അതിർത്തിയിലെത്തി. വലിയ ജനക്കൂട്ടങ്ങൾ അവനെ അനുഗമിക്കുകയും അവൻ അവിടെവച്ച് അവരെ സുഖപ്പെടുത്തുകയും ചെയ്തു.

ഫരിസേയർ അടുത്തുചെന്ന് അവനെ പരീക്ഷിച്ചുകൊണ്ടു ചോദിച്ചു. ഏതെങ്കിലും കാരണത്താൽ ഒരുവൻ ഭാര്യയെ ഉപേക്ഷിക്കുന്നതു നിയമാനുസൃതമാണോ? അവൻ മറുപടി പറഞ്ഞു: സ്രഷ്ടാവ് ആദിമുതലേ അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു എന്നും, ഇക്കാരണത്താൽ 'പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോടു ചേർന്നിരിക്കും, അവർ ഇരുവരും ഏകശരീരമായിത്തീരും' എന്ന് അവിടുന്ന് അരുളിച്ചെയ്തിട്ടുണ്ടെന്നും നിങ്ങൾ വായിച്ചിട്ടില്ലേ? തന്മൂലം പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും. ആകയാൽ ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ.

*അവർ അവനോടു ചോദിച്ചു: അങ്ങനെയെങ്കിൽ ഉപേക്ഷാപത്രം നൽകി ഭാര്യയെ ഉപേക്ഷിക്കാമെന്ന് മോശ വിധിച്ചത് എന്തുകൊണ്ട്? അവൻ പറഞ്ഞു: നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമാണ് ഭാര്യയെ ഉപേക്ഷിക്കാൻ മോശ നിങ്ങൾക്ക് അനുമതി നൽകിയത്. ആദിമുതലേ അങ്ങനെ ആയിരുന്നില്ല. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: പരസംഗംമൂലം അല്ലാതെ മറ്റേതെങ്കിലും കാരണത്താൽ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു. ശിഷ്യന്മാർ അവനോടു പറഞ്ഞു: ഭാര്യാഭർത്തൃബന്ധം ഇത്തരത്തിലുള്ളതെങ്കിൽ വിവാഹം ചെയ്യാതിരിക്കുന്നതാണല്ലോ ഭേദം. അവൻ പറഞ്ഞു: കൃപ ലഭിച്ചവരല്ലാതെ മറ്റാരും ഈ ഉപദേശം ഗ്രഹിക്കുന്നില്ല. എന്തെന്നാൽ, ഷണ്ഡരായി ജനിക്കുന്നവരുണ്ട്; മനുഷ്യരാൽ ഷണ്ഡരാക്കപ്പെടുന്നവരുണ്ട്; സ്വർഗരാജ്യത്തെ പ്രതി തങ്ങളെത്തന്നെ ഷണ്ഡരാക്കുന്നവരുണ്ട്. ഗ്രഹിക്കുവാൻ കഴിവുള്ളവർ ഗ്രഹിക്കട്ടെ.

www.malankaralibrary.com

## ഗീതം

(സെഹിയോൻ കോട്ടയിൽ... എന്ന രീതി)

ശുശ്രൂ : വന്ദ്യസ്ലീബാത്തരുവിൻമേൽ
നീതിമഹാരവിയാം നിന്നെ
നിർമ്മലയാം സഭ കണ്ടപ്പോൾ
അമ്പിളി തുല്യം ക്രമമായ് നിന്നി-
ട്ടഖിലാധിപനാം നിൻ പ്രാഗത്ഭ്യത്തെ
വിധിപോൽ ഭംഗ്യാ ഘോഷിച്ചു.

അല്ലെങ്കിൽ

ശുശ്രൂ : പൂജ്യനീയമായ സ്ലീബാമരത്തിന്മേൽ നീതിയുടെ മഹാസൂര്യനായ നീ തൂങ്ങിക്കിടക്കുന്നതു കണ്ടപ്പോൾ, വിശുദ്ധ സഭ ചന്ദ്രനെപ്പോലെ യഥോചിതം ഉദിച്ചുയർന്ന് സകലാധിപനും പ്രബലനുമായ നിനക്കു മഹത്ത്വം എന്നുദ്ഘോഷിച്ചു.

## കിരീടം വാഴ്ത്തൽ

കിരീടങ്ങളിന്മേൽ കാർമികൻ കൈ ആവസിപ്പിച്ച്, ആശീർവദിച്ചുകൊണ്ട്

ܡܒܪܟܝܢ ܐܢܘܢ ܘܡܫܡܠܝܢ ܟܠܝ̈ܠܐ ܘܟܠܗܝܢ
ܘܪ̈ܫܐ ܕܥܠܝܗܘܢ ܠܥܠܡܝܢ ܒܪܟܡܪܝ
ܒܫܡܐ ܕܐܒܐ ✠ ܘܕܒܪܐ ✠ ܘܕܪܘܚܐ ܚܝܐ ܘܩܕܝܫܐ
✠ ܠܥܠܡ ܥܠܡܝܢ ❖ ܐܡܝܢ

അല്ലെങ്കിൽ

കാർമി : **ഈ കിരീടങ്ങളും ഇവ വയ്ക്കപ്പെടുന്ന ശിരസ്സുകളും എന്നേക്കുമായി ആശീർവദിക്കപ്പെട്ട് പൂർണ്ണമാക്കപ്പെടുന്നു (ബാറെക്മോർ). ✠പിതാവിന്റെ നാമത്തിൽ (ആമ്മീൻ) ✠പുത്രന്റെ നാമത്തിൽ (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ).**

www.malankaralibrary.com

മണവാളന്റെ ശിരസ്സിൽ മൂന്നു പ്രാവശ്യം കിരീടം ആഘോഷിച്ചുകൊണ്ട്

ܡܟܠܠܐ ܟܠܝܠܗ ܕܡܪܢ. ܟܕ ܒܩܒܪܐ ܐܝܬ ܘܢܚܠ
ܠܥܕܬܐ ܟܠܗ ܡܟܠܠܐ ܕܒܥܘܬܐ ܗܠܝܢ ܠܕܝܠܗ ❖
ܚܕܝ ܡܪܢ ܕܢܣܒܬ ܠܥܕܬܐ ܘܡܡܥܡܕܢܐ.
ܘܫܘܒܚܐ ܠܟܠܡܠܟܘܬܗ ܘܡܟܠܠܐ
ܠܚܬܢܗ ❖
ܐܘ ܒܪܐ ܚܬܢ ܡܟܠܠܐ. ܕܝܗܒ ܠܟ ܟܠܝܠܐ
ܡܫܝܚܐ ܟܠܝܠܗ ܒܥܕܬܐ ܗܕܐ ܠܕܝܠܗ ܕܝܗܒܐ
ܘܟܠܝܠܐ ❖
ܐܘ ܟܠܬܐ ܕܝܗܒܐ ܕܫܘܒܚܐ ܒܒܟܠܗ ܡܢ.
ܠܚܬܢ ܐܠܐ ܕܐܬܝ ܘܢܣܒ ܠܟܠ ܘܒܟܠܗ ❖

അല്ലെങ്കിൽ

കാർമ്മി : വാനിൽ നിന്നൊ-രു മകുടം
കർത്തൻ കയ്യാ-ലിറങ്ങി
മണവാളനെ യാ-ചാര്യൻ
അണിയിക്കും മകുടം രമ്യം (മൂന്നു പ്രാവശ്യം)

ഓരോപ്രാവശ്യവും ചൊല്ലേണ്ട പ്രതിവാക്യം

വൈദികശെമ്മാശ്ശന്മാർക്കിമ്പം നൽകൂ നാഥാ
മുടിയാൽ മണവാളന്നും മണവറയാൽ മണവാട്ടിക്കും.

മഹിതാചാര്യന്മാരാൽ ദമ്പതികൾക്കേകിടുവാൻ
മിശിഹാ നൃപനാൽ രചിതം മകുടം പാരം രുചിരം.

നിത്യവിരുന്നിന്നധിപാ സത്യമണാളാ വരു നീ
നിന്നോടൊപ്പം ഞങ്ങൾ മോദിച്ചീടും സതതം.

www.malankaralibrary.com

മണവാളനെ കിരീടം ധരിപ്പിച്ചുകൊണ്ട്

**കർത്താവ് നിന്നെ നീതിയുടെ കിരീടം അണിയിക്കുകയും, അനശ്വരതയുടെ അലങ്കാരങ്ങളാൽ വിഭൂഷിതനാക്കുകയും, ശത്രുവിന്റെ സർവ്വശക്തിക്കുമെതിരായി അജയ്യമായ ആയുധം നിന്നെ ധരിപ്പിക്കുകയും ചെയ്യട്ടെ.**

മണവാട്ടിയുടെ ശിരസ്സിൽ മൂന്നു പ്രാവശ്യം കിരീടം ആഘോഷിച്ചുകൊണ്ട്

ܡܟܠܠܐ ܟܠܝܠܗ ܕܡܪܢ. ܗܘ ܕܡܟܠܠ ܐܪܥܐ ܘܫܡܝܐ
ܒܟܘܟܒܐ ܓܠܝܐ ܡܟܠܠܐ ܕܢܘܗܪܐ ܗܘܐ ܒܢܗܝܪܗ ❖

ܗܘ ܡܟܠܠܐ ܕܟܠܝܠܐ ܠܟܠܝܠܬܐ ܦܐܝܐ ܕܡܪܢ.
ܗܘ ܡܟܠܠܐ ܕܟܠܝܠܐ ܠܟܠܝܠܬܗܘܢ ܕܢܟܦܬܐ ❖

അല്ലെങ്കിൽ

കാർമി : വാനിൽ നിന്നൊ-രു മകുടം
കർത്തൻ കയ്യാ-ലിറങ്ങി
മണവാട്ടിയെ യാചാര്യൻ
അണിയിക്കും മകുടം രമ്യം. (മൂന്നു പ്രാവശ്യം)

ഓരോ പ്രാവശ്യവും ചൊല്ലേണ്ട പ്രതിവാക്യം

വൈദിക ശെമ്മാശ്ശന്മാർക്കിമ്പം നൽകൂ-നാഥാ
മുടിയാൽ മണവാളന്നും മണവറയാൽ മണവാട്ടിക്കും.

മഹിതാചാര്യന്മാരാൽ ദമ്പതികൾക്കേകിടുവാൻ
മിശിഹാ നൃപനാൽ രചിതം മകുടം പാരം രുചിരം.

മണവാളൻ തൻ മകുടം തിരുമുൾമുടിയോടുപമം
മണവാട്ടിയുടെ മകുടം സതിമാർ മുടിയോടുപമം.

www.malankaralibrary.com

മണവാട്ടിയെ കിരീടം ധരിപ്പിച്ചുകൊണ്ട്

**നീതിയുടെ കിരീടവും അനശ്വരതയുടെ മോഹനീയാലങ്കാരങ്ങളും കർത്താവ് നിന്നെ ധരിപ്പിക്കട്ടെ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി അർപ്പിച്ചുകൊണ്ട് ആയുഷ്കാലമെല്ലാം സന്തോഷിക്കുവാൻ നിനക്കു സംഗതിയാകട്ടെ.**

കുരിശടയാളമുള്ള മിന്ന് ആശീർവദിച്ചുകൊണ്ട്

**സ്ലീബായുടെ ഈ ചിഹ്നം ആശീർവദിക്കപ്പെടുന്നു (ബാറെക്മോർ). ✠പിതാവിന്റെ നാമത്തിൽ (ആമ്മീൻ) ✠പുത്രന്റെ നാമത്തിൽ (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ).**

മണവാളൻ മിന്നു കെട്ടുമ്പോൾ

ܨܠܝܒܐ ܐܬܐ ܕܚܝܐ܆ ܨܠܝܒܐ ܢܝܫܐ ܕܙܟܘܬܐ܆
ܨܠܝܒܐ ܕܒܗ ܗܘ ܦܘܪܩܢܢ ܒܗ ܟܠܢ
ܡܫܬܒܚܝܢܢ ❖

അല്ലെങ്കിൽ

ശുഭ ചിഹ്നം താ-ൻ സ്ലീബാ
വിജയക്കൊടി താ-ൻ സ്ലീബാ
നമ്മെ രക്ഷി-ച്ചീടും
സ്ലീബായിൽ പുകഴു-ന്നൂ നാം.

മിന്ന് കെട്ടിക്കഴിഞ്ഞ് മണവാളൻ മണവാട്ടിയെ മന്ത്രകോടി അണിയിക്കുന്നു.

മുകളിൽ കൊടുത്തിരിക്കുന്ന ഗീതം ആവർത്തിച്ചു ചൊല്ലുന്നു.

www.malankaralibrary.com

## മംഗളാശംസ

### പടിഞ്ഞാറോട്ടു തിരിഞ്ഞ്

മനുഷ്യജീവിതത്തിൽ ഇഷ്ടം തോന്നുന്ന കർത്താവ് നിങ്ങളുടെ ജീവിതത്തിൽ സന്തുഷ്ടനായി നിങ്ങളുടെ ബന്ധത്തെ അനുഗ്രഹിക്കട്ടെ. സ്വർഗീയ മണവാളനായ മിശിഹാ തന്റെ യഥാർത്ഥ മണവാളത്ത്വത്താൽ നിങ്ങളുടെ മണവാളത്വത്തിന് മുദ്രയിടട്ടെ. മിശിഹാ തന്റെ സഭയിൽ സന്തോഷിച്ചപ്രകാരം നിങ്ങൾക്കും അന്യോന്യം സന്തോഷിക്കുവാൻ ഇടയാകട്ടെ. കരുണയുള്ള തന്റെ വലത്തുകൈ നിങ്ങളുടെമേൽ ആവസിപ്പിച്ച് സകല ഉപദ്രവങ്ങളിൽനിന്നും നിങ്ങളെ സംരക്ഷിക്കട്ടെ. സമാധാനദൂതൻ നിങ്ങളോടു കൂടെയിരുന്ന് ആകൽക്കറുസായുടെ (പിശാചിന്റെ) ചതിയിൽനിന്നും നിങ്ങളെ കാത്തുകൊള്ളട്ടെ. മാരകമായ അസൂയയിൽനിന്ന് ദൈവം നിങ്ങളെ രക്ഷിക്കുകയും, പരസ്പരം സന്തോഷിപ്പിക്കുകയും നിങ്ങളിൽനിന്നും ദു:ഖങ്ങൾ നീക്കിക്കളയുകയും ചെയ്യട്ടെ.

അബ്രഹാം ഇസഹാക്കിലും, ഇസഹാക്ക് യാക്കോബിലും, യാക്കോബ് യൗസേപ്പിലും സന്തോഷിച്ചപ്രകാരം നിങ്ങളും സന്തോഷിക്കേണ്ടതിന് *ഉത്തമസന്താനങ്ങളെ കർത്താവ് നിങ്ങൾക്ക് പ്രദാനം ചെയ്യട്ടെ. 'നിങ്ങൾ വർദ്ധിച്ചു പെരുകി, ഭൂമിയിൽ നിറയുവിൻ' എന്ന് നോഹയോടും മക്കളോടും കല്പിച്ചുകൊണ്ട് ദൈവം അവരെ അനുഗ്രഹിച്ച വാഴ്‌വ് നിങ്ങളിൽ വസിക്കട്ടെ. ദൈവം അബ്രഹാമിനും ഇസഹാക്കിനും യാക്കോബിനും കൊടുത്ത അനുഗ്രഹം നിങ്ങളിലും വസിക്കട്ടെ. ആകാശത്തുനിന്ന് മഞ്ഞും മഴയും ഭൂമി ഉത്പാദിപ്പിക്കുന്ന സർവ്വസൽഫലങ്ങളും ദൈവം നിങ്ങൾക്കു നൽകട്ടെ. 'നിന്റെ പിതാവിന്റെ ദൈവം നിന്നെ സഹായിക്കട്ടെ' എന്ന് യാക്കോബ് തന്റെ പുത്രനായ യൗസേപ്പിന് നൽകിയ അനുഗ്രഹം നിങ്ങളിൽ വസിക്കട്ടെ. ഐശ്വര്യങ്ങളാലും, സമ്പാദ്യങ്ങളാലും, സൗഭാഗ്യങ്ങളാലും ദൈവം നിങ്ങളെ സമ്പന്നരാക്കട്ടെ.

---

* ഉത്തമസന്താനങ്ങൾ – വാച്യാർത്ഥത്തിൽ നീതിയുടെ പുത്രന്മാർ.

www.malankaralibrary.com

*ആ പാപിനിയോടെന്നതുപോലെ ദൈവം നിങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കട്ടെ. വലത്തുഭാഗത്തെ കള്ളനെപ്പോലെ നിങ്ങളും സ്വർഗരാജ്യത്തിന് അവകാശികളായിത്തീരട്ടെ. നമ്മുടെ മരിച്ചുപോയവർ പാപപരിഹാരം പ്രാപിക്കുകയും ചെയ്യട്ടെ.

മെസ്രേമിൽനിന്നു പുറപ്പെടുവിച്ചുകൊണ്ടുവന്ന മണവാട്ടിയോട് ഉടമ്പടി ചെയ്യുവാൻ സീനായ് മലയിൽ ഇറങ്ങിയ മഹോന്നതൻ നിങ്ങളെയും നമ്മുടെ ഈ സംഘത്തെയും അനുഗ്രഹിക്കട്ടെ. നമുക്ക് പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി അർപ്പിക്കാം.

## സൂഗീസോ

(അത്ത് ഈസൈക്ക് തലിയൊ ദ് മഖറാൻ ... എന്ന രീതി)

1 ഏദൻതോട്ട വിധാതാവേ
നീയാണെൻ യുവമണവാളൻ
സുഖകരമാം നിന്നുദ്യാന-
ക്കുളിർതെന്നൽ വീശിക്കെൻമേൽ.

2 നാഥാ, ഞാൻ നിൻമണവാട്ടി
നിന്നിൽ ഞാനഭയം കൊണ്ടോൾ
സത്യമണാളാ, നീതിജ്ഞാ
എന്നിൽ കനിവുണ്ടാകണമേ.

3 സ്ലീബായാലവകാശധനം
പീഡകളാൽ മുക്തിയുമേകി
സ്വർഗേയെൻ മണവറ തീർത്തു
നിന്റേതാവാൻ ക്ഷണമേകി.

4 ചോരൻമാരെൻ സൗന്ദര്യം
ഭഞ്ജിപ്പാനായ് കാംക്ഷിച്ചു;
നിന്നിലെഴും പ്രേമത്താൽ ഞാൻ
വെന്നു; നേടി സ്വാതന്ത്ര്യം.

www.malankaralibrary.com

5 സ്നേഹത്താൽ നൃത്തം വയ്പ്പൂ
ആഹ്ളാദിപ്പൂ നിന്നഴകിൽ
നീ ദൈവാത്മജനെന്നറിവൂ;
ഏന്തിടുകെന്നെ നിൻ തോളിൽ.

6 എന്നാലംബം നിൻ പ്രേമം
നിൻ സ്നേഹത്താലെരിയുന്നേൻ
എൻ ശിരസ്സിടതാം കൈയിലണ-
ച്ചെന്നെത്തഴുകുക മറുകൈയാൽ.

7 നാഥാ, ദൂരെപ്പോകരുതേ;
എന്നെ പിന്നിലകറ്റരുതേ
എന്നെ ഉപേക്ഷിച്ചീടിൽ ഞാൻ
ക്ഷീണിച്ചയ്യോ മൃതിയടയും.

8 നീ കതിരോനിലുമൊളിയുള്ളോൻ;
നീ പനിനീരിൻ മണമുള്ളോൻ
ജീവനൊഴുക്കും നിന്നധരം;
ചുംബിച്ചാൽ മതിയാവില്ല.

9 നാഥാ കാണുക സുന്ദരി ഞാൻ
എന്നെ മണവറയേറ്റണമേ;
നിൻ തിരുമാർവ്വിൽ സുഖനിദ്ര
പ്രാപിച്ചാനന്ദിക്കും ഞാൻ.

10 വല്ലഭനാം മിശിഹാ നാഥൻ
"കല്ലറയീന്നും മഹിമാവിൽ
നല്ലൊളിയോടേറ്റെന്നേവം"-
ചൊല്ലുമ്പോൾ ഞാൻ ഭാഗ്യവതി.

11 നാളും മാസവും ആണ്ടും ഞാൻ
പാപപ്പാഴിരുളിൽ പോക്കി
നിൻ ജീവധ്വനി കേട്ടപ്പോൾ
കണ്ണുതെളിഞ്ഞാനന്ദിച്ചേൻ. മൊറിയൊ റാഹേം...

അല്ലെങ്കിൽ

ഏദൻതോട്ടത്തിന്റെ ശ്രേഷ്ഠനായ സ്ഥാപകാ, എന്നെ വിവാഹംചെയ്ത യുവാവ് നീയാകുന്നു.

www.malankaralibrary.com

നിന്റെ ഉദ്യാനത്തിൽ നിന്നുള്ള കുളിർകാറ്റു വീശി ആശ്വസിപ്പിക്കണമേ.

കർത്താവേ, നിനക്കു വിവാഹം നിശ്ചയിക്കപ്പെട്ടവളും നിന്റെ നാമത്തിൽ വിലയ്ക്കു വാങ്ങപ്പെട്ടവളുമായ മണവാട്ടി ഞാനാകുന്നു.

നിന്റെ സ്ലീബായാൽ എനിക്കു നീ പിതൃസ്വത്ത് അവകാശമാക്കി നിശ്ചയിച്ചു. നിന്റെ പീഡാനുഭവത്താൽ എന്നെ മോചിപ്പിച്ചു. സ്വർഗത്തിൽ എനിക്കു മണവറയൊരുക്കിക്കൊണ്ട് നിന്റേതായിത്തീരുവാൻ എന്നെ നീ ആഹ്വാനം ചെയ്തു.

കൊള്ളക്കാർ എന്നെ ആക്രമിക്കുകയും എന്റെ സൗന്ദര്യം നശിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തു. നിന്നോടുള്ള സ്നേഹം കൊണ്ട് ഞാൻ അവരെ തോൽപ്പിക്കുകയും അടിമത്തത്തിൽ നിന്നു സ്വാതന്ത്ര്യം നേടുകയും ചെയ്തു.

കർത്താവേ, നിന്നോടുള്ള സ്നേഹത്താൽ ഞാൻ ആനന്ദ നൃത്തം ചെയ്യുന്നു. നിന്റെ സൗന്ദര്യത്തിൽ ഞാൻ സന്തോഷിക്കുന്നു. നീ ദൈവപുത്രനാണെന്നു ഞാൻ ഗ്രഹിക്കുന്നു. എന്നെ നിന്റെ തോളിൽ വഹിക്കണമേ.

കർത്താവേ, നിന്റെ സ്നേഹത്തിൽ ഞാൻ അഭയം പ്രാപിക്കുന്നു. നിന്നോടുള്ള പ്രേമത്തിൽ ഞാൻ എരിഞ്ഞു കൊണ്ടിരിക്കുന്നു. എന്റെ ശിരസ്സിൽ നിന്റെ ഇടതുകൈവച്ച് നിന്റെ വലത്തുകൈകൊണ്ട് എന്നെ തഴുകണമേ.

എന്റെ കർത്താവേ, എന്നിൽനിന്ന് നീ അകന്നു പോകരുതേ. നിന്നോടുള്ള സ്നേഹത്തിൽനിന്ന് എന്നെ വിരോധിക്കരുതേ. നിന്റെ ദാസിയോടു നീ ഉദാസീനനായിരുന്നാൽ ഞാൻ ക്ഷീണിച്ചു മരിച്ചുപോകും.

നിന്റെ പ്രഭ സൂര്യന്റേതിനെക്കാൾ ഉജ്ജ്വലവും നിന്റെ മണം പനിനീർ പുഷ്പത്തിന്റേതിനെക്കാൾ ആസ്വാദ്യവുമാകുന്നു. ജീവൻ പൊഴിക്കുന്ന നിന്റെ അധരം ചുംബിച്ചാൽ മതിയാവില്ല.

കർത്താവേ, ഞാൻ സുന്ദരിയാണെന്നു കാണുക. നിന്റെ സന്തോഷത്തിൽ എന്നെ പ്രവേശിപ്പിക്കണമേ. തിരുമാറിൽ നിദ്ര ചെയ്യുവാൻ എന്നെ അനുവദിച്ചാലും.

www.malankaralibrary.com

അല്ലെങ്കിൽ

## മാർ യാക്കോബിന്റെ അപേക്ഷ (രണ്ടാം രാഗം)

നാ-ഥാ നിന്നുടെയാർദ്രതയേറും വാതിൽ തുറന്നീ
യാ-ചന കേട്ടീ ആത്മാക്കൾ മേൽ കൃപ ചൊരിയേണമെ.

ദൈ-വതനൂജാ ദമ്പതികളെയും ശിരസ്സിൽ ചൂടിടും
മ-കുടങ്ങളെയും വാഴ്ത്തീടേണം ✠ വലതുകരം നീട്ടി.

ദ-മ്പതികൾ തൻ നാമം ചൊല്ലിയാശിസ്സേകണം ✠
തേജോ ലോകത്തിവരുടെ കാലം വാഴ്വാർന്നീടേണം.

പാവനമാതാ, ശുദ്ധരിവർ തന്നഭ്യർത്ഥനയാലേ
വാഴ്ത്തണമേ ✠ ഈ ജനനിവഹത്തെ എന്നെന്നേയ്ക്കും.

നാ-ഥാ ദാസർ കിന്നരമേന്തി സ്തുതി പാടീടാനായ്
ഇവരുടെ വദനമുതിർക്കും ഗാനം ✠ വാഴ്ത്തീടണമേ നീ.

സ-ർവ്വം ശ്രദ്ധിച്ചഭ്യർത്ഥനയെ കൈക്കൊള്ളുന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിൽ നിൻ കൃപയുണ്ടാകേണം.

## അനുശാസനം

പടിഞ്ഞാറോട്ടു തിരിഞ്ഞ്

പ്രിയ സഹോദരങ്ങളേ, നാമേവരും ദൈവഭവനത്തിൽ സന്നിഹിതരായിരിക്കുന്ന ഈ അവസരത്തിൽ വിശ്വാസികളെ ഗുണദോഷിക്കുകയും, നമ്മുടെ മുമ്പിൽ നിൽക്കുന്ന ഇവർ സത്യത്തിലും നീതിയിലും സൽപ്രവൃത്തികളിലും തല്പരരും, നല്ല കാര്യങ്ങളിൽ ഉത്സാഹികളും ആയിരിക്കണമെന്ന് ഉറപ്പായി കല്പിക്കുകയും ചെയ്യുക എന്ന ഒരു പാരമ്പര്യം നമുക്കുണ്ട്. ഇത് വിശുദ്ധ പിതാക്കന്മാരിൽനിന്ന് നാം സ്വീകരിച്ചിട്ടുള്ളതും ബഹുമാന്യരായ പൂർവ്വികന്മാർ നമ്മെ ഭരമേല്പിച്ചിട്ടുള്ളതുമാണ്.

www.malankaralibrary.com

മക്കളേ, നിങ്ങൾ ഇപ്പോൾ നിൽക്കുന്നത് ദൈവസന്നിധിയിലും, നമ്മുടെ കർത്താവേശുമിശിഹായുടെ സിംഹാസനമായ ബലിപീഠത്തിന്റെയും, സ്ലീബായുടെയും, വിശുദ്ധ ഏവൻഗേലിയോന്റെയും, ഈ സമൂഹത്തിന്റെയും മുമ്പാകെയുമാകുന്നുവെന്ന് പ്രത്യേകം ശ്രദ്ധിക്കുവിൻ. മനോഗതങ്ങൾ അറിയാത്തവന്റെയല്ല, അറിയുന്നവന്റെ സന്നിധിയിലത്രേ നിങ്ങൾ നിൽക്കുന്നത്. ഇതാ! ഇപ്പോൾ മുതൽ ഞാൻ നിങ്ങളെ അന്യോന്യം ഭരമേല്പിക്കുന്നു. (പരസ്പരം കൈ പിടിപ്പിക്കുന്നു) എനിക്കും നിങ്ങൾക്കും ഇടയിൽ ദൈവം മദ്ധ്യസ്ഥനായിരിക്കട്ടെ. നിങ്ങൾ നിയമവിരുദ്ധമായി എന്തെങ്കിലും ചെയ്യുന്നപക്ഷം ഞാൻ അതിൽ കുറ്റമില്ലാത്തവനായിരിക്കും. (കാർമികൻ കൈ വിടുന്നു.)

പട്ടക്കാരിലും ശെമ്മാശ്ശന്മാരിലും വിശ്വാസികളായ ജനത്തിലും മണവാളനിലും മണവാട്ടിയിലും ക്ഷണിക്കപ്പെട്ടവരിലും ക്ഷണിച്ചവരിലും ദൈവത്തിന്റെ അനുഗ്രഹങ്ങളും കരുണയും സമൃദ്ധമായി ആവസിക്കുമാറാകട്ടെ.

അനുഗൃഹീതയും ദൈവമാതാവുമായ വിശുദ്ധ കന്യകാമറിയാമിന്റെയും നമ്മുടെ കർത്താവിനെ സ്നേഹിച്ച്, അവിടുത്തെ കല്പനകൾ ആചരിച്ച സകല വിശുദ്ധന്മാരുടെയും പ്രാർത്ഥന മുഖാന്തരം, യേശുമിശിഹായുടെ വലത്തുകൈ നാമെല്ലാവരിലും എപ്പോഴും വസിക്കുവാൻ ഇടയാകട്ടെ. ✠

ദമ്പതികൾ കൈവിട്ട് കുരിശു വരയ്ക്കണം

വിശ്വാസികളേ, ഈ അനുശാസനങ്ങൾ നിങ്ങളെല്ലാവരോടുമുള്ളതാകുന്നു എന്ന് അറിഞ്ഞുകൊള്ളുക. നിങ്ങളോരോരുത്തരും അവനവന്റെ ഭാര്യയോടുള്ള ബന്ധം എങ്ങനെയായിരിക്കണമെന്ന് ശ്രദ്ധിക്കുക: എന്തെന്നാൽ, അവൾ സ്വജനങ്ങളെ വിട്ട് ഭർത്താവിനോടു യോജിച്ചിരിക്കുന്നു. അതിനാൽ അവൻ അവളെ പ്രീതിപ്പെടുത്തി, അവളോടു ദയാപൂർവ്വം വർത്തിക്കണം. സ്വപ്രാണനെപ്പോലെ അവൻ അവളോടു വർത്തിക്കണം.

www.malankaralibrary.com

അവൻ വിശന്നിരുന്നാലും അവൾക്കു ഭക്ഷണം കൊടുക്കണം. അവൻ ദാഹിച്ചിരുന്നാലും അവൾക്കു കുടിക്കുവാൻ കൊടുക്കണം. അവളും അവനെ യഥോചിതം പരിചരിക്കുവാൻ കടപ്പെട്ടവളാകുന്നു. സകലത്തിലും സൗഹാർദ്ദത്തോടും സ്നേഹത്തോടും കൂടെ അവൾ അവന്റെയടുക്കൽ പെരുമാറണം. നമ്മുടെ കർത്താവേശുമിശിഹായുടെ കൃപ ഞങ്ങളിലും നിങ്ങളിലും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ.

**ജനം** : ആമ്മീൻ

**കാർമി** : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ...

## വിശ്വാസപ്രമാണം

### ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ

കാർമികൻ നവദമ്പതികളെയും സമൂഹത്തെയും ആശീർവദിക്കുന്നു.

ܒܢܡܘܣܗܘܢ ܠܡܪܝܐ ܟܠܗܘܢ ܗܘ ܕܥܒܕ
ܫܡܝܐ ܘܐܪܥܐ. ܐܠܗܐ ܢܒܪܟ ܘܢܫܒܚ
ܒܥܠܡܝ ܕܐܠܗܢ ܥܡܗ ܒܬܫܡܫܬܐ ܗܘܐ
ܘܫܘܒܚܐ. ܢܫܒܚ ܠܗ ܡܪܝܐ ܘܢܫܒܚ
ܠܥܢܕܘܗܝ ܡܗܝܡܢܘܬܐ ✤ (ܟܕ ܡܗܦܩ ܐܦܘܗܝ
ܠܡܥܢܝܢܐ ܘܐܡܪ). ܡܫܒܚܬܐ ܘܡܩܕܫܬܐ ܠܟܝ
ܐܢܬܝ ܒܬܘܠܬܐ ܕܟܠ ܡܫܒܚܬܐ ܘܐܡܗܬܐ
ܡܢ ܟܠܗܝܢ ܕܟܠ ܕܝܠܕܬܐ ܘܡܪܒܝܬܐ ܐܒܐ
ܘܒܪܐ ܘܪܘܚܐ ܩܕܝܫܐ ܗܫܐ ܘܒܟܠܙܒܢ
ܠܥܠܡ ܥܠܡܝܢ✤

www.malankaralibrary.com

അല്ലെങ്കിൽ

✠ ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ നിങ്ങളെല്ലാവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ✠ ആത്മീയമായ ഈ ശുശ്രൂഷയിൽ ഞങ്ങളോടുകൂടെ സംബന്ധിച്ചവരായ നിങ്ങളോരോരുത്തരെയും ദൈവമായ കർത്താവ് വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ. ✠ ദൈവമായ കർത്താവ് നിങ്ങളെയും വിശ്വാസികളായ മരിച്ചുപോയവരെയും ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തുമാറാകട്ടെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ, ബലഹീനവും കുറവുള്ളതുമായ ഞങ്ങളുടെ പ്രാർത്ഥനകൾ നിന്റെ ഉന്നത സിംഹാസനത്തിൻ മുൻപാകെ കേൾക്കപ്പെട്ടവയും അംഗീകരിക്കപ്പെട്ടവയുമാക്കിത്തീർക്കണമെ. (ആബോ വബ്റോ ഉ-റൂഹോകാദീശോ ഹോശോ വബ്കൂൽ സ്ബാൻ ല്ഒൽമീൻ)

ജനം : ആമ്മീൻ

കുറിയേ... കുറിയേ... കുറിയേ...

❖

www.malankaralibrary.com

# രോഗീലേപനം

## നിർദ്ദേശങ്ങൾ

1. കർമ്മങ്ങൾ മുഴുവൻ ചെയ്യുവാൻ സമയം കിട്ടാത്തവിധം രോഗി അത്യാസന്ന നിലയിലാണെങ്കിൽ തലയിൽ കൈവച്ചുകൊണ്ടുള്ള പ്രാർത്ഥന ചൊല്ലിയശേഷം നെറ്റിയിൽ തൈലം പൂശിയാൽ മതിയാകും.

2. രോഗി കിടക്കുന്ന മുറിയിലോ, അതിനടുത്ത് സൗകര്യമായ സ്ഥലത്തോ ഒരു മേശയും അതിന്റെ പുറത്ത് കുരിശും ഇരുവശത്തും കത്തിച്ച രണ്ടു തിരിയും, രോഗീലേപനത്തിനാവശ്യമുള്ള തൈലവും, തുടയ്ക്കാൻ പഞ്ഞിയും കരുതിയിരിക്കണം. ശുശ്രൂഷയ്ക്കുശേഷം പുരോഹിതന് കൈകൾ കഴുകുവാനും തുടയ്ക്കുവാനുമുള്ള വെള്ളവും തൂവാലയും കരുതിയിരിക്കണം.

3. കാർമികൻ, പുറങ്കുപ്പായവും ഹൈമ്നിയായും ധരിച്ചിരിക്കണം.

www.malankaralibrary.com

# രോഗികളുടെ തൈലാഭിഷേകം

## കൗമാ

[രോഗത്തിന്റെ സൗഖ്യത്തിനുവേണ്ടി നടത്തുന്ന ഒരു കൂദാശയാകുന്നു ഇത്. സാധിക്കുമെങ്കിൽ രോഗി സുബോധാവസ്ഥയിൽ ഇരിക്കുമ്പോൾത്തന്നെ നടത്തുന്നത് ഉചിതമായിരിക്കും. ഇതിനെപ്പറ്റി യാക്കോബ് ശ്ലീഹാ പറയുന്നത് ഇപ്രകാരമാണ്: "നിങ്ങളുടെ ഇടയിൽ ദുരിതം അനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ. ആഹ്ളാദിക്കുന്നവൻ സ്തുതിഗീതം ആലപിക്കട്ടെ. നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടുകൂടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് അവനെ എഴുന്നേല്പിക്കും; അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവന് മാപ്പു നൽകും." (യാക്കോ. 5:13-15)]

**കാർമ്മി** : ശുബ്ഹോ...

**ജനം** : ബലഹീനരും...

## പ്രാരംഭ പ്രാർത്ഥന

കർത്താവേ, ക്ലേശം അനുഭവിക്കുന്നവരെ കാരുണ്യപൂർവ്വം ദർശിക്കണമേ. രോഗികളെ കൃപാപൂർവ്വം സുഖപ്പെടുത്തണമേ; മനോവ്യഥയുള്ളവരെ ആശ്വസിപ്പിക്കണമേ. നിന്നോട് കൃപയും ദയയും അപേക്ഷിക്കുന്ന ദാഹാർത്തരും അവശരുമായ സകലർക്കും ആത്മശരീരസംബന്ധമായ സൗഖ്യം പ്രദാനം ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ, നിന്നിൽനിന്നുള്ള നല്ല ദാനങ്ങളെപ്രതി അവർ നിനക്ക് സ്തോത്രം നൽകുവാൻ ഇടയാക്കണമേ (മോറാൻ വാലോഹാൻ ല്ഒൽമ്മീൻ).

**ജനം** : ആമ്മീൻ

## കുക്കിലിയോൻ (ആറാം രാഗം)

(എന്നാത്മാവേ നാഥനെ വാഴ്ത്തുക ഹാ.... എന്ന രീതി)

കോപത്തിൽ ശാസിക്കരുതെന്നെ നാഥാ-ഹാ-
ക്രോധത്തോടു ശിക്ഷിക്കയുമരുതേ

രോഗാതുരനാമെന്നോടു കൃപ ചെയ്യുക-ഹാ-
എന്നസ്ഥികളിളകി-സുഖമേകൂ

www.malankaralibrary.com

എന്നാത്മാവേറ്റം സംഭ്രമമാർന്നൂ-ഹാ-
താമസമരുതേ-കർത്താവേ

അങ്ങു തിരിഞ്ഞെന്നാത്മാവെ വിടുവിക്ക-ഹാ-
നിൻ കൃപയാലെന്നെ-രക്ഷിക്ക. ബാറക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

അല്ലെങ്കിൽ

കർത്താവേ, നിന്റെ കോപത്തിൽ നീ എന്നെ ശകാരിക്കരുതേ; നിന്റെ ക്രോധത്തിൽ എന്നെ ശിക്ഷിക്കയുമരുതേ.

കർത്താവേ, ഞാൻ രോഗിയായിരിക്കുന്നു, എന്നോട് കരുണ തോന്നണമേ.

കർത്താവേ, എന്റെ അസ്ഥികൾ ഇളകിയിരിക്കുന്നു; എന്നെ സുഖപ്പെടുത്തണമേ. എന്റെ ആത്മാവ് അത്യന്തം അസ്വസ്ഥമായിരിക്കുന്നു.

കർത്താവേ, എത്രനാൾ നീ താമസിക്കും?

കർത്താവേ, നീ തിരിഞ്ഞ് എന്റെ ആത്മാവിനെ രക്ഷിക്കണമേ; നിന്റെ കൃപനിമിത്തം എന്നെ വീണ്ടെടുക്കണമേ. ബാറെക്മോർ.

കാർമി : പിതാവിനും...

ജനം : ആദിമുതൽ...

## എക്ബോ

(ഉത്തമനേ കരുണാപൂർണ്ണാ... എന്ന രീതി)

കേണേൻ എന്നുടെ പീഡകളിൽ
കരുണാപൂർണ്ണാ-നിന്നോടായ്
ബഹുവിധ പാപക്കുഴിയിൽ നിന്നും
കരകേറ്റി കൃപ ചെ-യ്കെന്നിൽ.

www.malankaralibrary.com

അല്ലെങ്കിൽ

കരുണാസമ്പൂർണ്ണനായ ദൈവമേ, എന്റെ ഞെരുക്കങ്ങളിലും ദു:ഖങ്ങളിലും ഞാൻ നിന്നോട് നിലവിളിച്ചു. മനുഷ്യസ്നേഹ മുള്ളവനേ, പാപക്കുഴിയിൽനിന്ന് എന്നെ കരേറ്റുകയും എന്നിൽ കരുണ കാണിക്കുകയും ചെയ്യണമേ.

ശുശ്രൂ : സ്തൗമെൻ കാലോസ്

ജനം : കുറിയേലായിസ്സോൻ.

കാർമി : നാമെല്ലാവരും...

ജനം : കാരുണ്യവാനായ...

കാർമി : സ്തുതിയും സ്തോത്രവും...

## പ്രുമിയോൻ

ബലഹീനരെ സന്ദർശിക്കുന്നവനും, രഹസ്യകാര്യങ്ങൾ പരിശോധിക്കുന്നവനും, ഉത്തമ യാചനകൾക്ക് മറുപടി അരുളുന്നവനും, വിലപിച്ചിരിക്കുന്നവരെ ആശ്വസിപ്പിക്കുന്നവ നും, ദു:ഖിതരെ സമാധാനപ്പെടുത്തുന്നവനും, ബലഹീനരെ താങ്ങുന്നവനും, അനുതാപികളെ ശിഷ്യരാക്കി സ്വീകരിക്കു ന്നവനും, മരിച്ചവരെ ഉയിർപ്പിക്കുന്നവനും, ഞങ്ങൾക്കും സത്യ വിശ്വാസത്തോടുകൂടെ ഞങ്ങളുടെ എളിയ പ്രാർത്ഥനകൾ ആവശ്യപ്പെട്ടവരും ആവശ്യപ്പെടുന്നവരുമായ എല്ലാവർക്കും വേണ്ടി കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും ആരിൽനിന്നു ഞങ്ങൾ യാചിക്കുന്നുവോ ആയവന് സ്തുതി, തനിക്ക് തൈലാഭിഷേക ശുശ്രൂഷയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും കാലങ്ങളിലും നേരങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനിലും സ്തുതിയും ബഹുമാനവും ആരാധനയും, യോഗ്യമാകുന്നു.

ജനം : ആമ്മീൻ

www.malankaralibrary.com

## സെദ്റാ

ദൈവമായ കർത്താവേ, നീ സാക്ഷാൽ ഉത്തമവൈദ്യനും ആത്മാവിന്റെയും ശരീരത്തിന്റെയും രഹസ്യവും പരസ്യവുമായ എല്ലാ രോഗങ്ങളും നന്നായി അറിയുന്നവനുമാകുന്നു. പ്രയാസമേറിയവ നിനക്കു നിഷ്പ്രയാസമത്രേ. ക്ഷീണനാ(യാ)യ ഈ രോഗി നിന്റെ കരുണയിൽ സങ്കേതപ്പെടുന്നു. നിന്റെ സൗജന്യസഹായത്തെ നോക്കിപ്പാർക്കുന്ന ഈ ദാസനു (ദാസിക്കു) ബലഹീനനും പാപിയുമായ എന്റെ മദ്ധ്യസ്ഥതയാൽ കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, വേദനകൾക്ക് ആശ്വാസവും, അവയവങ്ങൾക്ക് സ്വസ്ഥതയും നൽകണമേ. കാരുണ്യവാനായ കർത്താവേ, നീ ബലഹീനരെ താങ്ങുന്നവനും, പാപികളെ ധന്യരാക്കുന്നവനും, അനുതാപികളെ സഹായിക്കുന്നവനും, വിവശരെ ആശ്വസിപ്പിക്കുന്നവനും, സകല വിശ്വാസികളുടെയും സങ്കേതസ്ഥാനവും ആകയാൽ ഈ ദാസന്റെ (ദാസിയുടെ) കടങ്ങൾ പരിഹരിച്ച് പാപങ്ങൾക്കു മോചനം നൽകണമേ. ഈ ദാസന്റെ (ദാസിയുടെ) വേദന ശമിപ്പിച്ച് രോഗം മാറ്റണമേ. ഈ ദാസന്റെ (ദാസിയുടെ) മ്ലാനത നീക്കി ഈ ദാസന് (ദാസിക്ക്) സുഖമേകി ഞങ്ങളെ സന്തോഷിപ്പിക്കുകയും ചെയ്യണമേ. ഈ ദാസൻ (ദാസി) എഴുന്നേറ്റു നിന്റെ സകല കൃപകളെക്കുറിച്ചും സഹായങ്ങളെക്കുറിച്ചും നിന്നെ സ്തുതിക്കുമാറാകണമേ. എന്തെന്നാൽ, നീ നല്ലവനും, ദയാലുവും, കാരുണ്യവാനും, അനുഗ്രഹദായകനും, ആത്മശരീരങ്ങളുടെ യഥാർത്ഥ വൈദ്യനുമാകുന്നു. പിതാവായ ദൈവമേ, നിനക്കും നിന്റെ ഏകജാതനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു. ഹോശോവബ്കൂല്സ്ബാൻ ല്ഒൽമ്മിൻ.

ജനം : ആമ്മീൻ.

കാർമ്മി : ദൈവത്തിൽനിന്നു...

www.malankaralibrary.com

## കോലോ

(ല് യാമൊദു റഹമൈക് ഹോയാർനോ... എന്ന രീതി)

കരുണക്കടലെ ഞാൻ നോക്കും
ദേവാ തനയാ എൻ പാപം
പെരുകി പിഴകൾ
വർദ്ധിച്ചയ്യോ! നീ.
കഴുകണമെന്നെ സോപ്പായാൽ
ഏകണമെൻ ബാഷ്പാൽ വെണ്മ
പിതൃസ്നേഹത്താൽ യാചിക്കുന്നേൻ ഞാൻ.
ഹസിക്കരുതേ എന്നെ വൈരി
തേറും നരരിൽ ദൂതന്മാർ
പ്രീതൻമാരായ്
തീർന്നിവ ചൊല്ലട്ടെ:
അനുതാപികളിൽ തൻ-വാതിൽ
രാപകലിങ്ങു തുറന്നീടും
ഹാലേലൂയ്യാ നാഥാ സ്തുത്യൻ നീ.
പാപികൾ വന്നാമോദിപ്പാൻ
സൽ ദൂതാൽ ജീവൻ നേടാൻ
രക്ഷകനോതും
വചനം ശ്രുതി മധുരം.
ഞാൻ മരുഭൂമിയിലാത്മീയം
പാനീയവു മുയിരേകീടും
മഴയും ചൊരിയും
സാക്ഷാൽ കർഷകനാം

നുകരട്ടെൻ സവിധേ പൂകി
ദാഹാർത്തൻമാർ ജീവജലം
ഹാലേലൂയ്യാ പാപവിമുക്തിക്കായ്-

ബാറെക്മോർ.

www.malankaralibrary.com

കാർമ്മി : ശുബ്ഹോ...

മൂല്യമിതാ തരണം തൈലം
വ്യാപാരിയൊടേവം പറയും
പാപിനി തന്റെ
നാദം ബഹുമധുരം
നൽകുക മേൽത്തരമാം തൈലം
ഞാനതിലെൻ മിഴിനീർ ചേർത്തി-
ട്ടേകാത്മജനെ അഭിഷേചിക്കട്ടെ.

ഇപ്പരിമളതൈലത്താൽ ഞാൻ
പാപവിമോചനമാർന്നിടുമെ-
ന്നെൻ ദൈവത്തിൽ
പ്രത്യാശിക്കുന്നേൻ.
അവൾ തൈലം വാങ്ങിച്ചെന്നാൾ
വിശ്വാസം ദർശിച്ചുടയോൻ
ഹാലേലുയ്യാ പാപക്ഷമ നല്കി.

ജനം : മെൻഓലം...

എൻ പാപത്തിൽ ഞാൻ ചാകാൻ
ഇടയാകരുതയ്യോ നാഥാ
എൻ ബാഷ്പങ്ങൾ
ചൊരിഞ്ഞീടുന്നിപ്പോൾ
അജമോ, മാടോ, ചെങ്ങാലിയോ
കുറുപ്രാവിൻ കുഞ്ഞുങ്ങളെയോ
കാഴ്ചയതായി-
ട്ടർപ്പിക്കുന്നില്ലേ.

ശെമഓൻ തൻ ഭവനേ വന്ന
പാപിനിപോൽ ഞാനർപ്പിക്കും
കണ്ണീർ കണ്ടെൻ
മേൽ ദയതോന്നണമേ.
തിരുജനകൻ സ്നേഹത്താലും
മാതാവിൻ പ്രാർത്ഥനയാലും
ഹാലേലുയ്യാ പോക്കണമെൻ പിഴകൾ.
മൊറിയൊ റാഹേം...

www.malankaralibrary.com

അല്ലെങ്കിൽ

ഏകജാതനായ ദൈവമേ, നിന്റെ കരുണയുടെ സമുദ്രത്തിലേക്കു ഞാൻ നോക്കുന്നു. എന്തെന്നാൽ, എന്റെ കടങ്ങൾ വർദ്ധിക്കുകയും കുറ്റങ്ങൾ പെരുകുകയും ചെയ്തിരിക്കുന്നു. വെടിപ്പാക്കുന്ന നിന്റെ സോപ്പാകൊണ്ട് എന്റെമേൽ തളിക്കണമേ. എന്റെ കണ്ണുനീർ എനിക്കു വെണ്മവരുത്തുകയും ചെയ്യണമേ. കർത്താവേ, നിന്റെ ജനകന്റെ സ്നേഹംമൂലം ഞാനപേക്ഷിക്കുന്നു. എന്റെ വൈരികൾ എന്നെ നിന്ദിക്കുമാറാകരുതേ. പിന്നെയോ, അന്യായത്തിൽ അനുതപിക്കുന്ന ഒരു പാപിയിൽ ദൂതന്മാർ സന്തോഷിക്കുകയും, രാപകൽ അനുതാപികൾക്കായി വാതിൽ തുറന്നിട്ടിരിക്കുന്ന കർത്താവ് വാഴ്ത്തപ്പെട്ടവനെന്ന് അവർ പറയുകയും ചെയ്യട്ടെ. വരണ്ടഭൂമിയിൽ വിത്തുവിതയ്ക്കുന്ന സാക്ഷാൽ കർഷകൻ ഞാനാകുന്നു. ജീവനുള്ള മഴയും റൂഹായുടെ പാനീയവും ഞാൻ തന്നെ. പാപങ്ങൾ മോചിച്ചുകിട്ടുവാനായി 'ദാഹിക്കുന്നവരെല്ലാം എന്റെ അടുക്കൽവന്ന് സജീവ ഉറവയിൽനിന്നു കുടിച്ചാഹ്ലാദത്തോടെ ജീവിക്കട്ടെ' എന്നു സുവിശേഷത്തിൽ അരുളിച്ചെയ്യുന്ന നമ്മുടെ രക്ഷകന്റെ ശബ്ദം എത്ര ഇമ്പകരമാകുന്നു.

ബാറെക്മോർ.

കാർമ്മി : പിതാവിനും...

എനിക്ക് എണ്ണതരിക. അതിന്റെ വിലയായ സ്വർണ്ണനാണയം നീ വാങ്ങിക്കൊള്ളുക. അതിൽ എന്റെ കണ്ണുനീർ കലർത്തിക്കൊണ്ട് ആദ്യജാതനെ അഭിഷേകം ചെയ്യുവാനായി മേൽത്തരം എണ്ണതന്നെ എനിക്കു തരിക. ഞാൻ ദൈവത്തിൽ ശരണപ്പെട്ടിരിക്കുന്നു. നിന്നിൽനിന്ന് ഞാൻ വാങ്ങുന്ന ഈ എണ്ണയാൽ എന്റെ കടങ്ങളും പാപങ്ങളും മോചിക്കപ്പെടുമെന്നു സുഗന്ധവ്യാപാരിയോടു പറഞ്ഞ പാപിനിയായ ആ സ്ത്രീയുടെ ശബ്ദം എത്രയോ ശ്രുതിമധുരമായിരുന്നു. അവൾ എണ്ണ വാങ്ങിയപ്പോൾ നമ്മുടെ കർത്താവ് അവളുടെ വിശ്വാസം കണ്ട് അവളുടെ പാപങ്ങൾ മോചിച്ചു.

ജനം : ആദിമുതൽ...

www.malankaralibrary.com

എന്റെ കർത്താവേ, എന്റെ പാപങ്ങളിൽ ഞാൻ മരിക്കരുതേ. നിനക്കു പ്രിയപ്പെട്ട കൈക്കൂലിയായ എന്റെ കണ്ണുനീരിനെ ഇപ്പോൾ മുതൽതന്നെ നിനക്കു കാഴ്ചയണയ്ക്കുന്നു. കാളകളെ നിനക്കു ഞാൻ കാഴ്ചയണയ്ക്കുന്നില്ല. കുഞ്ഞാടുകളെയോ, മുട്ടാടുകളെയോ, പ്രാവിൻ കുഞ്ഞുങ്ങളെയോ അണയ്ക്കുന്നില്ല; പിന്നെയോ, ശെമഓന്റെ ഭവനത്തിൽവച്ച് സ്വീകരിക്കപ്പെട്ട പാപിനിയുടെ കണ്ണുനീരുപോലെ എന്റെ കണ്ണുകളിൽനിന്നു വീഴുന്ന രണ്ടുതുള്ളി കണ്ണുനീർ നീ സ്വീകരിച്ച് നിന്റെ ജനകന്റെ സ്നേഹത്താലും നിന്റെ മാതാവായ മറിയാമിന്റെ പ്രാർത്ഥനയാലും എന്റെ മേൽ കരുണതോന്നി എന്റെ കടങ്ങൾക്കു പരിഹാരം ചെയ്യണമേ.

ജനം : മൊറിയൊ റാഹേം...

## എത്രോ

ദൈവമായ കർത്താവേ, നീ സർവ്വ ചികിൽസാവിധിയുടെയും ഗുരുവും, എല്ലാ കൃപയുടെയും വിശുദ്ധിയുടെയും ദാതാവും സർവ്വവിധ സൗഖ്യവും പ്രദാനം ചെയ്യുന്നവനുമാകുന്നു. നീ മനുഷ്യായുസ്സിനെക്കുറിച്ചു സദാ ജാഗരൂകനാകുന്നു. നിന്റെ ദിവ്യ സഹായങ്ങൾ ഞങ്ങളിൽനിന്ന് നീ തടയുന്നില്ല.

*കർത്താവേ, കൃപയും ദയയും സൗഖ്യവും, ആശ്വാസവും, ധൈര്യവും, സഹായവും നിറഞ്ഞ നിന്റെ വലത്തുകൈ, ആത്മ ശരീരങ്ങളുടെ സ്വസ്ഥതയും ആശ്വാസവും നിന്നോടു യാചിക്കുന്ന നിന്റെ ഈ ദാസന്റെ (ദാസിയുടെ) മേൽ ആവസിപ്പിക്കണമേ. ഈ ദാസനിൽ (ദാസിയിൽ) നിന്നു ക്ഷീണവും രോഗവും വേദനകളും ഇല്ലാതാക്കണമേ. പ്രാതികൂല്യങ്ങളും ഉപദ്രവങ്ങളും ദുർവികാരങ്ങളും പ്രലോഭനങ്ങളും അകറ്റിക്കളയണമേ. ശക്തിയും ആരോഗ്യവും രക്ഷയും മോചനവും ഇവനു നല്കണമേ.

ഈ ദാസൻ (ദാസി) എഴുന്നേറ്റു സുസ്ഥിരപ്പെടുവാൻ തക്കവണ്ണം ഈ ദാസന് (ദാസിക്ക്) ശക്തി നല്കണമേ. ബലമുള്ള നിന്റെ വലത്തുകൈയാൽ ഈ ദാസന് (ദാസിക്ക്) സഹായം നൽകണമേ. ഈ ദാസന്റെ (ദാസിയുടെ) കടങ്ങളും പാപങ്ങളും

www.malankaralibrary.com

ക്ഷമിക്കണമേ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധാത്മാവിനെയും സ്തോത്രം ചെയ്തു വന്ദിക്കുവാൻ തക്കവണ്ണം, നിന്റെ കാരുണ്യാതിരേകം ഈ ദാസനിൽ (ദാസിയിൽ) ചൊരിഞ്ഞ് പ്രത്യക്ഷമായ അടയാളം കാണിക്കണമേ. ഈ ദാസൻ (ദാസി) നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തോത്രം ചെയ്തു വന്ദിച്ചു സ്തുതിക്കുമാറാകണമേ.

**ജനം** : ആമ്മീൻ.

## ലേഖനങ്ങൾ

യാക്കോബ് 5: 13-16

നിങ്ങളുടെ ഇടയിൽ ദുരിതം അനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ. ആഹ്ളാദിക്കുന്നവൻ സ്തുതിഗീതം ആലപിക്കട്ടെ. നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് അവനെ എഴുന്നേല്പിക്കും; അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവന് മാപ്പു നൽകും. നിങ്ങൾ സൗഖ്യം പ്രാപിക്കുവാനായി പരസ്പരം പാപങ്ങൾ ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ. നീതിമാന്റെ പ്രാർത്ഥന വളരെ ശക്തിയുള്ളതും ഫലദായകവുമാണ്. ബാറെക്മോർ.

റോമാക്കാർക്കെഴുതിയ ലേഖനം 13 : 11-14

ഇതെല്ലാം ചെയ്യുന്നത് കാലത്തിന്റെ പ്രത്യേകത അറിഞ്ഞുകൊണ്ടുവേണം. നിദ്രവിട്ട് ഉണരേണ്ട മണിക്കൂറാണല്ലോ ഇത്. എന്തെന്നാൽ, ഇപ്പോൾ രക്ഷ നമ്മൾ ആരും പ്രതീക്ഷിച്ചിരുന്നതിനേക്കാൾ കൂടുതൽ അടുത്തെത്തിയിരിക്കുന്നു. രാത്രി കഴിയാറായി; പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ

www.malankaralibrary.com

ആയുധങ്ങൾ ധരിക്കാം. പകലിനു യോജിച്ചവിധം നമുക്കു പെരുമാറാം. സുഖലോലുപതയിലോ മദ്യലഹരിയിലോ അവിഹിതവേഴ്ചകളിലോ വിഷയാസക്തിയിലോ കലഹങ്ങളിലോ അസൂയയിലോ വ്യാപരിക്കരുത്. പ്രത്യുത, കർത്താവായ യേശുമിശിഹായെ ധരിക്കുവിൻ. ദുർമോഹങ്ങളിലേക്കു നയിക്കത്തക്കവിധം ശരീരത്തെപ്പറ്റി ചിന്തിക്കാതിരിക്കുവിൻ. ബാറെക്മോർ.

## ഹുലോലോ

ഹാലേലുയ്യാ-ഉ-ഹാലേലൂയ്യാ-
എന്നാത്മാവഭയം പ്രാപിച്ചങ്ങിൽ
നിൻ ചിറകിലൊളിക്കെന്നെ ആപത്തൊഴിവോളം
ഹാലേലൂയ്യാ.

## സുവിശേഷം

മത്തായി 10:5-8

ഈ പന്ത്രണ്ടുപേരെയും യേശു ഇപ്രകാരം ചുമതലപ്പെടുത്തി അയച്ചു. നിങ്ങൾ വിജാതീയരുടെ അടുത്തേക്കു പോകരുത്; സമരിയാക്കാരുടെ പട്ടണത്തിൽ പ്രവേശിക്കുകയുമരുത്. പ്രത്യുത, ഇസ്രായേൽ വംശത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുത്തേക്കു പോകുവിൻ. പോകുമ്പോൾ ' സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു' എന്നു പ്രസംഗിക്കുവിൻ. രോഗികളെ സുഖപ്പെടുത്തുകയും, കുഷ്ഠരോഗികളെ ശുദ്ധരാക്കുകയും പിശാചുക്കളെ ബഹിഷ്കരിക്കുകയും ചെയ്യുവിൻ. ദാനമായി നിങ്ങൾക്കു കിട്ടി. ദാനമായിത്തന്നെ കൊടുക്കുവിൻ.

## മാർ യാക്കോബിന്റെ ബോവൂസോ (ആറാം രാഗം)

(സന്ധ്യാസമയം-സൂര്യപ്രഭ... എന്ന രീതി)

നാഥാ, ദേവാ, വരിക തുണയ്ക്കായ് കേഴുന്നെ-ങ്ങൾ
പ്രാർത്ഥന കേട്ടി-ട്ടാത്മാക്കളിൽ നീ-കൃപ ചെയ്താലും

ഈറയർ ദൂതൻമാർക്കുടയവനാം ദേവാ-നാഥാ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിൽ നീ കൃപ ചെയ്യണമേ.

www.malankaralibrary.com

രോഗം ബാധിച്ചാത്മാവങ്ങെ പ്രാർത്ഥിക്കുന്നു
നിൻ സേവയ്ക്കായ് എഴുന്നേറ്റീടാൻ ദർശനമേകൂ.

ശീമോൻ തന്റെ ഭാര്യാ മാതാവിനു സുഖമേകി
രോഗം വിട്ടവളെഴുന്നേറ്റങ്ങെ ശുശ്രൂഷിപ്പാൻ.

പാണിയവൾക്കേകി തൻ രോഗം രോധിച്ചല്ലോ
സ്നേഹത്താലീയാത്മത്തെ നീ താങ്ങീടേണം.

സൗഖ്യം പ്രാപിച്ചോളെന്നോണം വെളിവായ് നിന്നെ
സുവിശേഷിപ്പാനീയാത്മത്തെ ദർശിക്കേണം.

മെയ്യെ രോഗം പോലാത്മത്തെ പാപം ചുറ്റി
സൗഖ്യം നേടാനൗഷധദാനം ചെയ്യുക വൈദ്യാ.

പാപിനിയെപ്പോലിതിനെ പിഴ സമ്മർദ്ദിച്ചതിനാൽ
നൽ വൈദ്യാ നിൻ ഔഷധമേകി സംരക്ഷിക്ക.

വേദന നീങ്ങി ധൈര്യം സമ്പാദിച്ചൊരു ദേഹി
അങ്ങിൽനിന്നും സൗഖ്യം നേടി സ്തോത്രം ചെയ്യും.

നൽ വൈദ്യാ കാരുണ്യാബ്ധേ നിന്നെ വിട്ടോനാം
താതന്നും റൂഹായ്ക്കും സ്തോത്രം; കൃപ ചെയ്യേണം

ഉത്തരമരുളീടണമേ ദേവാ കൃപ ചെയ്യണമേ
മാനുഷരേ നീ അനുതാപത്തിനു പ്രേരിപ്പിക്ക.

അല്ലെങ്കിൽ

കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു, ഞങ്ങളുടെ സഹായത്തിനു നീ എഴുന്നള്ളണമേ. ഞങ്ങളുടെ പ്രാർത്ഥന കേട്ട് ഞങ്ങളിൽ കൃപ ചെയ്യണമേ.

ഈറേന്മാരുടെയും മാലാഖമാരുടെയും ഉടയവനായ കർത്താവേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളിൽ കൃപ ചെയ്യണമേ.

രോഗിയായ ഈ ദാസൻ (ദാസി) നിന്നോടപേക്ഷിക്കുന്നു. നിന്നെ ശുശ്രൂഷിക്കുവാൻ വേണ്ടി രോഗം വിട്ടെഴുന്നേൽക്കുവാൻ ഈ ദാസനെ (ദാസിയെ) സന്ദർശിക്കണമേ.

www.malankaralibrary.com

ശെമഓന്റെ അമ്മായിയമ്മയെ നീ സുഖമാക്കിയപ്പോൾ അവൾ ശക്തിപ്രാപിച്ച് നിനക്കു ശുശ്രൂഷ ചെയ്യുവാനായി എഴു ന്നേറ്റു. നീ അവളുടെ കൈയ്ക്കു പിടിച്ച് രോഗത്തിൽനിന്നും അവളെ രക്ഷിച്ചു. നിന്റെ സ്നേഹത്താൽ ഈ ദാസനെ (ദാസിയെ) നീ താങ്ങണമേ.

നിന്നിൽനിന്നു സുഖം പ്രാപിച്ച രോഗിണിയെ എന്നപോലെ ബലഹീന(യാ)നായ ഈ ദാസനെയും (ദാസിയെയും) സന്ദർശിക്കണമേ. നിന്റെ വചനത്താൽ ഈ ദാസനും (ദാസിയും) മുഖപ്രസന്നതയോടുകൂടെ നിൽക്കും.

ശരീരത്തെ രോഗം ബാധിച്ചതുപോലെ ഈ ആത്മാവിനെ പാപം ക്ലേശിപ്പിക്കുന്നതിനാൽ അതിനു നീ ഔഷധം നൽകണമേ.

പാപിനിയെ എന്നപോലെ, പിഴകൾ ഈ ആത്മാവിനെ താറു മാറാക്കിയതുകൊണ്ട് ജ്ഞാനിയായ വൈദ്യാ, ഇതിനെ നീ ഔഷധം പുരട്ടി സുഖമാക്കണമേ.

കർത്താവേ, രോഗബന്ധിതയായ ഈ ആത്മാവ് തന്റെ നൊമ്പരം മറന്ന് ആരോഗ്യം വീണ്ടെടുത്ത്, നിന്നിൽനിന്നു ശക്തി പ്രാപിച്ച് നിന്നെ മഹത്ത്വപ്പെടുത്തും.

കരുണയേറിയ നല്ല വൈദ്യാ, നിനക്കും, നിന്നെ അയച്ച പിതാവിനും പരിശുദ്ധാത്മാവിനും സ്തുതി. ഞങ്ങളിൽ കരുണ ഉണ്ടാകണമെ.

ദൈവമേ, എന്നോടുത്തരമരുളി കരുണ കാണിക്കുകയും മനുഷ്യഹൃദയങ്ങളെ അനുതാപത്തിലേക്ക് തിരിക്കുകയും ചെയ്യണമേ.

## പ്രാർത്ഥന

*ഞങ്ങളുടെ മിശിഹാതമ്പുരാനേ, നീ സാക്ഷാൽ ഉത്തമ വൈദ്യനാകുന്നു. രഹസ്യവും പരസ്യവുമായ ഏതു കഠിന രോഗവും നിഷ്പ്രയാസം സുഖപ്പെടുത്തുവാൻ നീ ശക്തനാകുന്നു. രോഗാവസ്ഥയിൽ നിന്റെ ദയയിൽ അഭയം തേടി വേദനയിൽ സഹായവും അവയവങ്ങൾക്കു സ്വസ്ഥതയും നിന്റെ കരുണയോട് യാചിക്കുന്ന ഈ നിന്റെ ദാസന് (ദാസിയ്ക്ക്)

www.malankaralibrary.com

വേണ്ടി ഞങ്ങൾ ഇപ്പോൾ നിന്റെ കരുണയോടപേക്ഷിക്കുന്നു. ഈ ദാസന്റെ (ദാസിയുടെ) വേദനകളെ വിലക്കണമേ; രോഗം സുഖപ്പെടുത്തണമേ; ക്ലേശങ്ങൾ ശമിപ്പിക്കണമേ. സകല ശിക്ഷ കളും കോപഫലമായ ദണ്ഡനങ്ങളും ഈ ദാസനിൽനിന്ന് (ദാസിയിൽനിന്ന്) ഒഴിവാക്കണമേ. ഈ ദാസൻ (ദാസി) എഴുന്നേറ്റ് നിന്റെ സർവ്വ കൃപകളെക്കുറിച്ച് നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും, എല്ലായ്പോഴും, എന്നേയ്ക്കും സ്തോത്രം നൽകുമാറാകണമേ. ആമ്മീൻ.

### രോഗിയുടെ തലയിൽ കൈവച്ചുകൊണ്ടുള്ള പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, ബലമേറിയതും സഹായപൂർണ്ണവുമായ നിന്റെ വലത്തുകൈ സ്നേഹപൂർവ്വം ഈ ദാസനിൽ (ദാസിയിൽ) ആവസിപ്പിക്കുവാൻ വേണ്ടി എന്റെ ബലഹീനമായ കൈ തിരുനാമത്തിൽ ഈ ദാസന്റെ (ദാസിയുടെ) മേൽ വയ്ക്കുന്നു. കർത്താവേ, നിന്റെ കാരുണ്യത്തിനും മനുഷ്യസ്നേഹത്തിനും ചേർന്നവിധം ഈ ദാസനെ (ദാസിയെ) കടാക്ഷിച്ച്, ബലഹീനനായ ഈ ദാസനിൽ (ദാസിയിൽ) നിന്റെ കരുണ ചൊരിയണമേ. നിന്നിലുള്ള പ്രത്യാശകൊണ്ടും അജയ്യമായ സത്യം കൊണ്ടും ഈ ദാസനെ (ദാസിയെ) ബലപ്പെടുത്തണമേ. എല്ലാവിധ വേദനകളും രോഗങ്ങളും കഠിനശിക്ഷകളും ശക്തിക്കതീതമായ പരീക്ഷകളും ഈ ദാസനിൽ (ദാസിയിൽ)നിന്ന് നീക്കണമേ. നിന്നിൽനിന്നുള്ള യഥാർത്ഥ ശക്തി ഈ ദാസന് (ദാസിക്ക്) കൊടുക്കണമേ. നിന്റെ രക്ഷയാൽ, മ്ളാനത നീക്കി ഈ ദാസനെ (ദാസിയെ) സന്തോഷിപ്പിക്കണമേ.

ഈ ദാസൻ (ദാസി) നീതീകരിക്കപ്പെട്ടവനാ(ളാ)യി, നിന്റെ മുമ്പാകെ നിന്നുകൊണ്ട് മുടക്കംകൂടാതെ നിന്റെ കൃപയ്ക്കു സ്തോത്രം നൽകുകയും നിന്റെ ദൈവത്വത്തെ ആരാധിച്ചു മഹത്വപ്പെടുത്തുകയും ചെയ്യുവാൻ ഇടയാക്കണമേ.

ജനം : ആമ്മീൻ.

www.malankaralibrary.com

രോഗി മൗദ്യോനീസാ പ്രാർത്ഥന ചൊല്ലിയശേഷം പാപങ്ങൾ ഏറ്റുപറയുന്നു

ബഹുമാനപ്പെട്ട പിതാവേ, ശരീരത്തിലും ആത്മാവിലും ഞാൻ പാപിയാകുന്നു. എന്റെ പാപങ്ങളെപ്പറ്റി ഞാൻ ദു:ഖിക്കുന്നു. അനുതാപിയായ എന്നെ സ്വീകരിച്ച്, എനിക്കു മോചനം നൽകണമേ.

അല്ലെങ്കിൽ

ബഹുമാനപ്പെട്ട പിതാവേ, ശരീരത്തിന്റെ ഇന്ദ്രിയങ്ങളായ കണ്ണ്, മൂക്ക്, ചെവി, സ്പർശനം, നാവ് എന്നിവയിലും ആത്മാവിന്റെ ഇന്ദ്രിയങ്ങളായ ബോധം, നിരൂപണം, ഗ്രഹണ ശക്തി, വിശേഷജ്ഞാനം, തിരിച്ചറിവ് എന്നിവയിലും ഞാൻ പാപം ചെയ്തു.

*ധൂർത്തനായ പുത്രനെപ്പോലെ അനുതാപിയായ എന്നെ സ്വീകരിക്കണമേ. എന്റെ സകല പ്രവൃത്തികളിലും ഞാൻ പാപിയാകുന്നു. നോമ്പിലും പ്രാർത്ഥനയിലും ഞാൻ അലസത കാണിച്ചു. ഞാൻ അസൂയക്കാരനും(രിയും), അത്യാഗ്രഹിയും, സുഖതൽപ്പരനും(യും), കോപിഷ്ഠനു(യു)മാകുന്നു. കാണാത്തവ ഞാൻ സംസാരിക്കുകയും മനുഷ്യരുടെ ഇടയിൽ വിരുദ്ധത ഉണ്ടാക്കുകയും ചെയ്തു. പിതാവേ, മോചനം തന്ന് എന്നെ അനുഗ്രഹിക്കണമേ.

കാർമികൻ താഴെ വരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട്
രോഗിയുടെ നെറ്റിയിൽ തൈലം പൂശുന്നു.

**നീ വെടിപ്പാക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടട്ടെ. മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും നീ ചെയ്തുപോയിട്ടുള്ള നിന്റെ കടങ്ങളും പാപങ്ങളും ക്ഷമിക്കപ്പെടട്ടെ. സകല ദുർവിചാരങ്ങളും പൈശാചിക വ്യാപാരങ്ങളും നിന്നിൽനിന്ന് മായിക്കപ്പെടട്ടെ (ബാറെക്മോർ). ✠പിതാവിന്റെ നാമത്തിൽ (ആമ്മീൻ) ✠പുത്രന്റെ നാമത്തിൽ (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ).**

www.malankaralibrary.com

മറ്റവയവങ്ങളിൽ തൈലം പൂശുന്നെങ്കിൽ താഴെവരുംപ്രകാരം അതിന്റെ പേരു പറഞ്ഞ് അഭിഷേകം നടത്തണം. ഈരണ്ടു അവയവമായിരുന്നാൽ വലത്തേതിൽ രണ്ടും ഇടത്തേതിൽ ഒന്നുമായി മുദ്രകുത്തുന്നു.

## കണ്ണുകളിൽ

**ഈ വിശുദ്ധ തൈലവും തന്റെ കരുണയുംമൂലം കണ്ണുകൾകൊണ്ട് നീ ചെയ്ത സകല തെറ്റുകളും ദൈവം നിന്നോടു ക്ഷമിക്കട്ടെ (ബാറെക്മോർ). ✠ പിതാവിന്റെ നാമത്തിൽ (ആമ്മീൻ) ✠പുത്രന്റെ നാമത്തിൽ (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ).**

തുടർന്നു അവയവത്തിന്റെ പേരു മാറ്റിപ്പറയണം

**ഘ്രാണേന്ദ്രിയംകൊണ്ട്:**
**അധരങ്ങൾ, വായ്, നാവ് ഇവകൊണ്ട്:**
**കാതുകൾകൊണ്ട്:**
**കൈകൾ കൊണ്ട്:**
**കാലുകൾകൊണ്ട്: സ്പർശനംകൊണ്ട്:**

അനന്തരം ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ, ഹൂത്തോമോ ഇവ ചൊല്ലി ശുശ്രൂഷ അവസാനിപ്പിക്കുന്നു.

❖

www.malankaralibrary.com

# പുരുഷന്മാരുടെ മൃതസംസ്കാരം

## ഒന്നാം ശുശ്രൂഷ

### കൗമാ

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

### പ്രാരംഭപ്രാർത്ഥന

കർത്താവേ, കഷ്ടതകളും ദു:ഖങ്ങളും നിറഞ്ഞ ലോകത്തിൽനിന്നു വേർപിരിഞ്ഞ് യാത്രയായിരിക്കുന്ന ഈ ആത്മാവ് ആശ്വാസവും ആനന്ദവും നിറഞ്ഞ സ്ഥലങ്ങളിലേക്കു നിന്റെ വിശുദ്ധ മാലാഖമാരാൽ നയിക്കപ്പെടുവാൻ ഇടയാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, ഉയിർപ്പു ദിവസംവരെ ഈ ആത്മാവ് അവിടെ ആനന്ദിച്ചു മുഖപ്രസന്നതയോടെ നിന്നെ എതിരേൽക്കുവാനും ഇടയാകണമേ.

മോറാൻ വാലോഹാൻ ല്ഒൽമ്മീൻ.

ജനം : ആമ്മീൻ.

### മസ്മൂറ 51

### എനിയോനൊ

(കാദീശൊ ദശറിശ്കിൻ തേ... എന്ന രീതി)

ദൈവമേ, നിന്റെ കൃപയിൻപ്രകാരം എന്നോടു കരുണ ചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

ആദാമ്യർക്കാ-യുത്ഥാനം
വാഗ്ദാനം ചെ-യ്തോൻ മിശിഹാ
നിൻ ശരണത്തിൽ നിദ്രിതരാം
ഭക്തർക്കരുളണ മു-ത്ഥാ-നം.

www.malankaralibrary.com

എന്റെ അന്യായത്തിൽനിന്നു എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽനിന്നു എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാനറിയുന്നു; എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെയിരിക്കുന്നു.

താൽക്കാലിക ജീ-വനിൽനിന്നും
ദാസനെ വേറാ-ക്കിയ മിശിഹാ
കനിവോടു കൈക്കൊള്ളണമിവനെ
ശിക്ഷാവിധിയതിലേ-റ്റല്ലേ.

നിനക്കെതിരായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അതു നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്‌വാനായിട്ടുതന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

വെളിവായെല്ലാം തൃക്കണ്ണാൽ
കാണും മിശിഹാ രാജാവേ,
നിൻ മഹിമോദയ ദിവസത്തിൽ
ഇവനുടെ കറ വെളിവാക്കല്ലേ.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെണ്മയാക്കണമേ ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെൺമയാകും.

നിൻ ശരണത്തിൽ നിദ്രിതനാം
ദാസനെയോർത്തീടുക മിശിഹാ
നിൻ മഹിമോദയ ദിവസത്തിൽ
വലംഭാഗത്തായ് ചേർക്കേണം.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ടെന്നെ തൃപ്തിയാക്കണമേ. ക്ഷീണമുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും.

www.malankaralibrary.com

എന്റെ പാപങ്ങളിൽനിന്നു നിന്റെ തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചുകളയണമേ.

സ്വർഗ്ഗകവാടം തുറന്നീടും
പറുദീസിൻ താക്കോൽ മിശിഹാ
തവ ശരണേ മൃതനാം ദാസ-
ന്നൻപാൽ വാതിൽ തുറക്കേണം.

ദൈവമേ, ഒരു വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ. നിന്റെ തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതേ, നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കുകയുമരുതേ.

പോവുക സഹജാ കരയരുതേ
പാർപ്പിക്കും നാഥൻ പ്രഭയിൽ
പറുദീസാ കാക്കും ക്രോബേർ
പാതയൊരുക്കും നിൻ മുമ്പിൽ.

എന്നാലോ, നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമേ. മഹത്ത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും; പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

മൃതരിൽ നിന്നും ലാസറിനെ
ആഹ്വാനം ചെയ്തൊരു നാദം
കബറിൽനിന്നും പറുദീസിൽ
നിന്നേയും വിളി ചെയ്തേറ്റും.

എന്റെ ദൈവമേ, എന്റെ രക്ഷയുടെ ദൈവമേ, രക്തത്തിൽനിന്ന് എന്നെ രക്ഷിക്കണമേ, എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ, എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ; എന്റെ വായ് നിന്റെ സ്തുതികൾ പാടും.

www.malankaralibrary.com

മിശിഹാ രാജാ സ്രഷ്ടാവേ
രഹസ്യം സർവ്വം കാൺമോനേ
നാഥാ, കൃപയാൽ ഞങ്ങളെ നിൻ
ചിറകിൻ നിഴലിൽ ചേർക്കേണം.

എന്തെന്നാൽ, ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ നീ രമ്യപ്പെട്ടുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു; ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻ ശരണത്തിൽ നിൻ കൃപയിൽ
നിദ്രിതനാമീ സോദരനെ
നിൻ മഹിമാഗമ ദിവസത്തിൽ
നിൻ കൃപ എതിരേറ്റീടേണം. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

നിന്റെ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമേ; ഊർശ്ലേമിന്റെ മതിലുകൾ പണിയണമേ. അപ്പോൾ ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും; അപ്പോൾ നിന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും

പിതൃസുത പരിശുദ്ധത്മാവാം
സത്യൈകപരാ-നിൻ വിധിയാൽ
വേർപെട്ടോരാത്മാവേവം
അങ്ങേക്കായ് സ്തുതിയേകിടും.
മൊറിയൊ റാഹേം...

അല്ലെങ്കിൽ

മൺമയനായ ആദാമിന്റെ മക്കൾക്ക് പുനരുത്ഥാനം വാഗ്ദാനം ചെയ്ത മിശിഹാ, നിന്നിലുള്ള പ്രത്യാശയോടുകൂടെ മരിച്ചു വിശ്രമമടഞ്ഞ നിന്റെ ആരാധകരെ ജീവൻ നൽകി ഉയിർപ്പിക്കണമേ.

www.malankaralibrary.com

മിശിഹാ തമ്പുരാനേ, നിന്റെ കൽപന, ഈ താൽക്കാലിക ജീവിതത്തിൽനിന്ന് ഈ ദാസനെ വേർപ്പെടുത്തി. ഈ ദാസനെ നീ ന്യായവിധിയിൽ പ്രവേശിപ്പിക്കാതെ കരുണാപൂർവ്വം സ്വീകരിക്കണമേ.

മിശിഹാ രാജാവേ, നിന്റെ തൃക്കണ്ണുകൾക്കു മുമ്പിൽ എല്ലാം സ്പഷ്ടമാകുന്നു. നിന്റെ മഹത്ത്വ പ്രത്യക്ഷതയുടെ ദിവസത്തിൽ ഈ ദാസന്റെ പാപങ്ങൾ നീ വെളിപ്പെടുത്തരുതേ. മിശിഹാതമ്പുരാനേ, നിന്നിലുള്ള പ്രത്യാശയോടുകൂടെ നിദ്രയടഞ്ഞ ഈ ദാസനെ ഓർക്കണമേ. നിന്റെ മഹത്ത്വപ്രത്യക്ഷതയുടെ ദിവസത്തിൽ നിന്റെ വലത്തു ഭാഗത്തു ഈ ദാസനെ നിർത്തണമേ.

സ്വർഗകവാടം തുറക്കുന്ന പറുദീസായുടെ താക്കോലായ മിശിഹാതമ്പുരാനേ, നിന്നിലുള്ള പ്രത്യാശയോടെ നിദ്ര പ്രാപിച്ച ഈ ദാസനു കരുണയുടെ വാതിൽ തുറന്നു കൊടുക്കണമേ.

സഹോദരാ, നീ വിഷാദം കൂടാതെ പോവുക. എന്തെന്നാൽ, കർത്താവ് തന്റെ പ്രകാശത്തിൽ നിന്നെ വസിപ്പിക്കും. പറുദീസാ കാക്കുന്ന ക്രോബേമാലാഖ നിന്റെ മുമ്പിൽ വഴി ഒരുക്കും.

മരിച്ചവരുടെ ലോകത്തിൽനിന്ന് ലാസറിനെ ഉയിർപ്പിച്ച ശബ്ദം തന്നെ, കബറിൽനിന്നു നിന്നെയും വിളിച്ച് പറുദീസായിലേക്കു കൊണ്ടുപോകും.

എല്ലാ രഹസ്യങ്ങളും തന്റെ മുമ്പിൽ വെളിപ്പെട്ടിരിക്കുന്ന സൃഷ്ടികളുടെ ഉടയവനായ മിശിഹാതമ്പുരാനേ, കരുണാപൂർവ്വം ഞങ്ങളെ നിന്റെ ചിറകിൻ കീഴിൽ മറച്ചുകൊള്ളണമേ. നിന്നിലുള്ള പ്രത്യാശയിലും നിന്റെ കരുണയുടെ വിശ്വാസത്തിലും നിദ്രപ്രാപിച്ച ഞങ്ങളുടെ ഈ സഹോദരൻ, നിന്റെ വരവിന്റെ വലിയ ദിവസത്തിൽ നിന്റെ കൃപ ദർശിക്കുമാറാകണമേ.

ബാറെക്മോർ.

കാർമി : പിതാവിനും...

ജനം : ആദിമുതൽ...

www.malankaralibrary.com

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സത്യൈക ദൈവമേ, നിന്റെ ആജ്ഞയാൽ കൂട്ടിക്കൊണ്ടുപോയ ഈ ആത്മാവ് നിനക്കു സ്തുതിയും സ്തോത്രവും അർപ്പിക്കും.

മൊറിയൊ റാഹേം...

## പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, നിന്റെ കർത്തൃകല്പനയാൽ ഇവിടെനിന്നും വേർപെട്ടുപോയ ഈ ആത്മാവിനുവേണ്ടി, നിന്നിൽ അഭയം പ്രാപിച്ചുകൊണ്ട് ഞങ്ങൾ അപേക്ഷിക്കുന്നു.

*കർത്താവേ, ക്രൂരന്മാരായ അശുദ്ധ പിശാചുക്കളുടെ പിടിയിൽനിന്നും വായുമണ്ഡലത്തിലെ അദൃശ്യ ശത്രുക്കളുടെ വഞ്ചകസമൂഹത്തിൽനിന്നും ഈ ആത്മാവിനെ രക്ഷിച്ച് സ്വതന്ത്രമാക്കണമേ.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, ഈ ദാസൻ ജീവനുള്ളവരുടെ വാസസ്ഥലങ്ങളിൽ ചെന്നുചേരുകയും നിന്റെ വിശുദ്ധന്മാരുടെ പട്ടണത്തിൽ അധിവസിക്കുകയും, വെടിപ്പുള്ളവരുടെ സ്ഥലത്തു താമസിക്കുകയും ചെയ്യുമാറാകണമേ.

ജനം : ആമ്മീൻ.

## കുക്കിലിയോൻ (അഞ്ചാം രാഗം)

(നാഥാ എൻ പ്രാർത്ഥന കേൾക്കണമേ - ഹാലേ - എന്ന രീതി)

എന്നാത്മാവിനെ നിങ്കലുയർത്തുന്നേൻ
നാഥാ-ഹാലേ-ഏ-ലുയ്യാ
നീയെൻശരണം ലജ്ജിക്കരുതേ ഞാൻ
വൈരികളെന്നൊടു ഗർവം കാട്ടരുതേ-ഹാ-
നിന്നാശ്രിതരാരും ലജ്ജി-ച്ചീടരുതേ.
ലജ്ജിക്കുമധർമ്മികളവരുടെ വ്യർത്ഥതയിൽ-ഹാ-
നിൻപാതകളെന്നെ-കാട്ടിടുക.
അറിയിക്കണമെന്നെ നിൻ ചെറുവഴികൾ-ഹാ-
നേരിൽ നയിച്ചെന്നെ പരിശീ-ലിപ്പിക്ക. ബാറെക്മോർ.

www.malankaralibrary.com

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

അല്ലെങ്കിൽ

കർത്താവേ, എന്റെ ആത്മാവിനെ നിന്റെ സന്നിധിയിലേക്ക് ഞാനുയർത്തി. ദൈവമേ, നിന്നിൽ ഞാനാശ്രയിച്ചു. ഞാനൊരിക്കലും ലജ്ജിതനാകാതിരിക്കട്ടെ.

ശത്രുക്കൾ എന്റെ മേൽ പ്രശംസിക്കരുതേ. നിന്നിൽ ശരണപ്പെടുന്ന ഒരുവനും ലജ്ജിക്കുകയില്ല.

അന്യായക്കാർ അവരുടെ വ്യർത്ഥതയിൽ ലജ്ജിക്കും. കർത്താവേ, നിന്റെ വഴികൾ എന്നെ കാണിക്കണമേ.

നിന്റെ ഊടുവഴികൾ എനിക്കു മനസ്സിലാക്കിത്തരണമേ. നിന്റെ സത്യത്തിൽ എന്നെ നടത്തുകയും പഠിപ്പിക്കുകയും ചെയ്യണമേ. ബാറെക്മോർ.

കാർമി : പിതാവിനും...

ജനം : ആദിമുതൽ...

## എക്ബോ

(പൗലോസ് ശ്ലീഹാ... എന്ന രീതി)

മിശിഹാ നാഥാ, ദാസർക്കേകണമാശ്വാസം
നീയും മൃതനായ് തീർന്നല്ലോ
ജീവൽ പുനരുത്ഥാനം നീ
മൃതരോടറിയിച്ചു നാഥാ
പാതാളത്തിൻ നാശത്തിൽ
നിന്നെഴുന്നേൽപ്പിച്ചീടാമെ-
ന്നവരൊടു വാഗ്ദാനം ചെയ്തു
ആശ്വാസമവർക്കേകണമേ
പുനരുത്ഥാന മഹാ-നാ-ളിൽ.

www.malankaralibrary.com

അല്ലെങ്കിൽ

മിശിഹാതമ്പുരാനേ, നിന്റെ ദാസർക്ക് ആശ്വാസവും സന്തോഷവും നൽകണമേ. നീ മരിച്ചവരോടൊപ്പം ഗണിക്കപ്പെട്ടവനാണല്ലോ. യഥാർത്ഥ ജീവനും, നീതിമാന്മാരുടെ പുനരുത്ഥാനവും നീ അവരോടു പ്രസംഗിച്ചു. പാതാളത്തിലെ നാശത്തിൽനിന്ന് അവരെ എഴുന്നേൽപ്പിക്കാമെന്നുള്ള നിന്റെ വാഗ്ദാനപ്രകാരം ഉയിർപ്പുദിവസത്തിൽ അവരെ നീ ആശ്വസിപ്പിക്കണമേ.

ശുശ്രൂ : സ്തൗമെൻകാലോസ്

ജനം : കുറിയേലായിസ്സോൻ

കാർമി : നാമെല്ലാവരും...

ജനം : കാരുണ്യവാനായ...

പുരോ : സ്തുതിയും സ്തോത്രവും...

## പ്രുമിയോൻ

സ്വന്ത സാദൃശ്യത്തിൽ ഞങ്ങളെ രൂപപ്പെടുത്തിയ ഉത്തമനും, സ്വന്തഛായയിൽ ഞങ്ങളെ സൃഷ്ടിച്ച നിർമ്മാതാവും, സ്വന്ത ആത്മാവാൽ ഞങ്ങളെ ജീവിപ്പിച്ച സ്രഷ്ടാവും, മണ്ണുകൊണ്ട് ഞങ്ങളെ മെനഞ്ഞുണ്ടാക്കിയ ശില്പിയും, തന്റെ നീതിയാൽ അതിലേക്കുതന്നെ ഞങ്ങളെ തിരിച്ചയക്കുകയും, തന്റെ കൃപയാൽ അതിൽനിന്ന് ഞങ്ങളെ പുനർജ്ജീവിപ്പിക്കുകയും ചെയ്യുന്നവനായ തനിക്ക് തന്റെ ദാസന്റെ മൃതസംസ്കാരകർമ്മം നിർവഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും കാലങ്ങളിലും നാഴികകളിലും സമയങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

ജനം : ആമ്മീൻ.

www.malankaralibrary.com

## സെദ്റാ

മഹാശക്തനും യോദ്ധാവും ഭയങ്കരനും സകലത്തെയും ഭരിക്കുന്നവനുമായ കർത്താവേ, നിന്റെ വചനപ്രകാരം സകലവും ഉളവാകുകയും നിന്റെ ആജ്ഞയാൽ സകലവും നശിക്കുകയും ചെയ്യുന്നു. നിന്റെ തിരുവിഷ്ടത്താൽ ജീവനും നിന്റെ ആംഗ്യത്താൽ അവസാനവും സംഭവിക്കുന്നു. ദൈവമേ, നീ ജീവപ്രാണവും സകലത്തെയും ജീവിപ്പിക്കുന്നവനുമാകുന്നു. നിന്നിലുള്ള പ്രത്യാശയിൽ അപകടപൂർണ്ണമായ ജീവിതമാകുന്ന ഈ താൽക്കാലിക വിദേശവാസത്തിൽനിന്നു യാത്രയായി നിദ്ര പ്രാപിച്ചിരിക്കുന്ന ഈ ദാസനിൽ കനിയണമേ. നിന്റെ ആശ്വാസ ഭവനങ്ങളിലേക്കു ഈ ദാസൻ പ്രവേശിക്കുവോളം വിശുദ്ധ സേനകളാൽ ഈ ദാസനെ സഹായിക്കണമേ.

മഹാകാരുണ്യവാനായ ദൈവമേ, നിന്റെ ശ്രേഷ്ഠത ഉദിക്കുകയും കർത്തൃത്വം ആഘോഷിക്കപ്പെടുകയും രാജത്വം വെളിപ്പെടുകയും വല്ലഭത്വം അറിയപ്പെടുകയും നിന്നെക്കുറിച്ചുള്ള ഭയം എല്ലാവരിലും ഉളവാകുകയും ചെയ്യുന്ന പുനരുത്ഥാനത്തിന്റെ ആ അവസാനനാളിൽ നിന്റെ ദാസന്റെ ആത്മാവിനെ ശിക്ഷാവിധിയിൽനിന്നും ദണ്ഡനങ്ങളിൽ നിന്നും നീ സംരക്ഷിക്കണമേ.

ആ ദിവസം മാലാഖമാർ കാഹളം ഊതുകയും പ്രധാന മാലാഖമാർ അട്ടഹസിക്കുകയും അഗ്നിമയന്മാരുടെ സംഘം മുഴുവനും നിന്റെ ഭയങ്കര ശക്തിപ്രാഭവത്തെ ആഘോഷിക്കുകയും ചെയ്യും. അപ്പോൾ സാമ്രാജ്യങ്ങൾ നശിക്കുകയും, ഭരണകൂടങ്ങൾ അഴിഞ്ഞുപോകുകയും, നിഗളികളുടെ സിംഹാസനങ്ങൾ നാശത്തിലേക്കു മറിച്ചിടപ്പെടുകയും, സംവത്സരങ്ങൾ വിച്ഛേദിക്കപ്പെടുകയും, ദിനരാത്രങ്ങൾ മാഞ്ഞുപോകുകയും, സൃഷ്ടി മുഴുവനും നാമാവശേഷമാകുകയും ചെയ്യും. അപ്പോൾ ആകാശം ഇളകുകയും സൂര്യൻ ഇരുണ്ടുപോകുകയും, ചന്ദ്രനും നക്ഷത്രങ്ങളും കാർമേഘാവൃതമാവുകയും ചെയ്യും. ആ സമയം, നീ ഭയജനകമാംവിധം ആഗതനാകുകയും തേജസ്സോടെ കാണപ്പെടുകയും, എല്ലാ ഭൂഭാഗങ്ങളെയും അതിർത്തികളെയും ഭയത്തോടും വിറയലോടുംകൂടെ നിറുത്തുകയും ചെയ്യും.

www.malankaralibrary.com

*അപ്പോൾ നീതിമാന്മാർ ആനന്ദിക്കുകയും പുണ്യവാന്മാർ സന്തോഷിക്കുകയും പ്രകാശത്തിന്റെ മക്കളെല്ലാവരും നിന്നെ എതിരേൽക്കുവാൻ പുറപ്പെട്ടുവരികയും ചെയ്യും; ദുഷ്ടന്മാർ നിരാശരാവുകയും അവിശ്വാസികൾ ദു:ഖിക്കുകയും അധർമ്മികൾ ലജ്ജിക്കുകയും ചെയ്യും. നിന്റെ മഹിമാസനം സജ്ജമാക്കപ്പെടുകയും നിന്റെ സന്തോഷപ്രദമായ ശബ്ദം സകല ജഡത്തെയും കൂട്ടിച്ചേർക്കുകയും ചെയ്യും. നീതി കോപിക്കുകയും അഗ്നി ജ്വലിക്കുകയും വാൾ മൂർച്ചകൂട്ടപ്പെടുകയും അന്ധകാരം രൂക്ഷമാകുകയും നാശവും ദണ്ഡനവും പാഞ്ഞെത്തുകയും, പല്ലുകടി കേൾക്കപ്പെടുകയും ഉത്തമന്മാർ വേർതിരിക്കപ്പെടുകയും പാപികൾ വിധിക്കപ്പെടുകയും സർവ്വജനങ്ങളുടെയും പ്രവൃത്തികൾ പരസ്യമായി പരിശോധിക്കപ്പെടുകയും ചെയ്യുന്ന ആ നാഴികയിൽ അവിടെയുള്ള ശിക്ഷാവിധിയിൽനിന്നും ദണ്ഡനങ്ങളിൽനിന്നും ഈ നിന്റെ ദാസന്റെ ആത്മാവിനെ സംരക്ഷിച്ചുകൊള്ളണമേ. നിന്റെ മനുഷ്യസ്നേഹം മൂലം ഈ ദാസനിൽ കരുണ ചെയ്യണമേ.

ഈ ദാസൻ ചെയ്തുപോയ ഹീനകർമ്മങ്ങൾ പരിഗണിക്കരുതേ; ഈ ദാസൻ ചെയ്ത പാപങ്ങൾ നീ ഓർക്കുകയുമരുതേ. ഭയങ്കരമായ ന്യായവിധിയിൽ ഈ ദാസനെ നീ കുറ്റക്കാരനായി വിധിക്കരുതേ; നിരാശ്യിലേക്ക് വിടുകയുമരുതേ. ഈ ദാസനെ അഗ്നിക്കവകാശമായി നീ നിശ്ചയിക്കരുതേ, നിന്റെ കൃപയിൽനിന്ന് വിരോധിക്കപ്പെടുകയുമരുതേ. നിന്നെ സ്നേഹിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽനിന്ന് ഈ ദാസൻ വേർതിരിക്കപ്പെടുവാൻ ഇടയാക്കരുതേ. പ്രത്യുത, നിന്റെ കരുണയുടെ ചിറകുകൾ വിരിച്ച് ഈ ദാസനെ സംരക്ഷിക്കണമേ. നിന്റെ ദിവസത്തെ സന്തോഷപൂർവ്വം കാത്തിരിക്കുന്ന നിന്റെ എല്ലാ സ്നേഹിതന്മാരും വൽസലരും ഈ ദാസനുവേണ്ടി നിന്നോടപേക്ഷിക്കും. നിന്റെ രാജ്യത്തിന് ഈ ദാസനെ അർഹനാക്കണമേ. നിന്റെ മണവറയിൽ ഈ ദാസനെ പ്രവേശിപ്പിക്കണമേ. മുഖപക്ഷമില്ലാത്തവനും, പ്രവൃത്തികൾക്കു തക്കവണ്ണം പ്രതിഫലം നൽകു

www.malankaralibrary.com

ന്നവനും, നീതിയും സത്യവുമുള്ളവനുമായ ന്യായാധിപാ, ഈ ദാസൻ നിന്റെ കൃപയ്ക്കു സ്തുതി പാടുവാൻ ഇടയാക്കണമേ. നിനക്ക് നിന്റെ പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും, സ്തോത്രവും അനുയോജ്യമാകുന്നു.

ജനം : ആമ്മീൻ.

കാർമി : ദൈവത്തിൽനിന്ന്...

## തക്ശപ്ത്തൊ

(സ്തുത്യൻ പുനരുത്ഥാനത്തെ... എന്ന രീതി)

സ്ഥാനഭ്രംശത്താൽ സൃഷ്ടി
അഖിലം ഭ്രമപൂർവം മറിയുമ്പോൾ
ദിനകരനമ്പിളി താരകളും
പ്രഭയില്ലാതായ് മറയുന്നു
ലോകം സ്രഷ്ടാവിൻ വാക്കാൽ
അന്ത്യം പൂകും, കബർ പൊളിയും
മൃതരുത്ഥിതരാകും,
വിധിഗേഹം പ്രാപിച്ചീടും.

അല്ലെങ്കിൽ

സർവ്വ സൃഷ്ടികളും അവയുടെ അടിസ്ഥാനത്തിൽനിന്ന് ഇളകിവീഴുകയും, സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളും വെളിച്ചം തരാത്തവണ്ണം ശൂന്യമാവുകയും, സ്രഷ്ടാവിന്റെ കല്പനപ്രകാരം ലോകം അതിന്റെ അന്ത്യത്തിലേക്ക് വന്നണയുകയും, കല്ലറകൾ കുലുങ്ങി തുറക്കപ്പെടുകയും, അവയിലുള്ള മരിച്ചവർ നീതി നിഷ്ഠവും നിഷ്പക്ഷവുമായ വിധിയിൽ പ്രതിഫലം പ്രാപിക്കുന്നതിന് ന്യായാസനത്തിലേക്ക് ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുമ്പോൾ, കർത്താവേ, ഞങ്ങളോടു കൃപയുണ്ടായി ഞങ്ങളെ സഹായിക്കണമേ.

ജനം : മൊറിയൊ റാഹേം...

www.malankaralibrary.com

## എത്രോ

കർത്താവേ, സത്യവിശ്വാസത്തോടും സൽപ്രവൃത്തികളോടും കൂടെ ഈ ലോകത്തിൽനിന്നു യാത്ര പുറപ്പെട്ടിരിക്കുന്ന വിശ്വാസിയായ ഈ ദാസന്റെ ആത്മാവിന് നീ മോചകനും പാപ പരിഹാരകനും ആയിരിക്കണമേ. ഈ ദാസൻ ജീവിതകാലത്ത് ചെയ്തിട്ടുള്ള എല്ലാ പാപങ്ങളും, തെറ്റുകുറ്റങ്ങളും, കരുണയും, വാഴ്വുകളും നിറഞ്ഞിരിക്കുന്ന നിന്റെ കരുണാസമുദ്രത്തിൽ നിശ്ശേഷം കഴുകിക്കളയണമേ. ജീവിപ്പിക്കുന്നതായ നിന്റെ ദൈവത്വത്തിന്റെ കല്പനയാലും അടയാളത്താലും ഈ ദാസനെ നാശത്തിൽനിന്നും ക്ഷയത്തിൽനിന്നും പുതുതാക്കണമേ. മഹിമപ്രതാപവാനായ നീ നിന്റെ ആജ്ഞയാൽ ഈ ദാസന്റെ ആത്മാവിനെയും ദേഹിയെയും ശുദ്ധീകരിക്കണമേ. ഞങ്ങളർപ്പിച്ച സുഗന്ധധൂപംവഴി ഈ ദാസന് പാപപരിഹാരം നൽകണമേ. ദു:ഖവും വിലാപവുമില്ലാത്ത സന്തോഷത്തിന്റെയും ആനന്ദ ത്തിന്റെയും സ്ഥലങ്ങളിൽ ഈ ദാസനെ വിശ്രമിപ്പിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമേ, ഞങ്ങളും വിശ്വാസിക ളായ സകല പരേതരും നിന്റെ വലത്തുഭാഗത്തു നിന്നുകൊണ്ട് നിനക്കു സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സമർപ്പിക്കും.

ജനം : ആമ്മീൻ

## കോലോ

(മെൻ ഓദോം-ശാറീ-മൗത്തൊ... എന്ന രീതി)

ആദമിലാ-രംഭി-ച്ചുള്ളൊരു മരണത്തിൻ ഗ-തി
മിശിഹാ-വരെ-വന്നെത്തി
മിശിഹായ-മ്മരണത്തി-ന്നധികാരം
ഒഴിവാക്കി-പാപത്തിൻ-മുന നീക്കി
ഘോഷിക്കു-ന്നെല്ലാ തലമുറയും സ്കീപ്പായിൻമേൽ
നേടിയതാം-വിജയത്തെ.

പുനരുത്ഥാ-നത്തിൽ മാഞ്ഞീടും പാപം മൃതിയും;

www.malankaralibrary.com

സാ-ത്താൻ ല-ജ്ജിതനാകും
നീതിജ്ഞ-ന്മാരെല്ലാം മോദിക്കും
ശോഭനമാം-വസനത്താൽ-ഭൂഷിതരായ്
ദീപികയാ-ളിച്ചിട്ടവരെത്തും-മണവാളനുമായ്
മണവറ പൂ-കീടാനായ്. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ഗാത്രത്തോ-ടാത്മാ-വോതുന്നു ശാന്തി നിനക്ക്
പ്രിയ സഹജാ മരുവുക നീ
പോകുന്നേൻ നിന്നരികീ-ന്നിന്നേരം
നിഖിലേശൻ-കല്പിക്കും-സ്ഥാനത്തിൽ
കർത്താവിൽ ഞാനാ-ശിക്കുന്നുണ്ടുത്ഥാനത്തിൽ
നിന്നെക്കാ-ണാൻ വീണ്ടും.

ജനം : മെൻഓലം...

മിശിഹാ രാ-ജാവിൻ വരവിങ്കൽ ദൂതവരന്മാർ
കാഹളമൂ-തുന്നേരം
കബറുകളും പാറകളും പൊളിയുമുടൻ
മൃതരെല്ലാ-മുത്ഥാനം ചെയ്തീടും
ദീപികയാ-ളിച്ചി-ട്ടവരെത്തും മണവാളനുമായ്
മണവറ പൂ-കീടാനായ്. മൊറിയൊ റാഹേം...

അല്ലെങ്കിൽ

മരണം ആദാമിൽനിന്നു തുടങ്ങി അതിന്റെ ഗതി മിശിഹാവരെ നീണ്ടുനിന്നു. മിശിഹാ പാപത്തിന്റെ വിഷപ്പല്ലു തകർത്ത് മരണത്തിന്റെ ആധിപത്യം നശിപ്പിച്ചു. കുരിശു മുഖാന്തരമുണ്ടായ ഈ വിജയം എല്ലാ തലമുറകളും പ്രഘോഷിക്കുന്നു.

പുനരുത്ഥാനത്താൽ മരണം അവസാനിക്കുകയും പാപം ഇല്ലാതാകുകയും സാത്താൻ ലജ്ജിക്കുകയും നീതിമാന്മാർ സന്തോഷിക്കുകയും ചെയ്യും. അവർ മഹത്ത്വവസ്ത്രം ധരിച്ച് അവരുടെ വിളക്കുകൾ തെളിച്ച് മണവാളനോടുകൂടെ മണവറയിൽ പ്രവേശിക്കും. ബാറെക്മോർ.

www.malankaralibrary.com

കാർമി : പിതാവിനും...

ആത്മാവ് ശരീരത്തോട് പറയുന്നു: വാൽസല്യ സഹോദരാ, നീ സമാധാനത്തോടെ വസിക്കുക. ഞാൻ നിന്നെ വിട്ട് ദൈവം ആജ്ഞാപിക്കുന്നിടത്തേക്കു പോകുന്നു. ഇനി ഉയിർപ്പുദിവസം നിന്നെ കാണുമെന്നു ദൈവത്തിൽ ഞാൻ പ്രത്യാശിക്കുന്നു.

ജനം : ആദിമുതൽ...

മിശിഹാരാജാവെഴുന്നെള്ളുകയും പ്രധാന മാലാഖമാർ കാഹളമൂതുകയും ചെയ്യുമ്പോൾ കല്ലറകളും പാറകളും പിളർന്ന് സകല പരേതരും ഉയിർത്തെഴുന്നേൽക്കും. കത്തുന്ന വിളക്കുകളുമായി മണവാളനൊടൊപ്പം അവർ വിരുന്നുശാലയിൽ പ്രവേശിക്കും. മൊറിയൊ റാഹേം...

## *മദ്റോശോ

(തൂബൊല്മാൻ ദശ്ക്കൊ... എന്ന രീതി)

ന്യായാധിപ നാഥാ, ഈശോയേ
വിധിവിജയം നേടുന്നോൻ ധന്യൻ.
നാമെങ്ങെന്നോർപ്പിൻ സോദരരേ,
നാളത്തെ സ്ഥിതിയോ പാർത്തിടുവിൻ.
നാമിന്നാൾ വീട്ടിൽ ഭാഷിക്കും
നാളെക്കബറുകളിൽ മൗനികളാം
നിത്യമിതോർക്കുന്നോൻ താൻ ധന്യൻ.

ഭ്രാതാക്കന്മാരേ സശ്രദ്ധം
കേട്ടറിവിൻ നിങ്ങൾ സമ്പത്തും
സൗന്ദര്യവുമാജ്ഞാ ശക്തിയതും
നാശമടഞ്ഞീടും നിശ്ശേഷം
നിത്യം വാഴുന്നോൻ താൻ ധന്യൻ.

സോദരനന്യോന്യം മല്ലിട്ടു-
മദ്ധ്യേ മൃതിവേഗം ചെന്നെത്തി
അംഗങ്ങളെയെല്ലാം ഛേദിച്ചു

www.malankaralibrary.com

ഭാഗം ഭാഗം വെവ്വേറാക്കി
കർത്താവിനെയാർന്നോൻ താൻ ധന്യൻ.

മൃതസങ്കേതം ഞാൻ പ്രാപിച്ചു
മോദകരം തേജസ്സവിടില്ലാ
നീയെൻ തേജസ്സാകൂ നാഥാ
ശാശ്വത തേജസ്സേ ഞാൻ നിന്നാൽ
ആനന്ദ സ്ഥാനം പ്രാപിക്കും.

അല്ലെങ്കിൽ

*ന്യായാധിപന്മാരുടെ വിധികർത്താവായ യേശുവേ, ന്യായവിധിയിൽ ജയം പ്രാപിക്കുന്നവൻ ഭാഗ്യവാൻ.

സഹോദരരേ, നാമെവിടെ ആയിരിക്കുന്നെന്നും നാളെ എവിടെ ആയിരിക്കുമെന്നും ഓർക്കുവിൻ. ഇന്നു ഗൃഹങ്ങളിൽ സംസാരിക്കുന്നവരായ നാം നാളെ കല്ലറകളിൽ നിശ്ശബ്ദരായിരിക്കും. ദിനംപ്രതി ഇതോർക്കുന്നവൻ ഭാഗ്യവാൻ.

എന്റെ സഹോദരരേ, ധനവും സൗന്ദര്യവും അധികാരവുമാകുന്ന സകലവും കടന്നുപോകുന്നു എന്നും, നിശ്ശേഷം നശിച്ചുപോകുന്നു എന്നും നിങ്ങൾ ശ്രദ്ധിച്ചു കേട്ടുപഠിപ്പിൻ. തന്റെ അധികാരം ഇല്ലാതായിപ്പോകാത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

സഹോദരൻ തന്റെ സഹോദരനെ ആക്രമിച്ചു. പെട്ടെന്നു മരണം അവരുടെയിടയിൽ കടന്നുചെന്നു; അത് അവയവങ്ങളെ തമ്മിൽ ഛേദിച്ചു; ഭാഗം ഭാഗമായി അവ വേർതിരിഞ്ഞു. തന്റെ കർത്താവിങ്കലേക്ക് വേർപിരിഞ്ഞു പോയവൻ ഭാഗ്യവാൻ.

ഞാൻ മരിച്ചവരുടെ സ്ഥലത്തേക്കു പ്രവേശിച്ചു. കബറടക്കപ്പെട്ടവരെ സന്തോഷിപ്പിക്കുന്ന പ്രകാശം അവിടെ ഇല്ല. എന്റെ കർത്താവേ, നീ എനിക്കു പ്രകാശമായിരിക്കണമേ; നീ നിമിത്തം ഞാൻ കാണും. മങ്ങിപ്പോകാത്ത പ്രകാശമായുള്ളോവേ, ഞാൻ നിന്നിൽ നടക്കുകയും സന്തോഷങ്ങളുടെ സ്ഥലത്തേക്ക് പോകുകയും ചെയ്യും.

www.malankaralibrary.com

## ഊനീസോ

(ബ്രീ-ക്കു മ് ശീഹോ... എന്ന രീതി)

1. ഉത്ഥാനദിനേ-മൃതരായോർ-ക്കുയിരേകി
ശോ-ഭന ഗാത്രം നൽകും മ്ശീഹാ ധന്യൻ

ഹേ! മൃതിഗതരേ ഉത്ഥാനം ദ്രുതമെത്തും
ഖേദിക്കേണ്ടാ ദേഹത്തിൻ നാശത്തിൽ
സുന്ദരരായ് നിങ്ങളെ നിർമ്മിച്ചോൻ
ഗാത്രത്തിന്നുത്ഥാനം നൽകി
പ്രതിഫലമെല്ലാവർക്കും യോഗ്യതപോലരുളീടും.

2. ആർദ്രതമൂലം മൃതസങ്കേതം പൂകി
എല്ലാവർക്കും മാർഗ്ഗം കാണിച്ചോനേ
ആദാമ്യർക്കുത്ഥാനം നൽകാൻ
അന്ത്യദിനേ നീ വന്നിടുമ്പോൾ
നിന്നിലുറങ്ങും ദാസന്നൻപൊടു നൽകുക ജീവൻ.

3. ഹാ! സ്നേഹിതരേ, മൃതിദൂതൻ വന്നെത്തി
വേഗം ചെല്ലാൻ എന്നെയവൻ ധൃതികൂട്ടി
ഉറ്റവരെ കാൺമാനനുവാദം
ഞാനവനോടഭ്യർത്ഥിച്ചിട്ടും
യാചനയും കോഴകളും കൈക്കൊണ്ടീലവനയ്യോ.

4. ഹാ! വൽസലരേ, എന്തിഹ ഞാൻ ചെയ്യേണ്ടു!
ന്യായാസനെയെൻ പിഴകൾ പാർക്കുന്നെന്നെ
ഞാനോർക്കും കുറവുകളവിടെന്നെ
പാർക്കുകയാൽ സംഭ്രമമിയലുന്നേൻ;
അൻപുടയോൻ വരവിങ്കൽ കൃപചെയ്യാനർത്ഥിപ്പിൻ.

5. ഹാ! സോദരരേ, മൃതിരചിതം മാദകമാം
ഈ പാനീയം പാർക്കിലഹോ ബഹുതിക്തം
സുതരതിനാൽ താതരെയും ജനനീ-
ജനകൻമാർ വൽസല സുതരെയും
മറന്നീടുന്നീക്കാസാ കല്പിച്ചോനതി ധന്യൻ.

www.malankaralibrary.com

അല്ലെങ്കിൽ

മരിച്ചവരെ ഉയിർപ്പിക്കുന്നവനും, ഉയിർപ്പിങ്കൽ അവരുടെ ശരീരങ്ങളെ മഹത്ത്വം ധരിപ്പിക്കുന്നവനും ആയ മിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. മരിച്ചവരേ, പുനരുത്ഥാനം സമാഗതമായിരിക്കുന്നു. നിങ്ങളുടെ ശരീരങ്ങളുടെ നാശത്തിൽ നിങ്ങൾ ദു:ഖിക്കേണ്ട. നിങ്ങളെ സൃഷ്ടിക്കുകയും അലങ്കരിക്കുകയും ചെയ്തവൻ നിങ്ങളുടെ ശരീരങ്ങളെ ഉയിർത്തെഴുന്നേൽപ്പിക്കുകയും ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം നീതിപൂർവ്വം പ്രതിഫലം കൊടുക്കുകയും ചെയ്യും.

അവൻ തന്റെ കൃപയാൽ, മരിച്ചവരുടെ സ്ഥലത്തേക്ക് തന്നെത്താൻ ഇറങ്ങി പാതാളത്തിലുള്ള കബറടക്കപ്പെട്ടവർക്കു വഴികാട്ടിയായിത്തീർന്നു. ആദാമിന്റെ ഗോത്രത്തെ ഉയിർപ്പിക്കാൻ അവസാന ദിവസം നീ വരുമ്പോൾ നിന്നിൽ നിദ്ര പ്രാപിച്ചിരിക്കുന്ന നിന്റെ ഈ ദാസനെ നിന്റെ കൃപയാൽ ഉയിർപ്പിക്കണമേ.

എന്റെ വാൽസല്യമുള്ളവരേ, മരണത്തിന്റെ സ്ഥാനപതി അടുത്തുവന്ന് എന്നെ അവനോടുകൂടെ വേഗത്തിൽ കൂട്ടിക്കൊണ്ടു പോകുന്നതിനു ധൃതികൂട്ടി. എന്റെ ഉറ്റവരെ കാണുന്നതിന് എന്നെ അനുവദിക്കണമെന്നു ഞാൻ അവനോടപേക്ഷിച്ചു. അവൻ എന്റെ അപേക്ഷ കേൾക്കുകയോ എന്റെ കൈക്കൂലി സ്വീകരിക്കുകയോ ചെയ്തില്ല.

എന്റെ സ്നേഹിതന്മാരും വാത്സല്യഭാജനങ്ങളുമേ, ഞാൻ എന്തു ചെയ്യേണ്ടു? കണ്ടാലും, എന്റെ കുറ്റങ്ങൾ ന്യായാസനത്തിങ്കൽനിന്ന് എന്നെ നോക്കുന്നു. കണ്ടാലും! ഞാൻ പ്രവർത്തിച്ചിട്ടുള്ള തെറ്റുകൾ ഞാൻ ഓർക്കുന്നു. അവ എന്നെ കാത്ത് അവിടെ നിൽക്കുന്നതുകൊണ്ട് ഞാൻ വിറയ്ക്കുകയും ചെയ്യുന്നു. അവന്റെ വരവിങ്കൽ എന്നോടു കരുണയുണ്ടാകുവാനായി കാരുണ്യവാനോട് നിങ്ങൾ അപേക്ഷിക്കുവിൻ.

ഹാ! എന്റെ സഹോദരന്മാരേ, മരണം കലർത്തിയിരിക്കുന്നതും, കുടിക്കുന്നവരെ മത്തുപിടിപ്പിക്കുന്നതുമായ ഈ കാസാ എത്രയധികം കൈയ്പ്പുള്ളതാകുന്നു. അതിനാൽ മക്കൾ പിതാക്കന്മാരെയും, പിതാക്കന്മാർ മക്കളോടുള്ള സ്നേഹത്തെയും, മാതാക്കൾ അവരുടെ വാത്സല്യത്തെയും മറന്നുകളയുന്നു. എല്ലാവർക്കുംവേണ്ടി ഇതു കലർത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവൂസോ (5-ാം രാഗം)

ദൈവാത്മജനേ, ശാശ്വതരാജ്യത്താശ്വാസം നിൻ
ദാസന്നേകുക നീതിജ്ഞന്മാർ ശുദ്ധരൊടൊന്നായ്
കല്ലറയീന്നും മൃതരെയേറ്റീട്ടുത്ഥാനത്തിൽ
തേജോമയമാം വസനം നൽകുന്നോനേ സ്തോത്രം.

ദൈവത്താൽ പ്രേഷിതനാം ദൂതൻ ഭീതിപ്രദനാം
ശീഘ്രലം പ്രേഷിതനായീടുമ്പോൾ ഏറ്റം ഘോരൻ
'പാപം ചെയ്തോരാത്മാവെ ജവമിങ്ങെത്തിക്ക'
ഉന്നതനീറേനോടാംഗ്യത്താൽ കല്പിച്ചേവം.

ദൂതൻ ചെന്നിട്ടേകീടുന്നു മൃതിയിൻ ശിക്ഷ
താഡിക്കുന്നു മരണാസ്ത്രത്താൽ ദൃഢഗാത്രത്തെ
ഗാത്രമശേഷം ജ്വരമാം അഗ്നി ബാധിക്കുന്നു
വേദനമൂലം ഇളകീടുന്നു അസ്ഥികളൊന്നായ്.

സങ്കടഭാരം ചിത്തത്തെ ഹാ! മഥനം ചെയ്വൂ
ചെയ്തികൾ സർവ്വം ഒന്നായ് മുമ്പിൽ വന്നീടുന്നു
തേജസ്സുറ്റ സുന്ദര നേത്രം മങ്ങീടുന്നു
ചുണ്ടുകൾ രണ്ടും മരണത്തിൻ വീഞ്ഞുൾക്കൊള്ളുന്നു.

മണ്ണാലാദത്തെ നിർമ്മിച്ചോൻ താതൻ സ്തുത്യൻ
ക്രൂശിൻ വ്യഥയാൽ രക്ഷിച്ചവനാം പുത്രൻ വന്ദ്യൻ
അന്ത്യദിനത്തിൽ ഉയിർപ്പിച്ചവനെ മക്കളോടൊപ്പം
തേജോവസ്ത്രം നൽകുന്നോനാം റൂഹാ സ്തോത്രം.

അല്ലെങ്കിൽ

ദൈവപുത്രാ, അഴിഞ്ഞുപോകാത്ത രാജ്യത്തിൽ വിശുദ്ധന്മാരോടുകൂടെ നീതിമാൻമാരുടെ ഇടയിൽ നിന്റെ ദാസനെ നീ ആശ്വസിപ്പിക്കണമേ. മരിച്ചവരെ അവരുടെ കബറുകളിൽനിന്ന് ഉയിർപ്പിക്കുകയും, ഉയിർപ്പു ദിവസം അവരെ മഹത്ത്വ വസ്ത്രം ധരിപ്പിക്കുകയും ചെയ്യുന്നവനായ നിനക്കു മഹത്ത്വം.

ദൈവത്താൽ അയയ്ക്കപ്പെടുന്ന മാലാഖ ഭയങ്കരനാകുന്നു; ധൃതിയിൽ അയയ്ക്കപ്പെടുമ്പോൾ അവൻ അതിഭയങ്കരനുമാകുന്നു. 'താഴെച്ചെന്നു പാപം ചെയ്ത ആത്മാവിനെ വേഗം എന്റെ

www.malankaralibrary.com

അടുക്കലേക്കു കൊണ്ടുവരിക' എന്നു ഈറേമോലാഖയോടു ഉന്നതൻ തന്റെ ആംഗ്യത്താൽ കൽപ്പിക്കുന്നു.

അവൻ പറന്നിറങ്ങി അവന്റെ ചിറകുകളുടെ അഗ്രംകൊണ്ട് മരണത്തെ അടിക്കുന്നു. ഉടനെ രോഗമില്ലാത്ത ശരീരത്തെ മരണത്തിന്റെ അമ്പുകൊണ്ടു അവൻ എയ്യുന്നു. അവയവങ്ങളിൽ പനിയാകുന്ന അഗ്നി ശക്തിയോടെ അയയ്ക്കപ്പെടുന്നു. അതിവേദന നിമിത്തം എല്ലുകൾ തമ്മിൽ ഞെരിയുന്നു.

മുമ്പും പിമ്പുമുള്ള എല്ലാ കാര്യങ്ങളും ഓർമ്മിച്ചിട്ട് മനസ്സിൽ ഭയം കടന്നുവരുന്നു. കാഴ്ച നൽകുന്ന ശോഭയേറിയ കണ്ണുകൾ ഇരുളുന്നു. മരണം പിഴിഞ്ഞെടുത്തു കലർത്തിയ വീഞ്ഞു അധരങ്ങൾ കുടിക്കുന്നു.

മണ്ണിൽനിന്നും ആദാമിനെ മെനഞ്ഞുണ്ടാക്കിയ പിതാവിന് മഹത്ത്വം. കുരിശിലെ കഷ്ടതയാൽ അവനെ രക്ഷിച്ച പുത്രന് വന്ദനം; അവസാന ദിനത്തിൽ വന്ന് അവനെയും മക്കളെയും ഉയിർപ്പിച്ച് മഹത്ത്വവസ്ത്രം ധരിപ്പിക്കുന്ന റൂഹായ്ക്ക് സ്തോത്രം.

## രണ്ടാം ശുശ്രൂഷ

### കൗമാ

കാർമി : ശുബ്ഹോ

ജനം : ബലഹീനരും...

### പ്രാരംഭപ്രാർത്ഥന

പാപമാകുന്ന മരണത്തിൽനിന്നും മരണമുള്ളവരെ സ്വതന്ത്രരാക്കുവാൻ ശരീരപ്രകാരം മരിച്ച നല്ലവനും മരണരഹിതനുമായ കർത്താവേ, നിന്റെ കാരുണ്യത്തിലുള്ള ശരണത്തോടുകൂടെ നശ്വരമായ ലോകത്തിൽനിന്നും വേർപെട്ടുപോയ ഞങ്ങളുടെ ഈ സഹോദരനുവേണ്ടി ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.

ഈ ദാസന് പരിപൂർണ്ണമായ ആത്മവിശ്രാന്തി നൽകണമേ. നിന്റെ രാജകീയഭവനത്തിലെ വിരുന്നിൽ അതിഥികളോടൊപ്പം

www.malankaralibrary.com

ഈ ദാസനെ ഇരുത്തണമേ. എന്തെന്നാൽ ജീവനുള്ളവനും ജീവിപ്പിക്കുന്നവനും എന്നേക്കും സ്തുത്യർഹനുമായ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, നീ നല്ലവനും മനുഷ്യ സ്നേഹിയുമാകുന്നു. മോറാൻ.... ആമ്മീൻ.

### കുക്കിലിയോൻ (ആറാം രാഗം)

(ബാറക് നപ്ശൊ ല്മൊറിയൊ... എന്ന രീതി)

എന്നാത്മാവേ, നാഥനെ വാഴ്ത്തുക–ഹാ–
എന്നസ്ഥികളവൻ നാമം പുകഴ്ത്തട്ടെ.

എന്നാത്മാവേ, നാഥനെ വാഴ്ത്തുക–ഹാ–
മറക്കരുതവനുടെ ഉപകാരങ്ങൾ.

മോചിച്ചീടും നിൻ പാപങ്ങൾ–ഹാ–
നിൻ രോഗങ്ങളെ സൗഖ്യവുമാക്കും.

നാശേനിന്നും രക്ഷിച്ചീടും–ഹാ–
കാരുണ്യത്താൽ താങ്ങും നിന്നെ. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

അല്ലെങ്കിൽ

എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക; എന്റെ സകല അസ്ഥികളുമേ, അവന്റെ വിശുദ്ധനാമത്തെ പുകഴ്ത്തുക.

എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്.

എന്തെന്നാൽ അവൻ നിന്റെ അകൃത്യങ്ങളെല്ലാം ക്ഷമിക്കുന്നു; നിന്റെ വേദനകളെല്ലാം അവൻ ശമിപ്പിക്കുന്നു.

അവൻ നാശത്തിൻനിന്നും നിന്നെ രക്ഷിക്കുന്നു; അവന്റെ കരുണയും കൃപയും കൊണ്ട് അവൻ നിന്നെ താങ്ങും.
ബാറെക്മോർ.

www.malankaralibrary.com

കാർമി : പിതാവിനും...

ജനം : ആദിമുതൽ...

## എക്ബോ

(സൃഷ്ടിയെയഖിലം താങ്ങുന്നോൻ... എന്ന രീതി)

സ്നാനേ നിന്നെയണിഞ്ഞോരെ-
നാഥാ നാശേ വെടിയരുതേ
നിൻ തിരുമെയ് ഭക്ഷിച്ചവരെ
തീയിക്കിരയാക്കീടരുതേ.
നിന്നെ വാഴ്ത്തിയതാം വായ്കൾ
വിലപിക്കരുതേ വേദനയാൽ
മൃതലോകം പൂകിയ പുത്രാ,
കനിവടിയാരിൽ ചെയ്യണമേ.

ശുശ്രൂ : സ്തൗമെൻകാലൊസ്

ജനം : കുറിയേലായിസ്സോൻ

അല്ലെങ്കിൽ

കർത്താവേ, ജ്ഞാനസ്നാനത്താൽ നിന്നെ ധരിച്ച മനുഷ്യരെ നാശത്തിനായി വിട്ടുകളയരുതേ, നിന്റെ പരിശുദ്ധ ശരീരം ഭക്ഷിച്ചവരെ അഗ്നിക്കിരയാക്കരുതേ. നിനക്ക് സ്തുതി പാടിയ വായ്കൾ അതിവേദനയാൽ വിലപിക്കാൻ ഇടയാകരുതെ. മരിച്ചവരുടെ ഇടയിലേക്കിറങ്ങിയവനായ പുത്രൻ തമ്പുരാനേ, ഞങ്ങളുടെ ആത്മാക്കളിൽ കരുണ ചെയ്യണമേ.

ശുശ്രൂ : സ്തൗമെൻകാലോസ്.

ജനം : കുറിയേലായിസ്സോൻ.

കാർമി : നാമെല്ലാവരും...

ജനം : കാരുണ്യവാനായ...

കാർമി : സ്തുതിയും സ്തോത്രവും...

www.malankaralibrary.com

## പ്രുമിയോൻ

മരിച്ചവരെ പുനരുത്ഥാനം ചെയ്യിക്കുന്നവനും കബറടക്കപ്പെട്ടവരെ എഴുന്നേൽപ്പിക്കുന്നവനും ജീവനുള്ളവരുടെയും മരിച്ചവരുടെയും ന്യായാധിപനും സകല ആത്മാക്കളുടെയും ജഡങ്ങളുടെയും ദൈവവുമായ കർത്താവിന് സ്തുതി. അവൻ മനുഷ്യനെ മരണശേഷം പാതാളത്തിലേക്കിറക്കുകയും അവിടെനിന്നു കരേറ്റുകയും ചെയ്യുന്നവനാകുന്നു; മനുഷ്യന്റെ ആയുസ്സിനു പരിമിതി നിർണ്ണയിക്കുകയും മരണത്താൽ അതിന് അഴിവുവരുത്തുകയും ചെയ്യുന്നു. അവൻ മനുഷ്യനെ അനശ്വരവും അനന്തവുമായ ജീവനിലേക്ക് വിളിച്ചെഴുന്നേൽപ്പിക്കുകയും ചെയ്യുന്നു. തന്റെ ദാസന്റെ ശവസംസ്കാരശുശ്രൂഷ ഞങ്ങൾ നിർവഹിക്കുന്ന ഈ സമയത്തും, ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും അവന് യോഗ്യമാകുന്നു.

ജനം : ആമ്മീൻ.

## സെദ്റാ

ബലവാനായ ദൈവമായ കർത്താവേ, മരിച്ചവർ ഉയിർത്തെഴുന്നേൽക്കുന്ന നിന്റെ മഹനീയ പ്രത്യക്ഷതയുടെ ആ അന്ത്യദിവസത്തിൽ നിന്റെ രൂപത്തിൽ സൃഷ്ടിക്കപ്പെട്ട നിന്റെ ദാസനോട് സഹതാപം തോന്നണമേ.

*ആ ദിവസം സൂര്യചന്ദ്രൻമാർ ഇരുണ്ടുപോകുകയും നക്ഷത്രങ്ങൾ പ്രകാശരഹിതമായിത്തീരുകയും ഗംഭീരമായ കാഹളങ്ങൾ മുഴങ്ങുകയും മരിച്ചവർ നാശരഹിതരായി ഉയിർത്തെഴുന്നേൽക്കുകയും എല്ലാ മരിച്ചുപോയവരുടെയും അസ്ഥികൾ കൂട്ടിച്ചേർക്കപ്പെടുകയും മാലാഖമാർ ഭയത്തോടെ നിൽക്കുകയും സംഭ്രമജനകമായ പുസ്തകം തുറക്കപ്പെടുകയും സകലരുടെയും പ്രവൃത്തികൾ പരിശോധനാ വിധേയമാവുകയും ചെയ്യും.

*അന്നു ജ്ഞാനികൾ മൗനമായും സമർത്ഥൻമാർ വിസ്മയിച്ചും നിൽക്കും. നീതിമാൻമാർ മണവറയിൽ സന്തോഷിക്കുകയും പുണ്യവാൻമാർ പ്രകാശത്തിൽ ആനന്ദിക്കുകയും അന്യായക്കാർ അഗ്നിക്കിരയായിത്തീരുകയും ചെയ്യും. അപ്പോൾ

www.malankaralibrary.com

വലത്തുഭാഗം ജയത്താൽ ശ്രേഷ്ഠതപ്പെടുകയും ഇടതുഭാഗം നിത്യദണ്ഡനത്തിലേക്കു തള്ളപ്പെടുകയും ചെയ്യും. ഇരുഭാഗത്തുള്ളവരും അവരവരർഹിക്കുന്നത് പ്രാപിക്കുകയും ചെയ്യും; അവരുടെ സ്ഥിതിക്കു മാറ്റമുണ്ടാകയില്ല.

*ആ സമയത്ത് കർത്താവേ, നിന്റെ വിശുദ്ധ കരങ്ങൾ നിർമ്മിച്ചലങ്കരിച്ച ഈ സൃഷ്ടിയോടു നിനക്കനുകമ്പ തോന്നണമേ. നിന്റെ സ്തുതിക്കായി നിർമ്മിക്കപ്പെട്ട പത്തു കമ്പിയുള്ള കിന്നരത്തോടു നിനക്കു സഹതാപം തോന്നണമേ. മരണം നശിപ്പിക്കുകയും ചിതലിനും പുഴുവിനും കൂടായിത്തീരുകയും ചെയ്തിരിക്കുന്ന ഈ മാനുഷിക ജനലുകളെക്കുറിച്ചും കോട്ടകളെക്കുറിച്ചും നിനക്കനുകമ്പ തോന്നണമെ. പൂഴിയായിത്തീർന്നിരിക്കുന്ന ഈ സുന്ദരമായ ആകാരത്തെക്കുറിച്ചു നിനക്കു കനിവുണ്ടാകണമേ.

മാമോദീസായുടെ റൂശ്മായാൽ മുദ്രയിടപ്പെട്ടവനും ജീവനുള്ള നിന്റെ തിരുശരീരരക്തങ്ങൾ അനുഭവിച്ചിട്ടുള്ളവനും നിന്നിലുള്ള വിശ്വാസത്തിൽ തന്റെ ജീവിതമവസാനിപ്പിച്ച് നിന്റെയടുക്കലേക്കു യാത്രയായിരിക്കുന്നവനുമായ ഈ ദാസനിൽ കനിവു തോന്നണമേ. പ്രീതിയോടെ ഈ ദാസന്റെ ആത്മാവിനെ സ്വീകരിക്കണമേ. ദുഷ്ടാത്മാക്കളുടെ സ്ഥാനങ്ങളിൽനിന്നു കാത്ത് നിന്റെ മാലാഖമാരാകുന്ന സേനകളുടെ സഹായത്താൽ സംരക്ഷിച്ചു കൊള്ളണമേ. കർത്താവേ, നിന്റെ സ്ലീബായെ ഉപേക്ഷിച്ചവരോടുകൂടെ തിരുമുമ്പിൽ നിന്ന് ഈ ദാസനെ തള്ളിക്കളയരുതേ. നിന്റെ രാജ്യത്തിന്റെ മാഹാത്മ്യത്തെ തിരിച്ചറിയാതിരുന്നവരോടുകൂടെ നരകശിക്ഷയ്ക്കായി വിധിക്കരുതേ. നിന്റെ മനുഷ്യാവതാരത്തെ ദുഷിച്ചവരോടുകൂടെ തള്ളിക്കളയരുതേ.

കർത്താവേ, നിന്നോടൊരുമിച്ചുള്ള ആനന്ദത്തിൽ നിന്ന് ഈ ദാസനെ തടയരുതേ. മനുഷ്യപ്രീതിയാൽ ദയ തോന്നി നിന്റെ മഹാകരുണയാൽ ഈ ദാസനെ ദർശിക്കണമേ. നിന്റെ പരിശുദ്ധമായ വാസസ്ഥാനത്ത് ഈ ദാസനെ എത്തിക്കണമേ. നിന്റെ വിശുദ്ധന്മാർക്കുള്ള ഓഹരിയിൽ ഉൾപ്പെടുത്തുകയും ചെയ്യണമെ. നിന്റെ പ്രകാശമണവറയിൽ ഈ ദാസനെയും

www.malankaralibrary.com

ഇരുത്തണമേ. ജീവകരമായ പുനരുത്ഥാനത്തിനും നിന്റെ വലത്തുഭാഗത്തുള്ള ശ്രേഷ്ഠമായ നിലയ്ക്കും ഈ ദാസനെ അർഹനാക്കണമേ. ഈ ദാസന്റെ കടങ്ങൾ മോചിച്ച് ആനന്ദിപ്പിക്കുകയും പിഴകൾ ക്ഷമിച്ച് സന്തോഷിപ്പിക്കുകയും ചെയ്യണമേ. നിന്റെ വലത്തുഭാഗത്തുള്ള തെരഞ്ഞെടുക്കപ്പെട്ടവരോടുകൂടെ മഹത്ത്വത്തിൽ ഈ ദാസൻ ശോഭിക്കുമാറാകണമേ.

കർത്താവേ, ക്ഷണികവും അപകടപൂർണ്ണവുമായ ഈ ജീവിതത്തിൽ അവശേഷിച്ചിരിക്കുന്ന പാപികളും നിന്റെ ദാസരുമായ ഞങ്ങളെ നിനക്കു പ്രീതികരമായ അന്ത്യത്തിന് യോഗ്യരാക്കണമേ. ഞങ്ങളിൽ ഒരുവനെയും നിന്റെ രാജ്യത്തിൽനിന്ന് അന്യനാക്കിത്തീർക്കരുതേ. സ്നേഹപൂർവ്വം നീ വന്ന് ഞങ്ങളെ രക്ഷിച്ചതുപോലെ വീണ്ടും വന്ന് നിനക്കു യോഗ്യമായ നിലയിൽ ഞങ്ങളെ ഒരുക്കിക്കൊള്ളണമേ.

പിതാവിനോടും പരിശുദ്ധാത്മാവിനോടുമൊപ്പം രക്ഷയും പരിത്രാണവും നിർവഹിക്കുന്നവൻ നീയാകുന്നുവല്ലോ. (ഹോശോ വബ്കുൽ സ്ബാൻ ല്ഒൽമീൻ)

ജനം : ആമ്മീൻ.

കാർമി : ദൈവത്തിൽനിന്ന്...

ജനം : ആമ്മീൻ

## * തക്ശെപ്ത്തൊ

(മ്നഹമോനോ ഉ നാഹേ മീസെ... എന്ന രീതി)

ജീവദനേ, മൃതിയാർന്നോരെ
ഉത്ഥാനം ചെയ്യിപ്പോനേ!
വദനെ നിൻ സ്തുതിയേറ്റോരാം
മൃതിഗതരെ ജീവിപ്പിക്ക.
ലാസറിനെ കല്ലറയീന്നും
ആഹ്വാനം ചെയ്തൊരു നാദാൽ
വിശ്വാസത്തൊടു മൃതിപൂണ്ടോർ-
ക്കുത്ഥാനം നൽകീടണമേ. മൊറിയൊ റാഹേം...

www.malankaralibrary.com

അല്ലെങ്കിൽ

*ജീവിപ്പിക്കുന്നവനും മരിച്ചവരെ ഉയിർപ്പിക്കുന്നവനുമായുള്ളോവേ, നിന്നെ വായ്കൊണ്ടു സ്തുതിക്കുവാനും നിന്റെ നാമം ചൊല്ലി വിളിക്കുവാനും അശക്തരായി കബറിലുള്ള മരിച്ചുപോയവരെ നീ ഉയിർപ്പിക്കണമേ. ലാസറിനെ കബറിനുള്ളിൽനിന്നു വിളിച്ച ശബ്ദത്താൽതന്നെ വിശ്വാസികളായി മരിച്ചുപോയ സർവ്വരെയും നീ വിളിച്ചെഴുന്നേൽപ്പിക്കണമേ.

മൊറിയൊ റാഹേം...

## എത്രോ

മഹാകാരുണ്യവാനായ ദൈവമേ, ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. മരിച്ച് നിദ്രകൊണ്ടിരിക്കുന്ന ഈ നിന്റെ ദാസന്റെ ആത്മാവിനുവേണ്ടി ഇപ്പോൾ ഞങ്ങൾ നിനക്കണച്ച ധൂപം കൈക്കൊള്ളണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും തിരുസന്നിധിയിലുള്ള മുഖപ്രസന്നതയ്ക്കും ഈ ദാസനെ അർഹനാക്കണമേ.

ജനം : ആമ്മീൻ.

## കോലോ

(മൽക്കോ മ്നഹമോനൊ... എന്ന രീതി)

കൈക്കൊള്ളുക നാഥാ, നിൻ ദാസൻ തൻ സംസ്കാരേ
ഞങ്ങളണച്ചോ-രീ പരിമളധൂപം.
നിന്നിൽ ശരണിതരായ് മരണമടഞ്ഞോർക്കാശ്വാസ-
സ്മരണകളിതിനാൽ നൽകേണം നാഥാ.

ജീവപ്രദരാജൻമഹിമയിലുയരെ നിന്നുമുദി
ച്ചഖിലമൃതർക്കും ജീവൻ നല്കീടും
മൃതരൂഴിയിൽനിന്നും ഒന്നിച്ചുത്ഥിതരായ് ജീവൻ
നൽകും നിന്നെ സ്തോത്രം ചെയ്തീടും. ബാറെക്മോർ.

കാർമ്മി : ശുബ്ഹോ...

www.malankaralibrary.com

'എൻഗാത്രം ഭക്ഷിച്ചുയിരേകും രുധിരം പാനം
ചെയ്വോരെ ഞാൻ വെടിയാ നരകത്തിൽ.
'മൃതനായല്ലോ ഞാൻ എന്നിലവൻ ജീവിപ്പാൻ' ഇതി
നാഥൻ ചൊന്ന തിരുമൊഴി സംപൂജ്യം.

ജനം : മെൻഓലം...

സ്നേഹാൽ വന്നോനും സ്ലീബായാൽ രക്ഷിച്ചോനും
ഇനിവരുവോനും ആദാമ്യരെയേറ്റി
മഹിതാംബരമേകും ജയവീരൻ ഈശോ നൃപനെ
സ്തോത്രം നൽകി ആരാധിക്കേണം. മൊറിയൊ റാഹേം...

അല്ലെങ്കിൽ

ഞങ്ങളുടെ കർത്താവേ, നിന്റെ ദാസന്റെ ശവ സംസ്കാരത്തിൽ നിനക്കു ഞങ്ങളണച്ചിരിക്കുന്ന ഈ ധൂപം ഞങ്ങളുടെ കൈകളിൽ നിന്ന് നീ കൈക്കൊള്ളണമേ. കർത്താവേ, നിന്റെ നാമത്തിൽ ശരണപ്പെട്ട് മരിച്ചുപോയിരിക്കുന്ന എല്ലാവർക്കും ആശ്വാസവും നല്ല ഓർമ്മയും ഇതിനാൽ നീ ഉണ്ടാക്കണമേ.

ജീവിപ്പിക്കുന്ന രാജാവ് തന്റെ മഹത്ത്വത്തോടെ ഉയരത്തിൽ നിന്നുദിച്ചു മരിച്ചവരെ ഉയിർപ്പിക്കുകയും കബറിലുള്ളവരെ എഴുന്നേൽപ്പിക്കുകയും ചെയ്യുന്നു. കബറുകളുടെ ഉള്ളിൽനിന്നു മരിച്ചവർ യഥാക്രമം എഴുന്നേൽക്കുകയും മരിച്ചവരെ ഉയിർപ്പിക്കുന്നവനായ നിനക്ക് സ്തുതി കരേറ്റുകയും ചെയ്യും. ബാറെക്മോർ.

കാർമ്മി : പിതാവിനും...

"എന്റെ ശരീരം ഭക്ഷിക്കുകയും ജീവനുള്ള എന്റെ രക്തം പാനം ചെയ്യുകയും" ചെയ്യുന്നവനെ ഞാൻ നരകത്തിൽ വിട്ടുകളയുകയില്ല. എന്തെന്നാൽ, "അവൻ എന്നിൽ എന്നേക്കും ജീവിക്കുവാൻ ഞാൻ ഇറങ്ങിവന്നു മരണം ആസ്വദിച്ചു" എന്നുള്ള സദ്വാർത്ത താൻ അരുളിച്ചെയ്തതിനാൽ തനിക്കു സ്തുതി.

ജനം : ആദിമുതൽ...

www.malankaralibrary.com

സ്നേഹത്താൽ വന്നവനും, സ്ലീബായാൽ നമ്മെ രക്ഷിച്ചവനും, വീണ്ടും വരുവാനിരിക്കുന്നവനും, ആദാമിന്റെ സന്തതികളെ ഉയിർപ്പിച്ച് അവരെ മഹത്ത്വവസ്ത്രം ധരിപ്പിക്കുന്ന ജയാളിയും നമ്മുടെ രാജാവുമായ യേശുവിനെ നാം സ്തുതിച്ചാരാധിക്കണം.

മൊറിയൊ റാഹേം...

## മദ്റോശോ

(പർദൈസൊ ഈസാവ്... എന്ന രീതി)

കരുണ നിറഞ്ഞവനേ പുനരുത്ഥാനത്തിൽ
ശരണാഗതമൃതരെ പുതുതാക്കീടണമേ.
സോദരരേ, കാൺമീൻ കബറിൻ സംഹാരം
മർത്യാകാരത്തെ മൃത്യു ഹനിക്കുന്നു
വേർപാടിൽ ആദാം ലജ്ജിതനായ്, കേഴിൻ
മൃതലോകത്തിൽ പൂഴിയതാമീയുലകത്തിൻ–

മോഹത്തെ വെടിയൂ; കരുണാപൂർണ്ണാ നിൻ
സൃഷ്ടിക്കേകണമേ നവ്യതയുത്ഥാനേ.
മൃതസങ്കേതത്തിൽ വന്നേറിക്കാൺമിൻ
മൃതികൂമ്പാരം പോൽ കൂട്ടിയ മാനവർതൻ
ദുർഭഗ ഗാത്രങ്ങൾ–പാഴ്മൺ പാത്രങ്ങൾ.
ഭീകരമസ്ഥികളിൽ കൃമികൾ കുടികൊൾവൂ
ഇതു കണ്ടാൽ തല താഴ്ത്തീടും ഗർവ്വിഷ്ഠർ
നശ്വരലോകത്തിൻ സ്നേഹിതർ ഖേദിക്കും.

പ്രിയരേ, സുന്ദരരേ! പാതാളം പൂകിൻ
സങ്കടരംഗത്തിൻ മ്ളേഛ്ചത ദർശിപ്പിൻ
അഴകെല്ലാം പോയി–ചമയങ്ങൾ പാഴായ്
മോദം നൽകും പരിമളമില്ലവിടെങ്ങും
ആരെയുമോടിക്കും ദുർഗന്ധം പാരം
ചാർച്ചക്കാരനെയും–നേരിടുവാൻ വയ്യാ.

www.malankaralibrary.com

നിൻ ശരണേ മൃതരാം ഭ്രാതാക്കൾ പിതൃക്കൾ
ക്കരുളണമാശ്വാസം സൗഭാഗ്യസ്ഥാനേ
പൊതുവിധി ചെയ്യാനായ് നീ വന്നീടുമ്പോൾ
ഉന്നതമാം യെറുശലേമിൽ നിന്നടിയാർ
മോദാഗാരത്തിൽ-വിമലൻമാരൊപ്പം
സ്തുതി നിത്യം പാടാൻ ഭാഗ്യം നേടേണം.

സ്വർഗപതേ! മൃതരെ-ജീവിപ്പിക്കണമേ
നിൻ ശരണേ ജീവൻ-വിരമിപ്പിച്ചോരാം
സകല പരേതർക്കും-മോചനമേകണമേ
നിന്നുടെ വൻദിനമതിലവർ മോദിക്കേണം
അവരഴലില്ലാതെ-തേജോധാരികളായ്
മണവറയെ മോദാൽ-പ്രാപിച്ചീടേണം.

സ്തുതിതേ ! കാരുണ്യാൽ-സൃഷ്ടിച്ചോൻ താതാ
സ്തോത്രം സ്ലീബായാൽ-രക്ഷിച്ചോൻ തനയാ
സ്തോത്രം പ്രാണദനാം-പരിശുദ്ധാത്മാവേ
ഞങ്ങളിലെപ്പോഴും മിശിഹാ കൃപ ചൊരിക
അടിയാരും മൃതരും അങ്ങേയ്ക്കനവരതം
സ്തുതിയേകീടാനായ് -തുണ ചെയ്തീടണമേ.

അല്ലെങ്കിൽ

കരുണ നിറഞ്ഞവനേ, നിന്നിലുള്ള ശരണത്തിൽ നിദ്ര പ്രാപിച്ച നിന്റെ ദാസരും ആരാധകരുമായവരെ ഉയിർത്തെഴുന്നേല്പു ദിവസം നീ നവീകരിക്കണമേ.

സഹോദരരേ! കബറിലേക്കു പ്രവേശിച്ച് അതിലെ മ്ളേച്ഛത കാണുവിൻ. മരണം മനുഷ്യരാശിയെ വളരെ വേഗം നശിപ്പിക്കുന്നു. മരണംമൂലം ആദാമിനു സംഭവിച്ച ലജ്ജയെക്കുറിച്ച് നിങ്ങൾ വിലപിക്കുവിൻ. ചെളിയും പുകയുമായിത്തീർന്ന് പാതാളത്തിലേക്കിറങ്ങിപ്പോകുന്ന ലൗകിക സൗന്ദര്യത്തെ വെറുക്കുവിൻ.

www.malankaralibrary.com

ക്രൂരമരണം കടന്നുവന്നു നശിപ്പിച്ചതും അസ്ഥിക്കഷണങ്ങളായി ചിന്നിച്ചിതറിക്കിടക്കുന്നതും ചിതലിന്റെയും പുഴുവിന്റെയും കൂടാരമായിത്തീർന്നതുമായ മൃതശരീരങ്ങളുടെ കൂമ്പാരം നിങ്ങൾ വന്നു കാണുവിൻ. നിഗളികൾ നിന്ദിതരാവുകയും നശ്വരലോകത്തിന്റെ ഭോഷത്വത്തെ അനുകരിച്ച് അലഞ്ഞുനടന്നവർ ദു:ഖിക്കുകയും ചെയ്യും.

പ്രിയപ്പെട്ടവരേ, നിങ്ങൾ പാതാളത്തിൽ പ്രവേശിച്ച് അവിടെയുള്ള ആ സങ്കടരംഗത്തിന്റെ ഭീകരതയെ ദർശിക്കുവിൻ. അവിടെ സൗന്ദര്യമെല്ലാം അസ്തമിക്കുന്നു. എല്ലാ അലങ്കാര വസ്തുക്കളും സുഗന്ധദ്രവ്യങ്ങളും അവിടെ ഉപയോഗശൂന്യമായിത്തീരുന്നു. എല്ലാവരെയും അകറ്റുന്ന ദുർഗന്ധം മാത്രമേ അവിടെയുള്ളു.

കർത്താവേ, നിന്നിലുള്ള ശരണത്തിൽ നിദ്രപ്രാപിച്ച ഞങ്ങളുടെ മാതാപിതാക്കളും സഹോദരങ്ങളും സൗഭാഗ്യ സ്ഥലത്ത് ആശ്വസിക്കുവാൻ ഇടയാക്കണമേ. തലമുറകളെ വിധിക്കുവാൻ മഹത്ത്വത്തോടെ നീ എഴുന്നള്ളുമ്പോൾ സ്വർഗ്ഗീയോർശ്ലേമിലെ സന്തോഷവിരുന്നിൽ പരിശുദ്ധന്മാരോടുകൂടെ നിരന്തരം നിന്നെ സ്തുതിക്കുവാൻ ഞങ്ങൾക്കനുഗ്രഹം നൽകണമേ.

സ്വർഗീയ രാജാവേ, കബറടക്കപ്പെട്ടവരെ ജീവിപ്പിക്കണമേ. നിന്നിലുള്ള ശരണത്തോടുകൂടെ നിദ്രപ്രാപിച്ച സകല മരിച്ചവർക്കും നീ പാപവിമോചകനായിരിക്കണമേ. നിന്റെ മഹാദിവസത്തിൽ അവർ സന്തോഷിക്കുമാറാകണമേ; ദു:ഖം വെടിഞ്ഞും മഹത്ത്വം ധരിച്ചും സന്തോഷപൂർവ്വം മണവറയിൽ പ്രവേശിക്കുമാറാകണമേ.

കാരുണ്യപൂർവ്വം ഞങ്ങളെ സൃഷ്ടിച്ച പിതാവിനു സ്തുതി. സ്ലീബായാൽ ഞങ്ങളെ രക്ഷിച്ച പുത്രനു സ്തോത്രം. ഞങ്ങൾക്കു ജീവൻ നൽകുന്ന പരിശുദ്ധാത്മാവിനു ആരാധന. ഞങ്ങളുടെ രക്ഷകനായ മിശിഹാ, നിന്റെ കൃപയും കരുണയും ഞങ്ങളിൽ വർഷിക്കണമേ. ഞങ്ങളും ഞങ്ങളുടെ മരിച്ചുപോയവരും നിരന്തരം നിന്നെ സ്തുതിക്കുവാൻ ഇടയാക്കണമേ.

www.malankaralibrary.com

## സൂഗീസോ

(എസ്കാനശ് ആഹായ്... എന്ന രീതി)

സോദരരേ! കൂടിൻ-എന്നെയോർത്തീടിൻ
നിങ്ങടെ സംസർഗ്ഗം-വിട്ടേനെന്നേക്കും

യാത്രപുറപ്പെട്ടേൻ-ഭോജ്യമെനിക്കില്ല
എന്നെ കൈക്കൊൾവാൻ-പ്രിയരേ, പ്രാർത്ഥിപ്പിൻ.

നീ കൃപയാലെന്നെ-മണ്ണാൽ സൃഷ്ടിച്ചു
പിഴ ചെയ്തതിനാലെ-നരകേ വെടിയല്ലേ.

പിഴ ഞാനറിയുന്നു-സ്വയം നിന്ദിക്കുന്നു
നിന്നാർദ്രത മാത്രം-പാർക്കുന്നു ദയാലോ.

സൃഷ്ടിപതേ സൃഷ്ടി-ച്ചെന്നെ നിൻ വടിവിൽ
വീഴരുതേ നരക-ത്തീയിൽ ഞാൻ നാഥാ.

അവിടേറിവരാനാ-യെളുതല്ലെന്നാകിൽ
ഭയമെന്യേ കനിവാൽ-വാതിൽക്കൽ മേവാം.

അരയിൽ കെട്ടീടും-സ്ലീബായാം വാളാൽ
ആപൽസ്ഥാനത്തെ- നീ തരണം ചെയ്യും

ഈശൻ ജീവമയൻ കബറീന്നും നിന്നെ
ഏദനിലേക്കേറ്റും-ജീവൻ നീ നേടും.

സ്വർഗീയം ഭാഗ്യം-സിദ്ധർ നേടുമ്പോൾ
നീയാമോദിക്കും-ഖേദം നീങ്ങീടും.

രക്ഷകനാമീശോ-ജീവദനേ, എന്നെ
ജീവിപ്പിക്കുക നിൻ-കൃപയെ ഞാൻ വാഴ്ത്തും.

അല്ലെങ്കിൽ

എന്റെ സഹോദരരേ, നിങ്ങൾ സംഘം ചേർന്ന് എന്നെ അനുസ്മരിക്കുവിൻ. ഞാൻ നിങ്ങളിൽനിന്ന് വേർപിരിഞ്ഞിരിക്കുന്നു.

www.malankaralibrary.com

ഞാൻ യാത്രയായി; എന്നാൽ യാത്രാഭക്ഷണം കരുതിയില്ല. വാത്സല്യമുള്ളവരേ, അവിടെ ഞാൻ സ്വീകരിക്കപ്പെടുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

കർത്താവേ, തിരുഹിതപ്രകാരം അവിടുന്നെന്നെ മണ്ണിൽ നിന്നു മെനഞ്ഞുണ്ടാക്കി. അവിടുത്തെ കല്പന ലംഘിച്ചതിനാൽ ഞാൻ പാപം ചെയ്തുപോയി, അവിടുന്നെന്നെ നരകത്തിൽ തള്ളിക്കളയരുതേ.

കർത്താവേ, ഞാൻ പാപം ചെയ്തുപോയി. അവയെല്ലാം ഞാൻ വെറുക്കുന്നു. നീ കരുണ നിറഞ്ഞ ദൈവമാകയാൽ നിന്നോടു ഞാനപേക്ഷിക്കുന്നു. സൃഷ്ടികളുടെ ഉടയവനേ, നിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട ഞാൻ നരകാഗ്നിക്കിരയായിത്തീരരുതേ.

ആ സ്ഥലത്തു പ്രവേശിക്കുവാൻ എനിക്കു സാധിച്ചില്ലെങ്കിലും, ഭയംകൂടാതെ അതിന്റെ വാതിൽക്കൽ കഴിഞ്ഞുകൂടുന്നതിനെങ്കിലും കൃപയാൽ എന്നെ അനുവദിക്കണമേ.

നീ ധരിച്ചിട്ടുള്ള സ്ലീബായാകുന്ന ആയുധം നിനക്കു സഹായമായിരുന്ന് നിന്നെ അപകടസ്ഥലം കടത്തിവിടട്ടെ.

നിദ്രയിൽനിന്നു നിന്നെ ഉണർത്തുന്നവനും കബറിൽ നിന്നു ഏദനിലേക്കുള്ള ജീവൻ വാഗ്ദാനം ചെയ്തവനുമായ സർവ്വശക്തൻ ജീവനോടുകൂടിയിരിക്കുന്നവനാകുന്നു.

പരിശുദ്ധൻമാർ പരമാനന്ദം അനുഭവിക്കുമ്പോൾ നീയും ദു:ഖങ്ങൾ നീങ്ങി അവരോടുകൂടെ സന്തോഷിക്കും. മരിച്ചവരെ ഉയിർപ്പിക്കുന്ന ഞങ്ങളുടെ രക്ഷകനായ യേശുവേ, നിന്റെ കൃപയ്ക്ക് സ്തുതി പാടുവാനായി എന്നെ ജീവിപ്പിക്കണമേ.

## മാർ അപ്രേമിന്റെ ബോവൂസോ

കർത്താവേ, കൃപ ചെയ്യണമേ
ദാസന്നേകണമേ പുണ്യം
നിൻമഹിമോദയനാൾ തന്നിൽ
നിർത്തണമിവനെ വലഭാഗേ.

www.malankaralibrary.com

വൽസലരേ, പാതാളത്തിൻ
വിസ്തൃതമാം വഴിയും ഗൃഹവും
നിങ്ങളെ വേർപിരിയാനെന്നെ
ഇപ്പോളാഹ്വാനം ചെയ്തു.

എൻപിറകേ വന്നോൻ ദൂതൻ
പെട്ടെന്നെന്നെ പിടികൂടി
നിനച്ചിരിയാതവനെന്നെയും
കൂട്ടിക്കൊണ്ടയ്യോ പോയി.

ഉറ്റവരെ കാണാനല്പം
നിൽക്കണമെന്നഭ്യർത്ഥിച്ചേൻ
കേട്ടില്ലെൻ അഭ്യർത്ഥനയെ
വാങ്ങിയതില്ലെൻ കൈക്കൂലി.

സ്രഷ്ടാവാം താതൻ സ്തുത്യൻ
രക്ഷകനാം പുത്രൻ വന്ദ്യൻ
കബറിൽ നിന്നും പറുദീസിൽ
ചേർക്കും റൂഹാ സ്തോത്രാർഹൻ.

കർത്താവേ, കൃപ ചെയ്യണമേ
ദാസന്നേകണമേ പുണ്യം
നിൻമഹിമോദയനാൾ തന്നിൽ
നിർത്തണമിവനെ വലഭാഗേ.

അല്ലെങ്കിൽ

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെമേൽ കരുണ ചെയ്യണമേ. ദൈവമേ, നിന്റെ ദാസനെ നീ പുണ്യപ്പെടുത്തണമേ. നിന്റെ തേജസ്സ് ഉദിക്കുന്ന ദിവസത്തിൽ നിന്റെ വലത്തുഭാഗത്ത് ഈ ദാസനെ നിർത്തണമേ.

എന്റെ വാൽസല്യമുള്ളവരേ, നിങ്ങളുടെ സമീപത്തുനിന്ന് എന്നെ അകറ്റത്തക്കവണ്ണം നരകത്തിന്റെ ഉള്ളറയിലേക്കു കൊണ്ടുപോകുന്ന വിശാലമായ വഴിയും മുറികളും എന്നെ ആകർഷിച്ചു.

www.malankaralibrary.com

എന്തെന്നാൽ, എന്റെ പിറകേ വന്ന ദൂതൻ പെട്ടെന്നെന്നെ പിടികൂടി. നിനച്ചിരിയാതെ അവൻ വന്ന് ഇവിടെനിന്ന് എന്നെ കൂട്ടിക്കൊണ്ടുപോയി.

എന്റെ ഉറ്റവരെ കാണുവാൻ എന്നെ അനുവദിക്കണമെന്ന് ഞാൻ അവനോടു കെഞ്ചി അപേക്ഷിച്ചു. അവൻ എന്റെ യാചന ചെവിക്കൊണ്ടില്ല; എന്റെ കൈക്കൂലി സ്വീകരിക്കുന്നതിനു മനസ്സു വച്ചുമില്ല.

നമ്മെ സൃഷ്ടിച്ച പിതാവിന് മഹത്ത്വം; നമ്മെ രക്ഷിച്ച പുത്രന് വന്ദനം; കബറുകളിൽനിന്ന് പറുദീസായുടെ ഉള്ളിലേക്കു നമ്മെ ഉയിർപ്പിക്കുന്ന റൂഹായ്ക്ക് സ്തോത്രം.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെമേൽ കരുണ ചെയ്യണമേ. ദൈവമേ, നിന്റെ ദാസനെ നീ പുണ്യപ്പെടുത്തണമേ. നിന്റെ തേജസ്സ് ഉദിക്കുന്ന ദിവസത്തിൽ നിന്റെ വലത്തുഭാഗത്ത് ഈ ദാസനെ നിർത്തണമേ.

## മൂന്നാം ശുശ്രൂഷ

### കൗമാ

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

### പ്രാരംഭപ്രാർത്ഥന

കരുണയുള്ള ദൈവമായ കർത്താവേ, നിന്നിൽ ശരണപ്പെട്ടു കൊണ്ട് നിന്റെ കർത്തൃകല്പനയാൽ വേർപെട്ടുപോയ ഈ ആത്മാവിനുവേണ്ടി നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കർത്താവേ, ദുഷ്ടന്മാരായ മൽസരക്കാരുടെ വലകളിൽനിന്നും കാണപ്പെടാത്ത അന്ധകാര സൈന്യങ്ങളിൽനിന്നും ഈ ആത്മാവിനെ സംരക്ഷിച്ചുകൊള്ളണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ, ഈ ആത്മാവ് നീതിമാൻമാരുടെ കൂട്ടത്തിൽ ജീവന്റെ ആസ്ഥാനം പ്രാപിക്കുകയും നിന്റെ വിശുദ്ധൻമാരോടുകൂടെ വസിക്കുകയും ചെയ്യുമാറാകണമേ. ആമ്മീൻ.

www.malankaralibrary.com

## **കുക്കിലിയോൻ** (ഏഴാം രാഗം)

(മൊറിയൊ ബഹൈലൊക്... എന്ന രീതി)

എൻ രക്ഷകനാം നാഥാ ദേവാ-ഹാ-ഹാ-
രാപകൽ ഞാൻ കേണൂ-തിരുമുമ്പിൽ
പൂകട്ടെൻ പ്രാർത്ഥന നിൻ സവിധേ-ഹാ-ഹാ
ശ്രദ്ധിച്ചീടണമെൻ-യാചനയെ.
എന്നാത്മാവിൽ തിന്മ നിറഞ്ഞൂ-ഹാ-ഹാ
എൻ ജീവൻ പാതാളം പൂകി.
കുഴിയിൽപെട്ടവനൊപ്പം ഞാൻ-ഹാ-ഹാ-
തുണയറ്റോനൊടു തു-ല്യനുമായി. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

അല്ലെങ്കിൽ

എന്റെ രക്ഷയുടെ ദൈവമായ കർത്താവേ, പകലും രാത്രിയും തിരുമുമ്പാകെ ഞാൻ നിലവിളിച്ചു; എന്റെ പ്രാർത്ഥന തിരുമുമ്പാകെ സ്വീകരിക്കപ്പെടുമാറാകണമേ. എന്റെ അപേക്ഷയ്ക്കു നിന്റെ ചെവി ചായ്ക്കണമേ; എന്തുകൊണ്ടെന്നാൽ, എന്റെ ആത്മാവ് ദോഷങ്ങൾകൊണ്ടു മടുത്തു. എന്റെ ജീവൻ പാതാളത്തോളം എത്തിയിരിക്കുന്നു. ഞാൻ കുഴിയിൽ ഇറങ്ങുന്നവരോടുകൂടെ കണക്കാക്കപ്പെട്ടു; ഞാൻ തുണയില്ലാത്തവനെപ്പോലെ ആയിത്തീർന്നു. ബാറെക്മോർ.

കാർമി : പിതാവിനും...

ജനം : ആദിമുതൽ...

## **എക്ബോ**

(ല്കുൻ തൂബൈയ്കൂൻ ആനീദെ... എന്ന രീതി)

മൃതിയാർന്നോരേ-സൗഭാഗ്യം
നിങ്ങൾക്കുത്ഥാനത്തിൻ നാളിൽ
ഉൾക്കൊണ്ടോരുയിരിൻ തിരുമെയ്യും
മോചനമേകും-തിരുരക്തമതും
നിങ്ങളെ നിർത്തീടും-വലഭാഗേ.

www.malankaralibrary.com

അല്ലെങ്കിൽ

മരിച്ചവരേ, ഉയിർപ്പുനാളിൽ നിങ്ങൾക്കു ഭാഗ്യം. എന്തെന്നാൽ, നിങ്ങൾ ഭക്ഷിച്ച ജീവനുള്ള ശരീരവും പാനം ചെയ്ത പാപപരിഹാരപ്രദമായ തിരുരക്തവും നിങ്ങളെ വലത്തുഭാഗത്ത് നിർത്തും.

ശുശ്രൂ : സ്തൗമെൻ കാലോസ്

ജനം : കുറിയേലായിസ്സോൻ

കാർമി : നാമെല്ലാവരും...

ജനം : കാരുണ്യവാനായ...

പുരോ : സ്തുതിയും സ്തോത്രവും...

## പ്രുമിയോൻ

മരിച്ചവരെ ജീവിപ്പിക്കുന്നവനും കബറടക്കപ്പെട്ടവരെ എഴുന്നേൽപ്പിക്കുന്നവനും ന്യായാധിപതിമാരുടെ ന്യായാധിപതിയുമായ കർത്താവിനു സ്തുതി. തന്റെ ദാസന്റെ ശവസംസ്ക്കാര ശുശ്രൂഷ ഞങ്ങൾ നിർവഹിക്കുന്ന ഈ സമയത്തും എല്ലാ പെരുന്നാളുകളിലും, നേരങ്ങളിലും, കാലങ്ങളിലും, ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും തനിക്കു യോഗ്യമാകുന്നു.

ജനം : ആമ്മീൻ.

## സെദ്റാ

ഞങ്ങളുടെ മിശിഹാ തമ്പുരാനേ, നീ ഉണ്ടായിരുന്നവനും ഇപ്പോൾ സ്ഥിതിചെയ്യുന്നവനും എന്നേക്കും നിലനിൽക്കുന്നവനും പിതാവിന്റെ മഹത്ത്വത്തിൽ വിശുദ്ധ മാലാഖമാരോടുകൂടെ വരുവാനിരിക്കുന്നവനുമാകുന്നു. നിന്റെ തിരുമുമ്പിൽ പതിനായിരങ്ങളുടെ അസംഖ്യ അണികളും ഗണങ്ങളും ഭയത്തോടും സംഭ്രമത്തോടുംകൂടെ നിലകൊള്ളുന്നു. ഉഗ്രന്മാരായ ക്രോബേന്മാരും സ്ഥിരതയുള്ള സേനാവ്യൂഹങ്ങളും സ്വർഗ്ഗീയ മണ്ഡലങ്ങളിൽ നിന്നെ

www.malankaralibrary.com

പ്രഘോഷിക്കുന്നു. നീ ഉഗ്രമായി ഗർജ്ജിക്കുമ്പോൾ മരണം വീണു പോകുകയും, പാതാളം നിശ്ശേഷം നശിക്കുകയും, ആദി ഭൂതങ്ങൾ അഴിഞ്ഞുപോകുകയും, ഭൂമിക്കുള്ളിൽ ഛിന്നഭിന്നമായി കിടക്കുന്ന സർവ്വജഡങ്ങളും കൂട്ടിച്ചേർക്കപ്പെടുവാനായി തിരികെ വരികയും ചെയ്യുന്നു. സൃഷ്ടിശക്തിയുള്ള വചനത്താൽ സകലത്തിന്റെയും സ്രഷ്ടാവും നിർമ്മാതാവുമെന്ന നിലയിൽ, നീ അവയെ പുന:സ്ഥാപിക്കുന്നു. നന്മയായിട്ടോ തിന്മയായിട്ടോ ഓരോരുത്തൻ ചെയ്തിട്ടുള്ളതിനെക്കുറിച്ചെല്ലാം സമാധാനം ബോധിപ്പിക്കുവാൻ നിന്റെ ഭയങ്കര സിംഹാസനത്തിന്റെ മുമ്പാകെ സകല ഗോത്രങ്ങളും തലമുറകളും ഒന്നിച്ചുകൂടും.

സർവ്വശക്തനും കരുണാസമ്പന്നനുമായ ദൈവമേ, ഇവയെല്ലാം സംഭവിക്കുമ്പോൾ നിന്നിലുള്ള പ്രത്യാശയോടുകൂടെ നിദ്രപ്രാപിച്ച ഈ ദാസനെ നിന്റെ വലത്തുഭാഗത്ത് നിർത്തണമേ. “എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്ന ഏവനും എന്നിലും ഞാൻ അവനിലും വസിക്കുന്നു. അവസാന ദിവസം ഞാനവനെ ഉയിർപ്പിക്കും” എന്നുള്ള ജീവപ്രദവും പരിശുദ്ധവുമായ തിരുവചനം ഈ ദാസനിലും ഞങ്ങളിലും നിറവേറ്റണമേ. ഞങ്ങളും ഞങ്ങളുടെ പരേതരും നിന്റെ വലത്തുഭാഗത്തുനിന്നുകൊണ്ട് നിന്റെ കാരുണ്യം ദർശിക്കുന്നതിനും നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കുന്നതിനും ഇടയാക്കണമേ.

ജനം : ആമ്മീൻ.

കാർമി : ദൈവത്തിൽനിന്ന്...

## തക്ശെപ്തൊ

(പൗലോസ് എഴുതിയിദം... എന്ന രീതി)

മിശിഹായിൽ മരിച്ചോർ
മരണം പൂകില്ലെന്നെഴുതി-മാർ പൗലോസ്
രക്ഷിതരൊരുനാളും
രണ്ടാം മൃതി രുചിച്ചീ-ടില്ലെ-ന്നും ഹാ-ഹാ
ഉപദേശിച്ചല്ലോ.

www.malankaralibrary.com

അല്ലെങ്കിൽ

മിശിഹായിൽ മരിച്ചവർ മരണം ആസ്വദിക്കയില്ലെന്നു പൗലോസ് നമുക്കെഴുതി. മിശിഹായിൽ രക്ഷപ്രാപിച്ചവർ ഒരു നാളും രണ്ടാം മരണം ആസ്വദിക്കയില്ലെന്നു ആ വിദഗ്ധോപദേഷ്ടാവു വ്യക്തമായി പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു.

ജനം : മൊറിയൊ റാഹേം...

## എത്രോ

സർവ്വശക്തനും മഹാകാരുണ്യവാനുമായ ദൈവമേ, കർത്താവേ, തിരുസന്നിധിയിലേക്കു നീ വിളിച്ചതിനാൽ നിദ്ര പ്രാപിച്ചിരിക്കുന്ന ഈ ദാസനുവേണ്ടി തിരുമുമ്പാകെ ഞങ്ങൾ സമർപ്പിച്ച ഈ ധൂപം നീ സ്വീകരിക്കണമേ. സ്വർഗ്ഗീയ യെറുശലേമിലെ മോഹനീയ സ്ഥലങ്ങളിൽ ഇവനെ ആശ്വസിപ്പിക്കണമേ. ഞങ്ങളുടെ ദൈവമായ കർത്താവേ, കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും തിരുമുമ്പാകെയുള്ള മുഖപ്രസന്നതയ്ക്കും ഇവനെ അർഹനാക്കണമേ.

ജനം : ആമ്മീൻ

## കോലോ

കുക്കോയോ (ഏഴാം രാഗം)

1. 'മരണക്കാസാ നുകരുന്നവനതു ബഹുതിക്തം താൻ
പോകാം, വരിക, വിളിക്കുന്നു നിന്നെ ഉടയോനിതി,
ആത്മാവോടാ-ദൂതൻ ചൊന്നീടും
നേരം ക്രൂരം ഭ്രമജനകം കഠിനം
ആത്മാവപ്പോൾ കണ്ണീർ വാർത്തോതും തനുവോടായ്:
'ഉത്ഥാനത്തിൻ നാളോളം പാർത്താലും ശാന്തിയിൽ'
ഹാ... ഹാ...

2. ആത്മാവുരചെയ്തീടുന്നു: പരദേശിനിയാം ഞാൻ
വീട്ടുടയോനാൾ വിട്ടതിനാൽ നില്പാനെളുതല്ല
ദൂതനുമെന്നോ-ടാജ്ഞാപിച്ചേവം
ആലയവാസം-വെടിയൂ നീ വരിക
ഉടയോനരുളിയ നാൾവരെയും ഞാൻ മേവിയ മേനി
താൽക്കാലിക മോഹനഗൃഹമേ, പാർത്താലും ശാന്തിയിൽ
ഹാ... ഹാ... ബാറെക്മോർ.

കാർമി : ശുബ്ഹോ...

www.malankaralibrary.com

3. ദൈവതനൂജാ, പാഥേയം കരുതിയെനിക്കായ് നീ
ലോകം പരിപാലിപ്പോനേ, എൻ പശി നീ തീർത്തു
നിൻ തനുരക്ത-വാസന വീശുവതാം
മമ മെയ്യിൽ നി-ന്നഗ്നിയകറ്റണമേ
മാമോദീസാ എനിക്കോർത്താൽ താഴാത്തൊരു നൗക
നാഥാ നിൻകൃപ കാണണമേ, ഞാനുത്ഥാനത്തിൽ.
ഹാ... ഹാ...

ജനം : മെൻഓലലം...

4. ദേഹം വെടിയുമ്പോളതിനോടാത്മാവോതു-ന്നു
എന്തുപകാരമെനിക്കുള്ളൂ ധനസമ്പാദ്യത്താൽ
ന്യായാസ്ഥാനേ-അവശ്യം സുകൃതങ്ങൾ
ചെയ്തെന്നാകിൽ-ഫലമുണ്ടായേനെ
വാസസ്ഥലവും ധനവും ഞാനുടമസ്ഥർക്കേകി
ഭീകര സിംഹാസനസവിധം-പോകുന്നേനെ-ന്റെ
ഹാ-ചെയ്തികളറിയിപ്പാൻ. മൊറിയൊ റാഹേം...

അല്ലെങ്കിൽ

മരണത്തിന്റെ കാസാ ആസ്വദിക്കുന്നവന് അത് എത്ര കൈപ്പുള്ളതാകുന്നു! ''വരിക, നമുക്കു പോകാം; നിന്റെ ഉടയോൻ നിന്നെ അന്വേഷിക്കുന്നു" എന്നു മാലാഖ ആത്മാവിനോടു പറയുന്ന നാഴിക എത്ര ദു:ഖകരവും, ഭയങ്കരവും, കഠിനതരവുമാകുന്നു! "ഇനി ഉയിർപ്പുവരെ സമാധാനത്തോടെ വസിക്കുക" എന്ന് ആത്മാവ് കണ്ണീർ പൊഴിച്ചുകൊണ്ടു ശരീരത്തോടു പറയുന്നു.

ആത്മാവ് ശരീരത്തോടിപ്രകാരം പറയുന്നു: "ഞാൻ വിദേശവാസിയായിരുന്നു; വീട്ടുടമസ്ഥൻ എനിക്കാളയച്ചു. താമസിക്കുവാൻ എനിക്കു നിവൃത്തിയില്ല". ദൂതൻ എന്നോടിപ്രകാരം പറയുന്നു: ''നീ വീട്ടിൽനിന്നു പുറപ്പെടുക; അതിന്റെ മേൽത്തട്ടുകളെ ഒഴിച്ചിടുക". കർത്താവിനിഷ്ടമുള്ളിടത്തോളം കാലം ഞാൻ ഏതിൽ വസിച്ചുവോ, ആ ഭംഗിയുള്ള ഭവനമാകുന്ന തൽക്കാല വാസസ്ഥലമായ ശരീരമേ, നിനക്കു സമാധാനം. ബാറെക്മോർ.

www.malankaralibrary.com

കാർമി : പിതാവിനും...

ദൈവപുത്രാ, എനിക്കു വഴിയാത്രയ്ക്കുള്ള ആഹാരം നീ എടുത്തു. ലോകത്തെ പോറ്റുന്നവനേ, എനിക്കു വിശന്നപ്പോൾ നിന്നിൽനിന്നു ഞാൻ ഭക്ഷിച്ചു. എന്നിൽനിന്നു നിന്റെ ശരീര രക്തങ്ങളുടെ വാസന ഏൽക്കുമ്പോൾ എന്റെ അവയവങ്ങളിൽ നിന്നു നീ അഗ്നിയകറ്റണമേ. പുനരുത്ഥാന ദിവസത്തിൽ നിന്റെ മാമോദീസാ എനിക്കു മുങ്ങാത്ത കപ്പൽ ആയിത്തീരണമേ; ഉയിർപ്പുദിവസം നിന്റെ കരുണ ഞാൻ കാണുമാറാകണമേ.

ജനം : ആദിമുതൽ...

ആത്മാവ് ശരീരത്തിൽനിന്നു വേർപിരിയുമ്പോൾ അതു ശരീരത്തോടിപ്രകാരം പറയുന്നു: പണവും സമ്പാദ്യങ്ങളും കൊണ്ടെനിക്കെന്തു പ്രയോജനം? ന്യായസ്ഥലത്തു പാപമോചനം നൽകുന്ന സൽപ്രവൃത്തികൾ ഞാൻ മുൻകൂട്ടി ചെയ്തിട്ടുണ്ടെങ്കിൽ എനിക്കു പ്രയോജനമുണ്ട്. ഇതാ! വാസസ്ഥലം അതിന്റെ കുടിപാർപ്പുകാർക്കും, സമ്പത്ത് അതു സമ്പാദിച്ചവർക്കുമായി വിട്ടുകൊടുത്തിരിക്കുന്നു. ഞാൻ ചെയ്തിട്ടുള്ളവയ്ക്കു കണക്കു കൊടുക്കാൻ ഭയങ്കര സിംഹാസനത്തിൻ മുമ്പിലേക്കു ഞാൻ പോകുന്നു. മൊറിയൊ റാഹേം...

## മാർ അപ്രേമിന്റെ ബോവൂസോ

കർത്താവേ, കൃപ ചെയ്യണമേ
ദാസന്നേകണമേ പുണ്യം
നിൻ മഹിമോദയനാൾ തന്നിൽ
നിൻ വലഭാഗേ ചേർക്കിവനെ.

രക്ഷിപ്പാൻ വന്നോൻ മ്ശീഹാ
നീയെൻ സങ്കേതം, മിത്രം
മൃതി നിഴൽ മൂടും പാതാളെ
നിൻ കുരിശെൻ ദീപികയാക.

www.malankaralibrary.com

നിങ്ങളിൽ നിന്നും ഞാൻ നീങ്ങും
എൻ വേർപാടത്യാസന്നം
വേർപാടേകിയ ദൈവത്തെ
മുൻ നിർത്തി ഓർപ്പിൻ നിങ്ങൾ.

വത്സലരേ, ശുഭമായ് വാഴിൻ
താതൻമാരേ, പ്രാർത്ഥിപ്പിൻ
ഞാനിപ്പോൾ ദൈവം ചൊല്ലും
സ്ഥാനം നോക്കിപ്പോകുന്നു.

ഏൽക്കുക ദേവാ, നിൻ ശരണെ
മൃതനാം ദാസന്നാത്മാവെ
നിൻ കരുണോദയനാൾ തന്നിൽ
നിൻ വലഭാഗേ ചേർക്കിവനെ.

കർത്താവേ, കൃപ ചെയ്യേണമേ,
ദാസന്നേകണമേ പുണ്യം
നിൻ മഹിമോദയനാൾ തന്നിൽ
നിൻ വലഭാഗേ ചേർക്കിവനെ.

അല്ലെങ്കിൽ

ഞങ്ങളുടെ കർത്താവേ, ഞങ്ങളോട് കരുണചെയ്യണമേ. ദൈവമേ, നിന്റെ ദാസനെ പുണ്യപ്പെടുത്തണമേ. നിന്റെ മഹിമ ഉദിക്കുന്ന ദിവസം നിന്റെ വലത്തുഭാഗത്ത് ഈ ദാസനെ നിർത്തണമേ.

മരണനിഴലുകൾ എന്നെ മറച്ചതുകൊണ്ട് പാതാളത്തിൽ നിന്റെ സ്ലീബാ എന്നെ പ്രകാശിപ്പിക്കുമാറാകണമേ. ഞങ്ങളുടെ രക്ഷയ്ക്കായിവന്ന മിശിഹാ, നീ എനിക്കനുയാത്രക്കാരനും സങ്കേതസ്ഥലവുമായിരിക്കണമേ.

നിങ്ങളുടെ അടുക്കൽനിന്നു വേർപിരിയുവാൻ സമയം ആസന്നമായി. നിങ്ങളിൽനിന്നു എന്നെ വേർപെടുത്തിയ ദൈവത്തെയോർത്ത് പ്രാർത്ഥനയിൽ എന്നെ ഓർക്കുവിൻ. എന്റെ വാത്സല്യമുള്ളവരേ, നിങ്ങൾക്കു സമാധാനം. എന്റെ മാതാപിതാക്കന്മാരേ, ഞാൻ നിങ്ങളുടെ അടുക്കൽനിന്ന് ദൈവത്തിന്

www.malankaralibrary.com

ഇഷ്ടമുള്ളിടത്തേക്കു പോകേണ്ടതിനായി നിങ്ങൾ പ്രാർത്ഥിക്കുവിൻ.

ദൈവമേ, നിന്നിലുള്ള ശരണത്തിൽ നിദ്രപ്രാപിച്ചിരിക്കുന്ന നിന്റെ ദാസന്റെ ആത്മാവിനെ കൈക്കൊള്ളണമേ. നിന്റെ കരുണ ഉദിക്കുന്ന ദിവസത്തിൽ നിന്റെ വലത്തുഭാഗത്തു ഈ ദാസനെ നിർത്തണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ. ദൈവമേ, നിന്റെ ദാസനെ പുണ്യപ്പെടുത്തണമേ. നിന്റെ മഹിമ ഉദിക്കുന്ന ദിവസത്തിൽ നിന്റെ വലത്തുഭാഗത്ത് ഈ ദാസനെ നിർത്തണമേ.

## നാലാം ശുശ്രൂഷ

## കൗമാ

കാർമി : ശുബ്ഹോ

ജനം : ബലഹീനരും...

### പ്രാരംഭപ്രാർത്ഥന

ദൈവമായ കർത്താവേ, ഈ താൽക്കാലിക ജീവിതത്തിൽനിന്നു മോചനം നേടി, വ്യർത്ഥലോകത്തിൽനിന്നു യാത്രയായിരിക്കുന്ന ഈ ആത്മാവ് നിന്റെ മാലാഖമാരാൽ നയിക്കപ്പെട്ട് പുനരുത്ഥാനത്തിന്റെ പ്രത്യാശയിൽ ആശ്വാസവും സന്തോഷവും നിറഞ്ഞ സ്ഥലങ്ങളിൽ വസിക്കുമാറാകണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമേ, ഈ ആത്മാവു മുഖപ്രസാദത്തോടുകൂടെ അവിടെ നിന്നെ എതിരേല്ക്കുമാറാകണമേ. ആമ്മീൻ.

### കുക്കിലിയോൻ (എട്ടാം രാഗം)

(അക്ദമറാഹേം ആബോ... എന്ന രീതി)

വിസ്മൃതനായ് ഞാൻ മൃതനെപ്പോൽ-ഹാ
പാഴ്പാത്രം പോ-ലെയുമായി,

ആളുകളേറ്റമെനിക്കെതിരായ്-ഹാ
ആലോചിക്കു-ന്നതു കേട്ടേൻ.

www.malankaralibrary.com

എന്നാത്മം എടുക്കാനവരൊത്തു–ഹാ
ഞാനോ ശരണം പ്രാ–പിച്ചങ്ങിൽ

ചൊന്നേൻ നാഥാ നീയാണെൻ ദൈവം–ഹാ–
നിൻ കൈയിൽതന്നെ–കാലങ്ങൾ. ബാറെക്മോർ.

കാർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

അല്ലെങ്കിൽ

മരിച്ചവനെപ്പോലെ ഞാൻ മറക്കപ്പെട്ടവനായിരിക്കുന്നു; ഞാൻ ഉടഞ്ഞു ചിതറിയ പാത്രംപോലെ ആയിത്തീർന്നു. പലരും മന്ത്രിക്കുന്നതു ഞാൻ കേൾക്കുന്നു; ചുറ്റും ഭീഷണിതന്നെ. എനിക്കെതിരെ അവർ ഒന്നുചേർന്നു. കർത്താവേ, ഞാൻ നിന്നിൽ ആശ്രയിക്കുന്നു. നീയാണെന്റെ ദൈവമെന്നു ഞാൻ പ്രഖ്യാപിക്കുന്നു. എന്റെ ഭാവി നിന്റെ കൈകളിലാകുന്നു. ബാറെക്മോർ.

കാർമ്മി : പിതാവിനും...

ജനം : ആദിമുതൽ...

## എക്ബോ

ഉത്തമനേ, കരുണാപൂർണ്ണാ
ഭക്തരെ വിധി ചെയ്തീടരുതേ
ജീവിപ്പവരിൽ തിരുമുമ്പിൽ
കുറ്റം തീർന്നോരില്ലല്ലോ
നാഥാ, കൃപയാലവരെ നീ
ജീവിപ്പിക്കുത്ഥാനത്താൽ
വാഴ്ത്തുന്നിതാ നിന്നെ ഞങ്ങൾ.

അല്ലെങ്കിൽ

ഉത്തമനും കരുണാസമ്പന്നനുമായ കർത്താവേ, നിന്റെ ആരാധകരെ ശിക്ഷാവിധിയിൽ പ്രവേശിപ്പിക്കരുതേ. എന്തെന്നാൽ, ജീവനുള്ള ആരുംതന്നെ തിരുസന്നിധിയിൽ

www.malankaralibrary.com

കുറ്റമറ്റവനല്ല. നിന്റെ കാരുണ്യാതിരേകംകൊണ്ടു മരിച്ചവരെ ഉയിർപ്പിച്ച് ജീവൻ കൊടുക്കണമേ. ഞങ്ങളെല്ലാവരും നിരന്തരം നിന്നെ സ്തുതിക്കും.

ശുശ്രൂ : സ്തൗമെൻകാലോസ്

ജനം : കുറിയേലായിസ്സോൻ

കാർമ്മി : നാമെല്ലാവരും...

ജനം : കാരുണ്യവാനായ...

കാർമ്മി : സ്തുതിയും സ്തോത്രവും...

## പ്രുമിയോൻ

ആത്മാക്കളുടെ സ്രഷ്ടാവും ശരീരങ്ങളുടെ നിർമ്മാതാവും, നിർമ്മിക്കപ്പെട്ടവയുടെ ശരണവും, സൃഷ്ടികളുടെ പ്രത്യാശയും കബറടങ്ങിയവരുടെ പുനർജ്ജീവനും, ദു:ഖിതരുടെ ആശ്വാസവും, വ്യസനിച്ചിരിക്കുന്നവരുടെ സന്തോഷവും, പീഡിതരുടെ ധൈര്യവുമായിരിക്കുന്ന തനിക്കു സ്തുതി. തന്റെ ദാസന്റെ ശവസംസ്കാര ശുശ്രൂഷ ഞങ്ങൾ നിർവഹിക്കുന്ന ഈ സമയത്തും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും തനിക്കു യോഗ്യമാകുന്നു.

ജനം : ആമ്മീൻ.

## സെദ്റാ

കൃപയും സത്യവും വളരെയുള്ളവനും സനാതന തേജസ്സും ജീവനും മരണമില്ലായ്മയുടെ ഉറവിടവുമായ കർത്താവേ, നീ സകലത്തിന്റെയും സ്രഷ്ടാവും ലോകത്തെയും അതിലെ അവസ്ഥാന്തരങ്ങളെയും ക്രമീകരിക്കുന്നവനുമാകുന്നു. നീ അത്യുഗ്രനും ആധിപത്യത്തിൽ പ്രതാപശാലിയും, അതേസമയം ദീർഘക്ഷമയുള്ളവനും കാരുണ്യവാനുമത്രേ. നിന്റെ ദിവ്യദൃഷ്ടിയിൽനിന്നു മറഞ്ഞിരിക്കുന്ന രഹസ്യങ്ങളില്ല. അഗാധചിന്തകളും ഹൃദയനിരൂപണകളും നിന്റെ മുമ്പാകെ പരസ്യവും നഗ്നവുമത്രേ. നിന്റെ നിശ്ചയങ്ങൾ അപരിമേയങ്ങളും മാർഗ്ഗങ്ങൾ ദുർഗ്രഹങ്ങളുമാകുന്നു. മരണത്തെ മായിക്കുവാനും മനുഷ്യസംഹാരകനായ

www.malankaralibrary.com

മഹാസർപ്പത്തെ കൊല്ലുവാനുമായി നിന്റെ വത്സലപുത്രനായ യേശുമിശിഹായെ ലോകത്തിലേക്കയച്ചുകൊണ്ട് താല്പര്യമുള്ള എല്ലാവരോടും നീ ജീവനും മരണമില്ലായ്മയും അറിയിച്ചു. നിന്റെ ആജ്ഞപ്രകാരം ഞങ്ങൾ ക്ലേശപൂർണ്ണമായ ഈ ലോകത്തിൽനിന്ന് ഉത്കൃഷ്ടവും അനശ്വരവുമായ പരലോകത്തിലേക്കു നയിക്കപ്പെടുന്നു.

*സർവ്വനാഥനും രണ്ടു ലോകങ്ങളുടെയും അധിപനുമായ ദൈവമേ, താൽക്കാലിക ജീവിതമാകുന്ന ഈ പരദേശവാസത്തിൽനിന്ന് പിരിഞ്ഞുപോയ ഈ ദാസനുവേണ്ടി ഞങ്ങൾ നിന്നോട് വിനയപൂർവ്വം അപേക്ഷിക്കുന്നു. ആത്മാക്കളെ ഇവിടെനിന്നു കൂട്ടിക്കൊണ്ടുപോയി സ്വർഗീയ ഭവനങ്ങളിൽ വസിപ്പിക്കുന്ന സമാധാന ദൂതൻമാർ വഴി ഈ ദാസന്റെ ആത്മാവിനെ കൈക്കൊള്ളണമേ.

*കർത്താവേ, ദുഷ്ടാത്മാക്കളുടെ പിടിയിൽനിന്ന് ഈ ദാസന്റെ ആത്മാവിനെ രക്ഷിച്ചുകൊള്ളണമേ. ആ എതിരാളിയുടെ ബന്ധനത്തിൽനിന്ന് അതിനെ വിടുവിക്കണമേ. തിരുനാമഭക്തരും തിരുവിഷ്ടം ആചരിക്കുന്നവരുമായവരെ ചുറ്റിനിൽക്കുന്നതുപോലുള്ള സേനകൾ ഈ ദാസനും ലഭിക്കുമാറാകണമേ.

നിന്റെ മനുഷ്യപ്രീതിയാൽ ഈ ദാസന്റെ പാപങ്ങൾ പരിപൂർണ്ണമായി പരിഹരിക്കണമേ; ഈ ദാസന്റെ തെറ്റുകൾ നിന്റെ ദയയാൽ പൂർണ്ണമായി ക്ഷമിക്കുകയും ചെയ്യണമേ. ഈ ദാസന്റെ യാത്രയ്ക്കു നിന്റെ സഹായം പരസ്യമായി അയച്ചുകൊടുക്കണമേ. കൃപാപൂർണ്ണമായ വലത്തുകൈ ഈ ദാസന് നീട്ടിക്കൊടുത്ത് രണ്ടാം മരണമാകുന്ന ചുഴിയിൽനിന്ന് ഈ ദാസനെ ഉദ്ധരിച്ചുകൊള്ളണമേ. അദൃശ്യമായ നിന്റെ ശക്തിയാൽ ഈ ദാസനെ സഹായിക്കണമേ. പിശാചുക്കളുടെ ഭയങ്കരമായ ഒളിവിടങ്ങളിൽനിന്ന് ഈ ദാസനെ രക്ഷിച്ചുകൊള്ളണമേ. ഈ ദാസന്റെ പ്രമാണലംഘനങ്ങൾക്ക് തക്കതുപോലെ ഈ ദാസനെ നീ വിധിക്കരുതേ; തിരുസന്നിധിയിൽ എല്ലാവരും കുറ്റക്കാരാണല്ലോ.

കർത്താവേ, ഞങ്ങളുടെ സ്വഭാവത്തിന്റെ ദൗർബല്യം നീ തൃക്കൺപാർക്കണമേ. ഞങ്ങളുടെമേൽ ഉച്ചരിക്കപ്പെട്ട നിന്റെ വിശുദ്ധ നാമവും നിന്റെ മഹാകരുണയും ഞങ്ങളിലും ഈ ദാസനിലും ഓർക്കണമേ. ഞങ്ങളുടെ വർഗത്തിന്റെ രക്ഷയ്ക്കു

www.malankaralibrary.com

വേണ്ടിയുണ്ടായ നിന്റെ ഏകപുത്രന്റെ കഷ്ടാനുഭവങ്ങൾ നിന്നോടപേക്ഷിക്കുമാറാകണമേ. നിന്റെ കൃപയും കരുണയും ഈ ദാസന്റെമേൽ ഉദിക്കുമാറാകണമേ. ഈ ദാസൻ വിശ്വസിച്ച ജയമുള്ള സ്ലീബാ, ഈ ദാസനെ വിശുദ്ധന്മാരുടെ സമൂഹത്തിൽ വസിപ്പിക്കുന്ന പ്രകാശസ്തംഭമായിത്തീരണമേ.

* തിരുനാമഭക്തർക്കുള്ള അനുഗൃഹീത ഭവനങ്ങളിൽ വന്നു ചേരുന്നതുവരെയും നിന്റെ ദാസന് നീ അനുയായിയും കാവൽക്കാരനുമായിത്തീരണമേ. അവിടെ ആദ്യന്തമില്ലാത്ത നിന്റെ മഹത്ത്വത്തിൽ ഈ ദാസൻ ആനന്ദിക്കുമാറാകണമേ. അബ്രഹാമിന്റെ മടിയിൽ വിശ്രമിച്ചുകൊണ്ട് എല്ലാ ദു:ഖങ്ങളും ക്ലേശങ്ങളും കഷ്ടതകളും ഈ ദാസൻ വിസ്മരിക്കുമാറാകണമേ.

നിർമ്മലവും സന്തോഷപ്രദവും പാപരഹിതവുമായ ജീവിതം നയിച്ച് അന്ധകാരസേനകൾക്ക് വിധേയമാകാത്തതും സമാധാനപരവുമായ നിര്യാണം പ്രാപിക്കുവാൻ നിന്റെ ആരാധകരായ ഞങ്ങളേവരെയും യോഗ്യരാക്കണമേ. കരുണാപൂർവ്വം ഞങ്ങളെ കടാക്ഷിച്ച് വിലപിച്ചിരിക്കുന്നവരെ ആശ്വസിപ്പിക്കുകയും ദു:ഖിതർക്കു മനോധൈര്യം കൊടുക്കുകയും ചെയ്യണമേ. എന്തെന്നാൽ, നിന്നെ സ്തുതിക്കുന്ന ഏവർക്കും ഏതു സ്ഥാനത്തും അവനവന്റെ ആവശ്യാനുസരണം നീ ശരണവും പ്രത്യാശയും ആകുന്നുവല്ലോ.

കർത്താവേ, നിന്റെ അഭിഷിക്തനിലുള്ള പ്രത്യാശയിൽ ഞങ്ങൾക്കു മുമ്പായി നിന്റെ അടുക്കലേക്കു യാത്രയായവരും, ശ്രേഷ്ഠവും മഹനീയവുമായ അവന്റെ പ്രത്യക്ഷതയെ പ്രതീക്ഷിക്കുന്നവരുമായ ഞങ്ങളുടെ എല്ലാ മാതാപിതാക്കന്മാർക്കും, സഹോദരങ്ങൾക്കും, ഗുരുക്കന്മാർക്കും വിശുദ്ധരോടുകൂടെയുള്ള ആശ്വാസം നൽകണമേ. കർത്താവേ, മുൻകൂട്ടി നിദ്രപ്രാപിച്ചവരെയും ഇവിടെ അവശേഷിക്കുന്നവരായ ഞങ്ങളെയും ആദ്യന്തമില്ലാത്ത നിന്റെ രാജ്യത്തിൽ നിന്നെയും നിന്റെ ഏകജാതനെയും പരിശുദ്ധ റൂഹായെയും സ്തുതിച്ചു പുകഴ്ത്തുവാൻ യോഗ്യരാക്കണമേ.

ജനം : ആമ്മീൻ.

കാർമ്മി : ദൈവത്തിൽനിന്ന്...

www.malankaralibrary.com

## തക്ശെപ്തൊ

(നാഥാജ്ഞകളനുവർത്തിച്ചൊരു ദാസന്മാർ... എന്ന രീതി)

മൃതിപൂണ്ടഴുകിയ ലാസറിനെ
കബറിൽനിന്നും ദൈവതനൂജൻ
വിളിചെയ്തോരാജ്ഞാ ശബ്ദം
ഉത്ഥാനേ മൃതരേ ചേർക്കും
യോശാഫാത്തിൻ താഴ്വരയിൽ
രാജനിരിക്കും, തലമുറകൾ
അണയും വിധിയേൽക്കാൻ
നാഥാ, കൃപചെയ്യണമെന്നിൽ.

ജനം : മൊറിയോ റാഹേം...

അല്ലെങ്കിൽ

മരിച്ച് പണ്ടേതന്നെ അഴുകിയ ലാസറിനെ സ്രഷ്ടാവിന്റെ ആജ്ഞാശബ്ദം കബറിൽനിന്ന് വിളിച്ചുപുറത്തു കൊണ്ടുവന്നു. ആ ജീവനുള്ള ശബ്ദംതന്നെ ഉയിർപ്പിന്റെ മഹാദിവസത്തിൽ മരിച്ചവരെ അവരുടെ കബറുകളിൽ നിന്നു വിളിച്ച് യോശാഫാത്തിന്റെ താഴ്വരയിൽ നിറുത്തും. രാജാധിരാജാവ് പ്രതാപത്തോടെ അവിടെ സിംഹാസനത്തിൽ ആരൂഢനാകും. അവന്റെ മുമ്പാകെ ന്യായവിധിക്കായി ഗോത്രങ്ങൾ പ്രവേശിക്കും. ദൈവമായ കർത്താവേ, നീ മരിച്ചവരെ ഉയിർപ്പിക്കുന്നവനാകയാൽ ആ ദിവസം എന്നോടു കരുണ ചെയ്യണമേ.

ജനം : മൊറിയൊ റാഹേം...

## എത്രോ

കാരുണ്യവാനായ ദൈവമേ, നിന്നിൽ ഞങ്ങൾ ശരണം പ്രാപിച്ചുകൊണ്ട് ഈ സുഗന്ധ ധൂപം നിനക്കു സമർപ്പിക്കുന്നു. നിന്റെ കല്പനപ്രകാരം ഇഹലോകവാസം വെടിഞ്ഞ ഈ ആത്മാവിനുവേണ്ടി നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

www.malankaralibrary.com

ഈ ദാസൻ പിശാചുക്കളുടെ ബലമേറിയ പിടിയിൽനിന്നും, അദൃശ്യരും വായുമണ്ഡലവാസികളുമായ വഞ്ചകരുടെ കൂട്ടത്തിൽനിന്നും രക്ഷിക്കപ്പെടുമാറാകണമേ. എന്നേക്കും ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, ഞങ്ങളോടുള്ള നിന്റെ ബഹുലമായ കരുണയാൽ ഈ ആത്മാവ് നിന്റെ വിശുദ്ധരുടെ നിവാസസ്ഥലങ്ങളിലും ജീവനുള്ളവരുടെ പട്ടണങ്ങളിലും വന്നു ചേരുമാറാകണമേ. ആമ്മീൻ.

## കോലോ

(തൂബൈക് ഈത്തോ... എന്ന രീതി)

1. ധന്യൻ മിശിഹാ-വചനത്താൽ
മൃതരെ-യുയിർ-പ്പി-പ്പോൻ
തൻ കല്പന പാലിപ്പോർക്കായ് തേജോ-
വസനം നൽകീടും.
അവനെ രാജ്യത്തെതിരേല്പാൻ
അവർ മേഘങ്ങളിലേറി വരും
മധുരസ്വരത്തിൽ താൻ ചൊല്ലും; വന്നേറി പ്രാപിച്ചിടുവിൻ
കല്പന കാത്തോർ-ക്കായ് മുന്നം താതൻ-
കരുതിയതാം രാജ്യം

2. മാമോദീസാ-യാം നീരിൽ
നിന്നും മ്ശീ-ഹാ-തൻ
മുദ്ര ധരിച്ചോർ നിങ്ങൾക്കായ് നല്ല
ദൂതുണ്ടായീടും.
മൃതിതൻ ലോകേ ധീരതയും
പ്രത്യാശയതും പ്രാപിപ്പിൻ
ഉയിരോടെഴുന്നേൽക്കും നിങ്ങൾ കേടേ-തും തീണ്ടീടാതെ
കല്ലറ വിട്ടാ പറുദീസാ പൂകും വാസരമാസന്നം.

ബാറെക്മോർ.

കാർമി : ശുബ്ഹോ...

www.malankaralibrary.com

3. ധന്യൻ പൗലോസ് ശ്ലീഹാ തൻ
ചൊല്ലേവം കേട്ടേൻ
മൃതരെയോർത്തി-ട്ടഴൽ നിങ്ങൾക്കരുതെ-
ന്നാശിച്ചീടുന്നേൻ.
വാനിൽ കാഹളനാദത്താൽ
മൃതരെല്ലാവരുമെഴുന്നേൽക്കും
താൽക്കാലികമാ-മീ-ഗാത്രം നിത്യ-തയെ പ്രാപിച്ചീടും
തനുവെഴുന്നേൽക്കും-കേടില്ലാതുത്ഥാ-നത്തിൻവൻനാളിൽ.

ജനം : മെൻഓലം...

4. വർഷിക്കട്ടെ താതൻ താൻ
ബാബേൽ തീച്ചൂളയിൽ
ബാലകരിൽ തൂ-കിയതായീടും നൽ
ജീവൽ പനിനീരാം
മൃതലോകേ ആകുലമേറും
ഭവനങ്ങളിൽ മേവുന്നോരിൽ

നിൻ ശരണത്തിൽ നിദ്രിതരാം ദാസ-ന്മാർ തൻ പിഴപോക്കി നൽകീടുക നീ -അവകാശം ശാശ്വ-ത സുസ്ഥിര രാജ്യത്തിൽ.

മൊറിയൊ റാഹേം...

അല്ലെങ്കിൽ

തന്റെ കല്പനയാൽ മരിച്ചവരെ ഉയിർപ്പിക്കുന്നവനും തിരുവിഷ്ടം പ്രവർത്തിച്ച നീതിമാൻമാരെ മഹത്ത്വത്തിന്റെ നിലയങ്കി ധരിപ്പിക്കുന്നവനുമായ മിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു.

അവന്റെ രാജ്യം പ്രത്യക്ഷപ്പെടുമ്പോൾ അവനെ എതിരേൽക്കുവാൻ അവർ മേഘങ്ങളിൽ കയറിവരും. അവൻ മധുരസ്വരത്തിൽ അവരെ വിളിച്ച് അപ്പോൾ പറയും: "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗരാജ്യം നിങ്ങൾ വന്ന് അവകാശമാക്കിക്കൊൾവിൻ".

www.malankaralibrary.com

മാമോദീസാജലത്തിൽനിന്നു മിശിഹായുടെ മുദ്രപ്രാപിച്ച കബറിലുള്ള പരേതരേ, നിങ്ങൾക്കൊരു സദ്വാർത്തയുണ്ട്. നിങ്ങൾക്കു നല്ല പ്രത്യാശയും ധൈര്യവുമുണ്ടാകും. നിങ്ങളുടെ ശരീരങ്ങൾ ജീവൻ പ്രാപിക്കുകയും കല്ലറവിട്ട് നിങ്ങൾ പറുദീസായിലേക്ക് നാശംകൂടാതെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്ന ദിവസമിതാ ആസന്നമായിരിക്കുന്നു. ബാറെക്മോർ.

കാർമ്മി : പിതാവിനും...

ധന്യനായ പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നതു ഞാൻ കേട്ടു: "എന്റെ സഹോദരരേ, നിങ്ങൾ മരിച്ചവരെക്കുറിച്ചു ദു:ഖിക്കരുതെന്നു ഞാനാഗ്രഹിക്കുന്നു. എന്തെന്നാൽ, സ്വർഗത്തിൽനിന്നുള്ള കാഹളശബ്ദം കേൾക്കുമ്പോൾ സകല പരേതരും ഉയിർത്തെഴുന്നേൽക്കുകയും, നശിച്ചുപോകുന്ന ഈ ശരീരം അനശ്വരത പ്രാപിക്കുകയും ചെയ്യും.

ജനം : ആദിമുതൽ...

പിതാവായ ദൈവത്തിന്റെ കല്പനപ്രകാരം ബാബേൽക്കാരുടെ അഗ്നിച്ചൂളയിൽവച്ച് കുട്ടികളുടെമേൽ തളിക്കപ്പെട്ട പനിനീർ, പാതാളത്തിലെ ഇരുളടഞ്ഞ വാസസ്ഥലങ്ങളിൽ പാർക്കുന്ന പരേതരിൽ പതിക്കട്ടെ. തന്നിലുള്ള പ്രത്യാശയോടുകൂടെ നിദ്രപ്രാപിച്ച ദാസരുടെ തെറ്റുകൾ ദൈവം ക്ഷമിച്ച് അവരെ ശാശ്വതമായ രാജ്യത്തിന്റെ അവകാശികളാക്കട്ടെ.

മൊറിയൊ റാഹേം...

## മദ്റോശോ

(നഹാത്തീവ് നൂഹോമ്മോ... എന്ന രീതി)

നിൻ ശരണേ മൃതനാം
ദാസന്നുത്ഥാനം
നവ്യതയേകട്ടെ.

ചരമദിനം പാർത്താൽ-പരിദേവനദിവസം
നെടുവീർപ്പിൻ ദിവസം-തിക്തദിനം ദേവാ-നൽകണമാശ്വാസം.

www.malankaralibrary.com

മരണത്തിൻ കാസാ-നുകരണമെല്ലാരും
യൗവനമതിലായാൽ-കഠിനതരം ദേവാ-നൽകണമാശ്വാസം.

നിഖിലം പാഴാക്കും-മൃതിമുന്നറിവെന്യേ
നിപതിച്ചിന്നിവനിൽ-നിന്നുത്ഥാനമിവ-ന്നേകണമാശ്വാസം.

"സഹജൻ രക്ഷിക്കാ-സ്നേഹിതനുതകീടാ"
നിബിയേവം ചൊന്ന-വാക്യം നിറവേറി-തുണ
ചെയ്കെൻ നാഥാ.


മൃതരാമുറ്റോർക്കായ് -കഷ്ടതയേൽക്കാനും
മൃതിയാം നാശകനെ-ചൊല്ലിക്കരയാനും
ബാദ്ധ്യതയുണ്ടേവനും.

എല്ലാവരിൽനിന്നും-സ്തുതിതേ സകലേശാ
മൃതരുയിർ പൂണ്ടീടും-സ്വർഗം നേടീടും
സ്തോത്രം പാടീടും.

## മദ്റോശോ

വിലാപയാത്രാ ഗീതം

(യൗമോക് ലോക് ദ്മോ... എന്ന രീതി)



മനസ്സാലേ മരണം രുചിച്ചോൻ മൃതരിൽ
ആയുസ്സിൻ ശരണം വിതച്ചോൻ ധന്യൻ.

(ഈരണ്ടു പാദങ്ങൾ കഴിയുമ്പോൾ എല്ലാവരും ചൊല്ലുന്നു.)

ഹാലേലുയ് ഹാലേലുയ്യാ, ആലോഹോ
കുറിയേലായിസ്സോൻ.

സീനായ് മേലവരോഹം ചെയ്തീശൻ
ഉത്ഥാന രഹസ്യം മോശയ്ക്കരുളി.

www.malankaralibrary.com

സ്വർഗീയോർശ്ലേമിൽ ആസ്ഥാന സവിധേ
സൽസ്മൃതിയേകട്ടെ ദാസന്നീശൻ.

നിൻ ദാസൻ നാഥാ തിരുസന്നിധിയിൽ
ചെയ്ത പിഴയ്ക്കെല്ലാം ക്ഷമ നൽകേണം.

ഭീകരമാം തീയും വിധിയും നീക്കി
തവ മെയ്യാൽ രുധിരാൽ രക്ഷിക്കിവനെ.

നിന്നിലുറങ്ങിടുമീ ദാസൻ നാഥാ
പ്രാപിച്ചാനഭയം നിൻ സ്ലീബായെ.

അതിനാലേ നരകം കഠിനം വിധിയും
അതിയാം വേദനയും ഒഴിവാക്കണമേ.

നിന്നെ ഏറ്റോനാം മൃതദാസനെ നീ
ഏറ്റു പറഞ്ഞാലും വാഗ്ദാനംപോൽ.

നിൻ നാമം തള്ളാഞ്ഞതിനാലിവനെ
നരകത്തിൽനിന്നും കാത്തീടണമേ.

ദ്രുതഗതിയായ് മരണം എന്നെ പുൽകി
നിങ്ങൾ സവിധേ നിന്നെന്നെ നീക്കി.

പ്രാർത്ഥനയിൽ സതതം എന്നെ ഓർപ്പിൻ
എന്നെ മറന്നീടാൻ ഇടയാകരുതേ.

മൃതിയാൽ നിൻ ദാസൻ-വേർപെട്ടതിനാൽ
രക്ഷകനേ ഞങ്ങൾ വ്യഥയിൽ മുഴുകി.

പരിശുദ്ധൻമാരൊത്തിവനെ ഏദൻ
പറുദീസിൽ പന്തിക്കേറ്റീടേണം.

സന്തോഷാസ്ഥാനം പ്രഭതന്നറയിൽ
സിദ്ധരുമായ് പാർക്കാനിടയാക്കണമേ.

ഉത്ഥാനം പുതു ജീവനുമാം നിന്നെ
അവരൊടു ചേർന്നിവനും വാഴ്ത്തീടട്ടെ.

വേറൊന്ന്

കരുണ നിറഞ്ഞവനേ, പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ.

www.malankaralibrary.com

നിന്നിൽ ശരണത്താൽ നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും മൃതരിൽ കനിയണമേ.

അവരബറാഹത്തിന്റെയുമിസ്സഹാക്കുടെയും
യാക്കോബിന്നുടെയും മടിയിൽ പാർക്കണമേ.

വന്നവനും വരുവോനും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാത്മാക്കൾ പാടണമേ.

## ദൈവാലയത്തിൽ

(വിലാപയാത്രയുടെ അവസാനം മൃതശരീരം
ദൈവാലയ മദ്ധ്യത്തിൽ തല കിഴക്കോട്ടാക്കി വയ്ക്കുന്നു)

## സൂമോറോ

ആദാം നിജമക്കൾക്കേകിയ കാസാ-
ആ മൃതി പാനീയത്തിനു കയ്പേറും
പാനം ചെയ്വാനാദാമി-
ന്നാത്മജർ മുറയായ് കൈമാറി

അല്ലെങ്കിൽ

ആദാം അവന്റെ മക്കൾക്കെല്ലാവർക്കുമായി തയ്യാറാക്കിയ മരണത്തിന്റെ കാസാ എത്ര കയ്പുള്ളതാകുന്നു. ആദാമും അവന്റെ മക്കളും അതു കുടിക്കുവാനായി ഓരോരുത്തരിലേക്കു കൈമാറി.

## വായനകൾ

നിയമാവർത്തന പുസ്തകം 32: 48-52

അന്നുതന്നെ കർത്താവ് മോശയോട് അരുളിച്ചെയ്തു: ജറീക്കോയുടെ എതിർവശത്തു മൊവാബു ദേശത്തുള്ള അബറീം പർവ്വതനിരയിലെ നെബോമലയിൽ കയറി ഞാൻ ഇസ്രായേൽ മക്കൾക്ക് അവകാശമായി നൽകുന്ന കാനാൻദേശം നീ കണ്ടുകൊള്ളുക. നിന്റെ സഹോദരൻ അഹറോൻ ഹോർ മലയിൽവച്ച് മരിക്കുകയും തന്റെ ജനത്തോടു ചേരുകയും ചെയ്തതുപോലെ നീയും മരിച്ച് നിന്റെ ജനത്തോടു ചേരും. എന്തെന്നാൽ, സിൻ മരുഭൂമിയിൽ, കാദെഷിലെ മെരീബാ ജലാശയത്തിനു സമീപം ഇസ്രായേൽ ജനത്തിന്റെ മുമ്പിൽവച്ച് നീ എന്നോടു അവിശ്വസ്തമായി പെരുമാറി; എന്റെ പരിശുദ്ധിക്കു നീ സാക്ഷ്യം നൽകിയില്ല. ഇസ്രായേൽ ജനത്തിനു ഞാൻ നൽകുന്ന ആ ദേശം നീ

www.malankaralibrary.com

കണ്ടുകൊള്ളുക; എന്നാൽ നീ അവിടെ പ്രവേശിക്കുകയില്ല. ബാറെക്മോർ.

### നിയമാവർത്തന പുസ്തകം 34: 1-6

അനന്തരം, മോശ മൊവാബു സമതലത്തിൽനിന്ന് ജറീക്കോയുടെ എതിർവശത്തു സ്ഥിതിചെയ്യുന്ന 'നെബോ' മലയിലെ പിസ്ഗായുടെ മുകളിൽ കയറി. കർത്താവ് അവന് എല്ലാ പ്രദേശങ്ങളും കാണിച്ചുകൊടുത്തു-'ഗിലയാദ്' മുതൽ 'ദാൻ' വരെയുള്ള പ്രദേശങ്ങളും, നഫ്ത്താലി മുഴുവനും എഫ്രായിമിന്റെയും മനാസ്സെയുടെയും ദേശങ്ങളും പശ്ചിമ സമുദ്രം വരെയുള്ള യൂദാദേശവും, നെഗെബും ഈന്തപ്പനകളുടെ പട്ടണമായ ജറീക്കോ സ്ഥിതി ചെയ്യുന്ന താഴ്വരയിലെ സോവാർ വരെയുള്ള സമതലവും. അനന്തരം, കർത്താവ് അവനോടു പറഞ്ഞു: നിന്റെ സന്തതികൾക്കു നൽകുമെന്ന് അബ്രാഹത്തിനോടും, ഇസഹാക്കിനോടും യാക്കോബിനോടും ഞാൻ ശപഥം ചെയ്ത ദേശമാണിത്. ഇതു കാണുവാൻ ഞാൻ നിന്നെ അനുവദിച്ചു; എന്നാൽ, നീ ഇതിൽ പ്രവേശിക്കുകയില്ല. കർത്താവിന്റെ ദാസനായ മോശ അവിടുന്ന് അരുളിച്ചെയ്തതുപോലെ മൊവാബു ദേശത്തുവച്ച് മരിച്ചു. മൊവാബുദേശത്തു ബത്ത്പയോറിന് എതിരെയുള്ള താഴ്വരയിൽ അവൻ സംസ്ക്കരിക്കപ്പെട്ടു. എന്നാൽ, ഇന്നുവരെ അവന്റെ ശവകുടീരത്തിന്റെ സ്ഥാനം ആർക്കും അറിവില്ല. ബാറെക്മോർ.

### 2 പത്രോസ് 3: 8-13

പ്രിയപ്പെട്ടവരേ, കർത്താവിന്റെ മുമ്പിൽ ഒരു ദിവസം ആയിരം വർഷങ്ങൾപോലെയും ആയിരം വർഷങ്ങൾ ഒരു ദിവസം പോലെയുമാണ് എന്ന കാര്യം നിങ്ങൾ വിസ്മരിക്കരുത്. കാലവിളംബത്തെക്കുറിച്ച് ചിലർ വിചാരിക്കുന്നതുപോലെ, കർത്താവ് തന്റെ വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ താമസം വരുത്തുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും അനുതപിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നതുകൊണ്ട്, നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നുവെന്നേയുള്ളു. കർത്താവിന്റെ ദിനം കള്ളനെപ്പോലെ വരും. അപ്പോൾ ആകാശം വലിയ ശബ്ദത്തോടെ അപ്രത്യക്ഷമാകും. മൂലപദാർത്ഥങ്ങൾ എരിഞ്ഞു ചാമ്പലാകും.

www.malankaralibrary.com

ഭൂമിയും അതിലുള്ള സമസ്തവും കത്തിനശിക്കും. ഇവയെല്ലാം നശ്വരമാകയാൽ വിശുദ്ധിയോടും ദൈവഭക്തിയോടുംകൂടെ ജീവിക്കുന്നതിൽ നിങ്ങൾ എത്ര ശുഷ്ക്കാന്തിയുള്ളവരായിരിക്കണം! ആകാശം തീയിൽ വെന്തുനശിക്കുകയും മൂലപദാർത്ഥങ്ങൾ വെന്തുരുകുകയും ചെയ്യുന്ന, ദൈവത്തിന്റെ ആഗമനദിനത്തെ പ്രതീക്ഷിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുവിൻ. നീതി നിവസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും അവിടുത്തെ വാഗ്ദാനപ്രകാരം നാം കാത്തിരിക്കുന്നു. ബാറെക്മോർ.

1 കോറി 15 : 35-53

ആരെങ്കിലും ചോദിച്ചേക്കാം: മരിച്ചവർ എങ്ങനെയാണ് ഉയിർപ്പിക്കപ്പെടുക? ഏതുതരം ശരീരത്തോടുകൂടെയായിരിക്കും അവർ പ്രത്യക്ഷപ്പെടുക? വിഡ്ഢിയായ മനുഷ്യാ, നീ വിതയ്ക്കുന്നത് നശിക്കുന്നില്ലെങ്കിൽ അത് പുനർജീവിക്കുകയില്ല. ഉണ്ടാകുവാനിരിക്കുന്ന പദാർത്ഥമല്ല നീ വിതയ്ക്കുന്നത്; ഗോതമ്പിന്റെയോ മറ്റു വല്ല ധാന്യത്തിന്റെയോ വെറുമൊരു മണി മാത്രം. എന്നാൽ, ദൈവം തന്റെ ഇഷ്ടമനുസരിച്ച് ഓരോ വിത്തിനും അതിന്റേതായ ശരീരം നൽകുന്നു. എല്ലാ ശരീരവും ഒന്നുപോലെയല്ല. മനുഷ്യരുടേതൊന്ന്, മൃഗങ്ങളുടേത് മറ്റൊന്ന്, പക്ഷികളുടേത് വേറൊന്ന്, മത്സ്യങ്ങളുടേത് വേറൊന്ന്. സ്വർഗീയ ശരീരങ്ങളുണ്ട്; ഭൗമിക ശരീരങ്ങളുമുണ്ട്. സ്വർഗീയ ശരീരങ്ങളുടെ തേജസ്സൊന്ന്; ഭൗമിക ശരീരങ്ങളുടെ തേജസ്സ് മറ്റൊന്ന്. സൂര്യന്റെ തേജസ്സൊന്ന്, ചന്ദ്രന്റേതു മറ്റൊന്ന്; നക്ഷത്രങ്ങളുടേതു വേറൊന്ന്, നക്ഷത്രങ്ങൾ തമ്മിലും തേജസ്സിനു വ്യത്യാസമുണ്ട്.

ഇപ്രകാരം തന്നെയാണ് മരിച്ചവരുടെ പുനരുത്ഥാനവും. നശ്വരതയിൽ വിതയ്ക്കപ്പെടുന്നു; അനശ്വരതയിൽ ഉയിർപ്പിക്കപ്പെടുന്നു. അപമാനത്തിൽ വിതയ്ക്കപ്പെടുന്നു; മഹിമയിൽ ഉയിർപ്പിക്കപ്പെടുന്നു. ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു; ശക്തിയിൽ ഉയിർപ്പിക്കപ്പെടുന്നു. വിതയ്ക്കപ്പെടുന്നത് ഭൗതിക ശരീരം; പുനർജ്ജീവിക്കുന്നത് ആത്മീയ ശരീരം. ഭൗതിക ശരീരമുണ്ടെങ്കിൽ ആത്മീയ ശരീരവുമുണ്ട്. ആദ്യമനുഷ്യനായ ആദം ജീവനുള്ളവനായിത്തീർന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നു. അവസാനത്തെ ആദം ജീവദാതാവായ ആത്മാവായിത്തീർന്നു.

www.malankaralibrary.com

എന്നാൽ, ആദ്യമുള്ളത് ആത്മീയനല്ല, ഭൗതികനാണ്; പിന്നീട് ആത്മീയൻ. ആദ്യമനുഷ്യൻ ഭൂമിയിൽനിന്നുള്ള ഭൗമികനാണ്; രണ്ടാമത്തെ മനുഷ്യനോ സ്വർഗത്തിൽ നിന്നുള്ളവൻ. ഭൂമിയിൽ നിന്നുള്ളവൻ എങ്ങനെയോ അങ്ങനെതന്നെ ഭൗമികരും; സ്വർഗത്തിൽ നിന്നുള്ളവൻ എങ്ങനെയോ അങ്ങനെതന്നെ സ്വർഗീയരും. നമ്മൾ ഭൗമികന്റെ സാദൃശ്യം ധരിച്ചതുപോലെ സ്വർഗീയന്റെ സാദൃശ്യവും ധരിക്കും.

സഹോദരരേ, ശരീരത്തിനോ രക്തത്തിനോ ദൈവരാജ്യം അവകാശപ്പെടുത്തുക സാധ്യമല്ലെന്നും നശ്വരമായതു അനശ്വരമായതിനെ അവകാശപ്പെടുത്തുകയില്ലെന്നും ഞാൻ പറയുന്നു. ഇതാ ഞാൻ നിങ്ങളോട് ഒരു രഹസ്യം പറയുന്നു: നാമെല്ലാവരും നിദ്ര പ്രാപിക്കുകയില്ല. അവസാന കാഹളം മുഴങ്ങുമ്പോൾ കണ്ണിമയ്ക്കുന്നത്ര വേഗത്തിൽ നാമെല്ലാവരും രൂപാന്തരപ്പെടും. എന്തെന്നാൽ, കാഹളം മുഴങ്ങുകയും മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാമെല്ലാവരും രൂപാന്തരപ്പെടുകയും ചെയ്യും. നശ്വരമായത് അനശ്വരവും മർത്യമായത് അമർത്യവും ആകേണ്ടിയിരിക്കുന്നു. ബാറെക്മോർ.

## ഹൂലോലോ

ഹാലേ-ലുയ്യാ ഉ -ഹാലേലൂയ്യാ
നിൻ മുഖശോഭ ഇവനിലുദിപ്പിക്കേ-ണം
കാരുണ്യാധിക്യാൽ രക്ഷയുമേകണമേ-ഹാലേ...

## സുവിശേഷം

യോഹ. 5: 19-29

യേശു ഇപ്രകാരം അരുളിച്ചെയ്തു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പിതാവ് ചെയ്തുകാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടം അനുസരിച്ച് ഒന്നും പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. എന്നാൽ, പിതാവ് ചെയ്യുന്നതെല്ലാം അപ്രകാരംതന്നെ പുത്രനും ചെയ്യുന്നു. എന്തെന്നാൽ, പിതാവ് പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം അവനെ കാണിക്കുകയും ചെയ്യുന്നു. നിങ്ങൾ വിസ്മയിക്കത്തക്കവിധം ഇവയേക്കാൾ വലിയ പ്രവൃത്തികളും അവിടുന്ന് അവനെ

www.malankaralibrary.com

കാണിക്കും. പിതാവ് മരിച്ചവരെ എഴുന്നേല്പിച്ച് അവർക്കു ജീവൻ നൽകുന്നതുപോലെ പുത്രനും താൻ ഇച്ഛിക്കുന്നവർക്ക് ജീവൻ നല്കുന്നു. പിതാവ് ആരെയും വിധിക്കുന്നില്ല; വിധി മുഴുവൻ അവൻ പുത്രനെ ഏൽപിച്ചിരിക്കുന്നു. പിതാവിനെ ആദരിക്കുന്നതുപോലെ എല്ലാവരും പുത്രനെയും ആദരിക്കേണ്ടതിനാണ് ഇത്. പുത്രനെ ആദരിക്കാത്തവരാരും അവനെ അയച്ച പിതാവിനെയും ആദരിക്കുന്നില്ല.

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവന് ശിക്ഷാവിധി ഉണ്ടാകുന്നില്ല. പ്രത്യുത, അവൻ മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നു. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു; അല്ല, വന്നു കഴിഞ്ഞു. ആ സ്വരം ശ്രവിക്കുന്നവർ ജീവിക്കും. എന്തെന്നാൽ, പിതാവിന് തന്നിൽത്തന്നെ ജീവനുള്ളതുപോലെ, പുത്രനും തന്നിൽത്തന്നെ ജീവനുണ്ടാകുവാൻ അവൻ വരം നൽകിയിരിക്കുന്നു. മനുഷ്യപുത്രനായതുകൊണ്ടു വിധിക്കാനുള്ള അധികാരവും അവനു നൽകിയിരിക്കുന്നു. ഇതിൽ നിങ്ങൾ വിസ്മയിക്കേണ്ട. എന്തെന്നാൽ, കല്ലറകളിൽ ഉള്ളവരെല്ലാം അവന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരും.

* പ്രസംഗം

## ലുത്തിനിയ

ശുശ്രൂ : നാമെല്ലാവരും ഭംഗിയായി നിന്നു സങ്കടപൂർവ്വം ദൈവത്തിന് പ്രീതികരമായ ശബ്ദത്തിൽ 'കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമേ' എന്നർത്ഥമുള്ള കുറിയേലായിസ്സോൻ എന്നു ഏറ്റുചൊല്ലണം.

ജനം : കുറിയേലായിസ്സോൻ

ശുശ്രൂ : ജീവന്റെയും മരണത്തിന്റെയുംമേൽ അധികാര

www.malankaralibrary.com

മുള്ളവനും ആത്മശരീരങ്ങളുടെ ദൈവവുമായ ഞങ്ങളുടെ മിശിഹാതമ്പുരാനേ, നിന്നോടു ഞങ്ങളപേക്ഷിക്കുന്നു.

ജനം : കുറിയേലായിസ്സോൻ.

ശുശ്രൂ : "ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു; എന്നിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവനുണ്ട്. അവൻ ന്യായവിധിക്കധീനനാകയില്ല; പ്രത്യുത, മരണത്തിൽനിന്ന് ജീവനിലേക്കു കടന്നിരിക്കുന്നു'' എന്നരുളിച്ചെയ്ത മിശിഹാതമ്പുരാനേ, നിന്നോട് ഞങ്ങളപേക്ഷിക്കുന്നു.

ജനം : കുറിയേലായിസ്സോൻ.

ശുശ്രൂ : എല്ലാ മനുഷ്യരും മരിക്കുന്നതിനുമുമ്പ് അനുതപിക്കണം, എന്നു ജ്ഞാനസമ്പൂർണ്ണമായ മനുഷ്യാവതാരകാലത്തു കല്പിച്ചു ക്രമീകരിച്ചവനായ മിശിഹാ തമ്പുരാനേ, നിന്നോടു ഞങ്ങളപേക്ഷിക്കുന്നു.

ജനം : കുറിയേലായിസ്സോൻ.

ശുശ്രൂ : ഞങ്ങളുടെ ആത്മാക്കളെ ആകൽക്കറുസായുടെയും സൈന്യങ്ങളുടെയും ആധിപത്യത്തിൽനിന്ന് സ്വതന്ത്രമാക്കി രക്ഷിച്ചവനായ കർത്താവേ, ദുഷ്ടന്മാരുടെ ആത്മാക്കളെ പിടികൂടുവാനായി അന്തരീക്ഷത്തിൽ പതിയിരിക്കുന്നവരിൽനിന്ന് ഈ ഞങ്ങളുടെ സഹോദരന്റെ ആത്മാവിനെ നീ രക്ഷിച്ചു സ്വർഗീയ യേറുശലേമിൽ എത്തിക്കണമേയെന്ന്, നിന്നോടു ഞങ്ങളപേക്ഷിക്കുന്നു.

ജനം : കുറിയേലായിസ്സോൻ

ശുശ്രൂ : കർത്താവേ, ഞങ്ങൾ നിന്റെ രണ്ടാമത്തെ വരവിൽ നിന്നെ എതിരേൽക്കുവാൻ പുറപ്പെടുകയും സകല വിശുദ്ധന്മാരോടും ചേർന്ന് നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധാത്മാവിനെയും സ്തുതിക്കുകയും ചെയ്യുവാൻ തക്കവണ്ണം സന്തോഷകരമായ നിന്റെ ഉയിർപ്പിന്റെ ശോഭയുള്ള രശ്മികളാൽ ഞങ്ങൾ എല്ലാവരുടെയും ആത്മാക്കളെ പ്രശോഭിപ്പിക്കണമേ. നാം മൂന്നു പ്രാവശ്യം 'കുറിയേലായിസ്സോൻ' എന്നു ചൊല്ലണം.

ജനം : കുറിയേലായിസ്സോൻ... കുറി... കുറി...

www.malankaralibrary.com

മൃതശരീരം സെമിത്തേരിയിലേക്കു കൊണ്ടുപോകുന്നു

## യാത്രപറച്ചിൽ ഗീതം

(ബ്രംശൊല ബൈത്തോക്ക്... എന്ന രീതി)

വത്സലരേ, ദൂരത്തെന്തിനു നിൽക്കുന്നു
അരികിൽ വരിൻ, ശ്ലോമ്മോ തരുവിൻ. പ്രാർത്ഥിച്ചിടുവിൻ
സങ്കടകീർത്തനമെൻപേർക്കായ് പാടിടുവിൻ
മൃതി പാതാളകവാടത്തിൽ ബന്ധിച്ചെന്നെ.

മരണത്തിൻ ദൂതൻ പിറകെ വന്നപ്പോൾ
ചുറ്റും പാർത്തേൻ തുണ ചെയ്‌വാൻ വന്നില്ലാരും
വിളി കൂട്ടുന്നോർക്കായ് വെളിവാകും-നാഥാ
നിൻ ദൈവികമാം വലഭാഗേ നിർത്തണമെന്നെ.

മൽപ്രിയരേ, സാക്ഷാൽ ഭയമുൾക്കൊള്ളുന്നേൻ
അതിഭയപീഡകളെൻ ചിത്തമിളക്കീടുന്നു.
ജഗതീ രക്ഷകനാം മിശിഹാ നൃപനെൻപേർ-
ക്കാൾ വിട്ടതിനാൽ വേഗം ഞാൻ പോയീടുന്നു.

ഭുവനമേ, വാസികളേ, സശുഭം വാണിടുവിൻ
ലോകമയൻമാർക്കില്ല ഗുണം കാലംമൂലം
പോകുന്നേൻ നൽകാനെന്റെ കണക്കെല്ലാം
സർവ്വരഹസ്യവിധീശൻ തൻ തിരുസന്നിധിയിൽ.

വൈരൂപ്യം സുമുഖർക്കേകും മൃതിയേ! നീ
സ്നേഹിതനൊത്തു ലസിക്കുന്നവനേകും കദനം
വന്നിനി നിൻ ഭരണം നീക്കി ദു:ഖിതരെ
സ്വപ്രഭയാൽ മോദിപ്പിക്കും നാഥൻ ധന്യൻ.

പാഴൂഴിയിലുയരും ശൂശാനാപ്പൂക്കൾ
കൈപ്പണിയല്ലാത്തൊരു വസ്ത്രം ചാർത്തീടും പോൽ
ആദം മക്കൾക്കായ് റൂഹ്ക്കുദിശാ നെയ്ത
വസ്ത്രമുയിർപ്പിൽ ചാർത്തീടും പുണ്യാത്മാക്കൾ.

www.malankaralibrary.com

അല്ലെങ്കിൽ

എന്റെ വാത്സല്യമുള്ളവരേ, നിങ്ങളെന്തിനകലെ നിൽക്കുന്നു! എന്നെ സമീപിച്ച് എനിക്കു സമാധാനം തന്ന് എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും, നെടുവീർപ്പോടുകൂടെ എന്നെക്കുറിച്ചു വിലപിക്കുകയും ചെയ്യുവിൻ. എന്തെന്നാൽ, ഇതാ ഇന്നു മരണം പാതാളത്തിന്റെ വാതുക്കൽവച്ച് എന്നെ അടിച്ചുവീഴ്ത്തിയിരിക്കുന്നു.

മരണദൂതൻ എന്റെ പിന്നാലെ വന്നപ്പോൾ ഞാൻ എല്ലാ ഭാഗത്തേക്കും സൂക്ഷിച്ചുനോക്കി; എന്റെ സഹായത്തിന് ആരെയും കണ്ടില്ല. തന്നോടപേക്ഷിക്കുന്നവർക്കു പ്രത്യക്ഷപ്പെടുന്നവനായ കർത്താവേ, നിന്റെ ദൈവത്വത്തിന്റെ വലത്തുഭാഗത്ത് എന്നെ നിർത്തണമേ.

എന്റെ വാത്സല്യമുള്ളവരേ, യഥാർത്ഥമായും ഞാൻ ഭയപ്പെടുന്നു. വലിയ പീഡ എന്നെ ഭയപ്പെടുത്തി, എന്റെ ബോധത്തെ ഇളക്കിമറിക്കുന്നു. എന്തെന്നാൽ, സൃഷ്ടികളുടെ രക്ഷകനായ മിശിഹാരാജൻ എന്നെ കൂട്ടിക്കൊണ്ടു ചെല്ലുവാൻ ദൂതനെ അയച്ചിരിക്കുന്നു; ഞാൻ വിഷാദത്തോടെ പോകുന്നു. ബാറെക്മോർ.

ലോകവും അതിലെ നിവാസികളുമേ, സമാധാനത്തോടെ വസിക്കുവിൻ. എന്തെന്നാൽ, താൽക്കാലിക ജീവിതം ആഗ്രഹിക്കുന്നവനു ലോകം യാതൊരു പ്രയോജനവും നൽകുന്നില്ല. ഇതാ നിന്നിൽനിന്ന് എന്നെ കൊണ്ടുപോകുന്നു. ഞാൻ പോയി സകല രഹസ്യങ്ങളുടെയും ന്യായാധിപന്റെ മുമ്പാകെ കണക്കു കൊടുക്കട്ടെ.

അല്ലയോ മരണമേ, നീ സുന്ദരന്മാരെ വിരൂപികളാക്കുന്നു; സ്നേഹിതനുമൊത്തു ഉല്ലസിക്കുന്നവനെ ദു:ഖിപ്പിക്കുന്നു. നിന്റെ അധികാരം നീക്കിക്കളഞ്ഞ് നീ ദു:ഖിപ്പിച്ചവരെ പ്രകാശത്താൽ സന്തോഷിപ്പിക്കുന്ന വരുവാനിരിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

കാനനപുഷ്പങ്ങൾ അമാനുഷികകരങ്ങൾ നെയ്ത വസ്ത്രം ധരിക്കുന്നപോലെതന്നെ, ആദാമിന്റെ മക്കൾക്കായി പരിശുദ്ധാത്മാവു നെയ്തിട്ടുള്ള വസ്ത്രം ഉയിർപ്പിൽ നീതിമാന്മാർ ധരിക്കുന്നു. മൊറിയൊ റാഹേം...

www.malankaralibrary.com

## കബറിങ്കൽ

കബർ ആശീർവദിച്ചുകൊണ്ട്

ܢܬܒܪܟ ܘܢܬܩܕܫ ܩܒܪܐ ܗܢܐ܇ ܒܪܟܡܪܝ܇ ܒܫܡܐ
ܕܐܒܐ ✠ ܐܡܝܢ ܘܕܒܪܐ ✠ ܐܡܝܢ ܘܕܪܘܚܐ ܚܝܐ
ܘܩܕܝܫܐ ✠ ܠܚܝܐ ܕܠܥܠܡ ܥܠܡܝܢ܀ ܐܡܝܢ

**ഈ കബർ ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു (ബാറെക്മോർ). ✠ പിതാവിന്റെ നാമത്തിൽ (ആമ്മീൻ) ✠ പുത്രന്റെ നാമത്തിൽ (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ).**

മുഖം മൂടിയതിനുശേഷം മൃതശരീരത്തിൽ ഒഴിക്കുവാനുള്ള തൈലം എടുത്തുകൊണ്ട് പ്രാർത്ഥിക്കുന്നു

ദൈവമായ കർത്താവേ, നിന്റെ കല്പന പ്രകാരം ഈ താല്ക്കാലിക ജീവിതത്തിൽനിന്നു യാത്രയായ ഈ ദാസന് നിന്റെ സ്വർഗീയ സേനകളുടെ സഹായം അയച്ചുകൊടുക്കണമേ. ഈ മൃതശരീരത്തിൽ ഒഴിക്കപ്പെടുന്ന തൈലം മൂലം വായു മണ്ഡലത്തിൽ പതിയിരുന്ന് മനുഷ്യാത്മാക്കളെ ആക്രമിക്കുന്ന സൈന്യങ്ങളാൽ ഈ ദാസൻ പിടിക്കപ്പെടാതിരിക്കട്ടെ! പ്രകാശഭവനങ്ങളിൽ വിശുദ്ധന്മാരോടുകൂടെയുള്ള ആനന്ദം ഈ ദാസന് നൽകണമേ. ഈ ദാസൻ സന്തോഷപൂർവ്വം നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും. ആമ്മീൻ.

മുഖത്തും നെഞ്ചത്തും കാൽമുട്ടുകളിലും കുരിശാകൃതിയിൽ തൈലം ഒഴിക്കുമ്പോൾ

**അദ്ധ്വാനങ്ങളിൽനിന്നുള്ള വിശ്രമത്തിനും പോരാട്ടങ്ങളിൽ നിന്നുള്ള വിമുക്തിക്കും വിശുദ്ധന്മാരോടുകൂടെയുള്ള സൗഭാഗ്യത്തിനും നിത്യജീവനുമായി ഈ തൈലം ഒഴിക്കപ്പെടുന്നു (ബാറെക്മോർ). ✠ പിതാവിന്റെ നാമത്തിൽ (ആമ്മീൻ) ✠ പുത്രന്റെ നാമത്തിൽ (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ).**

www.malankaralibrary.com

കാർമികൻ അൽപം മണ്ണെടുത്തു കുരിശാകൃതിയിൽ
മൃതശരീരത്തിൽ ഇട്ടുകൊണ്ടു ചൊല്ലുന്നു.

**"നീ മണ്ണാകുന്നു, മണ്ണിലേക്കുതന്നെ തിരികെച്ചേരും; വീണ്ടും നീ നവീകരിക്കപ്പെടുകയും ചെയ്യും" എന്നു നീ അരുളിച്ചെയ്തപ്രകാരം കർത്താവേ, തിരുഹിതമിതാ നിറവേറിയിരിക്കുന്നു.**

മൃതശരീരം കുഴിയിലേക്കിറക്കുന്നു

## കോലോ

(ല്കബറോ നോഹേസ് ശുൽത്തോനോ... എന്ന രീതി)

കബറിൽ പൂകിടുമതിശക്തൻ തന്നധികാരം
ചെയ്യും അത്ഭുതമാശ്ചര്യം കൂറും ദൂതൻമാർ
ചേരും ചിതറിയൊരസ്ഥികളും നേടും തേജ-
സ്സാത്മാവൊടു തനുവും നാശം കൂടാതെഴുന്നേൽക്കും.

സ്തുത്യൻ നാഥാ, നിൻ വചസ്സാൽ മാർത്താ, മേരി
ഇവർ സോദരനഴുകിയ ലാസർ കബർവിട്ടുത്ഥിതനായ്
നിന്നാഗമനേ യായീറോസ്സുത ജീവിച്ചു
മൃതരന്ത്യത്തിൽ എഴുന്നേൽക്കും നിന്നാഹ്വാനത്താൽ.

ബാറെക്മോർ.

കാർമി : ശുബ്ഹോ...

മൃതസങ്കേതേ ചെന്നോതി മൺമയനാദാ-
മോടായ് "നിയമം ലംഘിച്ചോൻ നീ ഖേദിക്കേണ്ട;
മൃതിയും ജീവനുമേകീടും ദൈവസുതൻ ഞാൻ"
ഇതിചൊന്നവനാം സ്വർഗീയൻ ശക്തൻ സംസ്തുത്യൻ.

കാർമി : മെൻഓലം...

ജ്ഞാനത്താൽ ലോകം മുഴുവൻ മരണനുക-
ത്തിന്നടിമപ്പെടുവാൻ ഇടയാക്കിയ സ്രഷ്ടാവാം ജ്ഞാനി
സ്ഥാനേ നിന്നും നീക്കുന്നു ശക്തൻമാരാം നൃപരെ
ന്യായാധിപരെയും അധികാരമതീന്നും.

പരിമള ധൂപമതാൽ മൃതരെ തവ നിണമെയ്കൾ
കൊണ്ടോരാം വിശ്വാസികളെ പാവനരാക്കണമേ,
നിൻ വലഭാഗേ നിന്നവർ തൻ പുനരുത്ഥാപകനാം
മ്ശീഹാ നിൻ സ്തുതിയവരും പാടാൻ വരമേക.

www.malankaralibrary.com

അല്ലെങ്കിൽ

മഹാശക്തന്റെ അധികാരം കുഴിയിലേക്കിറങ്ങുന്നു. അത് അവിടെ അത്ഭുതം പ്രവർത്തിക്കും. ചിതറപ്പെട്ട അസ്ഥികൾ കൂട്ടിച്ചേർക്കപ്പെട്ടു മഹത്ത്വം ധരിക്കുകയും, ആത്മാവും ശരീരവും ഒരുമിച്ചു നാശംകൂടാതെ ഉയിർക്കുകയും ചെയ്യുമ്പോൾ മാലാഖമാർ വിസ്മയിക്കും.

കർത്താവേ, നിനക്കു സ്തുതി. എന്തെന്നാൽ, മാർത്താ യുടെയും മറിയാമിന്റെയും സഹോദരൻ ലാസർ അഴുകിയശേഷം നിന്റെ ശബ്ദത്താൽ ഉയിർക്കുകയും, നിന്റെ സാന്നിദ്ധ്യത്താൽ യായീറോസിന്റെ പുത്രി ഉണരുകയും ചെയ്തു. അവസാന നാളിൽ നിന്റെ വിളിയുടെ ശബ്ദത്താൽ മരിച്ചവർ ഉയിർത്തെ ഴുന്നേൽക്കും. ബാറെക്മോർ.

കാർമി : പിതാവിനും...

മരിച്ചവരുടെ മദ്ധ്യേ ഇറങ്ങി മൺമയനായ ആദാമിനെ സന്ദർശിച്ച് അവനോട് "എന്റെ കല്പന ലംഘിച്ചവനേ, നീ ദു:ഖിക്കേണ്ട; എന്തെന്നാൽ, മരിപ്പിക്കുകയും ജീവിപ്പിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ പുത്രൻ ഞാനാകുന്നു" എന്നു പറഞ്ഞ സ്വർഗീയന്റെ ശക്തിയായവനു സ്തുതി.

ജനം : ആദിമുതൽ...

മരണനുകത്തിൻകീഴ് ഭൂലോകത്തെ മുഴുവനും തന്റെ വിവേകത്താൽ പൂട്ടിയ ജ്ഞാനിയായ സ്രഷ്ടാവ് ഉന്നതന്മാരായ രാജാക്കന്മാരെ അവരുടെ സ്ഥാനങ്ങളിൽനിന്നും ഉഗ്രൻമാരായ ന്യായാധിപതികളെ അവരുടെ അധികാരങ്ങളിൽനിന്നും വേർപെടുത്തുന്നു.

മിശിഹാ, നിന്റെ ശരീരം ഭക്ഷിക്കുകയും നിന്റെ ജീവനുള്ള രക്തം പാനം ചെയ്യുകയും ചെയ്ത വിശ്വാസികളായ മരിച്ചവർ സൗരഭ്യധൂപത്താൽ പുണ്യപ്പെട്ട് നിന്റെ ദൈവത്ത്വത്തിന്റെ വലത്തുഭാഗത്തുനിന്ന് നിനക്കു സ്തുതി കരേറ്റുമാറാകട്ടെ. എന്തെ ന്നാൽ നീയവരെ ഉയിർപ്പിക്കുന്നവനാകുന്നു.

കുഴി മൂടുമ്പോൾ ഈ സൂഗീസോ ചൊല്ലുന്നു

www.malankaralibrary.com

## പെസ്ഗോമോ

(റൊസ്ലി റൊസ്ലി... എന്ന രീതി)

കർത്താവിന്റെ ഭവനത്തിലേക്ക് ഞങ്ങൾ പോകുന്നു എന്നവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.

നാഥൻ വന്നു-മൃതരെ ഉയിർപ്പിക്കും
ശരണം നൽകും-സകല പരേതർക്കും.

നിങ്ങളിൽ നിന്നെൻ-പ്രിയരേ ! പിരിയുന്നേൻ
സ്വീകൃതനാവാൻ-അർത്ഥിപ്പിൻ നിങ്ങൾ.

കോഴയതെന്യേ-ദുഷ്ടനെ ശിഷ്ടനെയും
നിഹനിക്കും മരണം-സ്ഥാപിച്ചോൻ ധന്യൻ.

ഒരുനിമിഷം കൊ-ണ്ടുടയോനേ മൃതരെ
ജീവിപ്പിക്കും-നിൻ വരവതിഗൂഢം.

എൻ കൃത്യങ്ങൾ-ചിന്തിച്ചഞ്ചുന്നേൻ
സ്വീകൃതനാവാൻ-എൻപേർക്കർത്ഥിപ്പിൻ.

സഹജരേ നിങ്ങൾ-സ്വസ്തിയെനിക്കേകിൻ
എന്നെസ്സതതം-പ്രാർത്ഥനകളിലോർപ്പിൻ.

മൃതിയേ ! കഷ്ടം-സാത്താനേ ! കഷ്ടം
നിങ്ങടെ ഭരണം-മിശിഹാ മായിക്കും.

മിന്നലൊടുടയോൻ ആഗതനായീടും
മൃതരെഴുന്നേൽക്കും-സ്തുതിഗീതം പാടും.

വാതിലടച്ച്-ശുഭമായ് പോയിടുവിൻ
കർത്തനെനിക്കായ്-വാതിൽ തുറന്നുതരും.

മരണം മായും-സ്രഷ്ടാവിൻ ധ്വനിയാൽ
മൃതരെഴുന്നേൽക്കും സ്തുതിഗീതം പാടും.

വേഗമുദിക്കും-കർത്താവിൻ ദിവസം
മൃതരെഴുന്നേൽക്കും-സ്തുതിഗീതം പാടും.

www.malankaralibrary.com

ക്രോബകളാർക്കും-സ്രാപ്പികൾ കുഴലൂതും
പറുദീസാ തൻ-അവകാശീ വരിക.

സ്തുതിയങ്ങേയ്ക്കായ്-ത്രാണകനാമീശോ
മൃതി തൃക്കൈയിൽ-ജീവൻ തിരുവിഷ്ടം.

നമ്മുടെ രക്ഷയ്ക്കെഴുന്നള്ളിയ നാഥൻ
നമ്മുടെ ജീവ-ന്നായ് ആഗതനാകും.

നിൻ സ്ലീബായെ വന്ദിച്ചിവനടിയൻ
നിൻ വരവിങ്കൽ-നിൻ കൃപ കാണേണം.

മൃതിയെയൊടുക്കി-ജീവൻ പുനരേകും
രക്ഷകനീശോ-വന്ദിക്കുന്നടിയാർ.

വിധി ദിവസത്തിൽ-കൃപ ചെയ്‌വാൻ നാഥാ
നിന്നെ നമിക്കു-ന്നാത്മ ശരീരങ്ങൾ.

ആപൽസ്ഥാനം-നീങ്ങിയ നിൻ നൗക
ആനന്ദത്തിൻ-തുറമുഖമാർന്നല്ലോ.

നിൻ മെയ്യശിച്ചേൻ-നിൻ നാദമുണർത്തൂ
പുനരുത്ഥാനേ-നിൻ സ്തുതി ഞാൻ പാടും

ആപൽസ്ഥാനം-തരണം ചെയ്തിടുവാൻ
നാഥൻ സ്ലീബാ-പാലമതാകട്ടെ.

ജീവദനാദം-കേൾക്കും മൃതലോകം
കബറതിലുള്ളോർ-ആർക്കും നിൻ സ്തുതികൾ.

കൃപ ചെയ്യണമേ-നിൻ കൃപയാലെന്നിൽ
ഞാൻ കാണണമേ-നിൻകൃപ നിൻ വരവിൽ.

അഭിനവസൂര്യൻ-കതിരൊളി വിതറീടും
പ്രാണപ്രദനെ-മൃതനിവഹം വാഴ്ത്തും.

സഭയും സുതരും-സ്തോത്രം പാടുന്നു
താതന്നും സുതന്നും-പരിശുദ്ധാത്മന്നും.

www.malankaralibrary.com

### അല്ലെങ്കിൽ

നമ്മുടെ കർത്താവ് വരും. മരിച്ചവരെ അവൻ ഉയിർപ്പിക്കുകയും അവർക്കു ശരണം നൽകുകയും ചെയ്യും.

എന്റെ വാൽസല്യമുള്ളവരേ, ഞാൻ നിങ്ങളിൽനിന്നു വേർതിരിക്കപ്പെട്ടിരിക്കുന്നു. ഞാൻ പോയി അംഗീകരിക്കപ്പെടേണ്ടതിന് എനിക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ.

കൈക്കൂലി വാങ്ങാത്തവൻ, മരണത്തെ ഏർപ്പെടുത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. അതു ശിഷ്ടരെയും ദുഷ്ടരെയും ഒരുപോലെ കൂട്ടിക്കൊണ്ടുപോകുന്നു.

ഞങ്ങളുടെ കർത്താവേ, മരിച്ചവരെ ഉയിർപ്പിക്കുന്നതിനായി കണ്ണിമയ്ക്കുന്നതിനകമുള്ള നിന്റെ ആഗമന മുഹൂർത്തം നിഗൂഢമായിരിക്കുന്നു.

ഞാൻ പ്രവർത്തിച്ചുപോയിട്ടുള്ളവയെക്കുറിച്ച് എനിക്കു വലിയ ഭയമുണ്ട്. ഞാൻ പോയി സ്വീകരിക്കപ്പെടേണ്ടതിന് എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

ഇനി എന്നേക്കുമായി എനിക്കു സമാധാനം തരുവിൻ. എന്റെ സഹോദരന്മാരേ, നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെ ഓർക്കുകയും ചെയ്യുവിൻ.

മരണത്തിനു കഷ്ടം, സാത്താനു വിലാപം. എന്തുകൊണ്ടെന്നാൽ, മിശിഹാ വരുന്നു. താൻ നിങ്ങളുടെ അധികാരത്തെ നിർമ്മൂലമാക്കും.

നമ്മുടെ കർത്താവ് മഹത്ത്വത്തോടെ വരുവാൻ ഒരുങ്ങുമ്പോൾ മരിച്ചവർ ഉയിർത്തു സ്തുതി പാടും.

നിങ്ങൾ വാതിലടച്ചു സമാധാനത്തോടെ പോകുവിൻ. എന്തെന്നാൽ, നമ്മുടെ കർത്താവുവന്ന് എനിക്കായി വാതിൽ തുറക്കും.

സ്രഷ്ടാവിന്റെ ശബ്ദത്താൽ മരണം നീങ്ങിപ്പോകുകയും മരിച്ചവർ ഉയിർത്തു സ്തുതി പാടുകയും ചെയ്യും.

www.malankaralibrary.com

നമ്മുടെ കർത്താവിന്റെ ദിവസം പെട്ടെന്നുദിക്കുമ്പോൾ താൻ മരിച്ചവരെ ഉയിർപ്പിക്കുകയും കബറടക്കപ്പെട്ടവരെ എഴുന്നേൽപ്പിക്കുകയും ചെയ്യും.

'പറുദീസായുടെ അവകാശിയേ, നിനക്കു സ്വാഗതം' എന്നു ക്രോബേൻമാർ ആർപ്പുവിളിക്കും; സ്രോപ്പേൻമാർ അട്ടഹസിക്കും.

ഞങ്ങളുടെ രക്ഷകനായ യേശുവേ, നിനക്കു സ്തുതി; എന്തെന്നാൽ, മരണം നിന്റെ സ്വാധീനത്തിലും ജീവൻ നിന്റെ ഇഷ്ടത്തിലും ഇരിക്കുന്നു.

നമ്മുടെ രക്ഷയ്ക്കുവേണ്ടി വന്ന കർത്താവ് നമ്മുടെ ഉയിർപ്പിനുവേണ്ടി വരുവാനിരിക്കുന്നു.

നിന്റെ സ്ലീബായിൽ സങ്കേതപ്പെട്ടിരിക്കുന്ന ആത്മാവ് നിന്റെ എഴുന്നള്ളത്തു ദിവസം നിന്റെ കരുണയെ കാണും. മരണത്തെ നിർമ്മൂലമാക്കുകയും ഞങ്ങളുടെ മരണാവസ്ഥയെ ജീവിപ്പിക്കുകയും ചെയ്ത ഞങ്ങളുടെ രക്ഷകനായ യേശുവിനെ ഞങ്ങൾ വന്ദിക്കുന്നു.

കർത്താവേ, ന്യായവിധി ദിവസത്തിൽ ഇരുകൂട്ടരെയും നീ ജീവിപ്പിക്കേണ്ടതിനായിട്ട് ശരീരങ്ങളും ആത്മാക്കളും നിന്നെ വന്ദിക്കുന്നു.

അപകടസ്ഥലത്തെ ഇതാ നീ കടന്നു. നിന്റെ കപ്പൽ സന്തോഷങ്ങളുടെ തുറമുഖത്തു ചെന്നടുത്തു.

നിന്റെ ശരീരം ഞാൻ അനുഭവിച്ചതിനാൽ നിന്റെ ശബ്ദം എന്നെ ഉണർത്തുകയും ഉയിർപ്പിങ്കൽ ഞാൻ എഴുന്നേറ്റുനിന്നു നിന്നെ സ്തോത്രം ചെയ്യുകയും ചെയ്യുമാറാകണമേ.

നമ്മുടെ കർത്താവിന്റെ സ്ലീബാ നിനക്കപകടസ്ഥലം കടന്നു പോകുവാനുള്ള പാലമായിരിക്കും.

ജീവനുള്ള ശബ്ദം കബറടക്കപ്പെട്ടവരുടെ അടുക്കൽ ധ്വനിക്കും. അവർ തങ്ങളുടെ കബറുകളിൽനിന്നു അവനു മഹത്ത്വം കൊടുക്കും.

www.malankaralibrary.com

നിന്റെ കൃപനിമിത്തം എന്റെമേൽ കരുണ ചെയ്യണമേ. നിന്റെ എഴുന്നള്ളത്തു ദിവസത്തിൽ നിന്റെ കരുണ ഞാൻ കാണ്മാറാകണമേ.

മരിച്ചവരെ ഉയിർപ്പിക്കുന്നവനു കബറടക്കപ്പെട്ടവർ സ്തുതി കരേറ്റുവാനായി, അവർക്കു പ്രഭാതസൂര്യൻ ഉദയം ചെയ്യും.

സഭയും അതിന്റെ മക്കളും പിതാവിനെയും പുത്രനെയും പരിശുദ്ധ റൂഹായെയും പുകഴ്ത്തി വന്ദിക്കും.

## സമാപന പ്രാർത്ഥനകൾ

ഞങ്ങളുടെ രക്ഷയ്ക്കായി വന്നവനും ഞങ്ങളുടെ പുനരുത്ഥാനത്തിനായി വരുവാനിരിക്കുന്നവനും ആയ കർത്താവേ, നിന്റെ തിരുനാമത്തെ സ്തോത്രം ചെയ്യുവാനായി കാരാഗൃഹത്തിൽനിന്നും എന്നെ മോചിപ്പിക്കണമേ. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. ഞങ്ങളുടെ ശരണവുമേ, എന്നേക്കും നിനക്കു സ്തുതി.

ബാറെക്മോർ.

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ സ്വർഗീയ മാലാഖമാരും പ്രധാന മാലാഖമാരും സ്തുതിക്കുന്നതുപോലെ, ബലഹീനരും, മൺമയരുമായ ഞങ്ങളും ഇപ്രകാരം പറഞ്ഞുകൊണ്ട് സ്തുതിക്കുന്നു. എല്ലാകാലത്തും എല്ലാ സമയത്തും ഉയരങ്ങളിൽ ദൈവത്തിന് സ്തുതിയും, ഭൂമിയിൽ സമാധാനവും, ശാന്തിയും മനുഷ്യമക്കൾക്ക് നല്ല പ്രത്യാശയും ഉണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ കീർത്തനങ്ങൾ നിനക്ക് ഞങ്ങൾ ആലപിക്കുകയും ചെയ്യുന്നു.

സർവ്വശക്തിയുള്ള പിതാവായ ദൈവവും സ്വർഗീയ രാജാവും സ്രഷ്ടാവുമായ കർത്താവേ, നിന്നെയും, യേശുമിശിഹായായ ഏകപുത്രനായിരിക്കുന്ന ദൈവമായ കർത്താവേ നിന്നെയും, പരിശുദ്ധ റൂഹായോടുകൂടെ, നിന്റെ മഹത്ത്വത്തിന്റെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

www.malankaralibrary.com

പിതാവിന്റെ പുത്രനും, വചനവും, ലോകത്തിന്റെ പാപത്തെ വഹിച്ചവനും വഹിക്കുന്നവനുമായ ദൈവകുഞ്ഞാടായിരിക്കുന്ന ദൈവമായ കർത്താവേ, ഞങ്ങളോട് കരുണയുണ്ടാകണമേ.

ലോകത്തിന്റെ പാപത്തെ വഹിച്ചവനും വഹിക്കുന്നവനുമേ, നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

തന്റെ പിതാവിന്റെ വലത്തുഭാഗത്ത് മഹത്ത്വത്തോടെയിരിക്കുന്നവനേ, ദയതോന്നി ഞങ്ങളോട് കരുണ ചെയ്യണമേ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പരിശുദ്ധ റൂഹായോടുകൂടെ യേശുമിശിഹായായ നീ മാത്രം കർത്താവുമാകുന്നു. പിതാവായ ദൈവത്തിന് മഹത്ത്വം. ആമ്മീൻ.

എല്ലാകാലത്തും എല്ലാസമയത്തും ഞങ്ങളുടെ ജീവിതകാലം മുഴുവനും നിന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യത്വമുള്ളതുമായ നിന്റെ പരിശുദ്ധ തിരുനാമത്തെ ഞങ്ങൾ സ്തുതിക്കുകയും ചെയ്യുന്നു.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവശക്തിയുള്ള കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം സ്തുതിക്കപ്പെട്ടതും എന്നേക്കും സ്തുതികളാൽ പ്രബലപ്പെട്ടതുമാകുന്നു.

സ്തുതി നിനക്ക് യോഗ്യമാകുന്നു. മഹത്ത്വം നിനക്ക് യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും സത്യത്തിന്റെ പിതാവുമായവനേ, നിനക്കും ഏകപുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേർച്ചയാകുന്നു. അത് ഇപ്പോഴും എല്ലാസമയത്തും എന്നേക്കും, ആമ്മീൻ.

കാർമി : മോറാനേശുമിശിഹാ...

ജനം : നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ അടയ്ക്കരുതേ. കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോട് കരുണയുണ്ടാകണമേ. കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായി നിന്റെ സ്നേഹം നിന്റെ ഇടത്തിൽനിന്നു ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളോടു കരുണ ചെയ്യണമേ. ആമ്മീൻ.

കാർമി : സർവ്വശക്തനായ പിതാവും...

www.malankaralibrary.com

## മരിച്ചവർക്കുവേണ്ടിയുള്ള
## കുക്കിലിയോൻ

കാർമി : മക്കളിലപ്പൻ കൃപചെയ്‌വതുപോലെ-ഹാ-
ഭക്തന്മാരിൽ ദൈവം കൃപചെയ്യും.

ജനം : പുല്ലിനു തുല്യം നരനുടെ നാളുകളഹോ-ഹാ-
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ
ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

കാർമി : ശരണത്താലെ നിൻ കൃപയിൽ

ജനം : മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്.
സ്തൗമെൻ കാലൊസ്...

കാർമി : ഉയിരേകുന്നോൻ രാജാ-

ജനം : വുയരത്തിൽ നിന്നെഴുന്നള്ളി
ജീവൻ മൃതരാമേവർക്കും നൽകുന്നു.
കബറുകളുള്ളിൽ നിന്നി-
ങ്ങവരവരുയിരോടെഴുന്നേറ്റു
ഉയിരേകും നിന്നെ സ്തുതിചെയ്തീടുന്നു.
ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : എന്റെ ശരീരം ഭക്ഷി-
ച്ചെൻ രക്തം പാനം ചെയ്‌വോൻ
പാതാളത്തിൽ പോകാനായ് വിടാ ഞാൻ
എന്നുമവൻ ജീവിപ്പാനങ്ങെത്തീട്ടു മരിച്ചതു ഞാൻ
എന്നും കർത്താ തന്നരുളിന്നു മഹത്ത്വം.
മൊറിയോ റാഹേം...

കാർമി : മരമതിനുയരെ കർത്താവേ,

ജനം : കള്ളനു കിട്ടിയ നിന്റെവരം
ത്രിത്വത്തെ സ്തുതി ചെയ്തോരാം
മൃതരും കൈക്കൊണ്ടീടേണം.

www.malankaralibrary.com

## ഹൂത്തോമോ

*ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ, നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി. കർത്താവേ, നിന്റെ കൃപയാലും മഹാകരുണയാലും ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ. ഞങ്ങളുടെ സഹായത്തിനുവന്ന് ഞങ്ങളുടെ ബലഹീനതയോടുത്തരമരുളി, ഞങ്ങളുടെ മരിച്ചവർക്കു പാപപരിഹാരം നൽകണമേ. സത്യവിശ്വാസത്തോടെ നിന്നിലുള്ള ശരണത്തിൽ നിദ്രപ്രാപിച്ചിരിക്കുന്ന ഈ ദാസനു പാപപരിഹാരം നൽകുകയും ചെയ്യണമേ.

സത്യവിശ്വാസത്തോടും ദൈവിക യോഗ്യതയോടും ക്രൈസ്തവോചിതമായവിധം മിശിഹായിൽ ശരണപ്പെട്ട് നിദ്രപ്രാപിച്ചിരിക്കുന്ന ഈ ഭൃത്യനെ ദൈവം തന്റെ നിർമ്മല കരങ്ങളിൽ സ്വീകരിക്കുവാൻ തന്റെ കരുണയോട് നമുക്കു പ്രാർത്ഥിക്കാം. കർത്താവ് സന്തോഷപൂർണ്ണമായ ഉന്നത സ്ഥാനവും വിശ്രമവും സങ്കേതവും സ്വർഗീയ വിരുന്നും ഈ ദാസന് നൽകട്ടെ. കണ്ണു കണ്ടിട്ടില്ലാത്തതും കേൾവിയിൽ പെട്ടിട്ടില്ലാത്തതും മനുഷ്യ സങ്കല്പത്തിൽ എത്തിച്ചേർന്നിട്ടില്ലാത്തതുമായി, ദൈവം തന്റെ സ്നേഹിതന്മാർക്കുവേണ്ടി ഒരുക്കിയിരിക്കുന്ന വാഗ്ദാനം കർത്താവ് ഈ ദാസന് പ്രദാനം ചെയ്യട്ടെ. കർത്താവ് ഇവന്റെ പാപങ്ങൾ പരിഹരിക്കട്ടെ; കുറ്റങ്ങൾ ക്ഷമിക്കട്ടെ. അരിഷ്ടതകൾ നിറഞ്ഞിരിക്കുന്ന ഈ ലോകത്തിൽ വച്ച് ഈ ദാസൻ ചെയ്തിട്ടുള്ള പാപങ്ങളും പിഴകളും ദൈവം മായിച്ചുകളയട്ടെ. സമൃദ്ധമായ തന്റെ കരുണയുടെ ബഹുലത നിമിത്തം താൻ അവയെ ഓർക്കാതിരിക്കട്ടെ. നീതിമാൻമാരുടെ മേൽ കരുണ ചെയ്യുമ്പോൾ ഇവന്റെമേലും താൻ കരുണ ചെയ്യട്ടെ. ഈ ദാസന്റെ വേർപാടിൽ ദു:ഖിച്ചും വിലപിച്ചും ഇവിടെ അവശേഷിക്കുന്നവരെ മിശിഹാതമ്പുരാൻ ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തുമാറാകട്ടെ.

*കൃപാലുവായ തന്നെ കോപിപ്പിച്ച ദുഷ്ടന്മാരോട് ദൈവം പ്രതികാരം ചെയ്യുന്ന സമയത്ത്, കരുണ ആവശ്യമായിവരുന്ന

www.malankaralibrary.com

ആ ദിവസത്തിൽ, ദൈവം ഇവനിൽ കരുണ ചെയ്യട്ടെ. ദൈവം തന്റെ വിശുദ്ധന്മാരുടെയും തെരഞ്ഞെടുക്കപ്പെട്ടവരുടെയും ഗണത്തിൽ ഈ ദാസനെ ആനന്ദിപ്പിക്കട്ടെ. ആ ദരിദ്രനായ ലാസറിനോടുകൂടെ ഈ ദാസനെയും ദൈവം സന്തുഷ്ട നാക്കട്ടെ. കരുണയാകുന്ന നല്ല എണ്ണയാൽ തങ്ങളുടെ ദീപയ ഷ്ടികൾ കെട്ടുപോകാതെ സൂക്ഷിച്ച ബുദ്ധിമതികളായ ആ അഞ്ചു കന്യകമാരോടൊപ്പം ദൈവം ഈ ദാസനെയും സന്തോഷിപ്പിക്കട്ടെ. കർത്താവ് നമ്മുടെ എല്ലാവരുടെയും മുഖത്തുനിന്നും കണ്ണുനീരും ഹൃദയത്തിൽ നിന്നു നീറുന്ന വേദ നയും നീക്കിക്കളയട്ടെ. ലാസറിന്റെ സഹോദരികളെ തങ്ങളുടെ സഹോദരന്റെ ഉയിർപ്പുമൂലം സന്തോഷിപ്പിച്ചവനായ ദൈവം ഈ ദാസന്റെ വേർപാടിൽ ദു:ഖിച്ചിരിക്കുന്ന എല്ലാവരെയും ആശ്വസിപ്പിച്ചു സന്തോഷിപ്പിക്കട്ടെ.

വത്സല സഹോദരരേ, പരസ്പരം ആശ്വസിപ്പിക്കുവിൻ, ധൈര്യപ്പെടുത്തുവിൻ; മരിച്ചവനെ സംസ്കരിച്ച് നീതീകരണം പ്രാപിക്കുവിൻ. മരിച്ചവനു കാരുണ്യം നിഷേധിക്കരുത്. "വിരുന്നു ഭവനത്തിൽ പോകുന്നതിനേക്കാൾ വിലാപഭവനത്തിൽ പോകുന്നത് നന്ന്" എന്നുള്ള വേദവാക്യം വിശുദ്ധ സഭയുടെ മക്കളായ നിങ്ങൾ വന്നു നിവർത്തിച്ചിരിക്കുന്നു. ദൈവം നിങ്ങളുടെ സഹായത്തിനായി എഴുന്നള്ളി നിങ്ങൾക്ക് സമാധാനവും ശാന്തിയും നൽകട്ടെ. 'എന്റെ പിതാവിനാൽ അനു ഗ്രഹിക്കപ്പെട്ടവരേ, നിങ്ങൾ വന്നു ലോകാരംഭത്തിനു മുമ്പുതന്നെ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗരാജ്യം അനുഭവിച്ചു കൊള്ളുവിൻ' എന്നരുളിച്ചെയ്യുന്ന സന്തോഷകരമായ ശബ്ദം കേൾക്കുവാൻ ദൈവം നിങ്ങൾക്കിടയാക്കട്ടെ.

*കർത്താവ് തന്റെ മഹാകരുണയാൽ നിങ്ങളുടെ കടങ്ങൾ പരിഹരിക്കുകയും തെറ്റുകൾ ക്ഷമിക്കുകയും ചെയ്യട്ടെ. ഉത്തമ ഹൃദയത്തോടും വെടിപ്പോടും വിശുദ്ധിയോടുംകൂടെ നിങ്ങൾ വിളിക്കുന്ന ഏതു സമയത്തും കർത്താവേശുമിശിഹാ നിങ്ങൾക്കു ത്തരമരുളട്ടെ. ഐശ്വര്യസമ്പൂർണ്ണമായ തന്റെ ശ്രീഭണ്ഡാര ത്തിൽനിന്നും കർത്താവ് നിങ്ങളുടെ യാചനകൾക്കു മറുപടി

www.malankaralibrary.com

അരുളട്ടെ. നിങ്ങളുടെയും നിങ്ങളുടെ പരേതരുടെയും, നല്ല ശരണത്തോടെ നിദ്രപ്രാപിച്ചിരിക്കുന്ന ഈ ദാസന്റെയും പാപങ്ങൾ കർത്താവ് പരിഹരിക്കട്ടെ. കർത്താവ് ഈ ദാസനെ തന്റെ വലത്തുഭാഗത്തു വിളിച്ചു നിർത്തട്ടെ. ആദ്യമനുഷ്യൻ പാപം ചെയ്യുന്നതിനുമുമ്പ് അവന്റെ കൂടാരം കർത്താവ് സ്ഥാപിച്ച അതേ സ്ഥാനം ഈ ദാസന്റെ വാസസ്ഥലമായിത്തീരട്ടെ.

ദൈവമാതാവായ മറിയാമിന്റെയും സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ ഈ അപേക്ഷകൾ സാധിക്കുമാറാകട്ടെ. തന്നിലുള്ള ശരണത്തോടുകൂടെ നിദ്രപ്രാപിച്ച ഈ ഭക്തനായ ദാസനെ ദൈവം കൃപയോടെ ആശ്വസിപ്പിക്കട്ടെ. നമ്മുടെ സംഘത്തിൽ ദൈവകൃപ രണ്ടു ലോകങ്ങളിലും എന്നേക്കും ഉണ്ടായിരിക്കട്ടെ.

ജനം : ആമ്മീൻ.

❖

www.malankaralibrary.com

# സ്ത്രീകളുടെ മൃതസംസ്കാരം

## ഒന്നാം ശുശ്രൂഷ

### കൗമാ

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

### പ്രാരംഭപ്രാർത്ഥന

കർത്താവേ, ഈ ലോകത്തിൽനിന്നു യാത്രയായി നിന്റെ അടുക്കൽ വന്നുചേർന്നിരിക്കുന്ന ഈ ദാസിയുടെ ആത്മാവിന് സൗഭാഗ്യകരമായ വിശ്രമവും ആനന്ദകരമായ വിരുന്നും സന്തോഷകരമായ വാസസ്ഥലവും നൽകണമേ. കാലാന്ത്യത്തിൽ മഹത്ത്വത്തോടെ നീ എഴുന്നള്ളി നീതിപൂർവ്വം ഭൂലോകത്തെ ന്യായം വിധിക്കുകയും ഓരോരുത്തനും അവനവന്റെ യോഗ്യതയനുസരിച്ച് പ്രതിഫലം നൽകുകയും ചെയ്യുമ്പോൾ നിന്റെ വലത്തുഭാഗത്തുള്ള കുഞ്ഞാടുകളോടുകൂടെ ചേരുവാനും അവരോടൊന്നിച്ച് നിനക്കു സ്തുതിയും സ്തോത്രവും പാടുവാനും ഈ ദാസിയെ യോഗ്യയാക്കണമേ.

ജനം : ആമ്മീൻ.

### മസ്മൂറ 51

ദൈവമേ, നിന്റെ കൃപയിൻ പ്രകാരം...

### എനിയോനോ

(മിശിഹോ ദമ്‌ലാഖ്... എന്ന രീതി)

ആദാമ്യർക്കായുത്ഥാനം
വാഗ്ദത്തം ചെയ്തോൻ മിശിഹാ
നിൻ ശരണത്തിൽ നിദ്രിതയാം
ദാസിക്കേകണമുത്ഥാനം.

www.malankaralibrary.com

നിൻ ദയയിങ്കൽ ശരണിതയായ്
നിദ്രയടഞ്ഞോരു സോദരിയെ
നിൻ മഹിമോദയ ദിവസത്തിൽ
നിൻ കാരുണ്യം കാട്ടേണം. ബാറെക്മോർ.

കാർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

സ്തുതി ത്രിത്വത്തിൻ മർമ്മമതാം
താതന്നും തൻ തനയന്നും
ഹാലേലുയ്യാ നിർമ്മലനാം
റൂഹായ്ക്കും പാടും ഞങ്ങൾ.

അല്ലെങ്കിൽ

മൺമയനായ ആദാമിന്റെ മക്കൾക്കു പുനരുത്ഥാനം വാഗ്ദാനം ചെയ്ത മിശിഹാ, നിന്നിലുള്ള പ്രത്യാശയോടുകൂടെ മരിച്ച നിന്റെ ദാസിയെ കരുണാപൂർവ്വം ജീവൻ നൽകി ഉയിർപ്പിക്കണമേ.

നിന്നിലുള്ള പ്രത്യാശയോടും നിന്റെ കരുണയെക്കുറിച്ചുള്ള ഉറപ്പോടുംകൂടെ മരണമടഞ്ഞ ഈ സോദരിയോടു നിന്റെ മഹത്ത്വ പ്രത്യക്ഷതയുടെ ദിവസത്തിൽ കൃപയുണ്ടാകണമേ.

ബാറെക്മോർ.

കാർമ്മി : പിതാവിനും...

ജനം : ആദിമുതൽ...

ത്രിത്വരഹസ്യത്തിലെ പിതാവിന് സ്തുതിയും അവനിൽ നിന്നുള്ള പുത്രന് സ്തോത്രവും പരിശുദ്ധാത്മാവിന് കീർത്തനവും നമുക്കർപ്പിക്കാം.

www.malankaralibrary.com

## കുക്കിലിയോൻ (അഞ്ചാം രാഗം)

സങ്കീർത്തനം 123

(നാഥാ എൻ പ്രാർത്ഥന കേൾക്കണമേ ഹാ...)

സ്വർഗ്ഗസ്ഥാ നിങ്കലുയർത്തുന്നെൻ മിഴികൾ ഹാ-
നാഥസമക്ഷം ദാസജനത്തിൻ-ദൃഷ്ടികൾ പോൽ.
നിൻ ദയ ഞങ്ങളിലുണ്ടായിടുവോളം ഹാ-
കൃപ ചെയ്യുക നാഥാ, കൃപ ചെയ്ക. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

അല്ലെങ്കിൽ

സ്വർഗ്ഗത്തിൽ വസിക്കുന്നവനേ, ഞങ്ങളുടെമേൽ നീ കരുണ ചെയ്യുവോളം, ദാസന്മാരുടെ കണ്ണുകൾ യജമാനന്മാരുടെ പക്കലേക്കെന്നപോലെ ഞാൻ എന്റെ കണ്ണുകൾ നിങ്കലേക്കുയർത്തി.

കർത്താവേ, ഞങ്ങളുടെമേൽ കരുണ ചെയ്യണമേ. ഞങ്ങളുടെ മേൽ കരുണ ചെയ്യണമേ. ബാറെക്മോർ.

കാർമി : പിതാവിനും...

ജനം : ആദിമുതൽ...

## എക്ബോ

(ശ്മായോനെ ശുബഹോ സോമറിൻ... എന്ന രീതി)

മൃതിനിലയം ദൈവം പൂകി
മൃതിയവനെ നിഹനിച്ചില്ല
അവനെയുൾക്കൊണ്ട പരേതർ
ജീവൻ പൂണ്ടാനന്ദിക്കും.

അല്ലെങ്കിൽ

ദൈവം മരിച്ചവരുടെ അടുക്കലേക്കിറങ്ങിച്ചെന്നു. മരണത്താൽ താൻ നശിപ്പിക്കപ്പെട്ടില്ല തന്നെ ഭക്ഷിച്ചവരായ മരിച്ചവർ നാശം കൂടാതെ ഉയിർക്കുന്നതിനാൽ അവൻ സന്തോഷിക്കും.

ശുശ്രൂ : സ്തൗമെൻ കാലോസ്

www.malankaralibrary.com

ജനം : കുറിയേലായിസ്സോൻ

കാർമി : നാമെല്ലാവരും...

ജനം : കാരുണ്യവാനായ...

കാർമി : സ്തുതിയും സ്തോത്രവും...

## പ്രുമിയോൻ

ആവിർഭാവത്താൽ പരിശുദ്ധാത്മാവിനെ അയച്ചുതരികയും എഴുന്നള്ളത്താൽ ഭൂതലത്തെ നവീകരിക്കുകയും ശബ്ദത്താൽ മരിച്ചവരെ ജീവിപ്പിക്കുകയും ആജ്ഞയാൽ കബറടക്കപ്പെട്ടവരെ ഉയിർപ്പിക്കുകയും ചെയ്യുന്ന വിസ്മയനീയ ജീവദാതാവിനു സ്തുതി. അവൻ മരിച്ചവരെ മഹിമ ധരിപ്പിക്കുകയും മരണമില്ലായ്മയെ അവർക്കു ഭൂഷണമായി കൊടുക്കുകയും ഭക്തന്മാരെ ഉന്നത രാജ്യത്തിലേക്കുയർത്തി മാഹാത്മ്യമേറിയ മണവറയിലേക്കു പ്രവേശിപ്പിക്കുകയും ചെയ്യുന്നു. അവന് തന്റെ ദാസിയുടെ ശവസംസ്കാരശുശ്രൂഷ ഞങ്ങൾ നിർവഹിക്കുന്ന ഈ സമയത്തും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

ജനം : ആമ്മീൻ.

## സെദ്റാ

ജീവനുള്ളവരുടെ തലവനും മരിച്ചുപോയവരുടെ നാഥനുമായ ഞങ്ങളുടെ മിശിഹാതമ്പുരാനേ, 'എന്നിൽ വിശ്വസിക്കുന്ന ഏവനും മരിച്ചാലും ജീവിക്കും; ഞാൻ അവനെ ഉയിർപ്പിക്കും. എന്നിൽ സങ്കേതപ്പെടുന്ന ഏതൊരാത്മാവിന്റെയും പുനരുത്ഥാനവും ജീവനും രക്ഷകനും ഞാനാകുന്നു' എന്നു നിർവ്യാജമായി നീ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. കർത്താവേ, നിന്നിലുള്ള പ്രത്യാശയോടുകൂടെ മരണമടഞ്ഞ ഈ ദാസിയുടെ ആത്മാവിനെ നീ ഇപ്പോൾ ദയാപുരസ്സരം സ്വീകരിച്ച് വാത്സല്യ പൂർവ്വം ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യണമേ. നിന്റെ അടുക്കലേക്കു വരുന്ന മാർഗ്ഗത്തിൽ ഞങ്ങളുടെ ആത്മാക്കളെ അപഹരിക്കുവാനായി അന്തരീക്ഷത്തിലെ ഒളിവിടങ്ങളിൽ പതിയിരിക്കുന്നവരും ദുഷ്ടൻമാരുടെ

www.malankaralibrary.com

നാശത്തിനായി ആഗ്രഹിച്ചുകൊണ്ടിരിക്കുന്നവരുമായ സംഘങ്ങളിൽനിന്ന് ഈ ദാസിയെ സംരക്ഷിച്ചുകൊള്ളണമേ.

സമാധാന ദൂതന്മാർ മുഖേന നിന്റെ പരിശുദ്ധന്മാരുടെ സൗഭാഗ്യ ഭവനങ്ങളിലേക്ക് ഈ ദാസിയെ നയിക്കണമേ. കാരുണ്യവാനായ ദൈവമേ, നിന്നിൽ വിശ്വസിച്ചവളായ ഈ ദാസിയെ രക്ഷിച്ചുകൊള്ളണമേ. കൃപയുള്ളവനായ ദൈവമേ, ഈ ദാസിയെയും നിന്നെ ഏറ്റുപറയുകയും നിന്റെ സ്ലീബായെ വന്ദിക്കുകയും നവജീവന്റെ അച്ചാരമായ നിന്റെ ശരീര രക്തങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുള്ള ആരെയും നീ ഉപേക്ഷിക്കരുതേ. ദയാലുവായ ദൈവമേ, മാമോദീസാ മൂലം നീ നൽകിയ പ്രകാശവസ്ത്രവും മൂറോന്റെ മുദ്രയും നിന്റെ ദാസിയിൽനിന്നു എടുത്തുകളയരുതേ.

* നിന്റെ രാജ്യത്തിലെ നിവാസത്തിൽനിന്നു ബഹിഷ്ക്കരിക്കുന്ന കോപവാക്ക് കേൾക്കുവാൻ ഈ ദാസിക്കിടയാകരുതേ. രണ്ടാംമരണം അനുഭവിക്കുവാനും, 'പോകുവിൻ, നിങ്ങളെ ഞാൻ അറിയുന്നില്ല' എന്ന ശബ്ദം കേൾക്കുവാനും ഈ ദാസിക്കിടയാകരുതേ. ശാരീരിക മരണം വിശ്വാസികൾക്കു നിദ്രമാത്രമാകുന്നുവല്ലോ. കർത്താവേ, ഈ ദാസി അറിവോടും അറിവുകൂടാതെയും ചെയ്തിട്ടുള്ള തെറ്റുകൾ നീ പരിഹരിക്കണമേ. നിന്റെ രക്ഷയുടെ തുറമുഖത്ത് ബുദ്ധിമതികളായ കന്യകമാരുടെ ആത്മാക്കളോടുകൂടെ ഈ ദാസിയെയും ചേർക്കണമേ.

ഞങ്ങളെയും പാപരഹിതമായ നിര്യാണത്തിനും ശുഭകരമായ അന്ത്യത്തിനും ഒരുക്കണമേ. നിന്റെ കൃപയുടെ സംരക്ഷണയിൽ ഞങ്ങളെ മറയ്ക്കണമേ. ദു:ഖവും നെടുവീർപ്പുമില്ലാത്ത സന്തോഷഭവനങ്ങളിലേക്ക് ഞങ്ങളെ നയിക്കണമേ. ഈ ലോകത്തിന് അന്ത്യവും സനാതന ലോകത്തിന് ആരംഭവും കുറിക്കുന്ന അവസാനത്തേതും ആദ്യത്തേതുമായ നിന്റെ മഹാദിവസത്തിൽ നിന്നിൽനിന്നുള്ള രക്ഷ ഞങ്ങൾക്ക് അനുഭവവേദ്യമാക്കണമേ. നിന്റെ സാന്നിദ്ധ്യത്താൽ ഞങ്ങളെ സന്തോഷിപ്പിക്കണമേ. നിന്റെ വലത്തുഭാഗത്തു ഞങ്ങളെ പന്തിക്കിരുത്തണമേ. നിന്റെ പുഷ്ടിയേറിയ മേച്ചിൽസ്ഥലങ്ങ

www.malankaralibrary.com

ളിൽ ഞങ്ങളെ മേയിച്ചു കൊള്ളണമേ. നിന്റെ പെരുന്നാളാഘോഷത്തിൽ അണിനിരന്നു നിൽക്കുന്നവരായ സർവ്വ രക്ഷിതസംഘത്തോടും കൂടെ ഞങ്ങളെ നിർത്തണമേ.

നിന്റെയും കാരുണ്യവാനായ നിന്റെ പിതാവിന്റെയും വിശ്വാസികളെ ജീവിപ്പിക്കുന്ന പരിശുദ്ധ റൂഹായുടെയും കൃപയാലും മനുഷ്യസ്നേഹത്താലും നിന്റെ ഭവനത്തിലെ സമൃദ്ധിയാൽ ഞങ്ങളെ പോഷിപ്പിക്കണമേ. ഉത്തമനായ നിന്നെ ഞങ്ങളോർത്തു സ്തോത്രം ചെയ്യുന്നു.

ഹോശോവബ്കൂല്സ്ബാൻ ല്ഒൽമ്മിൻ

ജനം : ആമ്മീൻ.

കാർമി : ദൈവത്തിൽനിന്ന്...

## തക്ശെപ്തൊ

(ഹബ്ലൻ മോറാൻ... എന്ന രീതി)

ഭയപൂരിതമാം രാവിൽ കേൾക്കും
നാദം കേട്ടീടാൻ അതിയായ് നോക്കി-പ്പാർത്തേൻ

മിശിഹാ രാജൻ തന്നുടെ സ്ലീബാ
കാണാറായീടും, ക്രോബേൻമാർ തൻ തേരിൽ.

അവനാഗതനായ് നിൽക്കുന്നേരം
ചെയ്തിക്കനുസൃതമാം പ്രതിഫലമവനേകീടും.

ജീവപ്രദനാം നാഥാ, ദേവാ
താവക തിരുവദനം എന്നിനി ഞാൻ കണ്ടീടും!

എന്നാത്മം നോക്കിപ്പാർ-ക്കുന്നു
ലോകത്രാതാവേ, എൻമേൽ കൃപചെയ്യേണം.

മൊറിയൊ റാഹേം...

www.malankaralibrary.com

അല്ലെങ്കിൽ

പാതിരാത്രിയിൽ പരിഭ്രമകരവും പ്രക്ഷോഭജനകവുമായ സമയത്തുണ്ടാകുന്ന മഹത്ത്വമുള്ള ശബ്ദത്തെ ഞാൻ ഉൽക്കണ്ഠയോടെ നോക്കിപ്പാർത്തു. നമ്മുടെ രാജാവായ യേശുവിന്റെ അടയാളം പ്രത്യക്ഷപ്പെടുകയും, ക്രോബേന്മാരുടെയും മിഖായേൽ ആദിയായ ഉന്നതത്തിലെ ഈറേന്മാരുടെ ഉറ്റ സംഘത്തിന്റെയും രഥത്തിൽ താൻ എഴുന്നള്ളുകയും, അഗ്നിത്തടാകത്തിൽ ഭയങ്കര സിംഹാസനം ഒരുക്കപ്പെടുകയും, ആകാശവും ഭൂമിയും നിറയപ്പെട്ടവനായി പരാക്രമിയും ശക്തിമാനും ബലവാനും ആയ സർവ്വശക്തന്റെ പുത്രനും, ആദ്യന്തവിഹീനനും ലോകങ്ങളുടെ ന്യായാധിപതിയും നാഥനുമായവൻ ആ സിംഹാസനത്തിൻമേൽ ഇരുന്ന്, ഓരോരുത്തർക്കും അവരവരുടെ പ്രയത്നത്തിനു തക്കവണ്ണവും, പ്രവൃത്തിക്കു തക്കവിധവും പ്രതിഫലം കൊടുക്കുമ്പോൾ, എന്റെ രക്ഷകാ, ആ നാഴികയിൽ എന്റെമേൽ കരുണ ചെയ്യണമേ. എന്തെന്നാൽ, 'നിന്റെ മുഖം വന്നു കാണുവാൻ എപ്പോൾ എനിക്കു സാധിക്കും' എന്നുള്ള അത്യാകാംക്ഷയോടെ എന്റെ ആത്മാവ് നോക്കിപ്പാർക്കുന്നു. മൊറിയൊ റാഹേം...

## എത്രോ

ഉന്നതത്തിൽ സ്വർഗീയർക്കും താഴെ ഭൗമികർക്കും കബറിൽ പരേതർക്കും തന്റെ സമൃദ്ധമായ സുഗന്ധവാസന അനുഭവവേദ്യമാക്കിയ സുഗന്ധധൂപവും പരിമളവുമായ കർത്താവേ, നിന്റെ കല്പനപ്രകാരം ഇഹലോകവാസം വെടിഞ്ഞ നിന്റെ ഈ ദാസിക്കും, നിന്നിൽ വിശ്വസിച്ചവരും നിന്നിലുള്ള പ്രത്യാശയോടുകൂടെ നിദ്രയടഞ്ഞവരുമായ സകല മരിച്ചവർക്കും ആശ്വാസാനുഭവവും പാപപരിഹാരത്തിന്റെ അനുഭൂതിയും നൽകണമേ. നിന്റെ ശ്രേഷ്ഠത ഉദിക്കുകയും ദൈവത്വം വെളിപ്പെടുകയും ചെയ്യുന്ന ദിവസത്തിൽ നിന്റെ വലത്തുഭാഗത്തെ കുഞ്ഞാടുകളോടുകൂടെ ഈ ദാസി നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കുവാൻ ഇടയാക്കണമേ.

ജനം : ആമ്മീൻ.

www.malankaralibrary.com

## കോലോ

കൂക്കോയോ (അഞ്ചാം രാഗം)

(മീസസ് സാറോ അക് ദഖ്സീബ്... എന്ന രീതി)

പടുവൃദ്ധതയിൽ കാനാനിൽ-മൃതയാം സാറായെ
ഇസ്സഹാക്കൊടു ചേർന്നബ്രാഹം-ചെയ്താൻ സംസ്കാരം
നിൻ ശരണത്തിൽ-മരണമടഞ്ഞോളെ
ആത്മോക്തികളാൽ-സംസ്കാരം ചെയ്വൂ.
നാഥാ സ്തുതി, യെന്നേവമിവൾ-ന്യായ-ത്തീർപ്പി-ൻനാൾ
നിൻ വലമായ് നിന്നുച്ചത്തിൽ-ഘോഷി-ച്ചീടേണം
ഹാ- ഹാ- ബാറെക്മോർ.

കാർമി : ശുബ്ഹോ...
ജനം : മെൻഓലം...

സത്വരമൃതിയാൽ ഹവ്വാ തൻ മകളേ, കേഴല്ലേ
മന്നനുമേഴയുമിക്കാസാ പാനം ചെയ്യേണം
നാഥൻ തന്റെ മാറീന്നുണ്ടായ
ജീവദജലവും പാവന നിണവും നിൻ
അംഗങ്ങളിൽ നിന്നെരിതീയിൻ-ജ്വാലകളെ നീക്കും
പാപവിമുക്തിയെ നീ നേടി-കർത്താവേ, സ്തോത്രം.
ഹാ-എന്നാഘോഷിക്കും. മൊറിയൊ റാഹേം...

അല്ലെങ്കിൽ

തിരുവെഴുത്തുപോലെ വൃദ്ധയായ സാറാ കാനാൻ നാട്ടിൽവച്ചു മരിക്കുകയും അബ്രഹാമും ഇസ്സഹാക്കും കൂടെ അവളെ സംസ്ക്കരിക്കുകയും ചെയ്തു. കർത്താവേ, നിന്നിലുള്ള ശരണത്തോടുകൂടെ മരിച്ച ഈ ദാസിയെ പരിശുദ്ധാത്മവചനങ്ങളോടെ ഞങ്ങൾ സംസ്ക്കരിക്കുന്നു. ന്യായവിധിദിവസത്തിൽ ഇവൾ നിന്റെ വലത്തുഭാഗത്തു നിന്നുകൊണ്ട് "കർത്താവേ, നിനക്കു സ്തുതി" എന്നുദ്ഘോഷിക്കുവാൻ ഇടയാകട്ടെ. ബാറെക്മോർ.

കാർമി : പിതാവിനും...

ജനം : ആദിമുതൽ...

www.malankaralibrary.com

ഹവ്വായുടെ മകളേ, അപ്രതീക്ഷിതമായി മരണം നിന്നെ പിടികൂടിയതിൽ നീ ദു:ഖിക്കേണ്ട. ഈ പാനപാത്രം രാജാക്കൻമാരും എളിയവരും ഒരുപോലെ ആസ്വദിച്ചു കടന്നുപോകേണ്ടതാകുന്നു. നമ്മുടെ കർത്താവിന്റെ തിരുവിലാവിൽ നിന്നൊഴുകിയ ജീവദായകമായ വെള്ളവും പുണ്യപ്പെടുത്തുന്ന രക്തവും നിന്റെ അവയവങ്ങളിൽ നിന്ന് അഗ്നിജ്വാല കെടുത്തിക്കളയട്ടെ. നീ പാപമോചനം പ്രാപിച്ചു ''കർത്താവേ, നിനക്കു സ്തുതി'' എന്നുത്ഘോഷിക്കുവാൻ ഇടയാകട്ടെ. മൊറിയൊ റാഹേം...

## *മദ്റോശോ

(സ്ലേക് ലസ്ലീബോ... എന്ന രീതി)

1. ധന്യൻ നിന്നെ-മൃതിയാൽ നീക്കി സഹജേ
ക-ന്യകളൊപ്പം-മണവറയിൽ പാർപ്പിച്ചാൻ
ഹാ! നമ്മെ വിളി-ക്കുന്നഴലാൽ-ഹവ്വാമകൾ
തൻ-മരണദിനേ-വ്യഥ നമ്മൾ-ക്കേകുന്നു;

ദേവാ, തൽ-പാപം മോചിക്ക
നീതിജ്ഞർ ധാർമ്മികരോടൊപ്പം
മോദമെഴും-മണവറയിൽ-ചേർക്കണമേ-നീയിവളെ.

2. ഹേ! പ്രിയസഹജേ-മരണം ഞങ്ങളിൽ നിന്നും
നിന്നെ വേറാക്കിയതിൽ ഖേദിക്കേണ്ട.
നീ മഹിമാ-വോടുത്ഥാനത്തിൻ
ദിവസത്തിൽ-കബർ വിട്ടെഴുന്നേൽക്കും;
ശാശ്വതമാം-ലോകത്തിൽ-മഹിമയണിഞ്ഞിടും നീ.

3. ശ്രീ-ഭണ്ഡാരം ദാസിക്കായ് തുറക്കണമേ
ആനന്ദതലം പൂകിയിവൾ തോഷിക്കും,
നിൻ സ്ലീബാ പാലമതാകട്ടെ
ആപൽ സ്ഥാനം തരണം ചെയ്യാൻ;
നീതിജ്ഞർ ധാർമ്മികരോ-ടൊപ്പമിവൾ മോദിക്കും.

മൊറിയൊ റാഹേം...

www.malankaralibrary.com

അല്ലെങ്കിൽ

* സഹോദരീ, ലോകജീവിതത്തിൽനിന്നു നിന്നെ കൂട്ടിക്കൊണ്ടുപോയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. അവൻ കന്യകമാരോടുകൂടെ തന്റെ വിരുന്നുശാലയിൽ നിന്നെ വസിപ്പിക്കും.

ഹവ്വായുടെ ഈ പുത്രി സങ്കടപൂർവ്വം നമ്മെ വിളിക്കുന്നു. ഈ ദാസിയുടെ മരണത്തിൽ നാം വളരെ ദു:ഖിക്കുന്നു. ദൈവമേ, ഈ ദാസിയുടെ അകൃത്യങ്ങൾ നീ മോചിക്കണമേ. ഈ ദാസി പോയി നീതിമാൻമാരോടും സുകൃതികളോടും കൂടെ സന്തോഷിക്കുവാനായി സന്തോഷങ്ങളുടെ സ്ഥലത്ത് ഈ ദാസിയെ ചേർക്കണമേ.

സഹോദരീ, മരണം ഞങ്ങളുടെ ഇടയിൽനിന്നു നിന്നെ വേർപെടുത്തിയതിൽ നീ ദു:ഖിക്കേണ്ട. ഉയിർപ്പുദിവസത്തിൽ നീ കബറിൽനിന്നു തേജസ്സോടെ ഉയിർത്തു ശാശ്വത ലോകത്തിലെ മഹിമ ധരിക്കും.

രക്ഷിതാവേ, നിന്റെ ദാസി സന്തോഷങ്ങളുടെ സ്ഥലത്ത് ആനന്ദിക്കുവാനായി സൗഭാഗ്യഭണ്ഡാരം ഇവൾക്കായി തുറന്നുകൊടുക്കണമേ. കർത്താവേ, അപകട സ്ഥാനം തരണം ചെയ്തു നീതിമാന്മാരോടുകൂടെ സന്തോഷം അനുഭവിക്കുവാൻ നിന്റെ സ്ലീബാ ഇവൾക്കു പാലമായിത്തീരണമേ. മൊറിയൊ റാഹേം...

## യാക്കോബിന്റെ ബോവൂസോ (5-ാം രാഗം)

(ഓനിൻ ദോറേ, വോസെൻ ദോറേ . . . എന്ന രീതി)

ദൈ-വാത്മജനേ, ശാശ്വത രാജ്യ-ത്താശ്വാ-സം നിൻ
ദാസിക്കേകുക ധാർമ്മികരൊപ്പം-ശുദ്ധരുമൊന്നായ്.

നിൻ കൈപ്പണിയാം മണ്ണിൻമേലൻപുണ്ടാകേണം
ഉത്ഥാനത്തിൽ ഹതരൂപത്തെ പുതുതാക്കേണം.

www.malankaralibrary.com

നിൻ രാജ്യത്തിൻ അവകാശമിവൾ പുതുതായ് നേടി
ആത്മികരൊപ്പം നിന്നെ നിത്യം വാഴ്ത്തീടട്ടെ.

പാതാളത്തിൽ മരണം കൂട്ടിയൊരസ്ഥിക്കുന്നി-
ന്നേകുക ജീവൻ; കൃപയാൽ നിന്നെ സ്തോത്രം ചെയ്യും.

മൃത്യുവിനാലെ കമ്പികൾ പൊട്ടി മൂകതയാർന്ന
വീണയതിൻമേൽ കാട്ടുക നാഥാ സഹതാപം നീ

കബറിൽനിന്നും മൃതരെയേറ്റീട്ടുത്ഥാനത്തിൽ
തേജോമയമാം വസ്ത്രം നൽകുന്നോനെ സ്തോത്രം.

അല്ലെങ്കിൽ

ദൈവപുത്രാ, നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ അനശ്വരരാജ്യത്തിൽ നിന്റെ ദാസിക്കു സ്വസ്ഥതയരുളണമേ. കാരുണ്യവാനേ, തൃക്കൈകൾ രൂപപ്പെടുത്തിയ ഈ മൺപാത്രത്തിൽ നിനക്കു സഹതാപം തോന്നണമേ. അതിനു നഷ്ടമായ നിന്റെ സാദൃശ്യത്തെ പുനരുത്ഥാനത്തിൽ നീ പുതുക്കണമേ. സ്വർഗീയ ഭവനത്തിൽ നിന്നോടുകൂടെ ഈ ദാസി അവകാശിനിയായിത്തീർന്ന് ആത്മികരോടുകൂടെ സ്തുതിഗാനങ്ങൾ നിനക്കു പാടുവാൻ ഇടയാകട്ടെ.

കർത്താവേ, പാതാളത്തിൽ മരണം ശേഖരിച്ചുവച്ചിരിക്കുന്ന അസ്ഥിക്കൂമ്പാരത്തിൽ നിനക്ക് അനുകമ്പയുണ്ടായി അതിനെ ഉയിർപ്പിക്കണമേ. ആ അസ്ഥികൾ നിന്റെ നാമത്തെ പ്രകീർത്തിക്കും. കർത്താവേ, പത്തു കമ്പികളുള്ള ഈ വീണയോടു നിനക്കു സഹതാപം തോന്നണമേ. എന്തുകൊണ്ടെന്നാൽ, മരണം അതിന്റെ കമ്പികൾ പൊട്ടിച്ചു നിശ്ശബ്ദമാക്കി.

പുനരുത്ഥാനദിവസം ശവകുടീരങ്ങളിൽനിന്നു മരിച്ചവരെ ഉയിർപ്പിച്ച് മഹിമ ധരിപ്പിക്കുന്നവനേ, നിനക്കു സ്തുതി.

www.malankaralibrary.com

## രണ്ടാം ശുശ്രൂഷ

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

## പ്രാരംഭപ്രാർത്ഥന

പാപമാകുന്ന മരണത്തിൽനിന്ന് മരണമുള്ളവരെ സ്വതന്ത്രരാക്കുവാൻ, ശരീരപ്രകാരം മരിച്ച നല്ലവനും മരണരഹിതനുമായ കർത്താവേ, നിന്റെ കാരുണ്യത്തിലുള്ള ശരണത്തിൽ നശ്വരലോകത്തിൽനിന്ന് വേർപെട്ടുപോയ ഞങ്ങളുടെ സഹോദരിക്കുവേണ്ടി ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു.

ഈ ദാസിക്കു പരിപൂർണ്ണമായ ആത്മവിശ്രാന്തി നൽകണമേ. നിന്റെ രാജകീയ ഭവനത്തിലെ വിരുന്നിൽ അതിഥികളോടൊപ്പം ഈ ദാസിയെ ഇരുത്തണമേ. എന്തെന്നാൽ ജീവനുള്ളവനും ജീവിപ്പിക്കുന്നവനും എന്നേക്കും സ്തുത്യർഹനുമായ പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ഏക ദൈവമേ, നീ നല്ലവനും മനുഷ്യരെ സ്നേഹിക്കുന്നവനുമാകുന്നു.

മോറാൻ വാലോഹാൻ ല്ഒൽമ്മീൻ.

ജനം : ആമ്മീൻ

## കുക്കിലിയോൻ (ആറാം രാഗം)

(ബാറെക് നപ്ശ്ല മൊറിയൊ... എന്ന രീതി)

എന്നാത്മാവേ, നാഥനെ വാഴ്ത്തുക-ഹാ-
മറക്കരുതവനുടെ ഉപകാരങ്ങൾ
നാശേനിന്നും രക്ഷിച്ചീടും ഹാ-
നിൻ രോഗങ്ങളെ സൗഖ്യവുമാക്കും. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

www.malankaralibrary.com

### അല്ലെങ്കിൽ

എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങളൊന്നും മറക്കരുത്. അവൻ നിന്നെ നാശത്തിൽനിന്നു രക്ഷിച്ച് വേദനകളെ ശമിപ്പിക്കും. ബാറെക്മോർ.

കാർമി : പിതാവിനും...

ജനം : ആദിമുതൽ...

### എക്ബോ

(സൃഷ്ടിയെ അഖിലം താങ്ങുന്നോൻ... എന്ന രീതി)

"എന്റെ ശരീരം ഭക്ഷിച്ചും എൻ രക്തം പാ-നം ചെയ്തും
എന്നിൽ വിശ്വാസമിയന്നോനെന്നിലും അവനിൽ-ഞാനുമെഴും
അവസാ-ന ദിനത്തിൽ അവനെ
എഴുന്നേ-ൽപിക്കും" എന്നേവം
അരുളിച്ചെയ്തൊരു ദേവേശാ
ദാസിക്കുത്ഥാനം നൽക.

#### അല്ലെങ്കിൽ

"എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു; അവസാന ദിവസം ഞാനവനെ ഉയിർപ്പിക്കും" എന്നുള്ള നിന്റെ വാഗ്ദാനം നിറവേറ്റുന്നത് പ്രതീക്ഷിച്ചുകൊണ്ട് വിശ്വാസികളായ മരിച്ചവർ നിന്റെ എഴുന്നള്ളത്തു ദിവസം നോക്കിപ്പാർക്കുന്നു. നിന്നിലുള്ള പ്രത്യാശയോടുകൂടെ മരിച്ച നിന്റെ ദാസിയെ കൃപയാൽ ഉയിർപ്പിക്കണമേ.

ശുശ്രൂ : സ്തൗമെൻ കാലൊസ്

ജനം : കുറിയേലായിസ്സോൻ

കാർമി : നാമെല്ലാവരും...

ജനം : കാരുണ്യവാനായ...

കാർമി : സ്തുതിയും സ്തോത്രവും...

www.malankaralibrary.com

## പ്രുമിയോൻ

നാശത്തിൽ വിതയ്ക്കപ്പെടുന്നവയെ നാശമില്ലാത്തവയായി ഉയിർപ്പിക്കുന്നവനും, അവമതിയിൽ വിതയ്ക്കപ്പെടുന്നവയെ മഹത്ത്വത്തോടെ ജീവിപ്പിക്കുന്നവനും, പ്രാണമയമായ ശരീരങ്ങൾക്ക് ആത്മീകാവസ്ഥ നേടിക്കൊടുക്കുന്നവനുമായ ജ്ഞാനിയായ സ്രഷ്ടാവും സുസ്ഥിരനും നവോദ്ധാരകനുമായ കർത്താവിനെ നാം ഓർത്ത് മഹത്ത്വപ്പെടുത്തണം. തന്റെ ദാസിയുടെ മൃതസംസ്ക്കാര ശുശ്രൂഷ ഞങ്ങൾ നിർവഹിക്കുന്ന ഈ സമയത്തും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും അവന് യോഗ്യമാകുന്നു.

ജനം : ആമ്മീൻ.

## സെദ്റാ

മരണമില്ലാത്ത ദൈവവും, മരണമുള്ളതും അഴിവുള്ളതുമായ ഞങ്ങളുടെ പ്രകൃതിയുടെ സ്രഷ്ടാവും നാഥനും, ജീവനുള്ളവരും മരിച്ചവരുമായ സകലരുടെയും ആത്മാക്കളെ സ്വകരങ്ങളിൽ വഹിച്ചിരിക്കുന്നവനുമായ പുണ്യവാന്മാരുടെ പ്രത്യാശയുമേ, നീ ഓരോരുത്തനും അവനവന്റെ രക്ഷയ്ക്കാവശ്യമായതു കൊടുക്കുന്നു. അപരിമേയമായ നിന്റെ പരിപാലനയാൽ ഈ ലോകത്തിൽ നിന്ന് ഈ ദാസിയുടെ ആത്മാവിനെ നീ നീക്കിയിരിക്കുന്നു. നിന്റെ അനുഗ്രഹസമൃദ്ധിയാലും ആർദ്ര കരുണയാലും അനുയാത്ര ചെയ്യുന്ന സമാധാനദൂതന്മാർ മുഖാന്തരം ഈ ദാസിയെ നീ സ്വീകരിക്കണമേ.

ഈ ദാസി മനസ്സോടും മനസ്സു കൂടാതെയും അറിവോടും അറിവുകൂടാതെയും ചെയ്തിട്ടുള്ള തെറ്റുകളും പാപങ്ങളും നീ പരിഹരിക്കണമേ. ഞങ്ങളെല്ലാവരും പൂഴിയാണെന്നും പാപബന്ധിതരാണെന്നും നീ അറിയുന്നു. സ്ത്രീയിൽനിന്നു ജനിച്ചവരിൽ നിന്റെ മുമ്പാകെ കുറ്റമറ്റവൻ ആരുമില്ലെന്നും ഭൂമിയിൽ പാപംകൂടാതെ ഒരു നാഴികപോലും കഴിയുവാൻ

www.malankaralibrary.com

ഞങ്ങൾക്കു ത്രാണിയില്ലെന്നും നീ ഓർക്കണമേ. എങ്കിലും ഞങ്ങളുടെ സങ്കടപൂർണ്ണമായ യാചനനിമിത്തം നിന്റെ കൃപയും മനുഷ്യപ്രീതിയും ഈ ദാസിയിൽ കാണിക്കണമേ.

പ്രകാശഭവനങ്ങളിലും സ്വർഗീയ യെറുശലേമിൽ പേരെഴുതപ്പെട്ട ആദ്യജാതന്മാരുടെ സംഘത്തിലും ഈ ദാസിയെ നീ ആശ്വാസസമേതം വസിപ്പിക്കണമേ. കർത്താവേ, നീ സത്യമായി അരുളിച്ചെയ്തപ്രകാരം മഹാശക്തിയോടും മഹത്ത്വത്തോടുംകൂടെ വാനമേഘങ്ങളിൽ എഴുന്നള്ളുകയും വിശുദ്ധ മാലാഖമാർ മുഖേന നാലുഭാഗങ്ങളിൽനിന്നും നിന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ കൂട്ടിച്ചേർക്കുകയും, സകലത്തെയും ജീവിപ്പിക്കുന്ന നിന്റെ ശബ്ദത്താൽ കബറുകളിലുള്ളവർ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുമ്പോൾ നിന്റെ ഈ ദാസിയെ കരുണാപൂർവ്വം ഓർമ്മിച്ചുകൊള്ളണമേ. ഭയങ്കരമായ നിന്റെ സിംഹാസനത്തിങ്കൽ ഈ ദാസിയുടെയും ഞങ്ങളുടെയും ലജ്ജാകരമായ പ്രവൃത്തികളെ നിന്റെ കരുണ മൂടിക്കളയണമേ.

കർത്താവേ, നിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും തൃക്കൈകൊണ്ടു ഞങ്ങളെ നീ മെനഞ്ഞുണ്ടാക്കി. ഞങ്ങൾ നശിച്ചുപോയപ്പോൾ നിന്റെ വിശുദ്ധ കഷ്ടാനുഭവങ്ങളാൽ ഞങ്ങളെ നീ രക്ഷിച്ചു. നിന്റെ തിരുശരീരരക്തങ്ങളിൽ ഞങ്ങളെ നീ പങ്കുകാരാക്കി. ഞങ്ങളുടെ വചനപ്രകാരവും പ്രവൃത്തിക്കനുസരണവും ഞങ്ങളെ നീ വിധിക്കുകയാണെങ്കിൽ ഞങ്ങൾക്കു ദുരിതം. ആകയാൽ ഉത്തമനും ദയാലുവുമായവനേ, മനസ്സലിവുണ്ടായി ഞങ്ങളോട് ക്ഷമിക്കണമേ. വിലപിച്ചിരിക്കുന്നവരെ ആശ്വസിപ്പിക്കണമേ. പാപികളെ നല്ല അന്ത്യത്തിനും അവസാനനാളിൽ നിന്റെ മുമ്പാകെയുള്ള മുഖപ്രസന്നതയ്ക്കും അർഹരാക്കണമേ. മനുഷ്യരെ സ്നേഹിക്കുന്നവനും സകലരോടും കരുണ ചെയ്യുന്നവനുമായ ദൈവമേ, സ്തുതിയും ബഹുമാനവും, കൃതജ്ഞതയും നിനക്കു യോഗ്യമാകുന്നു.

ഹോശോവബ്കൂല്സ്ബോൻ ല്ഒൽമ്മിൻ.

ജനം : ആമ്മീൻ.

കാർമി : ദൈവത്തിൽനിന്നു...

www.malankaralibrary.com

## *മാനീസൊ

പെസ്ഗോമൊ

നീതിയുടെ വാതിലുകൾ എനിക്കായി തുറക്കണമേ.

(സെഹിയോൻ കോട്ടയിൽ... എന്ന രീതി)

സ്വർഗീയാംഗ്യം മൽപ്രിയരേ,
ആത്മത്തെ തനുവിൽനിന്നും
നീക്കിടുവാൻ മാലാഖകളെ
വിട്ടീടും സമയം ഘോരം.

ദൂതൻമാരെ അകലെക്ക-
ണ്ടാത്മാവന്തിക വാസികളെ
ശരണം പ്രാപിച്ചിട്ടുടനെ
തൻ ചരിതം പരിശോധിപ്പൂ.

പാപമലീമസമായെങ്കിൽ
ദു:ഖമൊടാത്മം കേഴുന്നു
സൽക്കർമ്മങ്ങളെ ദർശിക്കിൽ
സന്തോഷത്തോടോതീടും.

കർത്താവേ നിൻ തിരുമെയ്യും
ക്ഷോണിതവും നീയവനേകി
ന്യായസ്ഥാനേ അവ രണ്ടും
ധൈര്യമെനിക്കേകും നൂനം.
ശുദ്ധൻമാർ തൻ കൂട്ടത്തിൽ
സ്തോത്രം ഞാൻ നിത്യം പാടും. മൊറിയൊ റാഹേം...

അല്ലെങ്കിൽ

നീതിയുടെ വാതിലുകൾ എനിക്കായി തുറക്കണമേ.

ആത്മാവിനെ ശരീരത്തിൽനിന്നും കൂട്ടിക്കൊണ്ടുചെല്ലുവാൻ സ്വർഗീയന്റെ ആജ്ഞ മാലാഖമാരെ നിയോഗിക്കുന്ന നാഴിക ഭയങ്കരമാകുന്നു.

ആത്മാവ് അതിന്റെ പ്രവൃത്തികളെ പരിശോധിക്കുന്നു. അവ തിന്മയായിട്ടുള്ളതെങ്കിൽ ആത്മാവ് ക്ലേശിതയാവുകയും

www.malankaralibrary.com

നീതിയുള്ളവയെങ്കിൽ സ്വന്ത വേർപാടിൽ ആശ്വാസവും ധൈര്യവും പ്രാപിച്ചുകൊണ്ട് 'ദൈവമേ, നിന്റെ ശരീരവും രക്തവും എനിക്കു ഭക്ഷണപാനീയമായി തന്നുവല്ലോ. അവ ന്യായവിധിയിൽ എന്നെ ധൈര്യപ്പെടുത്തട്ടെ. പരിശുദ്ധന്മാരുടെ ഗണത്തിൽ ഞാൻ നിനക്കു സ്തുതി പാടും' എന്നു പറയും. മൊറിയൊ റാഹേം...

## കോലോ

(സ്തുത്യൻ പുനരുത്ഥാനത്തെ... എന്ന രീതി)

തിരുലിഖിതത്തിൽ പറയുംപോൽ
ഭൂവാനങ്ങൾ അഴിവാർന്നീടും
താരകൾ നിപതിക്കും; ജ്യോതിർ
ഗോളങ്ങൾ പ്രഭ ഇല്ലാതാം
അന്തിമദിനമതിലെൻ നാഥാ
നിൻ സ്തുതിഗീതം പാടിടുവാൻ-ശുദ്ധന്മാരൊന്നായ്
എന്നെയും നിർത്തീടണമേ. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

ലാസറിനെ മൃതരിൽ നിന്നും
യായീറോസിൻ സുതയെപ്പോലെ
വിധവാസുതനെയുയിർപ്പിച്ചോൻ-
ശബ്ദം പുനരുത്ഥാനത്തിൽ
മഹിമാദിനമതിൽ നിന്നെയും
ധൂളിയിൽനിന്നും പ്രിയസഹജേ-മൃതരായോരീന്നും
ഉത്ഥാനം ചെയ്യിപ്പിക്കും. മൊറിയൊ റാഹേം...

അല്ലെങ്കിൽ

വിശുദ്ധ ഗ്രന്ഥത്തിൽ പറയുന്നതുപോലെ ആകാശത്തിനും ഭൂമിക്കും അഴിവു സംഭവിക്കുകയും നക്ഷത്രങ്ങൾ വീണുപോകുകയും ജ്യോതിർഗോളങ്ങളെല്ലാം അസ്തമിക്കുകയും ചെയ്യുന്ന അവസാന ദിവസത്തിൽ കർത്താവേ, നിനക്കു സ്തോത്രം തരുവാനായി സുകൃതികളുടെ കൂട്ടത്തിൽ എന്നെയും സംരക്ഷിക്കണമേ.

ബാറെക്മോർ.

www.malankaralibrary.com

കാർമി : പിതാവിനും...

ജനം : ആദിമുതൽ...

ലാസറിനെ മരിച്ചവരുടെ ഇടയിൽനിന്നും, യായീറോസിന്റെ മകളെ മരണശയ്യയിൽനിന്നും വിളിച്ചെഴുന്നേല്പ്പിക്കുകയും വിധവയുടെ മകനെ പുനർജ്ജീവിപ്പിക്കുകയും ചെയ്ത ആ ശബ്ദം പുനരുത്ഥാനത്തിന്റെ അവസാന ദിവസത്തിൽ പൊടിയിൽനിന്നു നിന്നെ ഉയിർപ്പിക്കും.

ജനം : മൊറിയൊ റാഹേം...

## എത്രോ

അനുഗ്രഹസമ്പന്നനായ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു: മരണമാകുന്ന നിദ്രയിൽ വലയം പ്രാപിച്ചിരിക്കുന്ന ഈ ദാസിയുടെ ആത്മാവിനുവേണ്ടി ഇപ്പോൾ ഞങ്ങൾ അർപ്പിച്ച ഈ ധൂപം നീ സ്വീകരിക്കണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, പാപങ്ങളുടെ പരിഹാരത്തിനും നിന്റെ സന്നിധിയിലുള്ള ധൈര്യത്തിനും ഈ ദാസിയെ യോഗ്യയാക്കണമേ.

ജനം : ആമ്മീൻ.

## മദ്റോശോ

(ഹബ്ലൻ മോറാൻ... എന്ന രീതി)

മൃതരെയുത്ഥാനത്തിൽ-സ്വ-ർഗേ
കാൺമാൻ കർത്താവേ, ഭാഗ്യം നൽകീടേണം.

നീതിവിധീശനൊടാത്മാവേവം
യാചിച്ചോതീടുന്നതു ഞാൻ കേട്ടേനല്ലോ.

മൃതിഗതരെ പ്രതി നാഥാ അങ്ങേ-
യ്ക്കർപ്പിക്കും ബലികളിലെന്നെ രോധിക്കല്ലേ.

പാപികളീന്നും ശിഷ്ടന്മാരെ
വേറാക്കീടാനായ് ഈറേർ വന്നീടുമ്പോൾ

കാരുണ്യത്തിൻ ചിറകിൻ കീഴിൽ
നാഥാ ചേർത്തിവളെ കാക്കുക നരകത്തീന്നും

www.malankaralibrary.com

ഇവളെ വിധിച്ചീടരുതേ നാഥാ
ജീവിപ്പോരിലേവൻ, വിമലൻ തിരുമുമ്പാകെ?

നാഥാ ഇവളിൽ സ്ഥിതി ചെയ്തീടും
നിന്നോഹരി അഗ്നിക്കിരയായ് നൽകീടല്ലേ.

മൊറിയൊ റാഹേം...

അല്ലെങ്കിൽ

കർത്താവേ, മോക്ഷഭവനത്തിൽ ഞങ്ങളുടെ മരിച്ചവരെ കാണുവാൻ ഞങ്ങൾക്കു കൃപ നൽകണമേ.

ആത്മാവു നീതിമാനായ ന്യായാധിപനോട് ഇപ്രകാരം അപേക്ഷിക്കുന്നതു ഞാൻ കേട്ടു; മരിച്ചവർക്കുവേണ്ടി നിനക്കു സമർപ്പിക്കപ്പെടുന്ന ബലികളിൽനിന്നു എന്നെ നിരോധിക്കരുതേ!

നീതിമാൻമാരെയും പാപികളെയും വേർതിരിക്കുവാൻ ഈറേ മാലാഖമാർ വരുമ്പോൾ നിന്റെ കരുണയുടെ ചിറകുകൾകൊണ്ട് നിന്റെ ദാസിയെ മറച്ചു നരകത്തിൽനിന്നു രക്ഷിക്കണമേ.

കർത്താവേ, ഈ ദാസിയെ നീ കുറ്റം വിധിക്കരുതേ. എന്തെന്നാൽ, ജീവിക്കുന്ന യാതൊരുത്തനും നിന്റെ മുമ്പിൽ കുറ്റമറ്റവനല്ല. ഇവളിൽ നിക്ഷിപ്തമായിരിക്കുന്ന നിന്റെ അവകാശം അഗ്നിക്കിരയാകുവാൻ അനുവദിക്കരുതേ. മൊറിയൊ റാഹേം...

## മാർ അപ്രേമിന്റെ ബോവൂസോ

(മോറാൻ എസ്രാഹാം ആലായ്ൻ... എന്ന രീതി)

കർത്താവേ, കൃപ ചെയ്യണമേ
ദാസിക്കേകണമേ-പുണ്യം;
നിൻമഹിമോദയനാൾ തന്നിൽ
നിൻ വലഭാഗേ നിർത്തിവളെ.

ധർമ്മിഷ്ടൻമാരൊത്തിവളെ
അൻപാൽ നീ പാർപ്പിക്കേണം
തെറ്റുകളെ നീ ഓർക്കരുതേ
കുറ്റങ്ങൾ മോചിക്കേണം.

www.malankaralibrary.com

പ്രാർത്ഥനകേട്ടിവളെ പുണ്യം
ചെയ്തോരോ-ടൊന്നാക്കേണം.
അവർ മദ്ധ്യേ അവൾ പാടീടും
'നാഥാ നീ സ്തോത്രാർഹൻ താൻ'.

മൃതരും ജീവിക്കുന്നോരും
നാഥാ, നിന്നെ വാഴ്ത്തട്ടെ.
കർത്താവേ, കൃപ ചെയ്യണമേ
ദാസിക്കേകണമേ പുണ്യം
നിൻമഹിമോദയനാൾ തന്നിൽ
നിൻ വലഭാഗേ നിർത്തിവളെ.

## മൂന്നാം ശുശ്രൂഷ

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

## പ്രാരംഭപ്രാർത്ഥന

കരുണയുള്ള ദൈവമേ, നിന്നിൽ ഞങ്ങൾ ശരണം പ്രാപിക്കുന്നു. നിന്റെ കല്പനപ്രകാരം ഞങ്ങളിൽനിന്നു വേർപിരിഞ്ഞ ഈ ആത്മാവിനുവേണ്ടി നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കർത്താവേ, ദുഷ്ടന്മാരായ മൽസരക്കാരുടെ വലകളിൽനിന്നും കാണപ്പെടാത്ത അന്ധകാര സൈന്യങ്ങളിൽനിന്നും ഈ ദാസിയെ വീണ്ടുകൊള്ളണമേ. ഈ ദാസി നീതിമാന്മാരുടെ കൂട്ടത്തിൽ ജീവന്റെ ആസ്ഥാനം പ്രാപിക്കുകയും നിന്റെ പരിശുദ്ധന്മാരോടുകൂടെ എന്നേക്കും വസിക്കുകയും ചെയ്യുവാൻ ഇടയാക്കണമേ

മോറാൻ വാലോഹാൻ ല്ഒൽമ്മീൻ.

ജനം : ആമ്മീൻ.

## കുക്കിലിയോൻ (ഏഴാം രാഗം)

(മൊറിയൊ ബ്ഹൈലൊക്... എന്ന രീതി)

നീ ജീവനെടുത്തീടുമ്പോൾ-ഹാ-ഉ-ഹാ
മൃതിയാർന്നിട്ടവർ ചേരും മണ്ണിൽ

www.malankaralibrary.com

കർത്തൃമഹത്ത്വം വാഴട്ടെന്നും ഹാ-ഉ-ഹാ
തൽ ക്രിയകളിലുടയോൻ മോദിക്കും. ബാറെക്മോർ.

പുരോ : ശുബ്ഹോ...

ജനം : മെൻഓലം...

അല്ലെങ്കിൽ

നീ അവരുടെ ജീവനെടുക്കുകയും അവർ മരിച്ചു മണ്ണിലേക്കു തിരികെ ചേരുകയും ചെയ്യും.

കർത്താവിനു നിത്യമഹത്ത്വമുണ്ടാകുകയും തന്റെ കൈവേലകളിൽ അവൻ സന്തോഷിക്കുകയും ചെയ്യട്ടെ. ബാറെക്മോർ.

പുരോ : പിതാവിനും...

ജനം : ആദിമുതൽ...

## എക്ബോ

(പാഴൂഴിയിലുയരും... എന്ന രീതി)

തൻ സ്നേഹിതനാം ലാസറിനെ കബറീന്നും
ഉയിർനൽകി, വിധവാസുതനെ മരണത്തിന്റെ
പിടിയീന്നും രക്ഷിച്ചവനെ നാമൊന്നായ്
വന്ദിക്കാം സ്തുതി പാടീടാം നിതരാം പ്രിയരേ!

അല്ലെങ്കിൽ

തന്റെ സ്നേഹിതനായ ലാസറിനെ കബറിൽനിന്നു ഉയിർപ്പിക്കുകയും വിധവയുടെ മകനായ ബാലനെ മരണത്തിന്റെ പിടിയിൽനിന്നും വിടുവിക്കുകയും ചെയ്തവനെ നമുക്കെല്ലാവർക്കും വന്ദിക്കുകയും നിരന്തരം മഹത്ത്വപ്പെടുത്തുകയും ചെയ്യാം.

ശുശ്രൂ : സ്തൗമെൻ കാലോസ്

ജനം : കുറിയേലായിസ്സോൻ

പുരോ : നാമെല്ലാവരും...

ജനം : കാരുണ്യവാനായ...

പുരോ : സ്തുതിയും സ്തോത്രവും...

www.malankaralibrary.com

## പ്രുമിയോൻ

രാജാധിരാജാവും കർത്താധികർത്താവും, മരിച്ചവരെ ആശ്വസിപ്പിക്കുന്നവനും, കബറടങ്ങിയവരെ ഉയിർപ്പിക്കുന്നവനും നിരാശരുടെ പ്രത്യാശയും, മൺമറഞ്ഞവരുടെ അവലംബവും, പാതാളത്തിലേക്കു ഇറക്കുകയും അവിടെനിന്നു കരേറ്റുകയും ചെയ്യുന്നവനും, സർവ്വരുടെയും ആത്മാക്കളെ തൃക്കൈകളിൽ വഹിക്കുന്നവനുമായ ദൈവമായ കർത്താവിനു സ്തുതി. തന്റെ ദാസിയുടെ മൃതസംസ്ക്കാര ശുശ്രൂഷ ഞങ്ങൾ നിർവ്വഹിക്കുന്ന ഈ സമയത്തും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും അവനു സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

ജനം : ആമ്മീൻ

## സെദ്റാ

ദൈവമേ, ഞങ്ങൾ നിന്റെ കല്പനകൾ ആചരിച്ച് നല്ലവരായി ജീവിക്കുവാൻ കൃപാപൂർവ്വം നിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ഞങ്ങളെ നീ സൃഷ്ടിച്ചു. പറുദീസായിലെ ആനന്ദം ഞങ്ങൾക്കായി നീ ഒരുക്കി. എന്നാൽ വിദ്വേഷിയായ സാത്താന്റെ വഞ്ചനയും അസൂയയും നിമിത്തം നിന്റെ നിയമം ഞങ്ങൾ ലംഘിച്ചതുകൊണ്ട് പറുദീസായിൽനിന്നും ഞങ്ങൾ ബഹിഷ്ക്കരിക്കപ്പെട്ടു. നിന്റെ സൃഷ്ടിവൈഭവത്താൽ ഭംഗിയായി സൃഷ്ടിക്കപ്പെട്ട ഞങ്ങളുടെ ശരീരം അത് എടുക്കപ്പെട്ട മണ്ണിലേക്കു തിരികെച്ചേരുവാൻ നീതിപൂർവ്വം ഞങ്ങളെ നീ വിധിച്ചു. ഈ കാരണത്താൽതന്നെ പാപം മരണത്തിന്റെ അധികാരം ഞങ്ങളിൽ ഉറപ്പായി രേഖപ്പെടുത്തി. എന്നാൽ നല്ലവനും കരുണയുള്ളവനുമായ കർത്താവേ, നിന്റെ നിത്യമായ സ്നേഹാർദ്രത ഞങ്ങളിൽ നീ ചൊരിയുകയും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി സ്നേഹം മൂലം നീ മനുഷ്യാവതാരം ചെയ്യുകയും നിന്ദ്യമായ കുരിശിനെ നീ കരുണയോടെ ഏല്ക്കുകയും ചെയ്തു. ഞങ്ങളെ അന്വേഷിച്ച് നീ അഗാധമായ പാതാളത്തിലേക്ക് ഇറങ്ങുകയും അതിന്റെ ബലമുള്ള വാതിലുകളും സാക്ഷാകളും തകർത്ത് നാശകരമായ നിരാശയിൽ അകപ്പെട്ടിരുന്ന ആത്മാക്കളെ നീ വിടുവിക്കുകയും ചെയ്തു. നിന്റെ ആടുകളായ ഞങ്ങളെ സ്വാതന്ത്ര്യത്തിലേക്കും

www.malankaralibrary.com

നിന്റെ ഭവനാവകാശത്തിലേക്കും നിന്റെ ആരാധനയിലേക്കും നീ തിരികെ വരുത്തി. ഞങ്ങൾക്ക് യാതൊരർഹതയുമില്ലാതിരിക്കെ നിന്നോടപേക്ഷിക്കുന്നതിനുള്ള ധൈര്യം നീ ഞങ്ങൾക്കു തന്നു. ഈ മനോധൈര്യത്തോടുകൂടെ എല്ലാ സ്ഥലത്തുനിന്നും നിദ്ര പ്രാപിച്ച ഞങ്ങളുടെ പൂർവ്വികരും, ആത്മശരീരസംബന്ധമായി ഞങ്ങളോടു ബന്ധപ്പെട്ട പിതാക്കൻമാരും സഹോദരങ്ങളുമായ എല്ലാവർക്കുംവേണ്ടി പ്രാർത്ഥനകളും അപേക്ഷകളും ഞങ്ങൾ നിനക്കർപ്പിക്കുന്നു. കരുണാപൂർവ്വം അവരുടെ തെറ്റുകൾ നീ ക്ഷമിക്കണമേ. ഈ ദാസിയുടെ ആത്മാവിനെ നീ ആശ്വസിപ്പിക്കുകയും നിന്റെ പിതാവിന്റെ അനുഗൃഹീത ഭവനങ്ങളിലേക്ക് ഈ ദാസിയെ ചേർക്കുകയും ചെയ്യണമേ. പുനരുത്ഥാനത്തിന്റെ മഹാദിവസത്തിൽ ഞങ്ങളെല്ലാവരും സന്തോഷസമേതം നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധാത്മാവിനെയും സ്തുതിക്കുവാൻ ഇടയാക്കണമേ. ഹോശോവബ്കൂല്സ്ബാൻ ല്ഒൽമ്മിൻ.

ജനം : ആമ്മീൻ.

കാർമി : ദൈവത്തിൽനിന്ന്...

### * മാഅബ്റോനോ

(അൽ തറഏ ദമ്ദീനോസോ... എന്ന രീതി)

നഗരകവാടത്തിൽ കൂടെ പോകു-
ന്നേരം ഞാൻ-കേ-ട്ടൊരു നാദം
അരികെ ചെന്നേൻ ശ്രദ്ധിച്ചു-നിന്നു
ഖേ-ദം-തോ-ന്നും-നാദത്തെ.

കോമള രൂപർ തരുണന്മാ-രെയും
ബാ-ലന്മാരെ-യും കണ്ടു.
ഉന്നത ജാതർ വനിതകളും ദാസി-
വൃന്ദവു-മഴലാൽ പാടുന്നു.

ദു:ഖസമേതം ചോദിച്ചേൻ "എന്തി-
ന്നേവം കേഴ്വൂ സുന്ദരരേ
വ്യഥയാലെന്തിനു പാടുന്നു" എന്നോ-
ടോതി "ഭോഷാ മിണ്ടാതെ.

www.malankaralibrary.com

നീ ദർശിക്കും സൗന്ദര്യം പാതാ-
ളത്തിൽ പാഴായ് മാഞ്ഞീടും
രക്താംബരമണിയുന്നിവൾ തൻ മോടി
മൃത്യു തീർത്തും മായിക്കും.

സൂര്യനു തുല്യം തെളിവാകും ഈ സൗ-
ന്ദര്യം പുല്ലിൻ കൊടിയിന്മേൽ
തങ്ങും തൂമഞ്ഞിനു തുല്യം സന്ധ്യാ-
വേളയതിങ്കൽ വാടീടും".

പാതാളത്തിൽ പാഴായ്ത്തീർ-ന്നീടും-
രൂപത്തിന്മേൽ കർത്താവേ,
ജീവൻ നൽകി പ്രഭയേറും വസ്ത്രം-
അണിയിക്കണമേ സ്തോത്രം തേ!

*അല്ലെങ്കിൽ

ഞാൻ നഗരവാതിലുകളുടെ സമീപത്തുകൂടെ പോകുമ്പോൾ ഒരു സ്വരം കേട്ടു. അടുത്തുചെന്ന് ആ വിലാപസ്വരം ഞാൻ ശ്രദ്ധിക്കുകയും വിലാപഗാനങ്ങൾ ആലപിക്കുന്ന സുന്ദരാ കാരമുള്ള യുവാക്കളെയും, കുട്ടികളെയും, കുലീനകളെയും, ദാസി കളെയും കാണുകയും ചെയ്തു.

ഞാൻ അവരോട് "സൗന്ദര്യമുള്ളവരേ, നിങ്ങൾ കരയുന്നതും വിലാപഗീതം പാടുന്നതുമെന്ത്?" എന്നു വ്യസനസമേതം ചോദിച്ചു.

അവർ എന്നോട് "മൂഢാ, നീ മിണ്ടാതിരിക്കുക; ഞങ്ങളിൽ നീ കാണുന്ന ഈ സൗന്ദര്യം പാതാളത്തിൽ വികൃതമാകുകയും ഞങ്ങൾ അണിഞ്ഞിരിക്കുന്ന ആടയാഭരണങ്ങളുടെ ഭംഗി മരണം നശിപ്പിക്കുകയും ചെയ്യും."

'ഞങ്ങളുടെ സൗന്ദര്യം ഉദിച്ചസ്തമിക്കുന്ന സൂര്യനെ പ്പോലെയും പുൽക്കൊടിയിൽ തങ്ങിനിൽക്കുന്ന മഞ്ഞുതുള്ളി പോലെയും സായാഹ്നത്തിൽ വാടിയുണങ്ങുന്ന പൂവുപോലെ യുമാകുന്നു.'

www.malankaralibrary.com

കർത്താവേ, പാതാളത്തിൽ ജീർണ്ണിച്ചുപോകുന്ന നിന്റെ പ്രതിരൂപത്തിൽ നിനക്കു സഹതാപം തോന്നണമേ. അതിനെ നീ ഉയിർപ്പിച്ചു മഹത്ത്വം ധരിപ്പിക്കണമേ.

ജനം : മൊറിയൊ റാഹേം...

## എക്രോ

സർവ്വശക്തനും മഹാകാരുണ്യവാനുമായ ദൈവമേ, കർത്താവേ, തിരുസന്നിധിയിലേക്കു നീ വിളിച്ചതിനാൽ നിദ്രപ്രാപിച്ചിരിക്കുന്ന ഈ ദാസിക്കുവേണ്ടി തിരുമുമ്പാകെ ഞങ്ങൾ സമർപ്പിച്ച ഈ ധൂപം നീ സ്വീകരിക്കണമേ. സ്വർഗീയ യെറുശലേമിലെ മോഹനീയ വാസസ്ഥലങ്ങളിൽ ഈ ദാസിയെ ആശ്വസിപ്പിക്കണമേ. ഞങ്ങളുടെ ദൈവമായ കർത്താവേ, കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും തിരുമുമ്പാകെയുള്ള മുഖപ്രസന്നതയ്ക്കും ഈ ദാസിയെ അർഹയാക്കണമേ. ഹോശോ വബ്കൂല്സ്ബാൻ ല്ഒൽമ്മിൻ.

ജനം : ആമ്മീൻ.

## കോലോ

(പൗലൊസ് ശ്ലീഹാ... എന്ന രീതി)

ദേവേശാ നിൻ-പരിചാരിക തന്നാത്മത്തെ
ശാന്തിസമേതം കൈക്കൊൾക, ഇവൾ തൻ കുറ്റം മോചിക്ക
ഇവളെ വിധിക്കരുതേ നാഥാ
പിഴ തീണ്ടാത്തോൻ നീയേകൻ.
അപരാധികളർഹിച്ചിടും
നരകത്തീന്നിവൾ രക്ഷിതയായ്
കല്പന കാത്തവരോടൊപ്പം
ശോഭനമണവറ പൂകേണം. ബാറെക്മോർ.

കാർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

www.malankaralibrary.com

വേണ്ടാ മൃതിയേ, ഗർവേതും മൃതരായോർ മേൽ
അവരുടെമേൽ തെല്ലില്ല നിന-
ക്കധികാരവുമവകാശമതും
ബലവാനാം സ്രഷ്ടാവവരെ
വിസ്താരം ചെയ്യും നൂനം
അവരങ്ങെ ദാസൻമാരും, പങ്കാളികളും തനയരുമാം
നിന്നിൽ നിന്നിവരെ രക്ഷി-ച്ചേകിടുമുന്നതമാം രാജ്യം.

മൊറിയൊ റാഹേം...

അല്ലെങ്കിൽ

ദൈവമേ, നിന്നിലുള്ള പ്രത്യാശയോടുകൂടെ നിദ്രപ്രാപിച്ച നിന്റെ ദാസിയുടെ ആത്മാവിനെ സമാധാനസമേതം കൈക്കൊള്ളുകയും ഈ ദാസിയുടെ കുറ്റങ്ങൾ പരിഹരിച്ച് ക്ഷമിക്കുകയും ചെയ്യണമേ. നീ മാത്രം കുറ്റമില്ലാത്തവനാകുന്നു. ഈ ദാസിയെ നീ കുറ്റം വിധിക്കരുതേ. അധർമ്മികൾക്കുള്ള നരകത്തിൽനിന്ന് ഈ ദാസി രക്ഷപെട്ട് നിന്റെ കല്പനകൾ ആചരിച്ചിട്ടുള്ളവരോടുകൂടെ പ്രകാശത്തിന്റെ മണവറയിൽ ചെന്നുചേരുവാനിടയാകണമേ. ബാറെക്മോർ.

കാർമ്മി : പിതാവിനും...

ജനം : ആദിമുതൽ...

മരണമേ, മരിച്ചവരുടെമേൽ നീ അഹങ്കരിക്കേണ്ട. എന്തെന്നാൽ അവരിൽ നിനക്കവകാശമോ അധികാരമോ ഇല്ല. അവരുടെ സ്രഷ്ടാവ് സർവ്വശക്തനാകുന്നു. അവർ അവന്റെ ഭൃത്യൻമാരും ഉത്തമ അവകാശികളും മക്കളുമാകയാൽ അവൻ അവർക്കുവേണ്ടി ന്യായവിധി നടത്തി നിന്റെ കൈകളിൽ നിന്നും അവരെ രക്ഷിക്കുകയും സ്വർഗ്ഗരാജ്യത്തിന് അവകാശികളാക്കുകയും ചെയ്യും. മൊറിയൊ റാഹേം...

അല്ലെങ്കിൽ

ലോകം രണ്ടിലും അധികാരം
ഏന്തുന്നവനേ നിൻ സ്ലീബാ
കാക്കണമേ ജീവിപ്പവരെ
മൃതരെ പാവനരാക്കണമേ. ബാറെക്മോർ.

www.malankaralibrary.com

കാർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

സംസ്കാരം ചെയ്യപ്പെട്ടോർ
മൃതരെ ഉയിർപ്പിക്കുന്നവനേ
അങ്ങേയ്ക്കായ് സ്തുതി താതന്നും
സ്തോത്രമതാത്മനുമുണ്ടാക.

മൊറിയൊ...

**∗ മദ്റോശോ**

(പറുദൈസൊ... എന്ന രീതി)

കാന്തനു കാത്തോരാം കന്യ-കമാരൊപ്പം
ചേരും നീ സഹജേ! പുനരുത്ഥാനത്തിൽ.

വ്യാകുലലോകമിതെൻ-ചിന്താവിഷയമതായ്
ആദിമകാലത്തേ-യ്ക്കെൻ മാനസമോടി.
സൃഷ്ടിയെയോർത്തൊരു ഞാൻ-വെമ്പീ ശാപത്താൽ
മൃത്യുനിമിത്തം വേർപിരിയും നാൾവരെയും
നാരികളത്യധികം വ്യഥയിൽ നാൾ പോക്കി
വേദനയൊടുസുതരെ-പ്രസവിച്ചീടുന്നു.

ജീവൻ പൊയ്പ്പോയ് വേർ-പിരിയും മാതാവെ
നോക്കിടുമാത്മജരിൽ-നെടുവീർപ്പുയരുന്നു.
തായില്ലാപ്പറവ-ക്കുഞ്ഞുങ്ങൾക്കൊപ്പം
അതിസന്താപത്താൽ-കേണീടുന്നല്ലൊ.
ഈ ദീനാരാവം-കേൾക്കുന്നൊരെല്ലാം
ഖേദത്താലവരോ-ടൊപ്പം കരയുന്നു.

ദൂതൻ ചാരേവ-ന്നെന്നെക്കൊണ്ടിഹ പോയ്
മാരകബാണത്താ-ലെന്നിൽ ഭ്രമമേറ്റി.
നിർദയ പീഡകളാൽ മർദ്ദിച്ചംഗങ്ങൾ
കാൺമീൻ വടിമൂന്നാ-ലെന്നെ താഡിച്ചാൻ
ഞാനാശ്രയഹീന-ഞാനയ്യോ ദീന
നിൻസൃഷ്ടിയെ നാഥാ-കൃപയാൽ പുതുതാക്ക.

www.malankaralibrary.com

അല്ലെങ്കിൽ

ഞങ്ങളുടെ സഹോദരീ, തന്റെ എഴുന്നള്ളത്തു നോക്കിപ്പാർത്തിരുന്ന കന്യകകളുടെ കൂട്ടത്തിൽ നീ ചെന്നുചേരുമാറാകട്ടെ.

ദുരിതലോകത്തിൽവച്ച് എനിക്കു വിചാരമുണ്ടായി. ആരംഭത്തിലെതന്നെ ഞാൻ വിചാരിച്ചുതുടങ്ങി. നമ്മെ സൃഷ്ടിച്ചതിനെക്കുറിച്ചു ഞാൻ ആലോചിച്ചു.

* നമുക്കുള്ള ശാപങ്ങളെക്കുറിച്ചു ഞാൻ വിസ്മയിച്ചു. എന്തെന്നാൽ മരണം വന്നു കൂട്ടിക്കൊണ്ടുപോകുന്നതുവരെ സ്ത്രീകൾ കഷ്ടപ്പാടിലും വേദനകളിലും കാലം കഴിക്കയും ഞെരുക്കത്തോടുകൂടെ പ്രസവിക്കുകയും ചെയ്യുന്നു. മക്കൾ മാതാവിനെ നോക്കുന്നു. അവൾ മരണംമൂലം അവരിൽനിന്നു വേർപിരിയുന്നതായി കാണുകയാൽ അവർ സങ്കടപ്പെടുന്നു. തങ്ങളുടെ മാതാവ് എടുത്തുകൊള്ളപ്പെടുന്നതിനാൽ കുഞ്ഞുങ്ങളെപ്പോലെ അവർ ദു:ഖത്തോടും വ്യസനത്തോടുംകൂടെ നിലവിളിക്കുന്നു. അവരുടെ ദു:ഖശബ്ദം കേൾക്കുന്നവരെല്ലാം അവരോടുകൂടെ സങ്കടവും വ്യസനവും അനുഭവിക്കുന്നു.

കണ്ടാലും, ദൂതൻ സമീപിച്ച് ഇവിടെനിന്നും എന്നെ കൂട്ടിക്കൊണ്ടുപോയിരിക്കുന്നു. മരണത്തിന്റെ അസ്ത്രത്തെപ്പറ്റി അവൻ എന്നെ പരിഭ്രമിപ്പിച്ചു. അവൻ ദയകൂടാതെ എന്നെ അടിക്കുകയും എന്റെ അവയവങ്ങളെ നശിപ്പിക്കുകയും ചെയ്തു. അവൻ എന്നെ അടിച്ച മൂന്നു വടികളാൽ കണ്ടാലും! എന്നെ നശിപ്പിച്ചു ശൂന്യയാക്കിത്തീർത്തു. കാരുണ്യവാനേ, നിന്റെ ദയ നിന്റെ സൃഷ്ടിയെ പുതുതാക്കണമെ.

എന്റെ കർത്താവേ, ഇവളുടെ കടങ്ങളെ നീതീകരിക്കുകയും കുറ്റങ്ങളെ ക്ഷമിക്കുകയും ചെയ്യണമേ. നിന്റെ നീതിന്യായവിസ്താരദിവസത്തിൽ ഇവൾ ശുദ്ധൻമാരോടുകൂടെ നിനക്കു സ്തുതി പാടുമാറാകണമേ.

www.malankaralibrary.com

## മാർ ബാലായിയുടെ ബോവൂസോ

കരുണ നിറഞ്ഞവനേ, പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ.

പാപം മോചിക്ക, കുറ്റം മായിക്ക:
പരിശുദ്ധൻമാരോടൊപ്പം തവസ്തുതികൾ
നീതിവിധിദിവസം ഇവൾ പാടീടട്ടെ.

വന്നവനും വരുവോനും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാത്മാക്കൾ പാടണമേ.

അല്ലെങ്കിൽ

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ, അനുകൂലത്തിന്റെ ദിവസത്തിൽ നിന്റെ സൃഷ്ടിയെ നീ പുതുതാക്കണമേ.

എന്റെ കർത്താവേ, ഇവളുടെ കടങ്ങൾ നീതീകരിക്കുകയും കുറ്റങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ. നിന്റെ നീതിന്യായ വിസ്താരദിവസത്തിൽ ഇവൾ ശുദ്ധൻമാരോടുകൂടെ നിനക്കു സ്തുതി പാടുമാറാകണമേ.

വന്നവനും വരുവാനിരിക്കുന്നവനും മരിച്ചവരെ അനുകൂല മാക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്നു ശരീരങ്ങളും ആത്മാക്കളും ശരിയായി നിലവിളിച്ചു പറയുമാറാകണമേ. ആമ്മീൻ.

## നാലാം ശുശ്രൂഷ

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

### പ്രാരംഭപ്രാർത്ഥന

ദൈവമായ കർത്താവേ, ഈ താൽക്കാലിക ജീവിതത്തിൽ നിന്നു വേർപെട്ട് വ്യർത്ഥലോകത്തിൽനിന്നും പുറപ്പെട്ടിരിക്കുന്ന ഈ ആത്മാവ് ആശ്വാസവും സന്തോഷവും ആനന്ദവും നിറ ഞ്ഞിരിക്കുന്ന സ്ഥലങ്ങളിലേക്ക് ഉയിർപ്പുദിവസംവരെ നിന്റെ പരിശുദ്ധ മാലാഖമാരാൽ വഴി നടത്തപ്പെടുവാൻ ഇടയാക്കണമേ.

www.malankaralibrary.com

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ, ഈ ആത്മാവ് മുഖപ്രസാദത്തോടെ അവിടെ നിന്നെ എതിരേൽക്കു മാറാകണമേ.

ജനം : ആമ്മീൻ.

## കുക്കിലിയോൻ (എട്ടാം രാഗം)

(മക്കളിലപ്പൻ... എന്ന രീതി)

പൂകട്ടെൻ പ്രാർത്ഥന നിൻ സവിധേ-ഹാ-
ശ്രദ്ധിച്ചീടണമെൻ-യാചനയെ.
കുഴിയിൽപ്പെട്ടവരൊപ്പം ഞാൻ-ഹാലേ-
തുണയറ്റോനോടു തുല്യനുമായ്. ബാറെക്മോർ.

കാർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

അല്ലെങ്കിൽ

എന്റെ പ്രാർത്ഥന തിരുസന്നിധിയിലെത്തട്ടെ. എന്റെ അപേക്ഷ നീ ശ്രദ്ധിക്കണമേ.

കുഴിയിൽ ഇറങ്ങുന്നവരോടൊപ്പം ഞാൻ ഗണിക്കപ്പെട്ടു. അശക്തനെപ്പോലെ ഞാൻ ആയിത്തീരുകയും ചെയ്തു.

ബാറെക്മോർ.

കാർമ്മി : പിതാവിനു...

ജനം : ആദിമുതൽ...

## എക്ബോ

(യൗമോനോ-ഓ... എന്ന രീതി)

മൃതിയാർന്നോരേ-സൗഭാഗ്യം
നിങ്ങൾക്കുത്ഥാനത്തിൻ നാളിൽ
ഉൾക്കൊണ്ടൊരുയിരിൻ തിരുമെയ്യും
മോചനമേകും തിരുരക്തമതും
നിങ്ങളെ നിർത്തീടും വലഭാഗേ.

www.malankaralibrary.com

അല്ലെങ്കിൽ

മരിച്ചവരേ, ഉയിർപ്പുനാളിൽ നിങ്ങൾക്കു ഭാഗ്യം. എന്തെന്നാൽ നിങ്ങൾ ഭക്ഷിച്ച ജീവനുള്ള ശരീരവും പാനം ചെയ്ത പാപ പരിഹാരപ്രദമായ തിരുരക്തവും നിങ്ങളെ വലത്തുഭാഗത്തു നിർത്തും.

ശുശ്രൂ : സ്തൗമെൻ കാലോസ്

ജനം : കുറിയേലായിസ്സോൻ.

കാർമി : നാമെല്ലാവരും...

ജനം : കാരുണ്യവാനായ...

കാർമി : സ്തുതിയും സ്തോത്രവും...

## പ്രുമിയോൻ

ആത്മാക്കളുടെ സ്രഷ്ടാവും ശരീരങ്ങളുടെ നിർമ്മാതാവും, നിർമ്മിക്കപ്പെട്ടവയുടെ ശരണവും, സൃഷ്ടികളുടെ പ്രത്യാശയും കബറടങ്ങിയവരുടെ പുനർജ്ജീവനും, ദു:ഖിതരുടെ ആശ്വാസവും, വ്യസനിച്ചിരിക്കുന്നവരുടെ സന്തോഷവും, പീഡിതരുടെ ധൈര്യവുമായിരിക്കുന്ന തനിക്കു സ്തുതി. തന്റെ ദാസിയുടെ ശവസംസ്കാരശുശ്രൂഷ ഞങ്ങൾ നിർവഹിക്കുന്ന ഈ സമയത്തും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും തനിക്കു യോഗ്യമാകുന്നു.

ജനം : ആമ്മീൻ.

## സെദ്റാ

കൃപയും സത്യവും വളരെയുള്ളവനും സനാതന തേജസ്സും ജീവനും മരണമില്ലായ്മയുടെ ഉറവിടവുമായ കർത്താവേ, നീ സകലത്തിന്റെയും സ്രഷ്ടാവും ലോകത്തെയും അതിലെ അവസ്ഥാന്തരങ്ങളെയും ക്രമീകരിക്കുന്നവനുമാകുന്നു. നീ അത്യുഗ്രനും ആധിപത്യത്തിൽ പ്രതാപശാലിയും, അതേസമയം ദീർഘക്ഷമയുള്ളവനും കാരുണ്യവാനുമത്രേ. നിന്റെ ദിവ്യദൃഷ്ടിയിൽനിന്നു മറഞ്ഞിരിക്കുന്ന രഹസ്യങ്ങളില്ല. അഗാധചിന്തകളും ഹൃദയനിരൂപണങ്ങളും നിന്റെ മുമ്പാകെ പരസ്യവും നഗ്നവുമത്രേ. നിന്റെ നിശ്ചയങ്ങൾ അപരിമേയങ്ങളും മാർഗങ്ങൾ

www.malankaralibrary.com

ദുർഗ്രഹങ്ങളുമാകുന്നു. മരണത്തെ മായിക്കുവാനും മനുഷ്യ സംഹാരകനായ മഹാസർപ്പത്തെ കൊല്ലുവാനുമായി നിന്റെ വത്സ ലപുത്രനായ യേശുമിശിഹായെ ലോകത്തിലേക്കയച്ചുകൊണ്ട് താല്പര്യമുള്ള എല്ലാവരോടും നീ ജീവനും മരണമില്ലായ്മയും അറിയിച്ചു. നിന്റെ ആജ്ഞപ്രകാരം ഞങ്ങൾ ക്ലേശപൂർണ്ണമായ ഈ ലോകത്തിൽനിന്ന് ഉത്കൃഷ്ടവും അനശ്വരവുമായ പരലോ കത്തിലേക്കു നയിക്കപ്പെടുന്നു.

*സർവ്വനാഥനും രണ്ടു ലോകങ്ങളുടെയും അധിപനുമായ ദൈവമേ, താല്ക്കാലിക ജീവിതമാകുന്ന ഈ പരദേശ വാസത്തിൽനിന്നു പിരിഞ്ഞുപോയ ദാസിക്കുവേണ്ടി ഞങ്ങൾ നിന്നോടു വിനയപൂർവ്വം അപേക്ഷിക്കുന്നു. ആത്മാക്കളെ ഇവിടെനിന്നു കൂട്ടിക്കൊണ്ടുപോയി സ്വർഗീയ ഭവനങ്ങളിൽ വസിപ്പിക്കുന്ന സമാധാന ദൂതൻമാർ വഴി ഈ ദാസിയുടെ ആത്മാവിനെ കൈക്കൊള്ളണമേ.

*കർത്താവേ, ദുഷ്ടാത്മാക്കളുടെ പിടിയിൽനിന്ന് ഈ ദാസിയുടെ ആത്മാവിനെ രക്ഷിച്ചുകൊള്ളണമേ. ആ എതിരാളിയുടെ ബന്ധനത്തിൽനിന്ന് അതിനെ വിടുവിക്കണ മേ. തിരുനാമഭക്തരും തിരുവിഷ്ടം ആചരിക്കുന്നവരുമായവരെ ചുറ്റിനിൽക്കുന്നതുപോലുള്ള സേനകൾ ഈ ദാസിക്കും ലഭി ക്കുമാറാകണമേ.

നിന്റെ മനുഷ്യപ്രീതിയാൽ ഈ ദാസിയുടെ പാപങ്ങൾ പരി പൂർണ്ണമായി പരിഹരിക്കണമേ; ഈ ദാസിയുടെ തെറ്റുകൾ നിന്റെ ദയയാൽ പൂർണ്ണമായി ക്ഷമിക്കുകയും ചെയ്യണമേ. ഈ ദാസിയുടെ യാത്രയ്ക്കു നിന്റെ സഹായം പരസ്യമായി അയച്ചു കൊടുക്കണമേ. കൃപാപൂർണ്ണമായ വലത്തുകൈ ഈ ദാസിക്ക് നീട്ടിക്കൊടുത്ത് രണ്ടാം മരണമാകുന്ന ചുഴിയിൽനിന്ന് ഈ ദാസിയെ ഉദ്ധരിച്ചുകൊള്ളണമേ. അദൃശ്യമായ നിന്റെ ശക്തിയാൽ ഈ ദാസിയെ സഹായിക്കണമേ. പിശാചുക്കളുടെ ഭയങ്കരമായ ഒളിവിടങ്ങളിൽനിന്ന് ഈ ദാസിയെ രക്ഷിച്ചുകൊള്ളണമേ. ഈ ദാസിയുടെ പ്രമാണലംഘനങ്ങൾക്കു തക്കതുപോലെ ഈ ദാസിയെ നീ വിധിക്കരുതേ; തിരുസന്നിധിയിൽ എല്ലാവരും കുറ്റക്കാരാണല്ലോ.

www.malankaralibrary.com

കർത്താവേ, ഞങ്ങളുടെ സ്വഭാവത്തിന്റെ ദൗർബല്യം നീ തൃക്കൺപാർക്കണമേ. ഞങ്ങളുടെമേൽ ഉച്ചരിക്കപ്പെട്ട നിന്റെ വിശുദ്ധ നാമവും നിന്റെ മഹാകരുണയും ഞങ്ങളിലും ഈ ദാസിയിലും ഓർക്കണമേ. ഞങ്ങളുടെ വർഗത്തിന്റെ രക്ഷയ്ക്കു വേണ്ടിയുണ്ടായ നിന്റെ ഏകപുത്രന്റെ കഷ്ടാനുഭവങ്ങൾ നിന്നോടപേക്ഷിക്കുമാറാകണമേ. നിന്റെ കൃപയും കരുണയും ഈ ദാസിയുടെമേൽ ഉദിക്കുമാറാകണമേ. ഈ ദാസി വിശ്വസിച്ച ജയമുള്ള സ്ലീബാ, ഈ ദാസിയെ വിശുദ്ധന്മാരുടെ സമൂഹത്തിൽ വസിപ്പിക്കുന്ന പ്രകാശസ്തംഭമായിത്തീരണമേ.

*തിരുനാമഭക്തർക്കുള്ള അനുഗൃഹീത ഭവനങ്ങളിൽ വന്നു ചേരുന്നതുവരെയും നിന്റെ ദാസിക്കു നീ അനുയായിയും കാവൽക്കാരനുമായിത്തീരണമേ. അവിടെ ആദ്യന്തമില്ലാത്ത നിന്റെ മഹത്ത്വത്തിൽ ഈ ദാസി ആനന്ദിക്കുമാറാകണമേ. അബ്രഹാമിന്റെ മടിയിൽ വിശ്രമിച്ചുകൊണ്ട് എല്ലാ ദു:ഖങ്ങളും ക്ലേശങ്ങളും കഷ്ടതകളും ഈ ദാസി വിസ്മരിക്കുമാറാകണമേ.

നിർമ്മലവും സന്തോഷപ്രദവും പാപരഹിതവുമായ ജീവിതം നയിച്ച് അന്ധകാരസേനകൾക്ക് വിധേയമാകാത്തതും സമാധാനപരവുമായ നിര്യാണം പ്രാപിക്കുവാൻ നിന്റെ ആരാധകരായ ഞങ്ങളേവരെയും യോഗ്യരാക്കണമേ. കരുണാപൂർവ്വം ഞങ്ങളെ കടാക്ഷിച്ചു വിലപിച്ചിരിക്കുന്നവരെ ആശ്വസിപ്പിക്കുകയും ദു:ഖിതർക്ക് മനോധൈര്യം കൊടുക്കുകയും ചെയ്യണമേ. എന്തെന്നാൽ, നിന്നെ സ്തുതിക്കുന്ന ഏവർക്കും ഏതു സ്ഥാനത്തും അവനവന്റെ ആവശ്യാനുസരണം നീ ശരണവും പ്രത്യാശയും ആകുന്നുവല്ലോ.

കർത്താവേ, നിന്റെ അഭിഷിക്തനിലുള്ള പ്രത്യാശയിൽ ഞങ്ങൾക്കുമുമ്പായി നിന്റെ അടുക്കലേക്കു യാത്രയായവരും, ശ്രേഷ്ഠവും മഹനീയവുമായ അവന്റെ പ്രത്യക്ഷതയെ പ്രതീക്ഷിക്കുന്നവരുമായ ഞങ്ങളുടെ എല്ലാ മാതാപിതാക്കന്മാർക്കും, സഹോദരങ്ങൾക്കും, ഗുരുക്കന്മാർക്കും വിശുദ്ധരോടുകൂടെയുള്ള ആശ്വാസം നൽകണമേ. കർത്താവേ, മുൻകൂട്ടി നിദ്രപ്രാപിച്ചവരെയും ഇവിടെ അവശേഷിക്കുന്നവരായ

www.malankaralibrary.com

ഞങ്ങളെയും ആദ്യന്തമില്ലാത്ത നിന്റെ രാജ്യത്തിൽ നിന്നെയും നിന്റെ ഏകജാതനെയും പരിശുദ്ധ റൂഹായെയും സ്തുതിച്ചു പുകഴ്ത്തുവാൻ യോഗ്യരാക്കണമേ.

ജനം : ആമ്മീൻ.

കാർമി : ദൈവത്തിൽനിന്ന്...

## * മാനീസോ

(സെഹിയോൻ കോട്ടയിൽ... എന്ന രീതി)

നാഥാ വേഗം വന്നിടുക
നിന്നുടെ ദയയെൻ മുമ്പാകെ
ജീവന്നന്ത്യമടുക്കുമ്പോൾ
എന്നാത്മാവിൻ ചെയ്തികളും
പ്രതിഫലമതു നേടീടുമ്പോൾ
എൻ നേട്ടങ്ങൾ തുണയേകാ
പൊന്നിന്നേതും വിലയില്ല
യേശു നീയെൻ ദേവേശൻ
ന്യായാസനമതിലുപവിഷ്ഠൻ
പുണ്യം നേടീട്ടില്ലെങ്കിൽ
ധനമുതകില്ലാ ധനവാന്
ശുദ്ധതയില്ലെങ്കിൽ പാവ-
പ്പെട്ടവനും തുണ കിട്ടീടാ
ഉത്തമനേ! മനുജ പ്രിയനേ !
അവിടെന്മേൽ കൃപ ചെയ്യണമെ-
ന്നേവം ഞാനർത്ഥിക്കുന്നു.

അല്ലെങ്കിൽ

കർത്താവേ, നിന്റെ കരുണ എന്നെ അഭിമുഖീകരിക്കട്ടെ. എന്റെ ജീവാവസാനം അടുക്കുകയും എന്റെ ആത്മാവ് ചെയ്ത സകലത്തെക്കുറിച്ചും കണക്കു ബോധിപ്പിക്കേണ്ട സമയം സമാഗതമാവുകയും ചെയ്യുമ്പോൾ എന്നെ സഹായിക്കുവാൻ ഉതകുന്ന സമ്പാദ്യങ്ങൾ ഏവയാകുന്നു!

യേശുതമ്പുരാന്റെ ന്യായാസനത്തിങ്കൽ സ്വർണ്ണം നിസ്സാരമായി പരിഗണിക്കപ്പെടുന്നു. സൽപ്രവൃത്തികൾ ഇല്ലെങ്കിൽ ധനവാനെ അവന്റെ സമ്പൽസമൃദ്ധി സഹായിക്കു

www.malankaralibrary.com

കയില്ല. ദരിദ്രന്റെ വിചാരങ്ങൾ ശുദ്ധമല്ലെങ്കിൽ അവന്റെ ദാരിദ്ര്യം അവനെയും സഹായിക്കുകയില്ല.

മനുഷ്യസ്നേഹമുള്ളവനേ, നിന്നോട് ഞാൻ അപേക്ഷിക്കുന്നു: ഇഹത്തിലും പരത്തിലും എന്നോടു കരുണ കാട്ടണമേ.

## കോലോ

(ഉഷകാലേ ധന്യൻ മൂശ... എന്ന രീതി)

മിശിഹാ രാജാവേ, മൃത്യു
കഷ്ടത, വ്യഥയില്ലാത്തോരാ-
ശാശ്വത ജീവാസ്ഥാനത്തിൽ
സകല വിശുദ്ധന്മാരൊപ്പം
ദാസിയിവൾ തന്നാത്മാവി-
ന്നാശ്വാസം ശാന്തിയൊടേക. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

നാം ദൈവസുതന്മാരാവാൻ
ആയുഷ്കാലത്തിൽ ചൊല്ലി-
ത്തന്നാ താതരെയോർക്കേണം
നയവാന്മാർ പുണ്യപ്പെട്ടോ-
രൊന്നിച്ചേകുമവർക്കാ-ശ്വാ-
സം സ്വർഗ്ഗേ പുത്രൻ ദൈവം.

അല്ലെങ്കിൽ

മിശിഹാരാജാവേ, മരണമോ കഷ്ടതയോ ഇല്ലാതെ, നിത്യ ജീവൻ വാഴുന്ന സ്ഥലത്ത് സകല വിശുദ്ധന്മാരോടുംകൂടെ നിന്റെ ദാസിയുടെ ആത്മാവിനെ സമാധാനപൂർവ്വം ആശ്വസി പ്പിക്കണമേ. ബാറെക്മോർ.

കാർമി : പിതാവിനും...

ജനം : ആദിമുതൽ...

www.malankaralibrary.com

നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ തങ്ങളുടെ ജീവിതകാലത്തു നമ്മെ പഠിപ്പിച്ച പിതാക്കന്മാരെ നമുക്കോർമ്മിക്കാം. സ്വർഗ്ഗരാജ്യത്തിൽ നീതിമാൻമാരോടും പുണ്യവാൻമാരോടും കൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കട്ടെ. മൊറിയൊ റാഹേം...

## എത്രോ

കാരുണ്യവാനായ ദൈവമേ, നിന്നിൽ ഞങ്ങൾ ശരണം പ്രാപിച്ചുകൊണ്ട് ഈ സുഗന്ധ ധൂപം നിനക്കു സമർപ്പിക്കുന്നു. നിന്റെ കല്പനപ്രകാരം ഇഹലോകവാസം വെടിഞ്ഞ ഈ ആത്മാവിനുവേണ്ടി നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഈ ദാസി പിശാചുക്കളുടെ ബലമേറിയ പിടിയിൽനിന്നും, അദൃശ്യരും വായുമണ്ഡലവാസികളുമായ വഞ്ചകരുടെ കൂട്ടത്തിൽനിന്നും രക്ഷിക്കപ്പെടുമാറാകണമേ. എന്നേക്കും ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, ഞങ്ങളോടുള്ള നിന്റെ ബഹുലമായ കരുണയാൽ ഈ ആത്മാവ് നിന്റെ വിശുദ്ധരുടെ നിവാസസ്ഥലങ്ങളിലും ജീവനുള്ളവരുടെ പട്ടണങ്ങളിലും വന്നു ചേരുമാറാകണമേ. ആമ്മീൻ

## * മദ്റോശോ

(ഓ, ഉമറൊദുസബിനൊ... എന്ന രീതി)

നാ–ഥാ! മൃതയാ–മി
ദാസിയ്ക്കാ–ശ്വാസം നൽക.
പോ–വുക സഹജേ!
ഭൂവാസം–നിരസിച്ചോ–ളേ!
ആ രാജകുമാ–രൻ
പാർപ്പിക്കും മണിയറ ത–ന്നിൽ
നീ–വീട്ടാരെയും, സുതരെയും വേർപെട്ടെ–ങ്കിൽ
വാ–നവരുടെ നാട്ടിൽ, നിന്നെയവൻ നിവസിപ്പിക്കും.

കൂ–ട്ടായ് നിൻ സ്ലീ–ബാ
ഭീകരമാം കടവതിലാ–ർന്നു.
പാ–ഴിരുളിൻസേനാ
നിവഹത്തെ പായിക്ക–ട്ടെ;
സ്ലീബാത്താക്കോലാൽ, പറുദീസിൻ വാതിലിലേ–റീ
ട്ടാ–നന്ദത്താൽ–ഞാൻ, നിൻ കൃപയെ വാ–ഴ്ത്തീടട്ടെ.

www.malankaralibrary.com


അല്ലെങ്കിൽ

എന്റെ കർത്താവേ, നിന്നിലുള്ള പ്രത്യാശയോടുകൂടെ നിദ്ര പ്രാപിച്ച ഈ ദാസിയുടെ ആത്മാവിന് ആശ്വാസം കൊടുക്കണമേ.

ഈ ലോകജീവിതത്തിൽനിന്നു വേർപിരിഞ്ഞ ഞങ്ങളുടെ സഹോദരീ, പൊയ്ക്കൊള്ളുക. നിന്നെ കൂട്ടിക്കൊണ്ടുപോയ രാജപുത്രൻ സന്തോഷഹർമ്യങ്ങളിലേക്കു നിന്നെ നയിക്കും. മക്കളിൽനിന്നും, ചാർച്ചക്കാരിൽനിന്നും, കുടുംബക്കാരിൽനിന്നും വേർപിരിഞ്ഞ നിന്നെ മാലാഖമാരുടെ വൃന്ദങ്ങളോടുകൂടെ അവൻ മോക്ഷത്തിൽ ചേർക്കും.

ഭയങ്കരമായ കടവിൽ നിന്റെ സ്ലീബാ എന്നോടുകൂടെ പ്രയാണം ചെയ്ത് അന്ധകാരസൈന്യങ്ങളെ എന്റെ മുമ്പിൽ നിന്ന് ഓടിക്കുകയും, ഞാൻ ആനന്ദത്തോടെ പ്രവേശിച്ച് നിന്റെ ആർദ്രകരുണയെ സ്തോത്രം ചെയ്യത്തക്കവണ്ണം അതു പറുദീസായുടെ വാതിൽ തുറക്കുവാനുള്ള താക്കോൽ ആയിരിക്കുകയും ചെയ്യട്ടെ.

## വിലാപയാത്രാ ഗീതം



(യൗമോക് ലോക് ദ്മോ... എന്ന രീതി)

മനസ്സാലേ മരണം രുചിച്ചോൻ മൃതരിൽ
ആയുസ്സിൻ ശരണം വിതച്ചോൻ ധന്യൻ.

(ഈരണ്ടു പാദങ്ങൾ കഴിയുമ്പോൾ എല്ലാവരും ചൊല്ലുന്നു.)

ഹാലേലുയ് ഹാലേലുയ്യാ, ആലോഹോ
കുറിയേലായിസ്സോൻ.

സീനായ് മേലവരോഹം ചെയ്തീശൻ
ഉത്ഥാന രഹസ്യം മോശയ്ക്കരുളി.

സ്വർഗീയോർശ്ലേമിൽ ആസ്ഥാന സവിധേ
സൽസ്മൃതിയേകട്ടെ ദാസിക്കീശൻ.

www.malankaralibrary.com

നിൻ ദാസി നാഥാ തിരുസന്നിധിയിൽ
ചെയ്ത പിഴയ്ക്കെല്ലാം ക്ഷമ നൽകേണം.

ഭീകരമാം തീയും വിധിയും നീക്കി
തവ മെയ്യാൽ രുധിരാൽ രക്ഷിക്കിവളെ.

നിന്നിലുറങ്ങിടുമീ ദാസി നാഥാ
പ്രാപിച്ചാനഭയം നിൻ സ്ലീബായെ.

അതിനാലേ നരകം കഠിനം വിധിയും
അതിയാം വേദനയും ഒഴിവാക്കണമേ.

നിന്നെ ഏറ്റോനാം മൃതദാസിയെ നീ
ഏറ്റു പറഞ്ഞാലും വാഗ്ദാനംപോൽ

നിൻ നാമം തള്ളാഞ്ഞതിനാലിവളെ
നരകത്തിൽനിന്നും കാത്തീടണമേ.

ദ്രുതഗതിയായ് മരണം എന്നെ പുൽകി
നിങ്ങൾ സവിധേ നിന്നെന്നെ നീക്കി.

പ്രാർത്ഥനയിൽ സതതം എന്നെ ഓർപ്പിൻ
എന്നെ മറന്നീടാൻ ഇടയാകരുതേ.

മൃതിയാൽ നിൻ ദാസി-വേർപെട്ടതിനാൽ
രക്ഷകനേ ഞങ്ങൾ വ്യഥയിൽ മുഴുകി.

പരിശുദ്ധൻമാരൊത്തിവളെ ഏദൻ
പറുദീസിൽ പന്തിക്കേറ്റീടേണം.

സന്തോഷാസ്ഥാനം പ്രഭതന്നറയിൽ
സിദ്ധരുമായ് പാർക്കാനിടയാക്കണമേ.

ഉത്ഥാനം പുതു ജീവനുമാം നിന്നെ
അവരൊടു ചേർന്നിവളും വാഴ്ത്തീടട്ടെ.

www.malankaralibrary.com

വേറൊന്ന്

കരുണ നിറഞ്ഞവനേ, പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ.

നിന്നിൽ ശരണത്താൽ നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും മൃതരിൽ കനിയണമേ.

അവരബറാഹത്തിന്റെയുമിസ്സഹാക്കുടെയും
യാക്കോബിന്നുടെയും മടിയിൽ പാർക്കണമേ.

വന്നവനും വരുവോനും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാത്മാക്കൾ പാടണമേ.

## ദൈവാലയത്തിൽ

വിലാപയാത്രയുടെ അവസാനം മൃതശരീരം ദൈവാലയ മദ്ധ്യത്തിൽ വയ്ക്കുന്നു.

## സൂമോറോ

ആദാം നിജമക്കൾക്കേകിയ കാസാ-
ആ മൃതി പാനീയത്തിനു കയ്പേറും
പാനം ചെയ്വാനാദാമി-
ന്നാത്മജർ മുറയായ് കൈമാറി.

അല്ലെങ്കിൽ

ആദാം അവന്റെ മക്കൾക്കെല്ലാവർക്കുമായി തയ്യാറാക്കിയ മരണത്തിന്റെ കാസാ എത്ര കയ്പുള്ളതാകുന്നു. ആദാമും അവന്റെ മക്കളും അതു കുടിക്കുവാനായി ഓരോരുത്തരിലേക്കു കൈമാറി.

## വായനകൾ

ജ്ഞാനം 2:1-5

അവർ മിഥ്യാസങ്കല്പത്തിൽ മുഴുകി: ജീവിതം ഹ്രസ്വവും ദു:ഖകരവുമാണ്. മരണത്തിനു പ്രതിവിധിയില്ല. പാതാളത്തിൽനിന്ന് ആരും മടങ്ങിവന്നതായി അറിവില്ല. നമ്മുടെ ജനനം യാദൃശ്ചികമാണ്, ഒരിക്കലും ഉണ്ടായിരുന്നില്ല എന്ന വിധം നാം മറഞ്ഞുപോകും. നാസികയിലെ ശ്വാസം പുകയാണ്, ഹൃദയസ്പന്ദനംകൊണ്ടു ജ്വലിക്കുന്ന തീപ്പൊരിയാണ് ചിന്ത. അതു

www.malankaralibrary.com

കെട്ടുകഴിഞ്ഞാൽ ശരീരം ചാരമായി, ആത്മാവ് ശൂന്യമായ വായു പോലെ അലിഞ്ഞില്ലാതാകും. ക്രമേണ നമ്മുടെ നാമം വിസ്മൃതമാകും. നമ്മുടെ പ്രവൃത്തികൾ ആരും ഓർമ്മിക്കുകയില്ല. ജീവിതം മേഘശകലംപോലെ മാഞ്ഞുപോകും. സൂര്യകിരണങ്ങളേറ്റു ചിതറുന്ന, വെയിലേറ്റില്ലാതാകുന്ന, മൂടൽമഞ്ഞുപോലെ അതു നശിക്കും. നമുക്കു നിശ്ചയിച്ചിരിക്കുന്ന കാലം നിഴൽ പോലെ കടന്നുപോകുന്നു. മരണത്തിൽനിന്നു തിരിച്ചുവരവില്ല, അതു മുദ്രയിട്ടുറപ്പിച്ചിരിക്കുകയാണ്. ആരും തിരിച്ചുവരികയില്ല. ബാറെക്മോർ.

അപ്പ. 9: 36-41

യോപ്പായിൽ തബിത്താ എന്നു പേരായ ഒരു ശിഷ്യയുണ്ടായിരുന്നു. ആ പേരിന് മാൻപേട എന്നാണ് അർത്ഥം. സൽകൃത്യങ്ങളിലും ദാനധർമ്മങ്ങളിലും അവൾ സമ്പന്നയായിരുന്നു.  ആയിടെ അവൾ രോഗം പിടിപെട്ടു മരിച്ചു. അവർ അവളെ കുളിപ്പിച്ച് മുകളിലത്തെ നിലയിൽ കിടത്തി. ലിദാ യോപ്പായുടെ സമീപത്താണ്. പത്രോസ് അവിടെ ഉണ്ടെന്നറിഞ്ഞ്, ശിഷ്യന്മാർ രണ്ടുപേരെ അയച്ച്, താമസിയാതെ തങ്ങളുടെ അടുത്തേക്കു വരണമെന്ന് അഭ്യർത്ഥിച്ചു. പത്രോസ് ഉടനെ അവരോടൊപ്പം പുറപ്പെട്ടു. സ്ഥലത്തെത്തിയപ്പോൾ അവനെ മുകളിലത്തെ നിലയിലേക്ക് അവർ കൂട്ടിക്കൊണ്ടുപോയി. വിധവകളെല്ലാവരും വിലപിച്ചുകൊണ്ട് അവന്റെ ചുറ്റും നിന്നു. അവൾ ജീവിച്ചിരുന്നപ്പോൾ നിർമ്മിച്ച വസ്ത്രങ്ങളും മേലങ്കികളും അവർ അവനെ കാണിച്ചു.  പത്രോസ് എല്ലാവരെയും പുറത്താക്കിയതിനുശേഷം മുട്ടുകുത്തി പ്രാർത്ഥിച്ചു. പിന്നീടു മൃതശരീരത്തിനു നേരെതിരിഞ്ഞ് പറഞ്ഞു: തബിത്താ എഴുന്നേൽക്കൂ. അവൾ കണ്ണു തുറന്നു. പത്രോസിനെ കണ്ടപ്പോൾ അവൾ എഴുന്നേറ്റിരുന്നു. അവൻ അവളെ കൈയ്ക്ക് പിടിച്ച് ഏൽപ്പിച്ചു. പിന്നീട്, വിശുദ്ധരെയും വിധവകളെയും വിളിച്ച് അവളെ ജീവിക്കുന്നവളായി അവരെ ഏല്പിച്ചു.  ബാറെക്മോർ.

1 തെസ്സ. 4 : 13-18

സഹോദരരേ, പ്രത്യാശയില്ലാത്ത മറ്റുള്ളവർ ചെയ്യുന്നതുപോലെ നിങ്ങൾ ദു:ഖിക്കാതിരിക്കാൻ, നിദ്രപ്രാപിച്ചവരെപ്പറ്റി

www.malankaralibrary.com

നിങ്ങൾക്കറിവുണ്ടായിരിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മരിക്കുകയും വീണ്ടും ഉയിർക്കുകയും ചെയ്തുവെന്നു നാം വിശ്വസിക്കുന്നതുപോലെ യേശുവിൽ നിദ്രപ്രാപിച്ചവരെ ദൈവം അവനോടുകൂടെ ഉയിർപ്പിക്കും. കർത്താവിന്റെ പ്രത്യാഗമനംവരെ നമ്മിൽ ജീവനോടെ ഇരിക്കുന്നവർ നിദ്ര പ്രാപിച്ചവർക്കു മുന്നിലായിരിക്കുകയില്ലെന്നു കർത്താവിന്റെ വച നത്തെ ആധാരമാക്കി ഞങ്ങൾ പറയുന്നു. എന്തെന്നാൽ, അധി കാരപൂർണ്ണമായ ആജ്ഞാവചനം കേൾക്കുകയും പ്രധാന ദൂതന്റെ ശബ്ദം ഉയരുകയും ദൈവത്തിന്റെ കാഹളധ്വനി മുഴ ങ്ങുകയും ചെയ്യുമ്പോൾ കർത്താവ് സ്വർഗത്തിൽനിന്ന് ഇറങ്ങി വരികയും ക്രിസ്തുവിൽ മരണമടഞ്ഞവർ ആദ്യം ഉയിർത്തെഴു ന്നേല്ക്കുകയും ചെയ്യും. അപ്പോൾ ജീവിച്ചിരിക്കുന്നവരായി നമ്മിൽ അവശേഷിക്കുന്നവർ ആകാശത്തിൽ കർത്താവിനെ എതിരേൽക്കുവാനായി അവരോടൊപ്പം മേഘങ്ങളിൽ സംവ ഹിക്കപ്പെടും. അങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കുകയും ചെയ്യും. അതിനാൽ, ഈ വാക്കുകളാൽ നിങ്ങൾ പരസ്പരം ആശ്വസിപ്പിക്കുവിൻ. ബാറെക്മോർ.

## ഹുലോലോ

ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ
നിൻ മുഖശോഭ ഇവളിലുദിപ്പിക്കേണം
കാരുണ്യാധിക്യാൽ രക്ഷയുമേകണമേ. ഹാലേ...

## സുവിശേഷം

മത്താ. 25 : 1-13

സ്വർഗ്ഗരാജ്യം വിളക്കുമെടുത്ത് മണവാളനെ എതിരേല്ക്കുവാൻ പുറപ്പെട്ട പത്തു കന്യകമാർക്കു സദൃശ്യം. അവരിൽ അഞ്ചുപേർ വിവേകശൂന്യരും അഞ്ചുപേർ വിവേകവതികളുമായിരുന്നു. വിവേ കശൂന്യകൾ വിളക്കെടുത്തപ്പോൾ എണ്ണ കരുതിയില്ല. വിവേകവ തികളാവട്ടെ വിളക്കുകളോടൊപ്പം പാത്രങ്ങളിൽ എണ്ണയും എടു ത്തിരുന്നു. മണവാളൻ വരാൻ വൈകി. ഉറക്കം വരികയാൽ കന്യ കമാർ കിടന്നുറങ്ങി. അർദ്ധരാത്രിയിൽ, ഇതാ, മണവാളൻ വരുന്നു! പുറത്തുവന്ന് അവനെ എതിരേൽക്കുവിൻ എന്ന് ആർപ്പു വിളിയുണ്ടായി. ആ കന്യകമാരെല്ലാം ഉണർന്നു വിളക്കുകൾ

www.malankaralibrary.com

തെളിച്ചു. വിവേകശൂന്യകൾ വിവേകവതികളോടു പറഞ്ഞു: ഞങ്ങളുടെ വിളക്കുകൾ അണഞ്ഞുപോകുന്നതിനാൽ നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങൾക്കു തരുക. വിവേകവതികൾ മറുപടി പറഞ്ഞു: ഞങ്ങൾക്കും നിങ്ങൾക്കും മതിയാകാതെ വരുമെന്നതിനാൽ നിങ്ങൾ വിൽപ്പനക്കാരുടെ അടുത്തുപോയി വാങ്ങിക്കൊള്ളുവിൻ. അവർ വാങ്ങാൻ പോയപ്പോൾ മണവാളൻ വന്നു. ഒരുങ്ങിയിരുന്നവർ അവനോടൊത്തു വിവാഹവിരുന്നിന് അകത്തു പ്രവേശിച്ചു: വാതിൽ അടയ്ക്കപ്പെടുകയും ചെയ്തു. പിന്നീട് മറ്റു കന്യകമാർ വന്ന്, കർത്താവേ, കർത്താവേ, ഞങ്ങൾക്കു തുറന്നു തരണമേ എന്ന് അപേക്ഷിച്ചു. അവൻ പ്രതിവചിച്ചു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ഞാൻ നിങ്ങളെ അറിയുകയില്ല. അതുകൊണ്ട് ജാഗരൂകരായിരിക്കുവിൻ. ആ ദിവസമോ മണിക്കൂറോ നിങ്ങൾ അറിയുന്നില്ല.

## ലുത്തിനിയ

നാമെല്ലാവരും ഭംഗിയായിനിന്ന് സങ്കടപൂർവ്വം ദൈവത്തിനു പ്രീതികരമായ ശബ്ദത്തിൽ 'കർത്താവേ, ഞങ്ങളോട് കരുണ ചെയ്യണമേ' എന്നർത്ഥമുള്ള കുറിയേലായിസ്സോൻ എന്നു ചൊല്ലണം.

ജനം : കുറിയേലായിസ്സോൻ.

മരണമുള്ള ഞങ്ങളുടെ വർഗ്ഗത്തിന്റെ യഥാർത്ഥ ജീവനായ മിശിഹാതമ്പുരാനേ, ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു

ജനം : കുറിയേലായിസ്സോൻ.

സത്യവിശ്വാസത്തോടുകൂടെ നിദ്ര പ്രാപിച്ചവരും നിന്റെ കരുണ ആഗ്രഹിക്കുന്നവരുമായ എല്ലാവർക്കും നിന്നിൽനിന്ന് പാപമോചനവും കരുണയും ലഭിക്കുവാൻവേണ്ടി ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.

ജനം : കുറിയേലായിസ്സോൻ.

നാം ശബ്ദമുയർത്തി മൂന്നുപ്രാവശ്യം കുറിയേലായിസ്സോൻ എന്നു ചൊല്ലണം.

ജനം : കുറിയേലായിസ്സോൻ, കുറി... കുറി....

www.malankaralibrary.com

(മൃതശരീരം സെമിത്തേരിയിലേക്കു കൊണ്ടുപോകുന്നു)

*** മദ്‌റോശോ**

(നഹാത്തിവ് നൂഹോമ്മോ... എന്ന രീതി)

നിൻ ശരണേ മൃതയാം
ദാസിക്കുത്ഥാനം
നവ്യതയേകട്ടെ.

കണ്ണുകളിൽ ബാഷ്പം-ശ്രവണേ ദുസ്വനവും
നാവിൽ പ്രലപനവും-ഹൃദിവ്യഥയും നാഥാ നൽകണമാശ്വാസം.

വീടതിലനുസ്യൂതം-വ്യാപരിച്ചോളിവളെ
കബറതിലേക്കന്യർ-പേറുന്നു നാഥാ-നൽകണമാശ്വാസം.

ഹവ്വാ കനി തിന്നി-ട്ടുണ്ടായൊരു കുറ്റം
മനുജകുലത്തിന്മേൽ-മരണമതുളവാക്കി; നൽകണമാശ്വാസം.

ജീവിപ്പോർ മദ്ധ്യേ-ഗൃഹഭൂഷണമായോൾ
മൃതരൊപ്പം കബറാ-ർന്നോളെയുത്ഥാനം-ഭൂഷിതയാക്കട്ടെ.

അല്ലെങ്കിൽ

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്ന മിശിഹാതമ്പുരാനേ, നിന്നിലുള്ള പ്രത്യാശയിൽ നിദ്രപ്രാപിച്ച ഈ ദാസിയെ നിന്റെ പുനരുത്ഥാനം നവീകരിക്കുകയും, ഈ ദാസി നിന്നോടൊപ്പം സ്വർഗത്തിൽ ആനന്ദിക്കുകയും ചെയ്യണമേ. കർത്താവേ, ദു:ഖവും അരിഷ്ടതയും ഹൃദയവേദനയും അനുഭവിക്കുന്ന ഞങ്ങളെ ആശ്വസിപ്പിക്കണമേ.

സ്വഭവനത്തിൽ വിശ്രമമില്ലാതെ വ്യാപരിച്ച ഈ ദാസിയെ ഇതാ! മറ്റുള്ളവർ ശവക്കുഴിയിലേക്കു കൊണ്ടുപോകുന്നു. നിന്റെ ആനന്ദം ഈ ദാസിയെ ആശ്വസിപ്പിക്കണമേ.

ഹവ്വാ ഭക്ഷിച്ച ഫലംമൂലം അവൾ കുറ്റക്കാരിയായിത്തീരുകയും അവളുടെ വർഗത്തിലേക്ക് കഠിനതരമായ മരണം കടന്നുചെല്ലുകയും ചെയ്തു. കർത്താവേ, നീ ഞങ്ങളെ ആശ്വസിപ്പിക്കണമേ.

www.malankaralibrary.com

ഈ ദാസി ജീവനുള്ളവരുടെ കൂട്ടത്തിൽ എണ്ണപ്പെട്ടവളും ഇവളുടെ വാസസ്ഥലം അലങ്കരിക്കപ്പെട്ടതുമാകുന്നു. കണ്ടാലും മരണം മൃതരോടുകൂടെ കബറിൽ ഈ ദാസിയെ ചേർത്തിരിക്കുന്നു. ഉയിർപ്പ് ഈ ദാസിയെ അലങ്കരിക്കുമാറാകണമേ.

## കോലോ

(ഉഷകാലേ ധന്യൻ മൂശ... എന്ന രീതി)

പ്രാർത്ഥിക്കൂ പ്രിയരേ, എൻ-പേ-
ർക്കെന്നാളും എന്നെ ഓ-ർപ്പിൻ
    മൃതിയാൽ ഞാൻ വേർ-പെട്ടല്ലോ-ഹാ
    പാപത്തെയോർത്തഴലേറു-ന്നു
പ്രാർത്ഥനയാൽ ഞാൻ നേടീ-ടും
കൂരിരുളിൽ നൽ സംര-ക്ഷ, ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

പുണ്യം ചെയ്തവളാം ദാ-സി
സ്വസ്തിയണയ്ക്കാൻ വന്നീ-ടും
    ഈറേന്മാർ പറുദീസായിൽ
    നിർമ്മലമാം നിൻ ആത്മാവേ,
നാകേ പൂകിക്കും നീയും
മോദിക്കും ധാർമ്മികരൊ-പ്പം. മൊറിയൊ റാഹേം...

അല്ലെങ്കിൽ

പ്രിയപ്പെട്ടവരേ, നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും എല്ലായ്പോഴും എന്നെ ഓർമ്മിക്കുകയും ചെയ്യുവിൻ. മരണം ജീവിച്ചിരിക്കുന്നവരിൽനിന്ന് എന്നെ വേർപെടുത്തി, എന്റെ അകൃത്യങ്ങൾ നിമിത്തം ഞാൻ വളരെ ഭയപ്പെടുന്നു. നിങ്ങളുടെ പ്രാർത്ഥനയാൽ ഞാൻ വിരുന്നുശാലയുടെ പുറത്തെ അന്ധകാരത്തിൽനിന്നു രക്ഷപ്പെടുവാൻ ഇടയാകട്ടെ. ബാറെക്മോർ.

കാർമി : പിതാവിനും...

ജനം : ആദിമുതൽ...

www.malankaralibrary.com

നന്നായി അദ്ധ്വാനിച്ച ദാസീ, ഈറേമാലാഖമാർ നിനക്കു സ്വാഗതമരുളുവാൻ വരികയും നിന്റെ നിർമ്മലമായ ആത്മാവിനെ സ്വീകരിച്ച് പറുദീസായിൽ പ്രവേശിക്കുകയും ചെയ്യും. നീതിമാൻമാരോടും പുണ്യവാൻമാരോടും കൂടെ സ്വർഗ്ഗ രാജ്യത്തിൽ നീ സന്തോഷിക്കും. മൊറിയൊ റാഹേം...

മൃതശരീരം സെമിത്തേരിയിലേക്ക് കൊണ്ടുപോകുമ്പോൾ

## യാത്രപറച്ചിൽ ഗീതം

(ബ്രംശൊല ബൈത്തോക്ക്... എന്ന രീതി)

വത്സലരേ, ദൂരത്തെന്തിനു നിൽക്കുന്നു
അരികിൽ വരിൻ, ശ്ലോമ്മോ തരുവിൻ. പ്രാർത്ഥിച്ചിടുവിൻ
സങ്കടകീർത്തനമെൻപേർക്കായ് പാടിടുവിൻ
മൃതി പാതാളകവാടത്തിൽ ബന്ധിച്ചെന്നെ.

മരണത്തിൻ ദൂതൻ പിറകെ വന്നപ്പോൾ
ചുറ്റും പാർത്തേൻ തുണ ചെയ്വാൻ വന്നില്ലാരും
വിളി കൂട്ടുന്നോർക്കായ് വെളിവാകും-നാഥാ
നിൻ ദൈവികമാം വലഭാഗേ നിർത്തണമെന്നെ.

മൽപ്രിയരേ, സാക്ഷാൽ ഭയമുൾക്കൊള്ളുന്നേൻ
അതിഭയപീഡകളെൻ ചിത്തമിളക്കീടുന്നു.
ജഗതീ രക്ഷകനാം മിശിഹാ നൃപനെൻപേർ-
ക്കാൾ വിട്ടതിനാൽ വേഗം ഞാൻ പോയീടുന്നു.

ഭുവനമേ, വാസികളേ, സശുഭം വാണിടുവിൻ
ലോകമയൻമാർക്കില്ല ഗുണം കാലംമൂലം
പോകുന്നേൻ നൽകാനെന്റെ കണക്കെല്ലാം
സർവ്വരഹസ്യവിധീശൻ തൻ തിരുസന്നിധിയിൽ.

വൈരൂപ്യം സുമുഖർക്കേകും മൃതിയേ! നീ
സ്നേഹിതനൊത്തു ലസിക്കുന്നവനേകും കദനം
വന്നിനി നിൻ ഭരണം നീക്കി ദു:ഖിതരെ
സ്വപ്രഭയാൽ മോദിപ്പിക്കും നാഥൻ ധന്യൻ.

www.malankaralibrary.com

പാഴൂഴിയിലുയരും ശൂശാനാപ്പൂക്കൾ
കൈപ്പണിയല്ലാത്തൊരു വസ്ത്രം ചാർത്തീടും പോൽ
ആദം മക്കൾക്കായ് റൂഹ്ക്കുദിശാ നെയ്ത
വസ്ത്രമുയിർപ്പിൽ ചാർത്തീടും പുണ്യാത്മാക്കൾ.

അല്ലെങ്കിൽ

എന്റെ വാത്സല്യമുള്ളവരേ, നിങ്ങളെന്തിനകലെ നിൽക്കുന്നു! എന്നെ സമീപിച്ച് എനിക്കു സമാധാനം തന്ന് എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും, നെടുവീർപ്പോടുകൂടെ എന്നെക്കുറിച്ചു വിലപിക്കുകയും ചെയ്യുവിൻ. എന്തെന്നാൽ, ഇതാ ഇന്നു മരണം പാതാളത്തിന്റെ വാതുക്കൽവച്ച് എന്നെ അടിച്ചുവീഴ്ത്തിയിരിക്കുന്നു.

മരണദൂതൻ എന്റെ പിന്നാലെ വന്നപ്പോൾ ഞാൻ എല്ലാ ഭാഗത്തേക്കും സൂക്ഷിച്ചുനോക്കി; എന്റെ സഹായത്തിന് ആരെയും കണ്ടില്ല. തന്നോടപേക്ഷിക്കുന്നവർക്ക് പ്രത്യക്ഷപ്പെടുന്നവനായ കർത്താവേ, നിന്റെ ദൈവത്വത്തിന്റെ വലത്തു ഭാഗത്ത് എന്നെ നിർത്തണമേ.

എന്റെ വാത്സല്യമുള്ളവരേ, യഥാർത്ഥമായും ഞാൻ ഭയപ്പെടുന്നു. വലിയ പീഡ എന്നെ ഭയപ്പെടുത്തി, എന്റെ ബോധത്തെ ഇളക്കിമറിക്കുന്നു. എന്തെന്നാൽ, സൃഷ്ടികളുടെ രക്ഷകനായ മിശിഹാരാജൻ എന്നെ കൂട്ടിക്കൊണ്ടു ചെല്ലുവാൻ ദൂതനെ അയച്ചിരിക്കുന്നു; ഞാൻ വിഷാദത്തോടെ പോകുന്നു. ബാറെക്മോർ.

ലോകവും അതിലെ നിവാസികളുമേ, സമാധാനത്തോടെ വസിക്കുവിൻ. എന്തെന്നാൽ, താൽക്കാലിക ജീവിതം ആഗ്രഹിക്കുന്നവനു ലോകം യാതൊരു പ്രയോജനവും നൽകുന്നില്ല. ഇതാ നിന്നിൽനിന്ന് എന്നെ കൊണ്ടുപോകുന്നു. ഞാൻ പോയി സകല രഹസ്യങ്ങളുടെയും ന്യായാധിപന്റെ മുമ്പാകെ കണക്കു കൊടുക്കട്ടെ.

അല്ലയോ മരണമേ, നീ സുന്ദരന്മാരെ വിരൂപികളാക്കുന്നു; സ്നേഹിതനുമൊത്തു ഉല്ലസിക്കുന്നവനെ ദു:ഖിപ്പിക്കുന്നു. നിന്റെ അധികാരം നീക്കിക്കളഞ്ഞു നീ ദു:ഖിപ്പിച്ചവരെ പ്രകാശത്താൽ

www.malankaralibrary.com

സന്തോഷിപ്പിക്കുന്ന വരുവാനിരിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

കാനനപ്പുഷ്പങ്ങൾ അമാനുഷികകരങ്ങൾ നെയ്ത വസ്ത്രം ധരിക്കുന്നപോലെതന്നെ, ആദാമിന്റെ മക്കൾക്കായി പരിശുദ്ധാത്മാവു നെയ്തിട്ടുള്ള വസ്ത്രം ഉയിർപ്പിൽ നീതിമാന്മാർ ധരിക്കുന്നു. മൊറിയൊ റാഹേം...

## കബറിങ്കൽ

കബർ ആശീർവദിച്ചുകൊണ്ട്

ܢܬܒܪܟ ܘܢܬܩܕܫ ܩܒܪܐ ܗܢܐ܂ ܒܪܟܡܪ܀ ܒܫܡܐ
ܕܐܒܐ ✠ ܐܡܝܢ ܘܕܒܪܐ ✠ ܐܡܝܢ ܘܕܪܘܚܐ ܚܝܐ
ܘܩܕܝܫܐ ✠ ܠܥܠܡ ܥܠܡܝܢ܀ ܐܡܝܢ

**ഈ കബർ ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു (ബാറെക്മോർ). ✠ പിതാവിന്റെ നാമത്തിൽ (ആമ്മീൻ) ✠ പുത്രന്റെ നാമത്തിൽ (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ).**

മുഖം മൂടിയതിനുശേഷം മൃതശരീരത്തിൽ ഒഴിക്കാനുള്ള

തൈലം എടുത്തുകൊണ്ട് പ്രാർത്ഥിക്കുന്നു.

ദൈവമായ കർത്താവേ, നിന്റെ കല്പനപ്രകാരം ഈ താല്ക്കാലിക ജീവിതത്തിൽനിന്നു യാത്രയായ ഈ ദാസിക്ക് നിന്റെ സ്വർഗീയ സേനകളുടെ സഹായം അയച്ചുകൊടുക്കണമേ. ഈ മൃതശരീരത്തിൽ ഒഴിക്കപ്പെടുന്ന തൈലം മൂലം വായുമണ്ഡലത്തിൽ പതിയിരുന്നു മനുഷ്യാത്മാക്കളെ ആക്രമിക്കുന്ന സൈന്യങ്ങളാൽ ഈ ദാസി പിടിക്കപ്പെടാതിരിക്കട്ടെ! പ്രകാശഭവനങ്ങളിൽ വിശുദ്ധന്മാരോടുകൂടെയുള്ള ആനന്ദം ഈ ദാസിക്കു നൽകണമേ. ഈ ദാസി സന്തോഷപൂർവ്വം നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും. ആമ്മീൻ.

www.malankaralibrary.com

മുഖത്തും നെഞ്ചത്തും കാൽമുട്ടുകളിലും കുരിശാകൃതിയിൽ

തൈലം ഒഴിക്കുമ്പോൾ

**അദ്ധ്വാനങ്ങളിൽനിന്നുള്ള വിശ്രമത്തിനും പോരാട്ടങ്ങളിൽ നിന്നുള്ള വിമുക്തിക്കും വിശുദ്ധന്മാരോടുകൂടെയുള്ള സൗഭാഗ്യത്തിനും നിത്യജീവനുമായി ഈ തൈലം ഒഴിക്കപ്പെടുന്നു (ബാറെക്മോർ). ✠ പിതാവിന്റെ നാമത്തിൽ (ആമ്മീൻ) ✠പുത്രന്റെ നാമത്തിൽ (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ).**

കാർമികൻ അൽപം മണ്ണെടുത്തു കുരിശാകൃതിയിൽ

മൃതശരീരത്തിൽ ഇട്ടുകൊണ്ടു ചൊല്ലുന്നു.

**"നീ മണ്ണാകുന്നു, മണ്ണിലേക്കുതന്നെ തിരികെച്ചേരും; വീണ്ടും നീ നവീകരിക്കപ്പെടുകയും ചെയ്യും" എന്നു നീ അരുളിച്ചെയ്തപ്രകാരം കർത്താവേ, തിരുഹിതമിതാ നിറവേറിയിരിക്കുന്നു.**

മൃതശരീരം കല്ലറയിലിറക്കുന്നു

## കോലോ

(ല്കബറോ നോഹേസ് ശുൽത്തോനോ... എന്ന രീതി)

കബറിൽ പൂകിടുമതിശക്തൻ തന്നധികാരം
ചെയ്യും അത്ഭുതമാശ്ചര്യം കൂറും ദൂതൻമാർ
ചേരും ചിതറിയൊരസ്ഥികളും നേടും തേജ-
സ്സാത്മാവൊടു തനുവും നാശം കൂടാതെഴുന്നേൽക്കും.

സ്തുത്യൻ നാഥാ, നിൻ വചസ്സാൽ മാർത്താ, മേരി
ഇവർ സോദരനഴുകിയ ലാസർ കബർവിട്ടുത്ഥിതനായ്
നിന്നാഗമനേ യായീറോസ്സുത ജീവിച്ചു
മൃതരന്ത്യത്തിൽ എഴുന്നേൽക്കും നിന്നാഹ്വാനത്താൽ.

ബാറെക്മോർ.

കാർമി : ശുബ്ഹോ...

www.malankaralibrary.com

മൃതസങ്കേതേ ചെന്നോതി മൺമയനാദാ-
മോടായ് "നിയമം ലംഘിച്ചോൻ നീ ഖേദിക്കേണ്ട;
മൃതിയും ജീവനുമേകിടും ദൈവസുതൻ ഞാൻ"
ഇതിചൊന്നവനാം സ്വർഗീയൻ ശക്തൻ സംസ്തുത്യൻ.

ജനം : മെൻഓലലം...

ജ്ഞാനത്താൽ ലോകം മുഴുവൻ മരണനുക-
ത്തിന്നടിമപ്പെടുവാൻ ഇടയാക്കിയ സ്രഷ്ടാവാം ജ്ഞാനി
സ്ഥാനേ നിന്നും നീക്കുന്നു ശക്തൻമാരാം നൃപരെ
ന്യായാധിപരെയും അധികാരമതീന്നും.

പരിമള ധൂപമതാൽ മൃതരെ തവ നിണമെയ്കൾ
കൊണ്ടോരാം വിശ്വാസികളെ പാവനരാക്കണമേ,
നിൻ വലഭാഗേ നിന്നവർ തൻ പുനരുത്ഥാപകനാം
മ്ശീഹാ നിൻ സ്തുതിയവരും പാടാൻ വരമേക.

അല്ലെങ്കിൽ

മഹാശക്തന്റെ അധികാരം കുഴിയിലേക്കിറങ്ങുന്നു. അത് അവിടെ അത്ഭുതം പ്രവർത്തിക്കും. ചിതറപ്പെട്ട അസ്ഥികൾ കൂട്ടിച്ചേർക്കപ്പെട്ട് മഹത്ത്വം ധരിക്കുകയും, ആത്മാവും ശരീരവും ഒരുമിച്ച് നാശംകൂടാതെ ഉയിർക്കുകയും ചെയ്യുമ്പോൾ മാലാഖമാർ വിസ്മയിക്കും.

കർത്താവേ, നിനക്കു സ്തുതി. എന്തെന്നാൽ, മാർത്തായുടെയും മറിയാമിന്റെയും സഹോദരൻ ലാസർ അഴുകിയശേഷം നിന്റെ ശബ്ദത്താൽ ഉയിർക്കുകയും, നിന്റെ സാന്നിദ്ധ്യത്താൽ യായീറോസിന്റെ പുത്രി ഉണരുകയും ചെയ്തു. അവസാനനാളിൽ നിന്റെ വിളിയുടെ ശബ്ദത്താൽ മരിച്ചവർ ഉയിർത്തെഴുന്നേൽക്കും. ബാറെക്മോർ.

കാർമി : പിതാവിനും...

മരിച്ചവരുടെ മദ്ധ്യേ ഇറങ്ങി മൺമയനായ ആദാമിനെ സന്ദർശിച്ച് അവനോട് "എന്റെ കല്പന ലംഘിച്ചവനേ, നീ ദു:ഖിക്കേണ്ട; എന്തെന്നാൽ, മരിപ്പിക്കുകയും ജീവിപ്പിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ പുത്രൻ ഞാനാകുന്നു" എന്നു പറഞ്ഞ സ്വർഗീയന്റെ ശക്തിയായവനു സ്തുതി.

ജനം : ആദിമുതൽ...

www.malankaralibrary.com

മരണനുകത്തിൻകീഴ് ഭൂലോകത്തെ മുഴുവനും തന്റെ വിവേകത്താൽ പൂട്ടിയ ജ്ഞാനിയായ സ്രഷ്ടാവ് ഉന്നതന്മാരായ രാജാക്കന്മാരെ അവരുടെ സ്ഥാനങ്ങളിൽനിന്നും ഉഗ്രൻമാരായ ന്യായാധിപതികളെ അവരുടെ അധികാരങ്ങളിൽനിന്നും വേർപെടുത്തുന്നു.

മിശിഹാ, നിന്റെ ശരീരം ഭക്ഷിക്കുകയും നിന്റെ ജീവനുള്ള രക്തം പാനം ചെയ്യുകയും ചെയ്ത വിശ്വാസികളായ മരിച്ചവർ സൗരഭ്യധൂപത്താൽ പുണ്യപ്പെട്ട് നിന്റെ ദൈവത്ത്വത്തിന്റെ വലത്തുഭാഗത്തുനിന്ന് നിനക്കു സ്തുതി കരേറ്റുമാറാകട്ടെ. എന്തെന്നാൽ നീയവരെ ഉയിർപ്പിക്കുന്നവനാകുന്നു.

## കോലോ

(ബർ തോബോ... എന്ന രീതി)

ദൈവമേ, നിന്റെ കൃപയിൻപ്രകാരം... ഹാലേ...
സ്നേഹമൊടെത്തിയ സൽപുത്രാ-മൃതിയേറ്റോനേ!
ഞങ്ങളെ രണ്ടാം മൃതിയീന്നും-കൃപയാൽ കാക്ക.

എന്റെ അന്യായത്തിൽനിന്നു... ഹലേലുയ്യാ
ക്രിയകൾക്കൊപ്പം സകലർക്കും-ഫലമേകുമ്പോൾ
നീതിനിമിത്തം വിധിഗേഹം-ബഹു ഭീതികരം.

നിനക്കു വിരോധമായിത്തന്നെ... ഹാലേലുയ്യാ
നിന്നുടെ നീതിയെ എൻദോഷം-ലംഘിച്ചെങ്കിൽ
ഞാൻ നരകത്തീന്നൊഴിയും നിൻ-വര സമ്പത്താൽ.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു... ഹാലേലുയ്യാ
അനുതാപത്തിന്നങ്ങിടമി-ല്ലെന്നേവം ഞാൻ
കേൾപ്പതിനാലെൻ സോദരരേ-ഖേദിക്കുന്നേൻ.

നിന്റെ ആനന്ദവും സന്തോഷവും... ഹാലേലുയ്യാ
മൃതിയാൽ മൃതിയെ മൃതരീന്നും-മായിച്ചോനേ!
ഈശോ നൃപതേ! നിൻ കൃപയെ-വാഴ്ത്തും ഞങ്ങൾ.

ദൈവമേ, വെടിപ്പുള്ള ഹൃദയം... ഹാലേലുയ്യാ
ജീവനുയിർപ്പിൽ സകലർക്കും-നൽകാൻ മൃതനായ്
ജീവിപ്പോനേ, സകലേശാ-ത്മജനേ സ്തോത്രം.

www.malankaralibrary.com

എന്നാലോ, നിന്റെ ആനന്ദവും... ഹാലേലൂയ്യാ
വലിയ വെളിച്ചമുദിച്ചല്ലോ-മൃതലോകത്തിൽ
അസ്ഥികളിൻമേലാശിസ്സാം-പനിനീർ തൂകി.

എന്റെ ദൈവമേ, എന്റെ രക്ഷയുടെ ദൈവമേ... ഹാലേലൂയ്യാ.
മൃതലോകത്തിൽ സ്ലീബായെൻ-കൂട്ടാകട്ടെ
വെല്ലുമുയിർപ്പിൽ ദുഷ്ടനെ ഞാൻ-മരണത്തെയും.

എന്തെന്നാൽ ബലികളിൽ... ഹാലേലയ്യാ
മരണത്തിൻ കാറ്റടിയേറ്റെൻ-ജീവൻ മാഞ്ഞു
നിൻ സത്യാത്മാവെത്തിയെനി-യ്ക്കുണർവേകട്ടെ!

നിന്റെ ഇഷ്ടത്താൽ സെഹിയോനോട്... ഹാലേലൂയ്യാ
കബറീന്നുയിരൊടു പറുദീസിൽ-നിന്നെയേറ്റും
താതാത്മജ വിമലാത്മാവി-ന്നെന്നും സ്തോത്രം.

കുഴി മൂടിക്കഴിഞ്ഞ്

## കോലോ

(റോസ്‌ലീ റൊസ്‌ലീ... എന്ന രീതി)

കർത്താവിന്റെ ഭവനത്തിലേക്കു നാം പോകുന്നു എന്ന് അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.

നിങ്ങളിൽ നിന്നെൻ-പ്രിയരേ! പിരിയുന്നേൻ
സ്വീകൃതയാവാൻ-അർത്ഥിപ്പിൻ നിങ്ങൾ.

യേറുശലേമേ, എന്റെ പാദങ്ങൾ നിന്റെ പടിവാതുക്കൽ നിൽക്കുകയായിരുന്നു.

നീ മൃതരായോർ-ക്കുയിരേകുമ്പോഴെൻ
മിഴിവെളിവാക്ക-വിസ്മയമാർന്നീടാൻ.

കോട്ടയാൽ ചുറ്റപ്പെട്ടിരിക്കുന്ന പട്ടണംപോലെ യേറുശലേം പണിയപ്പെട്ടിരിക്കുന്നു.

ശ്ലോമോ നൽകി-ശ്ലോമോയോടു പോവിൻ
ഇനിയെന്നേക്കും-ശ്ലോമോയിതു തന്നെ.

അവിടേയ്ക്കു ഗോത്രങ്ങൾ, കർത്താവിന്റെ ഗോത്രങ്ങൾ തന്നെ. ഇസ്രായേലിന്റെ സാക്ഷ്യത്തിനായി കർത്താവിന്റെ നാമത്തെ സ്തോത്രം ചെയ്യുവാൻ കയറിച്ചെല്ലുന്നു.

www.malankaralibrary.com

മൃതിയേ കഷ്ടം-സാത്താനേ കഷ്ടം
നിങ്ങടെ ഭരണം-മിശിഹാ മായിക്കും.

എന്തെന്നാൽ, അവിടെ ന്യായാസനങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ദാവീദിന്റെ ഭവനത്തിലെ സിംഹാസനങ്ങൾ തന്നെ.

മൃതജീവദനേ! ഈശോ രാജാവേ
മൃതി തൃക്കൈയിൽ-ജീവൻ തിരുവിഷ്ടം.

യേറുശലേമിന്റെ ക്ഷേമം അന്വേഷിക്കുവിൻ; നിന്റെ സ്നേഹിതന്മാർ സമൃദ്ധിയുള്ളവരാകട്ടെ. നിന്റെ സൈന്യത്തിൽ സമാധാനവും നിന്റെ പ്രാകാരങ്ങളിൽ ഐശ്വര്യവുമുണ്ടാകട്ടെ.

സ്തോത്രം മൃതരെ-ജീവിപ്പിപ്പോനേ!
മൃതി തൃക്കൈയിൽ-ജീവൻ തിരുവിഷ്ടം.

എന്റെ സഹോദരങ്ങളെയും സ്നേഹിതരെയും പ്രതി നിന്നിൽ സമാധാനം ഉണ്ടാകട്ടെ എന്നു ഞാൻ പറയും. നമ്മുടെ ദൈവമായ കർത്താവിന്റെ ആലയം നിമിത്തം നിന്റെ നന്മയ്ക്കായി ഞാൻ പ്രവർത്തിക്കും.

സഭയും സുതരും-വാഴ്ത്തി വണങ്ങീടും
പിതൃ സുത പരിശുദ്ധാത്മാവാം നിന്നെ

അല്ലെങ്കിൽ

എന്റെ വാൽസല്യമുള്ളവരേ, നിങ്ങളിൽനിന്നു ഞാൻ വേർപിരിഞ്ഞിരിക്കുന്നു. ഞാൻ പോയി കൈക്കൊള്ളപ്പെടേണ്ടതിന് എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

നീ സകല മരിച്ചവരെയും ഉയിർപ്പിക്കുമ്പോൾ നിന്റെ അത്ഭുത പ്രവൃത്തിയെ കാണുവാൻ എന്റെ കണ്ണുകളെ വെളിവാക്കണമേ.

നിങ്ങൾ എനിക്കു സമാധാനം തരികയും സമാധാനത്തോടെ പോകുകയും ചെയ്യുവിൻ. എന്തെന്നാൽ ഈ സമാധാനം എന്നന്നേക്കും നിലനിൽക്കുന്നതാകുന്നു.

മിശിഹാ എഴുന്നള്ളിവരികയും മരണത്തിന്റെ അധികാരം ഇല്ലാതാകുകയും ചെയ്യുന്നതിനാൽ അതിനു ദുരിതവും സാത്താനു വിലാപവും ആകുന്നു.

www.malankaralibrary.com

മരിച്ചവരെ ഉയിർപ്പിക്കുന്നവനായ ഞങ്ങളുടെ രാജാവായ യേശുവേ, മരണം നിന്റെ തൃക്കയ്യിലും ജീവൻ നിന്റെ തിരുവിഷ്ട പ്രകാരവുമാകുന്നു.

മരിച്ചവരെ ഉയിർപ്പിക്കുന്നവനായുള്ളോവേ, നിനക്കു സ്തുതി. എന്തുകൊണ്ടെന്നാൽ മരണം നിന്റെ തൃക്കയ്യിലും ജീവൻ നിന്റെ തിരുവിഷ്ടപ്രകാരവുമാകുന്നു.

സഭയും അതിന്റെ മക്കളും പിതാവിനെയും പുത്രനെയും പരിശുദ്ധ റൂഹായെയും മുട്ടുകുത്തി വന്ദിക്കും.

### * മദ്റോശോ

(ബത്രേൻ ഒൽമെ... എന്ന രീതി)

ഇരു ലോകത്തും-മേവുന്നേൻ ഞാൻ
കൃപ തോന്നണമേ-എ-ൻ മേലെങ്ങും
നീ കണ്ടെന്നെ-ഞാനില്ലായ്കെ
കൃപ തോന്നണമേ-ഞാ-നുള്ളപ്പോൾ.

എന്നെ മനഞ്ഞ- പൂർണ്ണസ്നേഹാൽ
നീയുയിരേകിൽ-പാ-ഴാകാ ഞാൻ
സ്വസ്നേഹിതരാം-സഹദേന്മാരെ
മുടി ചൂടിച്ച-നീ-തി പ്രിയനേ!

ഈ ദാസിയെ നീ-കന്യകളേപ്പോൽ
ചൂഡാഭരണം-ചൂ-ടിക്കേണം
എന്നെന്നേയ്ക്കും-സ്തുതി താതനും
നതി നന്ദനനും-റൂഹ്-ക്കു ദിശായ്ക്കും.

അല്ലെങ്കിൽ

ഞാൻ നിന്റെ രണ്ടുലോകങ്ങളിലും ഇരിക്കുന്നു. നീ ഇവിടെയും അവിടെയും എന്നോടു കരുണ ചെയ്യണമേ.

ഞാൻ ഇല്ലാതിരുന്നപ്പോൾ നീ എന്നെ കണ്ടെത്തി. ഞാൻ ഉള്ളപ്പോൾ നീ എന്നോടു കരുണ ചെയ്യണമേ.

www.malankaralibrary.com

നീ സൃഷ്ടിച്ച നിന്റെ സ്നേഹം പൂർണ്ണമാകുന്നു. ആ സ്നേഹം മൂലം നീ എന്നെ ജീവിപ്പിക്കുമെങ്കിൽ ഞാൻ നശിച്ചുപോകാതിരിക്കും.

തന്റെ സ്നേഹിതന്മാരായ സഹദേന്മാരെ കിരീടം ധരിപ്പിച്ച നീതിമാനേ, കന്യകമാരോടുകൂടെ നിന്റെ ദാസിയെ കിരീടം ധരിപ്പിക്കണമേ.

പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും എന്നുമെന്നേയ്ക്കും മഹത്ത്വവും വന്ദനവും ഉണ്ടായിരിക്കട്ടെ.

മൊറിയൊ റാഹേം...

## മാർ അപ്രേമിന്റെ ബോവൂസോ

കർത്താവേ, കൃപ ചെയ്യണമേ
ദാസിക്കേകണമേ പുണ്യം
നിൻ മഹിമോദയനാൾ തന്നിൽ
നിൻ വലഭാഗേ നിർത്തിവളെ.

നേട്ടത്തെ നേട്ടക്കാർക്കും
വീടിനെ വാഴ്വോർക്കും വിട്ടേൻ
ദേവേശാ എൻ മാർഗത്തിൽ
കൂട്ടായ് നീ നിന്നീടേണം.

ഓർക്കെന്നെ മിശിഹാ രാജാ
നീ ഘോഷം വന്നീടുമ്പോൾ
ഈ ആത്മാവിന്നാശ്വാസം
ധർമ്മിഷ്ടർക്കൊപ്പം നൽക.

ആർദ്രതയാൽ നാഥാ, ദേവാ!
ദാസിക്കേകണമേ പുണ്യം
നിൻ മഹിമോദയനാൾ തന്നിൽ
നിൻ വലഭാഗേ നിർത്തിവളെ.

www.malankaralibrary.com

### അല്ലെങ്കിൽ

കർത്താവേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമേ. ദൈവമേ, നിന്റെ ദാസിക്കു പാപപരിഹാരം നൽകണമേ. നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന നാളിൽ ഈ ദാസിയെ നിന്റെ വലത്തുഭാഗത്തു നിർത്തണമേ.

കണ്ടാലും! വാസസ്ഥലം അതിൽ വസിക്കുന്നവർക്കായും, സമ്പാദ്യം അതിനെ സ്നേഹിക്കുന്നവർക്കായും വിട്ടിരിക്കുന്നു. ദൈവമേ, എന്റെ വഴിയാത്രയിൽ നീ എനിക്കു കൂട്ടായിരിക്കണമേ.

മിശിഹാ രാജാവേ, നീ മഹത്ത്വത്തോടെ എഴുന്നള്ളി വരുമ്പോൾ എന്നെ ഓർക്കണമേ. കർത്താവേ, നീതിമാന്മാരോടും പുണ്യവാൻമാരോടുംകൂടെ നിന്റെ ദാസിയുടെ ആത്മാവിനെ ആശ്വസിപ്പിക്കണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ. ദൈവമേ, നിന്റെ ദാസിയെ നീതീകരിക്കുകയും നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന നാളിൽ ഈ ദാസിയെ നിന്റെ വലത്തുഭാഗത്തു നിർത്തുകയും ചെയ്യണമേ.

## സമാപന പ്രാർത്ഥനകൾ

ഞങ്ങളുടെ രക്ഷയ്ക്കായി വന്നവനും ഞങ്ങളുടെ പുനരുത്ഥാനത്തിനായി വരുവാനിരിക്കുന്നവനും ആയ കർത്താവേ, നിന്റെ തിരുനാമത്തെ സ്തോത്രം ചെയ്യുവാനായി കാരാഗൃഹത്തിൽനിന്നും എന്നെ മോചിപ്പിക്കണമേ. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. എന്നേക്കും ഞങ്ങളുടെ ശരണവുമേ, നിനക്കു സ്തുതി. ബാറെക്മോർ.

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ സ്വർഗീയ മാലാഖമാരും പ്രധാന മാലാഖമാരും സ്തുതിക്കുന്നതുപോലെ, ബലഹീനരും, മൺമയരുമായ ഞങ്ങളും ഇപ്രകാരം പറഞ്ഞുകൊണ്ട് സ്തുതിക്കുന്നു. എല്ലാ കാലത്തും എല്ലാ സമയത്തും ഉയരങ്ങളിൽ ദൈവത്തിന് സ്തുതിയും, ഭൂമിയിൽ സമാധാനവും, ശാന്തിയും മനുഷ്യമക്കൾക്ക് നല്ല പ്രത്യാശയും ഉണ്ടായിരിക്കട്ടെ.

www.malankaralibrary.com

ഞങ്ങൾ നിന്നെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ കീർത്തനങ്ങൾ നിനക്ക് ഞങ്ങൾ ആലപിക്കുകയും ചെയ്യുന്നു.

സർവ്വശക്തിയുള്ള പിതാവായ ദൈവവും സ്വർഗീയ രാജാവും സ്രഷ്ടാവുമായ കർത്താവേ, നിന്നെയും, യേശുമിശിഹായായ ഏകപുത്രനായിരിക്കുന്ന ദൈവമായ കർത്താവേ നിന്നെയും, പരിശുദ്ധ റൂഹായോടുകൂടെ, നിന്റെ മഹത്ത്വത്തിന്റെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും, വചനവും, ലോകത്തിന്റെ പാപത്തെ വഹിച്ചവനും വഹിക്കുന്നവനുമായ ദൈവകുഞ്ഞാടായിരിക്കുന്ന ദൈവമായ കർത്താവേ, ഞങ്ങളോട് കരുണയുണ്ടാകണമേ.

ലോകത്തിന്റെ പാപത്തെ വഹിച്ചവനും വഹിക്കുന്നവനുമേ, നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

തന്റെ പിതാവിന്റെ വലത്തുഭാഗത്ത് മഹത്ത്വത്തോടെ യിരിക്കുന്നവനേ, ദയതോന്നി ഞങ്ങളോട് കരുണ ചെയ്യണമേ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പരിശുദ്ധ റൂഹായോടുകൂടെ യേശുമിശിഹായായ നീ മാത്രം കർത്താവുമാകുന്നു. പിതാവായ ദൈവത്തിന് മഹത്ത്വം. ആമ്മീൻ.

എല്ലാ കാലത്തും എല്ലാ സമയത്തും ഞങ്ങളുടെ ജീവിതകാലം മുഴുവനും നിന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യത്വമുള്ളതുമായ നിന്റെ പരിശുദ്ധ തിരുനാമത്തെ ഞങ്ങൾ സ്തുതിക്കുകയും ചെയ്യുന്നു.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവശക്തിയുള്ള കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം സ്തുതിക്കപ്പെട്ടതും എന്നേക്കും സ്തുതികളാൽ പ്രബല പ്പെട്ടതുമാകുന്നു.

സ്തുതി നിനക്ക് യോഗ്യമാകുന്നു. മഹത്ത്വം നിനക്ക് യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും സത്യത്തിന്റെ പിതാവുമായവനേ, നിനക്കും ഏകപുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേർച്ചയാകുന്നു. അത് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും, ആമ്മീൻ.

www.malankaralibrary.com

കാർമ്മി : മോറാനേശുമിശിഹാ...

ജനം : നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ അടയ്ക്കരുതേ. കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോട് കരുണയുണ്ടാകണമേ. കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞു പോകുവാനായി നിന്റെ സ്നേഹം നിന്റെ ഇടത്തിൽനിന്നു ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളോട് കരുണ ചെയ്യണമേ. ആമ്മീൻ

കാർമ്മി : സർവ്വശക്തനായ പിതാവും...

## മരിച്ചവർക്കുവേണ്ടിയുള്ള കുക്കിലിയോൻ

കാർമ്മി : മക്കളിലപ്പൻ കൃപചെയ്വതുപോലെ-ഹാ-
ഭക്തന്മാരിൽ ദൈവം കൃപചെയ്യും.

ജനം : പുല്ലിനു തുല്യം നരനുടെ നാളുകളഹോ-ഹാ-
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ
ബാറെക്മോർ

കാർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

കാർമ്മി : ശരണത്താലെ നിൻ കൃപയിൽ

ജനം : മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്.
സ്തൗമെൻ കാലൊസ്...

കാർമ്മി : ഉയിരേകുന്നോൻ രാജാ-

ജനം : വുയരത്തിൽ നിന്നെഴുന്നള്ളി
ജീവൻ മൃതരാമേവർക്കും നൽകുന്നു.
കബറുകളുള്ളിൽ നിന്നി-
ങ്ങവരവരുയിരോടെഴുന്നേറ്റു
ഉയിരേകും നിന്നെ സ്തുതിചെയ്തീടുന്നു.
ബാറെക്മോർ.

www.malankaralibrary.com

കാർമി : ശുബ്ഹോ...

ജനം : എന്റെ ശരീരം ഭക്ഷി-
ച്ചെൻ രക്തം പാനം ചെയ്വോൻ
പാതാളത്തിൽ പോകാനായ് വിടാ ഞാൻ
എന്നുമവൻ ജീവിപ്പാനങ്ങെത്തീട്ടു
മരിച്ചതു ഞാൻ
എന്നും കർത്താ തന്നരുളിന്നു മഹത്ത്വം.
മൊറിയോ റാഹേം...

കാർമി : മരമതിന്നുയരെക്കർത്താവേ,

ജനം : കള്ളനു കിട്ടിയ നിന്റെവരം
ത്രിത്വത്തെ സ്തുതി ചെയ്തോരാം
മൃതരും കൈക്കൊണ്ടീടേണം.

## ഹൂത്തോമോ

* ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ, നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി. കർത്താവേ, നിന്റെ കൃപയാലും മഹാകരുണയാലും ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ. ഞങ്ങളുടെ സഹായത്തിനുവന്ന് ഞങ്ങളുടെ ബല ഹീനതയോടുത്തരമരുളി, ഞങ്ങളുടെ മരിച്ചവർക്ക് പാപ പരിഹാരം നൽകണമേ. സത്യവിശ്വാസത്തോടെ നിന്നിലുള്ള ശരണത്തിൽ നിദ്രപ്രാപിച്ചിരിക്കുന്ന ഈ ദാസിക്ക് പാപ പരിഹാരം നൽകുകയും ചെയ്യണമേ.

സത്യവിശ്വാസത്തോടും ദൈവിക യോഗ്യതയോടും ക്രൈസ്തവോചിതമായവിധം മിശിഹായിൽ ശരണപ്പെട്ട് നിദ്ര പ്രാപിച്ചിരിക്കുന്ന ഈ ദാസിയെ ദൈവം തന്റെ നിർമ്മല കരങ്ങളിൽ സ്വീകരിക്കുവാൻ തന്റെ കരുണയോട് നമുക്കു പ്രാർത്ഥിക്കാം. കർത്താവ് സന്തോഷപൂർണ്ണമായ ഉന്നത സ്ഥാനവും വിശ്രമവും സങ്കേതവും സ്വർഗീയ വിരുന്നും ഈ ദാസിക്ക് നൽകട്ടെ. കണ്ണു കണ്ടിട്ടില്ലാത്തതും കേൾവിയിൽ പെട്ടിട്ടില്ലാത്തതും മനുഷ്യ സങ്കല്പത്തിൽ എത്തിച്ചേർന്നിട്ടില്ലാത്തതുമായി, ദൈവം തന്റെ സ്നേഹിതന്മാർക്കുവേണ്ടി ഒരുക്കിയി

www.malankaralibrary.com

രിക്കുന്ന വാഗ്ദാനം കർത്താവ് ഈ ദാസിക്ക് പ്രദാനം ചെയ്യട്ടെ. കർത്താവ് ഈ ദാസിയുടെ പാപങ്ങൾ പരിഹരിക്കട്ടെ; കുറ്റങ്ങൾ ക്ഷമിക്കട്ടെ. അരിഷ്ടതകൾ നിറഞ്ഞിരിക്കുന്ന ഈ ലോകത്തിൽവച്ച് ഈ ദാസി ചെയ്തിട്ടുള്ള പാപങ്ങളും പിഴകളും ദൈവം മായിച്ചുകളയട്ടെ. സമൃദ്ധമായ തന്റെ കരുണയുടെ ബഹുലത നിമിത്തം താൻ അവയെ ഓർക്കാതിരിക്കട്ടെ. നീതിമാൻമാരുടെമേൽ കരുണ ചെയ്യുമ്പോൾ ഈ ദാസിയുടെ മേലും താൻ കരുണ ചെയ്യട്ടെ. ഇവളുടെ വേർപാടിൽ ദു:ഖിച്ചും വിലപിച്ചും ഇവിടെ അവശേഷിക്കുന്നവരെ മിശിഹാതമ്പുരാൻ ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തുമാറാകട്ടെ.

*കൃപാലുവായ തന്നെ കോപിപ്പിച്ച ദുഷ്ടന്മാരോട് ദൈവം പ്രതികാരം ചെയ്യുന്ന സമയത്ത്, കരുണ ആവശ്യമായിവരുന്ന ആ ദിവസത്തിൽ, ദൈവം ഈ ദാസിയിൽ കരുണ ചെയ്യട്ടെ. ദൈവം തന്റെ വിശുദ്ധന്മാരുടെയും തെരഞ്ഞെടുക്കപ്പെട്ടവരുടെയും ഗണത്തിൽ ഈ ദാസിയെ ആനന്ദിപ്പിക്കട്ടെ. ആ ദരിദ്രനായ ലാസറിനോടുകൂടെ ഈ ദാസിയെയും ദൈവം സന്തുഷ്ടയാക്കട്ടെ. കരുണയാകുന്ന നല്ല എണ്ണയാൽ തങ്ങളുടെ ദീപയഷ്ടികൾ കെട്ടുപോകാതെ സൂക്ഷിച്ച ബുദ്ധിമതികളായ ആ അഞ്ചു കന്യകമാരോടൊപ്പം ദൈവം ഈ ദാസിയെയും സന്തോഷിപ്പിക്കട്ടെ. കർത്താവ് നമ്മുടെ എല്ലാവരുടെയും മുഖത്തുനിന്നും കണ്ണുനീരും ഹൃദയത്തിൽ നിന്നു നീറുന്ന വേദനയും നീക്കിക്കളയട്ടെ. ലാസറിന്റെ സഹോദരികളെ തങ്ങളുടെ സഹോദരന്റെ ഉയിർപ്പുമൂലം സന്തോഷിപ്പിച്ചവനായ ദൈവം ഈ ദാസിയുടെ വേർപാടിൽ ദു:ഖിച്ചിരിക്കുന്ന എല്ലാവരെയും ആശ്വസിപ്പിച്ച് സന്തോഷിപ്പിക്കട്ടെ.

വത്സല സഹോദരരേ, പരസ്പരം ആശ്വസിപ്പിക്കുവിൻ, ധൈര്യപ്പെടുത്തുവിൻ; മരിച്ചവനെ സംസ്കരിച്ച് നീതീകരണം പ്രാപിക്കുവിൻ. മരിച്ചവന് കാരുണ്യം നിഷേധിക്കരുത്. "വിരുന്നു ഭവനത്തിൽ പോകുന്നതിനേക്കാൾ വിലാപഭവനത്തിൽ പോകുന്നത് നന്ന്" എന്നുള്ള വേദവാക്യം വിശുദ്ധ സഭയുടെ മക്കളായ നിങ്ങൾ വന്നു നിവർത്തിച്ചിരിക്കുന്നു. ദൈവം നിങ്ങളുടെ സഹായത്തിനായി എഴുന്നള്ളി നിങ്ങൾക്ക്

www.malankaralibrary.com

സമാധാനവും ശാന്തിയും നൽകട്ടെ. 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, നിങ്ങൾ വന്നു ലോകാരംഭത്തിനു മുമ്പുതന്നെ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗരാജ്യം അനുഭവിച്ചുകൊള്ളുവിൻ' എന്നരുളിച്ചെയ്യുന്ന സന്തോഷകരമായ ശബ്ദം കേൾക്കുവാൻ ദൈവം നിങ്ങൾക്കിടയാക്കട്ടെ.

*കർത്താവു തന്റെ മഹാകരുണയാൽ നിങ്ങളുടെ കടങ്ങൾ പരിഹരിക്കുകയും തെറ്റുകൾ ക്ഷമിക്കുകയും ചെയ്യട്ടെ. ഉത്തമ ഹൃദയത്തോടും വെടിപ്പോടും വിശുദ്ധിയോടുംകൂടെ നിങ്ങൾ വിളിക്കുന്ന ഏതു സമയത്തും കർത്താവേശുമിശിഹാ നിങ്ങൾക്കുത്തരമരുളട്ടെ. ഐശ്വര്യസമ്പൂർണ്ണമായ തന്റെ ശ്രീഭണ്ഡാരത്തിൽനിന്നും കർത്താവു നിങ്ങളുടെ യാചനകൾക്കു മറുപടി അരുളട്ടെ. നിങ്ങളുടെയും നിങ്ങളുടെ പരേതരുടെയും, നല്ല ശരണത്തോടെ നിദ്രപ്രാപിച്ചിരിക്കുന്ന ഈ ദാസിയുടെയും പാപങ്ങൾ കർത്താവു പരിഹരിക്കട്ടെ. കർത്താവ് ഈ ദാസിയെ തന്റെ വലത്തുഭാഗത്തു വിളിച്ചു നിർത്തട്ടെ. ആദ്യമനുഷ്യൻ പാപം ചെയ്യുന്നതിനുമുമ്പ് അവന്റെ കൂടാരം കർത്താവ് സ്ഥാപിച്ച അതേ സ്ഥാനം ഈ ദാസിയുടെ വാസസ്ഥലമായിത്തീരട്ടെ.

ദൈവമാതാവായ മറിയാമിന്റെയും സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ ഈ അപേക്ഷകൾ സാധിക്കുമാറാകട്ടെ. തന്നിലുള്ള ശരണത്തോടുകൂടെ നിദ്രപ്രാപിച്ച ഈ ഭക്തയായ ദാസിയെ ദൈവം കൃപയോടെ ആശ്വസിപ്പിക്കട്ടെ. നമ്മുടെ സംഘത്തിൽ ദൈവകൃപ രണ്ടു ലോകങ്ങളിലും എന്നേക്കും ഉണ്ടായിരിക്കട്ടെ.

ജനം : ആമ്മീൻ.

❖

www.malankaralibrary.com

# കുട്ടികളുടെ മൃതസംസ്കാരം

## പ്രാരംഭ ശുശ്രൂഷ

### കൗമാ

കാർമ്മി : ശുബ്ഹോ

ജനം : ബലഹീനരും...

### പ്രാരംഭ പ്രാർത്ഥന

കർത്താവേ, പാപക്കറയിൽനിന്നും മലിനതയിൽനിന്നും നിർമ്മലീകരിക്കപ്പെട്ടവരും ക്ലേശപൂർണ്ണമായ ഈ ജീവിതത്തിൽനിന്നു ശൈശവപ്രായത്തിൽ വേർപിരിഞ്ഞവരുമായ എല്ലാവരെയും നിന്റെ കൃപയാൽ സന്തോഷിപ്പിക്കണമേ. മഹനീയമായ നിന്റെ സന്തോഷത്തിലും അനശ്വരമായ നിന്റെ രാജ്യത്തിലും അവരെ ആനന്ദിപ്പിക്കണമേ. അവർ അഭികാമ്യമായ ആനന്ദസ്ഥലങ്ങളിൽ നിന്റെ വലത്തുഭാഗത്തുള്ള കുഞ്ഞാടുകളോടുകൂടെ മേയുവാനും സർവ്വോൽകൃഷ്ടനും ദൈവവുമായ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും, സന്തോഷപൂർവ്വം സ്തുതിയും സ്തോത്രവും അർപ്പിക്കുവാനും ഇടയാകട്ടെ. മോറാൻ വാലോഹാൻ ല്ഒൽമീൻ

ജനം : ആമ്മീൻ

### മസ്മൂറ 51

### എനിയോനൊ

(ഏമ്മൊദ് കീസൊ... എന്ന രീതി)

എന്നായുസ്സിൽ കറയെന്യേ നേ-ടി
നീതി കിരീടം സമരം കൂടാതെ-
നാഥാ! ദയ ചെയ്കടിയാരിൽ.

പോരെന്യേ വിജയവുമാർജ്ജിച്ചു ഞാൻ
ഉത്തമനാമം സമരം ചെയ്യാതെ. നാഥാ!...

www.malankaralibrary.com

ലോകസമുദ്രത്തിരയടിയേല്ക്കാതെ
തരണം ചെയ്തു പിഴയെന്യേ നീങ്ങി. നാഥാ!...

ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

നിദ്രിതരെ വിളി ചെയ്യും ധ്വനി ഉയരും
ശരണവുമൻപും മൃതരായോർക്കുണ്ടാം. നാഥാ!...

അല്ലെങ്കിൽ

ആയുസ്സു ചുരുങ്ങിയവർ കുറ്റംകൂടാതെ ലോകത്തിൽനിന്നു പുറപ്പെടുകയും നീതീകരണത്തിനുവേണ്ടിയുള്ള പോരാട്ടം കൂടാതെ കിരീടം കരസ്ഥമാക്കുകയും ചെയ്യുന്നു. ദൈവമേ, എന്നോടു കരുണ ചെയ്യണമേ.

മൽസരരഹിതവും വിസ്മയപൂർണ്ണവുമായ വിജയവും, യുദ്ധരഹിതവും അതിശയനീയവുമായ ശ്രേഷ്ഠനാമവും ഇതാകുന്നു. ദൈവമേ, എന്നോട് കരുണ ചെയ്യണമേ.

അവൻ തിരമാലകളുടെ അലകൾ തട്ടാതെയും പാപം ഏശാതെയും ലോകത്തിൽ പ്രവേശിക്കുകയും ലോകത്തിൽ നിന്നും പുറപ്പെടുകയും ചെയ്തു. ദൈവമേ, എന്നോട് കരുണ ചെയ്യണമേ. ബാറെക്മോർ.

കാർമി : പിതാവിനും...

ജനം : ആദിമുതൽ...

പുനരുത്ഥാനശബ്ദം അവരെ ഉണർത്തുവാൻ ആഗതമായിരിക്കുകകൊണ്ട് മരിച്ചവർക്ക് ആശയും നിദ്രപ്രാപിച്ചവർക്ക് കരുണയും അനുഗ്രഹങ്ങളും ഉണ്ടാകുമാറാകട്ടെ. ദൈവമേ, എന്നോട് കരുണ ചെയ്യണമേ.

## **കുക്കിലിയോൻ** (ഒന്നാം രാഗം)

പ്രബലപ്പെട്ടില്ലവരെൻമേൽ ഹാ–ഉ–ഹാ
വേദനയേറ്റുംവടിയവരെൻ മുതുകിൽ താഡിച്ചു.

മാളികമേലെ പുൽക്കൊടിപോലാകുമവർ–ഹാ–ഉ–ഹാ
കാറ്റടിയാലതു വാടിയുണ–ങ്ങീടുന്നു. ബാറെക്മോർ.

www.malankaralibrary.com

അല്ലെങ്കിൽ

അവർ എനിക്കെതിരായി പ്രബലപ്പെട്ടില്ല. എന്റെ മുതുകിൽ അടിച്ച് അവർ ദീർഘനേരം എന്നെ ആക്ഷേപിച്ചു. അവർ മാളികമുകളിലെ പുൽക്കൊടിപോലെ ആയിത്തീരും; കാറ്റടി ഏൽക്കുമ്പോൾ അതു വാടിയുണങ്ങിപ്പോകുന്നു. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

## *എക്ബോ

നമ്മുടെ രക്ഷകനായ യേശു അതിമഹത്ത്വത്തോടുകൂടെ അഗ്നിരഥത്തിൽ വരുവാനിരിക്കുന്നു. തന്നിൽ വിശ്വസിച്ചേറ്റു പറഞ്ഞു നിദ്രപ്രാപിച്ചവർക്ക് ഉത്ഥാനം ഉണ്ടാകുവാനായി താൻ ന്യായവിധിക്കിരിക്കുമ്പോൾ ഗോത്രങ്ങൾ തന്റെ മുമ്പാകെ വന്നു കൂടുകയും ചെയ്യും. അപ്പോൾ അവൻ ഗ്രന്ഥങ്ങൾ തുറക്കുകയും നല്ലവർ അനാദ്യന്തമായ ജീവനിൽ സന്തോഷിക്കുകയും ചെയ്യും. കർത്താവേ, നിന്നിലുള്ള പ്രത്യാശയോടുകൂടെ മരണം പ്രാപിച്ച ഈ പൈതലിനു നിന്റെ കുഞ്ഞാടുകളോടുകൂടെ നിൽക്കുന്നതിനു യോഗ്യത നൽകണമേ. മരിച്ചവരെ ജീവിപ്പിക്കുന്നവനായ നിനക്ക് ഇവൻ (ഇവൾ) പുതിയ ഓശാനകൾ പാടുമാറാകട്ടെ.

ശുശ്രൂ : സ്തൗമെൻകാലോസ്

ജനം : കുറിയേലായിസ്സോൻ

കാർമി : നാമെല്ലാവരും...

ജനം : കാരുണ്യവാനായ...

കാർമി : സ്തുതിയും സ്തോത്രവും...

## പ്രുമിയോൻ

സ്വഭാവത്തിലും സാരാംശത്തിലും സമ്പൂർണ്ണനായ കർത്താവേ, മരണത്തിൻമേൽ ആധിപത്യമുണ്ടായിരുന്ന ആകൽക്കറുസായെ നശിപ്പിക്കുവാനായി നീ മനുഷ്യാവതാരം ചെയ്യുകയും ശിശുക്കളെപ്പോലെ ജ്ഞാനത്തിലും ശരീരവടിവിലും കൃപയിലും നീ വളരുകയും ചെയ്തു. നിന്റെ തിരുനാമത്തെ സ്തോത്രം

www.malankaralibrary.com

ചെയ്യുന്ന ഉത്തമമമായ അധരങ്ങളോടുകൂടെ ക്രൈസ്തവോചിതമായ വിധത്തിലും ധൈര്യസമേതവും ഞങ്ങളുടെ കുഞ്ഞുങ്ങളെ രാജകീയ പ്രതിനിധികളെപ്പോലെ തിരുസന്നിധിയിൽ ആനയിക്കുവാൻ ഞങ്ങൾക്കു കൃപ നൽകണമേ. ആനന്ദപൂർണ്ണമായ നിന്റെ സ്വർഗീയ മേച്ചിൽ സ്ഥലങ്ങളിൽ വസന്തകാലത്തിൽ ആട്ടിൻകുട്ടികളെപ്പോലെ നിന്റെ കൂട്ടത്തിൽ ആഹ്ലാദിക്കുവാൻ ഞങ്ങളെയും അവരെയും യോഗ്യരാക്കണമേ. ഈ പൈതലിന്റെ ശവസംസ്കാര ശുശ്രൂഷയുടെ ഈ സമയത്തും ഞങ്ങളുടെ ആയുഷ്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും നിനക്കു യോഗ്യമാകുന്നു.

ജനം : ആമ്മീൻ.

## സെദ്റാ

അനാദ്യന്തവചനമായ പൂർണ്ണ ദൈവമേ, കൃപയോടെ ആദിയിൽ നീ നൽകിയ പൂർണ്ണതയിലേക്ക് അപൂർണ്ണമായ ഞങ്ങളുടെ വർഗത്തെ പുനരാനയിക്കുവാൻവേണ്ടി മനുഷ്യസ്നേഹത്തോടെ നീ ശിശുവായിത്തീർന്നു.

* നിന്റെ കാരുണ്യാതിരേകം നിമിത്തം മാനുഷിക ശിശു എന്ന നിലയിലേക്ക് ഉയരത്തിൽനിന്നു നീ ഇറങ്ങിവന്നു. നിന്റെ സാദൃശ്യത്തിലേക്കു അതിനെ കൊണ്ടുവരുവാൻ വേണ്ടി മനുഷ്യസ്നേഹത്താൽ അതിന്റെ സാദൃശ്യം നീ ധരിച്ചു. നിന്റെ കരുണയാൽ ഞങ്ങളുടെ വർഗത്തോടുകൂടെ ഓരോരോ പ്രായത്തിലും നീ പെരുമാറി. താഴ്മയോടെ നീ ധരിച്ച ശരീരം മൂലം നീ ശിശുവായിത്തീർന്നു. തിരുവിഷ്ടപ്രകാരം പ്രായാനുസരണം നിന്റെ അവയവങ്ങളും വളർന്നുവന്നു. സ്നേഹപൂർവ്വം നീ ശിശുക്കളെ എടുത്ത് വിശുദ്ധങ്ങളായ അനുഗ്രഹങ്ങളാൽ അവരെ നീ ഓമനിച്ചു.

കർത്താവേ, നിന്റെ കൃപയാൽ രൂപീകരിക്കപ്പെട്ട ഈ പൈതലിനെ നീ കൈക്കൊള്ളണമേ. തൃക്കൈകളിൽ സ്നേഹപൂർവ്വം നീ വഹിച്ച കുഞ്ഞുങ്ങളെപ്പോലെ നിന്റെ കരുണയുള്ള കരങ്ങളിൽ ഈ ദാസനെ (ദാസിയെ) നീ വഹിച്ചുകൊള്ളണമേ. നിനക്കു സ്തോത്രം പാടിയ കുട്ടികളുടെ

www.malankaralibrary.com

കൂട്ടത്തിൽ ഈ ദാസനെ (ദാസിയെ)യും നിർത്തിക്കൊള്ളണമേ. നിന്റെ കല്പനമൂലം നിന്റെ അടുക്കലേക്കു ഈ ദാസൻ (ദാസി) പുറപ്പെട്ടിരിക്കുന്നതിനാൽ ഈ ദാസന്റെ (ദാസിയുടെ) വരവു പ്രതീക്ഷിച്ച് ഈ ദാസന് (ദാസിക്ക്) നീ വഴിയൊരുക്കണമേ. നിർമ്മലമായ ശൈശവത്തെ സന്തോഷിപ്പിക്കുന്ന ആത്മിക ബലി പീഠത്തിങ്കൽ വെടിപ്പുള്ള ധൂപമായി ദയയോടെ ഈ ദാസനെ (ദാസിയെ) കൈക്കൊള്ളണമേ. കർത്താവേ, നിന്റെ സ്നേഹം മൂലം നിന്റെ സന്നിധിയിലെ മേന്മയേറിയ മടിയിലും നിന്റെ മഹിമയേറിയ കൊട്ടാരങ്ങളിലും പ്രാകാരങ്ങളിലും നിനക്കുവേണ്ടി വധിക്കപ്പെട്ട സഹദേൻമാരായ കുഞ്ഞാടുകളുടെ തൊഴുത്തിലും വിശുദ്ധന്മാർ സന്തോഷിക്കുന്ന സ്ഥലത്തും വിശിഷ്ടമായ വിരുന്നിലും ഈ ദാസനെ (ദാസിയെ) വസിപ്പിക്കണമേ. നിന്റെ പ്രഭയേറിയ കിരീടത്തിലെ രത്നംപോലെ ഈ ദാസൻ (ദാസി) തിളങ്ങുമാറാകണമേ. നിന്റെ മഹനീയ ആകാശത്തിൽ ശോഭയുള്ള നക്ഷത്രംപോലെ ഈ ദാസനെ (ദാസിയെ) ശോഭിപ്പിക്കണമേ. കൗതുകകരമായ മുന്തിരിക്കുലയിൽ നിന്നെന്നപോലെ തണ്ടിൽനിന്നും പറിച്ചെടുക്കപ്പെട്ടതിനാൽ ഈ ദാസന്റെ (ദാസിയുടെ) വേർപാടിൽ വിലപിച്ചിരിക്കുന്നവരെ നിന്റെ പ്രത്യാശയിൽ ആശ്വസിപ്പിച്ചുകൊള്ളണമേ. നിന്റെ ദയ അവരുടെ കണ്ണുനീരു തുടച്ചുകളയുകയും നിന്റെ കരുണയാകുന്ന മഞ്ഞുതുള്ളികളാൽ അവരുടെ ദു:ഖാഗ്നിയെ ശമിപ്പിക്കുകയും ചെയ്യണമേ. നിന്റെ ഉപദേശത്തിന്റെ ജീവപാനീയമാകുന്ന ആത്മിക ജലത്താൽ അവരുടെ മനോദാഹം ശമിപ്പിക്കണമേ. കർത്താവേ, നിന്റെ ഉപദേശംവഴി ഞങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കൾക്കു തുല്യരായിത്തീരുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഈ ദാസനോടുകൂടെ (ദാസിയോടുകൂടെ) നിന്റെ സ്വർഗ രാജ്യത്തിന് ഞങ്ങളെ അർഹരാക്കണമേ. നിന്റെ വലത്തുഭാഗത്തു നിന്ന് ആനന്ദിക്കുന്ന കുഞ്ഞാടുകളോടുകൂടെ നിന്റെ മഹത്ത്വപ്രത്യക്ഷതയുടെ ദിവസത്തിൽ ഞങ്ങളെയും ക്രമീകരിക്കണമേ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമേ. ഹോശോവബ്കൂല്സ്ബാൻ ല്ഒൽമ്മിൻ. ആമ്മീൻ.

കാർമ്മി : ദൈവത്തിൽനിന്ന്...

www.malankaralibrary.com

## കോലോ

കുക്കോയോ (ഒന്നാം രാഗം)

(നിൻ മുറിവുകളീന്നേറ്റേൻ മൂറോൻ... എന്ന രീതി)

പ്രളയം ഭൂമിയിലുളവായി മൃതി ക്രമമായ് വന്നു
ലോകത്തിൻമേലധികാരം സ്ഥാപിക്കും മുന്നേ
മാതാപിതാക്കൾ മൃതരാകും മുമ്പ്
സുതനോ സുതയോ മൃതിയടയുക വിരളം
ഈ ലോകത്തിന്നവസാനം സവിധേ വന്നപ്പോൾ
പൈതങ്ങൾ മൃതരാകുന്നു; പാർത്താൽ വൃദ്ധന്മാർ
ഹാലേലുയ്യാ അവശേഷിക്കുന്നു. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

ദൈവതനൂജാ നീ ജീവന്നുറവിടമാകുന്നു.
നിന്നെ നുകർന്നോരാം മർത്ത്യർ മൃതിയെ ഭയന്നില്ല.
ലാസർ താനും യായീറോസ് സുതയും
വിധവാസുതനും നിന്നെ നുകർന്നാദ്യം
മൃതരായോരുത്ഥിതരായി ജീവൽ നാഥന്
സ്തോത്രം പാടീടുമെന്നുമഹോ സാക്ഷിച്ചീടുന്നു
ഹാലേലുയ്യാ ഞങ്ങളോടീ മൂവർ.

മൊറിയൊ റാഹേം...

അല്ലെങ്കിൽ

ഭൂമിയിൽ ജലപ്രളയമുണ്ടാകുകയും മരണം ക്രമമായി വന്ന് ലോകത്തിൽ അധികാരം സ്ഥാപിക്കുകയും ചെയ്യുന്നതിനു മുമ്പ് മാതാപിതാക്കന്മാർക്കു മുമ്പായി മക്കൾ മരണമടയുന്നതു വിരളമായിരുന്നു. ലോകാവസാനം സമീപിച്ചിരിക്കുന്ന ഇക്കാലത്താകട്ടെ, കുട്ടികൾ മരിക്കുകയും പ്രായമായവർ അവശേഷിക്കുകയും ചെയ്യുന്നു. ബാറെക്മോർ.

കാർമി : പിതാവിനും...

ജനം : ആദിമുതൽ...

www.malankaralibrary.com

ദൈവപുത്രാ, നീ ജീവന്റെ ഉത്ഭവസ്ഥാനമാകുന്നു. മരണമുള്ളവർ നിന്നിൽനിന്നു ജീവൻ നുകർന്നു; അവർ മരണത്തെ ഭയപ്പെട്ടില്ല. ആദ്യമായി ലാസറും യായീറോസിന്റെ പുത്രിയും വിധവയുടെ മകനും നിന്നിൽനിന്ന് ജീവൻ പ്രാപിച്ചു. മരിച്ചവർ ഉയിർത്തെഴുന്നേറ്റു ജീവനുള്ളവനും ജീവൻ നൽകുന്നവനുമായ നിനക്കു സ്തുതിപാടുമെന്ന് ഈ മൂവരും പുനരുത്ഥാനത്തെക്കുറിച്ചു നമുക്ക് മുന്നറിയിപ്പു തരുന്നു. മൊറിയൊ റാഹേം...

## എത്രോ

സകല മനുഷ്യരുടെയും പ്രവൃത്തികളെ ന്യായം വിധിക്കുന്ന കർത്താവേ, ജീവനുള്ള യാതൊരുവനും കുറ്റമറ്റവനല്ല. കർത്താവേ, മരണത്താൽ വിട്ടുപിരിഞ്ഞ് നിന്റെ അടുക്കൽ വന്നുചേർന്ന ഞങ്ങളുടെ സഹോദരരായ കുഞ്ഞുങ്ങളുടെ ആത്മാക്കൾക്കുവേണ്ടി ഈ സുഗന്ധ ധൂപം മുഖേന നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. കൂരിരുളിന്റെ സ്ഥലത്ത് നിന്റെ പ്രകാശം അവർക്ക് ഉദിക്കണമേ; നിന്റെ പ്രകാശത്താലാകുന്നു ഞങ്ങൾ പ്രകാശം കാണുന്നത്. ഞങ്ങൾ നിനക്ക് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും.

ജനം : ആമ്മീൻ

## കോലോ

(ബംശൊല്ബൈത്തൊക്ക്... എന്ന രീതി)

(പാഴൂഴിയിലുയരും ശൂശാനപ്പൂക്കൾ... എന്ന രീതി)

ആർക്കറിയാമേവൻ ചാവും വാഴുമേവൻ
തരുണന്മാരേ, പാടില്ലീ ജീവിതമോഹം.
പ്രിയരേ, താതന്മാർ വൽസല നന്ദനരെ
മുറയതു മാറി സംസ്കാരം ചെയ്വതു കാൺമിൻ.

ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

www.malankaralibrary.com

രക്ഷകനേ, നിൻ ഗാത്രത്തെ ഭക്ഷിച്ചും
വിലയേറും രക്തക്കാസാ പാനംചെയ്തും
മൃതരായോരെ നാശം നീക്കി ജീവി-
പ്പിച്ചണിയിക്കുക നിന്നെ നോക്കുന്നവരിൽ കാന്തി.

മൊറിയൊ റാഹേം...

അല്ലെങ്കിൽ

ചെറുപ്പക്കാരേ, നിങ്ങൾ ആയുസ്സിൽ ശരണം വയ്ക്കരുത്. എന്തെന്നാൽ ആര് മരിക്കും ആര് ജീവിച്ചിരിക്കും എന്നൊന്നും ഒരാളും അറിയുന്നില്ല. പ്രിയപ്പെട്ടവരേ, സാധാരണ പതിവുവിട്ട് പിതാക്കൾ അവരുടെ വത്സലമക്കളെ സംസ്കാരം ചെയ്യുവാനിടയാകുന്നത് കണ്ടാലും. ബാറെക്മോർ.

കാർമ്മി : പിതാവിനും...

ജനം : ആദിമുതൽ...

രക്ഷകനേ, നിന്റെ ശരീരം ഭക്ഷിക്കുകയും നിന്റെ വിലയേറിയ രക്തമാകുന്ന ജീവന്റെ പാനീയം കുടിക്കുകയും ചെയ്ത മരിച്ചു പോയവരെ കബറിൽനിന്നു നാശം കൂടാതെ നീ ഉയിർപ്പിക്കുകയും മഹത്ത്വം ധരിപ്പിക്കുകയും ചെയ്യണമേ. അവരിതാ നിന്നെ പ്രതീക്ഷിച്ചിരിക്കുന്നു. മൊറിയൊ റാഹേം...

## * മദ്റോശോ

(പറദൈസോ... എന്ന രീതി)

ധന്യൻ ബാലകരെ-ശാലയിലേറ്റുന്നോൻ
ഏദനിലവനോടൊ-ത്തവരാനന്ദിക്കും.
മൃതിയാൽ പൈതങ്ങൾ-പിശറുകൾ പിന്നിട്ടാർ
ചുഴലികളാൽ ലോകം-മർദ്ദിച്ചില്ലവരെ
സങ്കടലോകത്തെ-മുൻകൂട്ടിക്കൈവി-
ട്ടാനന്ദം നിറയും ലക്ഷ്യം പ്രാപിച്ചു.
ലാഭമെഴും ഭാരം-ശ്രമമെന്യേ കാത്തു
നിർഭയമവരേദൻ-സൗഭാഗ്യം നേടും.

www.malankaralibrary.com

നിർമ്മല മാനസരായ്-ശിഷ്യന്മാർ ഭാഗ്യം
നേടാൻ ബാലകരെ-നാഥൻ കാണിച്ചു
തുല്യസ്ഥിതി നേടി-ഭാഗ്യം പ്രാപിപ്പാൻ
ശിഷ്യന്മാർക്കും നൽ-മാതൃകയായോരാം
പൈതങ്ങൾക്കേവൻ-ഭാഗ്യം നൽകീടാ
ഏദനിലവർ മകുടം-ഞാൻ ദർശിക്കണമേ.

ധാർമ്മികമാം സമരം-ചെയ്തീടാത്തവരാം
ചെറു പൈതങ്ങൾക്കായ് -ശ്രമമെന്യേ കൂലി
നൽകിടുമെങ്ങനെയെ-ന്നുണ്ടാവാം ചോദ്യം
ദുഷ്കൃത കർമ്മത്താൽ-തള്ളപ്പെട്ടവനായ്
പങ്കിലനാവോളം-നിർമ്മലനും സ്വർഗം
നേടാൻ യോഗ്യനുമെ-ന്നേവം ചിന്തിക്കാം.

അല്ലെങ്കിൽ

കുട്ടികളെ തന്റെ സ്വർഗ്ഗീയ വിരുന്നിലേക്കു കൂട്ടിക്കൊണ്ടു പോകുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. അവർ അവനോടുകൂടെ പരമാനന്ദകരമായ ഏദനിൽ സന്തോഷം അനുഭവിക്കും.

പൈതങ്ങൾ മരണത്തിൽകൂടെ കൊടുങ്കാറ്റിനെ തരണം ചെയ്തു. ലോകം അതിന്റെ നീർച്ചുഴികളിൽ അവരെ പീഡിപ്പിച്ചില്ല. അവർ നേരത്തേത്തന്നെ ക്ലേശം നിറഞ്ഞ ലോകംവിട്ട് ആനന്ദ തുറമുഖത്ത് ചെന്നടുത്തു.

ശ്ലീഹന്മാർ പൈതങ്ങളെപ്പോലെയായി ഭാഗ്യം നേടുന്നതിന് നമ്മുടെ കർത്താവ് കുട്ടികളെ അവർക്കു മാതൃകയായി കാണിച്ചു കൊടുത്തു. ശ്ലീഹന്മാർക്കുപോലും അനുകരണ മാതൃകയായി ത്തീർന്ന കുട്ടികൾക്ക് ആര് ഭാഗ്യം നേരാതിരിക്കും? കർത്താവേ, ഏദനിൽ അവരുടെ കിരീടം ദർശിക്കുന്നതിന് എന്നെ അർഹനാക്കണമേ.

നീതിമാൻമാരെപ്പോലെ കഠിന പോരാട്ടം ചെയ്യാത്ത പൈതങ്ങൾക്ക് പ്രയത്നം കൂടാതെ അർഹമായ കൂലി കൊടുക്കുന്നത് എങ്ങനെയെന്ന് ആരെങ്കിലും ചോദിച്ചേക്കാം. അവർ പ്രലോഭനങ്ങളിൽ ഉൾപ്പെട്ട് പാപപങ്കിലമാ

www.malankaralibrary.com

കാത്തിടത്തോളംകാലം നിർമ്മലരും സുകൃതികളും സ്വർഗ്ഗരാജ്യ ത്തിന് യോഗ്യരുമാകുന്നു എന്നത്രേ അതിനുള്ള മറുപടി. മൊറിയൊ റാഹേം...

## കോലോ

(ആഹായ് സോയാനോ... എന്ന രീതി)

കൃപയാൽ കർത്താവേ, സ്വർഗാർഹത നൽക
കുഞ്ഞാടുകൾപോൽ ഞാൻ-വലമായ് നിൽക്കേണം.

വാഴ്‌വിൻ സംതൃപ്തി-നേടാത്തൊരു പിഞ്ചു-
പൈതങ്ങളെയയ്യോ-കൊല്ലും മൃതി ഘോരൻ.

നിധി പോയതിനാലേ-നെടുവീർപ്പുകളോടെ
മേൻമേലവൾ കേണു-ചുറ്റും നോക്കുന്നു.

സൈ്വരം പറുദീസിൽ-നിൽക്കുന്നജ വൃന്ദം
അവയെയേറ്റേണം-മോദാഗാരത്തിൽ.

പ്രിയനാം തനയന്റെ-മരണത്തിൻ നാളിൽ
അവൾ തൻ നയനത്തിൽ-പെട്ടെന്നിരുളേറി.

അല്ലെങ്കിൽ

കർത്താവേ, നിന്റെ കരുണയാൽ നിന്റെ രാജ്യത്തിനു ഞാൻ യോഗ്യനാകണമേ. കുഞ്ഞാടുകളോടുകൂടെ ഞാൻ നിന്റെ വലത്തു ഭാഗത്ത് നിൽക്കുമാറാകണമേ. ആയുസ്സിൽ തൃപ്തരാകാത്ത സൗന്ദര്യമുള്ളവരും പ്രിയപ്പെട്ടവരുമായ പൈതങ്ങളെ വിരൂപ മാക്കുന്ന മരണമേ, നിനക്കു ഹാ കഷ്ടം! ശൈശവം സങ്കടപ്പെട്ടു നിലവിളിക്കുകയും അടക്കം കൂടാതെ കരയുകയും അതിന്റെ വാൽസല്യഭാജനത്തിന്റെ അഭാവത്തിൻ അതു മേല്പോട്ടു നോക്കുകയും ചെയ്യുന്നു. കുഞ്ഞാടുകൾ പറുദീസായിൽ നിർഭയം മേയുന്നു. സന്തോഷങ്ങളുടെ തൊഴുത്തിലേക്ക് നിന്റെ കരുണ യാൽ അവരെ പ്രവേശിപ്പിച്ചുകൊള്ളണമേ. അവളുടെ വാത്സ ല്യപുത്രന്റെ ദു:ഖകരമായ മരണദിവസത്തിൽ അവൾ പരിഭ്ര മിച്ചു മിഴിച്ചു നിൽക്കുന്നു.

www.malankaralibrary.com

## മാർ യാക്കോബിന്റെ ബോവൂസോ

(ഒന്നാം രാഗം)

ദൈവാത്മജനേ! ശാശ്വതരാജ്യത്താശ്വാസം നിൻ
ദാസന്നേകുക നീതിജ്ഞന്മാർ ശുദ്ധരൊടൊന്നായ്
ആചാര്യൻ, മെയ് രക്തങ്ങൾ തൻ സാദൃശ്യത്തിൽ
നിര്യാതർക്കായ് അപ്പം വീഞ്ഞോടർപ്പിക്കുന്നു.
കാരുണ്യത്താൽ സൃഷ്ടിച്ചോനാം താതൻ സ്തുത്യൻ
ത്രിത്വൈകത്വം പാലിച്ചീടുന്നവനായ് സ്തോത്രം
കബറിൽ നിന്നും മൃതരെയേറ്റീട്ടുത്ഥാനത്തിൽ
തേജോമയമാം വസ്ത്രം നൽകു-ന്നോനെ സ്തോത്രം.

അല്ലെങ്കിൽ

ദൈവപുത്രാ, നിന്റെ ദാസനെ നാശരഹിതമായ രാജ്യത്തിൽ ശുദ്ധിമാന്മാരോടുകൂടെ നീതിമാന്മാരുടെ ഇടയിൽ നീ ആശ്വസിപ്പിക്കണമേ.

പുരോഹിതൻ പ്രവേശിച്ച് തിരുശരീര രക്തങ്ങൾക്കു സദൃശമായ അപ്പവും വീഞ്ഞും മരിച്ചുപോയ ആത്മാക്കൾക്കു വേണ്ടി കാഴ്ചയണയ്ക്കുന്നു. അവിടെ യേശുതമ്പുരാന്റെ മരണവും കുരിശാരോഹണവും ഓർക്കപ്പെടുന്നു. നിദ്രപ്രാപിച്ചവരായ എല്ലാവരും പാപപരിഹാരം പ്രാപിക്കുവാൻ തക്കവണ്ണം ബലിക്ക് ക്ഷണിക്കപ്പെടുകയും ചെയ്യുന്നു.

തന്റെ ദൈവികമായ കരുണയാൽ ഞങ്ങളെ സൃഷ്ടിച്ച പിതാവിനു സ്തുതി! തന്റെ കുരിശുമൂലം ഞങ്ങളെ രക്ഷിച്ച പുത്രനു വന്ദനം. തന്റെ കല്പനയാൽ ഞങ്ങളെ ഉയിർപ്പിക്കുന്ന റൂഹായ്ക്കു സ്തോത്രം. ത്രിത്വവും ഏകത്വവുമായിരിക്കുന്ന തനിക്കു മഹത്ത്വം.

പുനരുത്ഥാന ദിവസത്തിൽ കബറുകളിൽനിന്നു മരിച്ചവരെ ഉയിർപ്പിക്കുകയും മഹത്ത്വത്തിന്റെ അങ്കി അവരെ ധരിപ്പിക്കുകയും ചെയ്യുന്ന കർത്താവേ, നിനക്കു സ്തോത്രം.

www.malankaralibrary.com

## സമാപന ശുശ്രൂഷ

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

### പ്രാരംഭപ്രാർത്ഥന

ദൈവമായ കർത്താവേ, വ്യർത്ഥമായ ലോകത്തിലെ താല്ക്കാലിക ജീവിതത്തിൽനിന്ന് വേർപിരിഞ്ഞുപോയ ഈ ആത്മാവിനെ പുനരുത്ഥാന ദിവസത്തിലേക്കും ആശ്വാസവും സന്തോഷവും നിറഞ്ഞ സ്ഥലങ്ങളിലേക്കും നിന്റെ വിശുദ്ധ മാലാഖമാർ നയിക്കുവാൻ ഇടയാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ, ഈ ആത്മാവ് സന്തോഷപൂർവം നിന്നെ അഭിമുഖമായി കാണുവാൻ സംഗതിയാക്കണമേ. മോറാൻ വാലോഹാൻ ല്ഒൽമീൻ.

ജനം : ആമ്മീൻ.

### കുക്കിലിയോൻ (എട്ടാം രാഗം)

(അക്ദമറാഹേം ആബോ... എന്ന രീതി)

എൻ രക്ഷകനാം നാഥാ, ദേവാ–ഹാ
രാപകൽ ഞാൻ കേണൂ–തിരുമുമ്പിൽ
എന്നാത്മാവിൽ തിൻമ നിറഞ്ഞൂ–ഹാ
പാതാളം വരെ ജീവൻ ചെന്നു. ബാറെക്മോർ.

അല്ലെങ്കിൽ

എന്റെ രക്ഷയുടെ ദൈവമായ കർത്താവേ, രാവും പകലും നിന്റെ മുമ്പാകെ ഞാൻ നിലവിളിച്ചു. എന്തെന്നാൽ, എന്റെ ആത്മാവ് തിന്മകൾകൊണ്ടു നിറഞ്ഞു; എന്റെ ജീവൻ പാതാളത്തോളം ചെന്നെത്തി. ബാറെക്മോർ.

പുരോ : പിതാവിനും...

ജനം : ആദിമുതൽ...

www.malankaralibrary.com

## * എക്ബോ

(ഹൗദത്തയിൻ കുൽബെറിയോസൊ... എന്ന രീതി)

മൃതപൂരിതപാതാളത്തിൽ
നിൻധ്വനി നാഥാ, ഉയരട്ടെ!
മൃതികേട്ടവരുടെ ചുമലിൽ നി-
ന്നവനുടെ ചരണം നീക്കട്ടെ!
ജീവപ്രദനാം നിന്നെപ്പോൽ
പാവനനാരുണ്ടെന്നേവം
ജീവസമേതൻമാരൊപ്പം
ജീവവിഹീനരുമാർത്തോതും.

അല്ലെങ്കിൽ

കർത്താവേ, നിന്റെ ശബ്ദം മരിച്ചവരെക്കൊണ്ടു നിറഞ്ഞിരിക്കുന്ന പാതാളത്തിൽ മുഴങ്ങട്ടെ. മരണം അതുകേട്ട് അവരുടെ ചുമലിൽനിന്ന് അതിന്റെ കുതികാൽ നീക്കട്ടെ. അപ്പോൾ ജീവനുള്ളവരും പരേതരും 'മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്നെപ്പോലെ പരിശുദ്ധൻ ഇല്ല,' എന്നു നിന്റെ സന്നിധിയിൽ ഉദ്ഘോഷിക്കും.

ശുശ്രൂ : സ്തൗമെൻ കാലോസ്...

ജനം : കുറിയേലായിസ്സോൻ.

കാർമ്മി : നാമെല്ലാവരും...

ജനം : കാരുണ്യവാനായ കർത്താവേ...

കാർമ്മി : സ്തുതിയും സ്തോത്രവും...

## പ്രുമിയോൻ

മരിച്ചവരെ ജീവിപ്പിക്കുകയും സംസ്കരിക്കപ്പെട്ടവരെ ഉയിർപ്പിക്കുകയും ചെയ്യുന്ന സർവ്വന്യായാധിപതിയേ, നിനക്ക് ഈ പൈതലിന്റെ ശവസംസ്കാര ശുശ്രൂഷ ഞങ്ങൾ നിർവഹിക്കുന്ന ഈ സമയത്തും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

ജനം : ആമ്മീൻ

www.malankaralibrary.com

## സെദ്റാ

ഉണ്ടായിരുന്നവനും ഇപ്പോൾ സ്ഥിതി ചെയ്യുന്നവനും എന്നേക്കും നിൽനിൽക്കുന്നവനുമായ മിശിഹാ തമ്പുരാനേ, നീ പരിശുദ്ധ മാലാഖമാരോടുകൂടെ നിന്റെ പിതാവിന്റെ മഹത്ത്വത്തിൽ വരുവാനിരിക്കുന്നു. പതിനായിരങ്ങളുടെ അസംഖ്യങ്ങളായ ഗണങ്ങളും അണികളും നിന്റെ മുമ്പാകെ ഭയത്തോടും സംഭ്രമത്തോടുംകൂടെ നിലകൊള്ളുന്നു. ഉഗ്രൻമാരായ ക്രോബേന്മാരും സേവനക്ഷമതയുള്ള സേനാവ്യൂഹങ്ങളും സ്വർഗ്ഗീയ മണ്ഡലങ്ങളിൽ നിന്നെ പ്രഘോഷിക്കുന്നു. മരണത്തിന്മേൽ നീ ഉഗ്രതയോടെ ഗർജ്ജിക്കുമ്പോൾ അതു വീണുപോകുകയും പാതാളം നിശ്ശേഷം തകരുകയും ആദിഭൂതങ്ങൾ അഴിഞ്ഞുപോകുകയും ഭൂമിക്കുള്ളിൽ ഛിന്നഭിന്നമായി കിടക്കുന്ന സർവ്വ ജഡങ്ങളും കൂട്ടിച്ചേർക്കപ്പെടുവാനായി തിരികെ വരികയും ചെയ്യുന്നു. സൃഷ്ടിശക്തിയുള്ള നിന്റെ വചനത്താൽ സകലത്തിന്റെയും നിർമ്മാതാവെന്ന നിലയിൽ നീ അവയെ പുനഃസ്ഥാപിക്കുന്നു. സർവ്വശക്തനും കരുണാസമ്പന്നനുമായ ദൈവമേ, ഇവയെല്ലാം സംഭവിക്കുമ്പോൾ നിന്നിലുള്ള പ്രത്യാശയോടുകൂടെ മരണം പ്രാപിച്ച ഈ പൈതലിനെ നിന്റെ വലത്തുഭാഗത്ത് നിറുത്തണമേ. 'എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്ന ഏവനും എന്നിലും ഞാൻ അവനിലും വസിക്കുന്നു; അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും' എന്നുള്ള ജീവപ്രദവും പരിശുദ്ധവുമായ നിന്റെ അരുളപ്പാട് ഈ ദാസനിലും (ദാസിയിലും) ഞങ്ങളിലും നിവൃത്തിയാക്കണമേ. ഞങ്ങളും മരിച്ചുപോയവരും നിന്റെ വലത്തുവശത്തു നിൽക്കുന്നതിനും നിന്റെ കാരുണ്യം ദർശിക്കുന്നതിനും നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കുന്നതിനും ഇടയാക്കണമേ.

**ജനം** : ആമ്മീൻ.

**കാർമ്മി** : ദൈവത്തിൽനിന്നു...

www.malankaralibrary.com

## തക്ശെപ്തൊ

(നാഥാജ്ഞകളനുവർത്തിച്ചൊരു ദാസന്മാർ... എന്ന രീതി)

മൃതി പൂണ്ടഴുകിയ ലാസറിനെ
കബറിൽനിന്നും ദൈവതനൂജൻ
വിളി ചെയ്തോരാജ്ഞാ ശബ്ദം
ഉത്ഥാനേ മൃതരെ ചേർക്കും
യോശാഫാത്തിൻ താഴ്വരയിൽ
രാജനിരിക്കും തലമുറകൾ
അണയും വിധിയേൽക്കാൻ
നാഥാ കൃപ ചെയ്യണമെന്നിൽ. മൊറിയൊ റാഹേം...

അല്ലെങ്കിൽ

മരിച്ച്, പണ്ടേതന്നെ അഴുകിയ ലാസറിനെ സ്രഷ്ടാവിന്റെ ആജ്ഞാശബ്ദം കബറിൽനിന്നു വിളിച്ചു പുറത്തുകൊണ്ടുവന്നു. ആ ജീവനുള്ള ശബ്ദംതന്നെ ഉയിർപ്പിന്റെ മഹാദിവസത്തിൽ മരിച്ചവരെ അവരുടെ കബറുകളിൽനിന്നു വിളിച്ച് യോശേഫാത്തിന്റെ താഴ്വരയിൽ നിർത്തും. രാജാധിരാജാവ് പ്രതാപത്തോടുകൂടെ സിംഹാസനത്തിൽ ആരൂഢനാകും. അവന്റെ മുമ്പാകെ ന്യായവിധിക്കായി ഗോത്രങ്ങൾ പ്രവേശിക്കും. ദൈവമായ കർത്താവേ, നീ മരിച്ചവരെ ഉയിർപ്പിക്കുന്നവനാകയാൽ ആ ദിവസം എന്നോടു കരുണ കാണിക്കണമേ.

മൊറിയൊ റാഹേം...

## എത്രോ

സർവ്വശക്തനും മഹാകാരുണ്യവാനുമായ ദൈവമേ, മരണംമൂലം നിങ്കലേക്കു എടുക്കപ്പെട്ട ഈ പൈതലിനുവേണ്ടി തിരുമുമ്പാകെ ഞങ്ങൾ ഇപ്പോൾ അർപ്പിച്ച സുഗന്ധധൂപം നീ സ്വീകരിക്കണമേ. സ്വർഗ്ഗീയ യെറുശലേമിലെ മോഹനമായ സ്ഥലങ്ങളിൽ ഈ ആത്മാവിനെ ആശ്വസിപ്പിക്കണമേ. ഞങ്ങളുടെ ദൈവമായ കർത്താവേ, തിരുമുമ്പാകെയുള്ള മുഖപ്രസന്നതയ്ക്ക് ഈ പൈതലിന് അർഹത നൽകണമേ.

ജനം : ആമ്മീൻ.

www.malankaralibrary.com

## കോലോ

(ഉഷകാലേ ധന്യൻ മൂശാ... എന്ന രീതി)

കർത്താവിൽ വത്സലരേ! എ-ന്റെ
പ്രിയരെ ഞാൻ വേർപെട്ടല്ലൊ
എന്നെ അനിശം ഓർത്തീടിൻ-
ശുശ്രൂഷയ്ക്കായ് നിൽക്കുന്നേ-രം
നിങ്ങൾ പ്രാർത്ഥനയെൻ നേത്രത്തിൽ
തൂകിയ ധൂ-ളിയെ മാറ്റീ-ടും. ബാറെക്മോർ.

കാർമ്മി : ശുബ്ഹോ...

പാതാളെ പൂകിയോരെല്ലാ
കുട്ടികളും ഗോത്രക്കാരും
ജീവൻ പ്രാപിച്ചെത്തീടും
ഭീതിയെഴും വിധിഗേഹത്തി-ൽ
അന്നാൾ മനുജപ്രിയനേ! നീ
ബാലകരിൽ കൃപ കാട്ടേണം.

അല്ലെങ്കിൽ

ദൈവത്തിൽ എന്റെ വൽസല സഹോദരന്മാരേ, നിങ്ങളിൽ നിന്നും മരണം എന്നെ വേർതിരിച്ചിരിക്കുന്നതിനാൽ ആരാധനയിൽ നിങ്ങൾ ഒന്നിച്ചുനിൽക്കുമ്പോൾ എന്നെ ഓർക്കണമേ. നിങ്ങളുടെ പ്രാർത്ഥന മുകളിലേക്കുയർന്ന് എന്റെ കണ്ണുകളിൽനിന്നു മൂടൽ തുടച്ചുകളയട്ടെ. ബാറെക്മോർ.

കാർമ്മി : പിതാവിനും...

എഴുതപ്പെട്ടിരിക്കുന്നപ്രകാരം പാതാളത്തിലുള്ള സകല ഗോത്രങ്ങളും ശിശുക്കളും ന്യായവിസ്താരത്തിനായി ഉയിർത്തെഴുന്നേറ്റുവരും. മനുഷ്യരെ സ്നേഹിക്കുന്നവനേ, ആ ദിവസം ശിശുക്കളോടു ദയ തോന്നണമേ.

www.malankaralibrary.com

## വിലാപ യാത്രാ ഗീതം

(മനസ്സാലേ മരണം... പേജ് : 150)

## ദൈവാലയത്തിൽ

വിലാപ യാത്രയുടെ അവസാനം മൃതശരീരം ദൈവാലയ മദ്ധ്യേ വയ്ക്കുന്നു

## സൂമോറോ

കർത്താവേ, കാരുണ്യത്താ-
ലെന്നാത്മത്തെ രക്ഷിക്ക
മൃതിയിൽ നിന്നോർമ്മയതില്ല
സ്തുതി ആർ പാടും പാതാളെ?

അല്ലെങ്കിൽ

കർത്താവേ, നീ കടാക്ഷിച്ച് എന്റെ ആത്മാവിനെ രക്ഷിക്കണമേ. നിന്റെ കൃപനിമിത്തം ഞാൻ വീണ്ടുകൊള്ളപ്പെടണമേ. എന്തെന്നാൽ, മരണത്തിൽ നിന്നെക്കുറിച്ച് ഓർമ്മയില്ല, പാതാളത്തിൽ നിനക്ക് ആർ സ്തോത്രം പാടും.

## വായനകൾ

1 രാജാ 17:17-24, അപ്പോ. 20:7-12, 1 കൊറി 15:12-19

മിശിഹാ മരിച്ചവരിൽനിന്നു ഉയിർപ്പിക്കപ്പെട്ടതായി പ്രഘോഷിക്കപ്പെടുന്നെങ്കിൽ മരിച്ചവർക്കു പുനരുത്ഥാനം ഇല്ല എന്ന് നിങ്ങളിൽ ചിലർ പറയുന്നതെങ്ങനെ? മരിച്ചവർക്കു പുനരുത്ഥാനം ഇല്ലെങ്കിൽ മിശിഹായും ഉയിർപ്പിക്കപ്പെട്ടിട്ടില്ല. മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. മാത്രമല്ല, ഞങ്ങൾ ദൈവത്തിനുവേണ്ടി കപടസാക്ഷ്യം വഹിക്കുന്നവരായിത്തീരുന്നു. എന്തെന്നാൽ, ദൈവം മിശിഹായെ ഉയിർപ്പിച്ചു എന്നു ഞങ്ങൾ സാക്ഷ്യപ്പെടുത്തി. മരിച്ചവർ യഥാർത്ഥത്തിൽ ഉയിർപ്പിക്കപ്പെടുന്നില്ലെങ്കിൽ ദൈവം മിശിഹായെയും ഉയിർപ്പിച്ചിട്ടില്ല. മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നില്ലെങ്കിൽ മിശിഹായും ഉയിർപ്പിക്കപ്പെട്ടിട്ടില്ല. മിശിഹാ ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം നിഷ്ഫലമാണ്. നിങ്ങൾ

www.malankaralibrary.com

നിങ്ങളുടെ പാപങ്ങളിൽത്തന്നെ വർത്തിക്കുന്നു. മിശിഹായിൽ നിദ്രപ്രാപിച്ചവർ നശിച്ചുപോവുകയും ചെയ്തിരിക്കുന്നു. ഈ ജീവിതത്തിനുവേണ്ടി മാത്രം മിശിഹായിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ്. ബാറെക്മോർ.

## പെസ്ഗോമോ

ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
നിൻമുഖശോഭ ഇവനിലുദിപ്പിക്കേ-ണം
കാരുണ്യാധിക്യത്താൽ രക്ഷയുമേകണമേ-ഹാലേ...

## സുവിശേഷം

ലൂക്കോസ് 7: 11-15

അതിനുശേഷം അവൻ നയിൻ എന്ന പട്ടണത്തിലേക്കു പോയി. ശിഷ്യന്മാരും വലിയ ഒരു ജനക്കൂട്ടവും അവനെ അനുഗമിച്ചു. അവൻ നഗരകവാടത്തിനടുത്തെത്തിയപ്പോൾ മരിച്ചുപോയ ഒരുവനെ ചിലർ എടുത്തുകൊണ്ടുവരുന്നതുകണ്ടു. ഒരു വിധവയുടെ ഏകപുത്രനായിരുന്നു അവൻ. പട്ടണത്തിൽ നിന്ന് വലിയ ഒരു ജനക്കൂട്ടവും അവളോടൊപ്പം ഉണ്ടായിരുന്നു. അവളെ കണ്ടു മനസ്സലിഞ്ഞ് കർത്താവ് അവളോടു പറഞ്ഞു: കരയേണ്ട. അവൻ മുന്നോട്ടുവന്നു ശവമഞ്ചത്തിന്മേൽ തൊട്ടു. അതു വഹിച്ചിരുന്നവർ നിന്നു. അപ്പോൾ അവൻ പറഞ്ഞു: യുവാവേ, ഞാൻ നിന്നോടു പറയുന്നു, എഴുന്നേല്ക്കുക. മരിച്ചവൻ ഉടനെ എഴുന്നേറ്റിരുന്നു. അവൻ സംസാരിക്കുവാൻ തുടങ്ങി. യേശു അവനെ അമ്മയ്ക്കു ഏല്പിച്ചുകൊടുത്തു.

പ്രസംഗം

## ലുത്തിനിയ

ശുശ്രൂ : നാമെല്ലാവരും ഭംഗിയായിനിന്ന് സങ്കടപൂർവ്വം ദൈവത്തിനു പ്രീതികരമായ ശബ്ദത്തിൽ കുറിയേലായിസ്സോൻ എന്നു ചൊല്ലണം.

ജനം : കുറിയേലായിസ്സോൻ.

www.malankaralibrary.com

ശുശ്രൂ : പ്രകാശപൂർണ്ണവും അവർണ്ണ്യവുമായ നിന്റെ ജ്ഞാനത്താൽ നീ നിശ്ചയിച്ച വിധിയനുസരിച്ച് ഞങ്ങളുടെ ആയുർദൈർഘ്യത്തിനു അന്ത്യം കുറിക്കുന്നവനായ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറിയേലായിസ്സോൻ.

ശുശ്രൂ : മിശിഹാതമ്പുരാനേ, ഞങ്ങളെയും ഇന്നു നിദ്ര പ്രാപിച്ച് ശിശുപ്രായത്തിൽ യാത്രയായി തിരുസന്നിധിയിൽ വന്നു ചേർന്നിരിക്കുന്ന ഈ ദാസനെയും (ദാസിയെയും) കൃപയോടെ ആശ്വസിപ്പിക്കണമേ. ബാബേലിലെ അഗ്നിച്ചൂളയിൽ പരിശോധിക്കപ്പെട്ട കുട്ടികളോടുകൂടെ ഈ ദാസനെയും ചേർത്തു കൊള്ളണമേ. മിശിഹാതമ്പുരാനേ, അവരുടെ കൂട്ടത്തിൽ പ്രത്യക്ഷപ്പെട്ട ആ നാലാമത്തെ ആൾ തളിച്ചതായ മഞ്ഞുതുള്ളികൾ ഈ ദാസന്റെ (ദാസിയുടെ) മുഖത്തും തളിക്കണമേ. ഈ ദാസനെയും (ദാസിയെയും) നിന്റെ സത്യത്തെ മുറുകെപിടിച്ച് രക്ഷാകരമായ നിന്റെ പ്രത്യക്ഷതയെ നോക്കിപ്പാർത്തിരിക്കുന്നവരും നിന്റെ ദാസരും വിശുദ്ധസഭയുടെ പ്രജകളുമായ ഞങ്ങളെയും ആനന്ദിപ്പിക്കുമാറാകണമേ എന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറിയേലായിസ്സോൻ

ശുശ്രൂ : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കുകയും ദയതോന്നി ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. ഞങ്ങൾ മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്നു ഏറ്റുചൊല്ലുന്നു.

ജനം : കുറിയേലായിസ്സോൻ, കുറി...കുറി...

മൃതശരീരം സെമിത്തേരിയിലേക്കു കൊണ്ടുപോകുന്നു.

## യാത്രപറച്ചിൽ ഗീതം

(ബ്രംശൊല ബൈത്തോക്ക്... എന്ന രീതി)

വത്സലരേ, ദൂരത്തെന്തിനു നിൽക്കുന്നു
അരികിൽ വരിൻ, ശ്ലോമ്മോ തരുവിൻ.- പ്രാർത്ഥിച്ചിടുവിൻ
സങ്കടകീർത്തനമെൻപേർക്കായ് പാടിടുവിൻ
മൃതി പാതാളകവാടത്തിൽ ബന്ധിച്ചെന്നെ.

www.malankaralibrary.com

മരണത്തിൻ ദൂതൻ പിറകെ വന്നപ്പോൾ
ചുറ്റും പാർത്തേൻ തുണ ചെയ്‌വാൻ വന്നില്ലാരും
വിളി കൂട്ടുന്നോർക്കായ് വെളിവാകും-നാഥാ
നിൻ ദൈവികമാം വലഭാഗേ നിർത്തണമെന്നെ.

മൽപ്രിയരേ, സാക്ഷാൽ ഭയമുൾക്കൊള്ളുന്നേൻ
അതിഭയപീഡകളെൻ ചിത്തമിളക്കീടുന്നു.
ജഗതീ രക്ഷകനാം മിശിഹാ നൃപനെൻപേർ-
ക്കാൾ വിട്ടതിനാൽ വേഗം ഞാൻ പോയീടുന്നു.

ഭുവനമേ, വാസികളേ, സശുഭം വാണിടുവിൻ
ലോകമയൻമാർക്കില്ല ഗുണം കാലംമൂലം
പോകുന്നേൻ നൽകാനെന്റെ കണക്കെല്ലാം
സർവ്വരഹസ്യവിധീശൻ തൻ തിരുസന്നിധിയിൽ.

വൈരൂപ്യം സുമുഖർക്കേകും മൃതിയേ! നീ
സ്നേഹിതനൊത്തു ലസിക്കുന്നവനേകും കദനം
വന്നിനി നിൻ ഭരണം നീക്കി ദു:ഖിതരെ
സ്വപ്രഭയാൽ മോദിപ്പിക്കും നാഥൻ ധന്യൻ.

പാഴൂഴിയിലുയരും ശൂശാനാപ്പൂക്കൾ
കൈപ്പണിയല്ലാത്തൊരു വസ്ത്രം ചാർത്തീടും പോൽ
ആദം മക്കൾക്കായ് റൂഹ്ക്കുദിശാ നെയ്ത
വസ്ത്രമുയിർപ്പിൽ ചാർത്തീടും പുണ്യാത്മാക്കൾ.

അല്ലെങ്കിൽ

എന്റെ വാത്സല്യമുള്ളവരേ, നിങ്ങളെന്തിനകലെ നിൽക്കുന്നു! എന്നെ സമീപിച്ച് എനിക്കു സമാധാനം തന്ന് എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും, നെടുവീർപ്പോടുകൂടെ എന്നെക്കുറിച്ചു വിലപിക്കുകയും ചെയ്യുവിൻ. എന്തെന്നാൽ, ഇതാ ഇന്നു മരണം പാതാളത്തിന്റെ വാതുക്കൽവച്ച് എന്നെ അടിച്ചുവീഴ്ത്തിയിരിക്കുന്നു.

മരണദൂതൻ എന്റെ പിന്നാലെ വന്നപ്പോൾ ഞാൻ എല്ലാ ഭാഗത്തേക്കും സൂക്ഷിച്ചുനോക്കി; എന്റെ സഹായത്തിന് ആരെയും കണ്ടില്ല. തന്നോടപേക്ഷിക്കുന്നവർക്കു പ്രത്യക്ഷ

www.malankaralibrary.com

പ്പെടുന്നവനായ കർത്താവേ, നിന്റെ ദൈവത്വത്തിന്റെ വലത്തു ഭാഗത്ത് എന്നെ നിർത്തണമേ.

എന്റെ വാത്സല്യമുള്ളവരേ, യഥാർത്ഥമായും ഞാൻ ഭയപ്പെടുന്നു. വലിയ പീഡ എന്നെ ഭയപ്പെടുത്തി എന്റെ ബോധത്തെ ഇളക്കിമറിക്കുന്നു. എന്തെന്നാൽ, സൃഷ്ടികളുടെ രക്ഷകനായ മിശിഹാരാജൻ എന്നെ കൂട്ടിക്കൊണ്ടു ചെല്ലുവാൻ ദൂതനെ അയച്ചിരിക്കുന്നു; ഞാൻ വിഷാദത്തോടെ പോകുന്നു. ബാറെക്മോർ.

ലോകവും അതിലെ നിവാസികളുമേ, സമാധാനത്തോടെ വസിക്കുവിൻ. എന്തെന്നാൽ, താൽക്കാലിക ജീവിതം ആഗ്രഹിക്കുന്നവനു ലോകം യാതൊരു പ്രയോജനവും നൽകുന്നില്ല. ഇതാ നിന്നിൽനിന്ന് എന്നെ കൊണ്ടുപോകുന്നു. ഞാൻ പോയി സകല രഹസ്യങ്ങളുടെയും ന്യായാധിപന്റെ മുമ്പാകെ കണക്കു കൊടുക്കട്ടെ.

അല്ലയോ മരണമേ, നീ സുന്ദരന്മാരെ വിരൂപികളാക്കുന്നു; സ്നേഹിതനുമൊത്തു ഉല്ലസിക്കുന്നവനെ ദു:ഖിപ്പിക്കുന്നു. നിന്റെ അധികാരം നീക്കിക്കളഞ്ഞ് നീ ദു:ഖിപ്പിച്ചവരെ പ്രകാശത്താൽ സന്തോഷിപ്പിക്കുന്ന വരുവാനിരിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

കാനനപ്പുഷ്പങ്ങൾ അമാനുഷികകരങ്ങൾ നെയ്ത വസ്ത്രം ധരിക്കുന്നപോലെതന്നെ, ആദാമിന്റെ മക്കൾക്കായി പരിശുദ്ധാത്മാവ് നെയ്തിട്ടുള്ള വസ്ത്രം ഉയിർപ്പിൽ നീതിമാന്മാർ ധരിക്കുന്നു. മൊറിയൊ റാഹേം...

## *മദ്റോശോ

(നഹാത്തീവു നൂഹോമ്മോ... എന്ന രീതി)

നശ്വര ജീവനിൽ നി-ന്നുണ്ണികളെ മൃതിയാൽ
നീക്കിയൊരഖിലേശൻ-ധന്യൻ പുതുമയവർ-
ക്കുത്ഥാനേ നൽകും.

“തടയരുതുണ്ണികളെഎൻ സവിധേ വിടുവിൻ-
ദ്യോവിവരെപ്പോലു-ള്ളോരുടെതെ’ന്നോതി
ശിഷ്യരൊടായ് നാഥൻ.

www.malankaralibrary.com

ജനകരേ, സോദരരേ, ശുഭമോടു വാണിടുവിൻ
താല്ക്കാലികവാസം–വിട്ടു സനാതനമാം
ജീവൻ ഞാൻ നേടി.

സ്തുതി തേ! താതന്നും–സ്തോത്രം തനയന്നും
കീർത്തനവും നതിയും വിമലാത്മാവിന്നും
ഉണ്ടായീടട്ടെ.

അല്ലെങ്കിൽ

മരണം മുഖേന താൽക്കാലിക ജീവിതത്തിൽനിന്നു ശിശുക്കളെ വേർപെടുത്തിയ സർവേശ്വരൻ വാഴ്ത്തപ്പെട്ടവനാകുന്നു. അവൻ ഉയിർത്തെഴുന്നേൽപ്പിൽ അവർക്കു പുതുമ കൊടുക്കട്ടെ.

നമ്മുടെ കർത്താവ് സ്വശിഷ്യന്മാരോട് : "ശിശുക്കൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുക, അവരെ തടയരുത്; സ്വർഗരാജ്യം ഇവരെപ്പോലുള്ളവരുടേതാകുന്നു" എന്നരുളിച്ചെയ്തു.

പിതൃജനങ്ങളേ, സഹോദരരേ, നിങ്ങൾ സമാധാനപൂർവ്വം വസിക്കുവിൻ. ഞാൻ താൽക്കാലികമായ ജീവൻ വിട്ട് നിത്യജീവനിലേക്ക് പ്രവേശിച്ചിരിക്കുന്നു.

പിതാവിന് സ്തുതിയും പുത്രന് സ്തോത്രവും പരിശുദ്ധാത്മാവിന് ആരാധനയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ.

## കബറിങ്കൽ

കബർ ആശീർവദിച്ചുകൊണ്ട്

ܢܬܒܪܟ ܘܢܬܩܕܫ ܩܒܪܐ ܗܢܐ. ܒܪܟܡܪܝ. ܒܫܡܐ
ܕܐܒܐ ✠ ܐܡܝܢ ܘܒܪܐ ✠ ܐܡܝܢ ܘܪܘܚܐ ܚܝܐ
ܘܩܕܝܫܐ ✠ ܠܥܠܡ ܥܠܡܝܢ܀ ܐܡܝܢ

**ഈ കബർ ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു (ബാറെക്മോർ). ✠ പിതാവിന്റെ നാമത്തിൽ (ആമ്മീൻ) ✠ പുത്രന്റെ നാമത്തിൽ (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ).**

www.malankaralibrary.com

മുഖം മൂടിയതിനുശേഷം മൃതശരീരത്തിൽ ഒഴിക്കുവാനുള്ള തൈലം എടുത്തുകൊണ്ട് പ്രാർത്ഥിക്കുന്നു.

ദൈവമായ കർത്താവേ, നിന്റെ കല്പനപ്രകാരം ഈ താല്ക്കാലിക ജീവിതത്തിൽനിന്നു യാത്രയായ ഈ ദാസന് നിന്റെ സ്വർഗീയ സേനകളുടെ സഹായം അയച്ചുകൊടുക്കണമേ. ഈ മൃതശരീരത്തിന്മേൽ ഒഴിക്കപ്പെടുന്ന തൈലംമൂലം വായു മണ്ഡലത്തിൽ പതിയിരുന്നു മനുഷ്യാത്മാക്കളെ ആക്രമിക്കുന്ന സൈന്യങ്ങളാൽ ഇവൻ പിടിക്കപ്പെടാതിരിക്കട്ടെ! പ്രകാശ ഭവനങ്ങളിൽ വിശുദ്ധന്മാരോടുകൂടെയുള്ള ആനന്ദം ഇവനു നൽകണമേ. ഇവൻ സന്തോഷപൂർവ്വം നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും. ആമ്മീൻ.

മുഖത്തും നെഞ്ചത്തും കാൽമുട്ടുകളിലും കുരിശാകൃതിയിൽ തൈലം ഒഴിക്കുമ്പോൾ

**അദ്ധ്വാനങ്ങളിൽനിന്നുള്ള വിശ്രമത്തിനും പോരാട്ടങ്ങളിൽ നിന്നുള്ള വിമുക്തിക്കും വിശുദ്ധന്മാരോടുകൂടെയുള്ള സൗഭാഗ്യത്തിനും നിത്യജീവനുമായി ഈ തൈലം ഒഴിക്കപ്പെടുന്നു (ബാറെക്മോർ). ✠ പിതാവിന്റെ നാമത്തിൽ (ആമ്മീൻ) ✠പുത്രന്റെ നാമത്തിൽ (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ).**

കാർമികൻ അൽപം മണ്ണെടുത്തു കുരിശാകൃതിയിൽ മൃതശരീരത്തിൽ ഇട്ടുകൊണ്ടു ചൊല്ലുന്നു.

**"നീ മണ്ണാകുന്നു, മണ്ണിലേക്കുതന്നെ തിരികെച്ചേരും; വീണ്ടും നീ നവീകരിക്കപ്പെടുകയും ചെയ്യും" എന്നു നീ അരുളിച്ചെയ്തപ്രകാരം കർത്താവേ, തിരുഹിതമിതാ നിറവേറിയിരിക്കുന്നു.**

കുഴിയിൽ മണ്ണിടുമ്പോൾ

## * സൂഗീസോ

(ആഹായി പൂശൂൻ... എന്നരീതി)

ദൈവമേ, നിന്റെ കൃപയിൻപ്രകാരം... ഹാലേ...
സോദരരേ, ശുഭമായ് വാണെൻ-പേർക്കർത്ഥിപ്പിൻ
വേർപെട്ടേൻ സതതം കർത്താ-വെന്നൊടുകൂടെ.

www.malankaralibrary.com

എന്റെ അന്യായത്തിൽ നിന്ന്... ഹാലേ...
വിമലന്മാരുടെ മേൽ മേലീ-ന്നൻപുണ്ടാകും
അവരെപ്പോൽ നീയുത്ഥാനേ-ഫലമാർജ്ജിക്കും.

നിനക്കു വിരോധമായിത്തന്നെ...ഹാലേ...
വലഭാഗേ നീ സ്തുതി പാടു-ന്നതു കാണുമ്പോൾ
സാത്താനും മരണത്തിന്നും-ഹാ, ഹാ, കഷ്ടം.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു-ഹാലേ...
മൃതി പൂണ്ടോർക്കായ് കർത്താവിൽ-ഭാഗ്യം ഭാഗ്യം
വിശ്വാസികളാമഖിലർക്കും-മരണം നിദ്ര.

നിന്റെ ആനന്ദവും സന്തോഷവും... ഹാലേ...
ഭ്രാതാവേ ഖേദിക്കേണ്ടാ-നരവംശത്തിൽ
സകല ജനങ്ങളുമീക്കാസാ-പാനം ചെയ്യും.

ദൈവമേ, ഒരു വെടിപ്പുള്ള ഹൃദയം... ഹാലേ...
തരുവിൻമേലുദയം ചെയ്തൊരു-ജീവവെളിച്ചം
കുഴിയതിലെൻ മിഴി തെളിയിക്കും-കൃപ ഞാൻ കാണും.

എന്നാലോ, നിന്റെ ആനന്ദവും... ഹാലേ...
സ്വപ്നം പോൽ ഞാനീലോകം-വിട്ടു വേഗം
നിങ്ങടെ യാചനയെൻ കൂട്ടായ്-മുൻപോകട്ടെ.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ... ഹാലേ...
ജീവനെഴുന്നൊരു പാലമതായ്-സ്ലീബാ തീർന്നി-
ട്ടേറണമേ ഞാൻ മോദമെഴും-ശാലയിലീശാ!

എന്തെന്നാൽ ബലികളിൽ... ഹാലേ...
മരണത്തിൻ കാറ്റടിയേറ്റെൻ-ജീവൻ മാഞ്ഞു
നിൻ സത്യാത്മാവെത്തിയെനി-യ്ക്കുണർവേകട്ടെ!

നിന്റെ ഇഷ്ടത്താൽ സെഹിയോനോടു... ഹാലേ...
സ്നേഹത്താൽ മൃതനായ് നമ്മെ-രക്ഷിച്ചേവം
പ്രേഷകസവിധം ചേർത്തോനേ-സ്തുതിയാദ്യജനേ!

www.malankaralibrary.com

## അല്ലെങ്കിൽ

എന്റെ വാൽസല്യമുള്ളവരേ, നിങ്ങൾക്കു സമാധാനം! നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. നിങ്ങളിൽനിന്ന് ഞാൻ വേർപിരിഞ്ഞിരിക്കുന്നതുകൊണ്ട് മിശിഹാ എനിക്കു നിത്യം കൂട്ടായിരിക്കട്ടെ.

ഉയരത്തിൽനിന്ന് വിശുദ്ധൻമാരുടെ മേൽ കരുണ ഇറങ്ങുന്നു. അവർ ഉയിർത്തെഴുന്നേൽക്കുമ്പോൾ അവരോടുകൂടെ നിനക്കും പ്രതിഫലം കിട്ടും.

അവർ വലത്തുഭാഗത്തുനിന്നു നിന്നെ പാടി സ്തുതിക്കുന്നതായി കാണുമ്പോൾ മരണത്തിനും സാത്താനും ഹാ! കഷ്ടം. കണ്ടാലും മരിച്ചവർക്ക് നമ്മുടെ കർത്താവിൽ വലിയ ഭാഗ്യം. എന്തെന്നാൽ, വിശ്വസിക്കുന്ന ഏവനും മരണത്തെ നിദ്രയായി ഗണിച്ചിരിക്കുന്നു. മനുഷ്യരുടെ സകല ഗോത്രങ്ങളും തലമുറകളും ഈ കാസാ രുചിക്കുന്നു.

ഞങ്ങളുടെ സഹോദരാ, നീ ദുഃഖിക്കേണ്ട. കുരിശുമരത്തിന്റെ മുകളിൽനിന്ന് എനിക്കായി ഉദിച്ച ജീവപ്രകാശം പാതാളത്തിൽവച്ച് എന്റെ കണ്ണുകളെ പ്രകാശിപ്പിക്കുകയും, ഞാൻ അവന്റെ കരുണ കാണുകയും ചെയ്യട്ടെ. സ്വപ്നത്തിലെന്നപോലെ ഞാൻ പെട്ടെന്നു ലോകം കടന്നു. നിങ്ങളുടെ പ്രാർത്ഥന എനിക്ക് സഹായകമായിരിക്കട്ടെ.

കർത്താവേ, നിന്റെ സ്ലീബാ എനിക്ക് ജീവന്റെ പാലമായിരിക്കട്ടെ. എന്തെന്നാൽ ഞാൻ അതിലൂടെ സന്തോഷം നിറഞ്ഞ മണവറയിലേക്ക് പ്രവേശിക്കട്ടെ. എന്റെമേൽ മരണക്കാറ്റ് ഊതിയപ്പോൾ ഞാൻ ഗാഢനിദ്രയിൽപ്പെട്ടുപോയി. നിന്റെ ആത്മാവു വന്ന് എന്റെ ഉറക്കത്തെ ഉണർത്തട്ടെ.

തന്റെ സ്നേഹംമൂലം നമുക്കുവേണ്ടി മരിച്ച് നമ്മെ രക്ഷിക്കുകയും തന്നെ അയച്ചവന്റെ അടുക്കലേക്കു നമ്മെ കരേറ്റുകയും ചെയ്ത ആദ്യജാതനായ പുത്രന് സ്തോത്രം ഉണ്ടായിരിക്കട്ടെ.

www.malankaralibrary.com

കുഴിമൂടിക്കഴിഞ്ഞ്

## കോലോ

(മോറാൻ ഓസേ... എന്ന രീതി)

നാഥൻ വന്നു-മൃതരെയുയിർപ്പിക്കും
ശരണം നൽകും-സകല പരേതർക്കും

ഉത്ഥാന ദിനേ-നിന്നെ പറുദീസിൽ
കാണും ഞങ്ങൾ-മോഹന തരുമദ്ധ്യേ.

മൃതി നശ്വരമാം-ജീവനെടുത്തതിനാൽ
മിശിഹാ പ്രഭയിൽ-ശാന്തി നിനക്കേകും

രാജതനൂജൻ-ജീവൽ ഗതിയേകി
ആത്മാഗാരം-കരുതി നമ്മൾക്കായ്

കുരിശിൻ മീതെ-മോഷ്ടാവെന്നോണം
നിൻ ദയ വിധിയിൽ-നേടുന്നോൻ ധന്യൻ. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

സ്തോത്രം മൃതരെ-ജീവിപ്പിപ്പോനേ!
മൃതി തൃക്കൈയിൽ-ജീവൻ തിരുവിഷ്ടം.

## കോലോ

(ബത്രെൻ ഒൽമെ... എന്നരീതി)

സത്യപിതാവേ-സത്യ തനൂജാ
വിമലാത്മാവേ-ജീവൻ നൽക
സ്വേഷ്ടത്താൽ നീ-സൃഷ്ടിച്ചെന്നെ
മോദിക്കണമേ-ഞാൻ സ്വർഗ്ഗത്തിൽ.
നൃപനിയമിതനാം-പ്രതിനിധിയേ, നീ
വാനവരിടയിൽ-പോയ്ചേരേണം
പോവുക ശുഭമായ്-കേണീടേണ്ടാ
താവകദേശം-ദൂതനിവാസം.

www.malankaralibrary.com

മോഹമിയറ്റും-മലിനതയെന്യേ
പോയ ശിശുക്കൾ-ക്കേറ്റം ഭാഗ്യം
സ്വസ്നേഹിതരാം-സഹദേൻമാരെ
മുടിചൂടിച്ച-നീതി പ്രിയനേ.
ശിശുവാമെന്നെ-അണിയിക്കേണം
മഹിതൻമാരോ-ടൊപ്പം മകുടം.
ദൈവതനൂജാ-ശിശുവായോനേ,
കർത്താവേ, നിൻ-വലഭാഗത്തെ
നന്ദനരാം കു-ഞ്ഞാടുകളൊപ്പം
എന്നെയും നീ-എണ്ണീടണമേ.
ഈറയരായു-ന്നെതിരേല്പാൻ നീ
അവരൊത്തേറും-ജീവാഗാരം.
ഞാനമലരൊടൊ-ത്താനന്ദിപ്പാൻ
നാഥാ, ഏദൻ-വാതിൽ തുറക്ക.
അവസാനദിനേ-കാഹളമൂതും
നിന്നെയവരൊ-ത്തെതിരേൽക്കും ഞാൻ.
നീ ചെന്നെത്തും-തേജോഭൂവിൽ
ശുഭമൊടു ശാന്തി പ്രാപിച്ചീടും. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

എന്നെന്നേയ്ക്കും-സ്തുതി താതന്നും
നതി നന്ദനനും-റൂഹ്ക്കുദിശായ്ക്കും.

അല്ലെങ്കിൽ

നീതിമാനായ പിതാവേ, സത്യത്തിന്റെ പുത്രാ, പരിശുദ്ധാത്മാവേ, എന്നെ ഉയിർത്തെഴുന്നേല്പിക്കണമേ. നീ എന്നെ സൃഷ്ടിക്കുകയും തിരുഹിതപ്രകാരം ഞാൻ ഉണ്ടാകുകയും ചെയ്തു. നിന്റെ രാജ്യത്തിൽ എന്നെ സന്തോഷിപ്പിക്കണമേ.

ഞങ്ങളിൽനിന്നു തിരികെ വിളിക്കപ്പെട്ട രാജപ്രതിനിധീ, നീ പോയി ആത്മീകരുമായി ചേരുക; ദുഃഖിക്കേണ്ട, സമാധാനത്തോടുകൂടെ പോകുക. നിന്റെ സ്ഥാനം മാലാഖമാരുടെ ഇടയിലാകുന്നു.

www.malankaralibrary.com

നിന്റെ സ്നേഹിതരായ രക്തസാക്ഷികളെ കിരീടം ധരിപ്പിച്ച നീതിമാനേ, നീ ബഹുമാനിച്ചവരോടുകൂടെ പൈതലായ എന്നെയും മുടി ധരിപ്പിക്കണമേ. ശിശുവായിത്തീർന്ന ദൈവ പുത്രാ, നിന്റെ വലത്തുഭാഗത്തെ കുഞ്ഞാടുകളോടുകൂടെ എന്നെയും പരിഗണിക്കണമേ.

ജീവന്റെ മണവറയ്ക്കു നീ അവകാശിയാകുവാനായി ഈറേന്മാരുടെ സംഘം നിന്നെ എതിരേൽക്കുവാൻ അത്യാകാംക്ഷയോടെ പ്രതീക്ഷിച്ചിരിക്കുന്നു.

കർത്താവേ, ഏദന്റെ വാതിൽ എനിക്കായി തുറന്നുതരണമേ; ഞാൻ പ്രവേശിച്ച് നിന്റെ പരിശുദ്ധന്മാരോടുകൂടെ സന്തോഷിക്കും. അവസാന നാളിൽ കാഹളം ധ്വനിക്കുമ്പോൾ വിശുദ്ധന്മാരോടുകൂടെ നിന്നെ എതിരേൽക്കുവാൻ ഞാൻ പുറപ്പെടുമാറാകണമേ.

സഹോദരാ, നീ ചെന്നെത്തുന്ന പ്രകാശസ്ഥലത്ത് സമാധാനവും ശാന്തിയും നിനക്ക് സ്വീകരണം നൽകട്ടെ. ബാറെക്മോർ

കാർമ്മി : പിതാവിനും...

ജനം : ആദിമുതൽ...

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും നിത്യ സ്തുതിയും ആരാധനയും ഉണ്ടായിരിക്കട്ടെ. മൊറിയോ റാഹേം...

## മാർ അപ്രേമിന്റെ ബോവൂസോ

കർത്താവേ, കൃപ ചെയ്യണമേ
ദാസന്നേ (ദാസിക്കേ) കണമേ പുണ്യം;
നിൻ മഹിമോദയനാൾ തന്നിൽ
വലഭാഗേ നിർത്തീടിവനെ (ളെ).

ഉന്നത സ്വർഗമഹൽ ഗേഹേ
പൈതലിതാ കയറിടുന്നു
അച്ഛനുമമ്മയുമാധിയിലും
പീഡയിലും മേവീടുന്നു.

www.malankaralibrary.com

വത്സലരാകും പൈതങ്ങൾ-
ക്കൻപാൽ ജീവൻ നൽകീടാൻ
മാതാക്കൾ നിങ്ങൾ ശുദ്ധ്യാ
ദൈവത്തോടഭ്യർത്ഥിപ്പിൻ.

കർത്താവേ, കൃപ ചെയ്യണമേ
ദാസന്നേ (ദാസിക്കേ) കണമേ പുണ്യം;
നിൻ മഹിമോദയനാൾ തന്നിൽ
വലഭാഗേ നിർത്തീടിവനെ (ളെ).

കർത്താവേ, ഞങ്ങളുടെമേൽ കരുണ ചെയ്യണമേ. ദൈവമേ, നിന്റെ പൈതലിനു പാപരിഹാരം നൽകണമേ. നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന നാളിൽ നിന്റെ വലത്തുഭാഗത്ത് ഈ ദാസനെ (ദാസിയെ) നിർത്തണമേ.

ശൈശവം സ്വർഗത്തിലെ മണവറയിലേക്ക് പറന്നുകയറി ച്ചെന്നു. മാതാപിതാക്കന്മാർ ദുഃഖത്തിലും അതിവേദനയിലും വസിക്കുന്നു.

എല്ലാ മാതാക്കളുമേ, നിങ്ങളുടെ ശിശുക്കളോടും വാൽസല്യ ഭാജനങ്ങളോടും കരുണ തോന്നി അവർക്കു ജീവൻ നൽകേണ്ട തിനു വെടിപ്പുള്ള ഹൃദയത്തോടെ ദൈവത്തോട് പ്രാർത്ഥിക്കുവിൻ.

കർത്താവേ, ഞങ്ങളുടെമേൽ കരുണ ചെയ്യണമേ, ദൈവമേ, നിന്റെ പൈതലിനു പാപരിഹാരം നൽകണമേ. നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന നാളിൽ നിന്റെ വലത്തുഭാഗത്ത് ഇവനെ (ഇവളെ) നിർത്തണമേ.

മാലാഖമാരുടെ സ്തുതിപ്പ്, മോറോനേശുമിശിഹാ, ഒരു കൗമാ, വിശ്വാസപ്രമാണം, മരിച്ചവരുടെ കുക്കിലിയോൻ, ഹൂത്തോമോ... (പേജ് 167 - 172)

❖

www.malankaralibrary.com

# ഭവനാശീർവ്വാദം

## നിർദ്ദേശങ്ങൾ

1. മേശപ്പുറത്തു കുരിശും, ഇരുവശങ്ങളിൽ കത്തിച്ച മെഴുകു തിരിയും, വി. വേദപുസ്തകവും, കുരിശിന്റെ മുമ്പിൽ പാത്രത്തിൽ വാഴ്ത്താനുള്ള വെള്ളവും, തളിക്കാനുള്ള ഉപകരണവും ക്രമീകരിക്കണം.

2. പുരോഹിതൻ പുറങ്കുപ്പായവും ഹൈമ്നിയായും ധരിക്കണം.

www.malankaralibrary.com

# ഭവനാശീർവ്വാദം

## കൗമാ

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

## പ്രാരംഭ പ്രാർത്ഥന

കർത്താവേ, നിന്റെ ശാന്തിയും സമാധാനവും ഈ ഭവനത്തിൽ വസിപ്പിക്കണമേ. ഇതിലുള്ള സകലവും നീ വാഴ്ത്തണമേ. ഇതിലെ വരവു ചെലവുകൾ തിരുനാമ മഹത്ത്വത്തിനും, നീതിയുടെ പരിപാലനത്തിനും ആയിരിക്കണമേ. നിന്നിൽ നിന്നുള്ള സകല നന്മകളും അനുഗ്രഹങ്ങളുംകൊണ്ട് ഇതിനെ ഐശ്വര്യസമൃദ്ധമാക്കണമേ. ഇതിൽ വസിക്കുന്നവർക്കു നീ മുഖപ്രസന്നത നൽകണമേ. ആയുഷ്പര്യന്തം രഹസ്യകാര്യങ്ങളിലും പരസ്യകാര്യങ്ങളിലും ഇവർ നിന്നെ പ്രസാദിപ്പിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, ഇവരുടെ മരിച്ചുപോയവർക്കു സൽസ്മരണയും ആശ്വാസവും നൽകണമേ. മോറാൻ വാലോഹാൻ ല്ഒൽമീൻ.

ജനം : ആമ്മീൻ

## കുക്കിലിയോൻ (ഒന്നാംരാഗം)

സങ്കീർത്തനം 25:1-15

എന്നാത്മാവിനെ നിങ്കലുയർത്തുന്നേൻ നാഥാ-ഹാ-ഹാ
നീയെൻ ശരണം ലജ്ജി-ക്കരുതേ ഞാൻ

വൈരികളെന്നൊടു ഗർവം കാട്ടരുതേ-ഹാ-ഹാ
നിന്നാശ്രിതരാരും ലജ്ജി-ച്ചീടരുതേ.

ലജ്ജിക്കുമധർമ്മികളവരുടെ വ്യർത്ഥതയിൽ ഹാ-ഹാ
നിൻ പാതകളെന്നെ കാട്ടിടുക.

ഗൂഢം നിൻ വഴികളറയിക്കുകയെന്നെ ഹാ-ഹാ
നേരിൽ നയിച്ചെന്നെ പരിശീലിപ്പിക്ക. ബാറെക്മോർ.

www.malankaralibrary.com

കാർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

അല്ലെങ്കിൽ

കർത്താവേ, നിന്റെ അടുക്കലേക്ക് എന്റെ ആത്മാവിനെ ഞാനുയർത്തി. എന്റെ ദൈവമേ, നിന്നിൽ ശരണപ്പെട്ടതിനാൽ ഞാൻ ലജ്ജിക്കുമാറാകരുതേ, എന്റെ ശത്രുക്കൾ എന്റെ നേരേ പ്രശംസിക്കരുതേ; നിന്നിൽ ശരണപ്പെട്ടിരിക്കുന്ന ഒരുവനും ലജ്ജിക്കരുതേ. അന്യായം പ്രവർത്തിക്കുന്നവർ അവരുടെ വ്യർത്ഥതയിൽ ലജ്ജിക്കും. കർത്താവേ, നിന്റെ വഴികൾ എന്നെ കാണിക്കണമേ; നിന്റെ സത്യത്തിൽ എന്നെ നടത്തി പഠിപ്പിക്കണമേ. ബാറെക്മോർ.

കാർമ്മി : പിതാവിനും...

ജനം : ആദിമുതൽ...

## എക്ബോ

(ഹൗ ദത്തയിൻ കുൽ ബെറിയോസോ... എന്ന രീതി)

മനുജ പ്രിയ നീ ആഴിയിൽ നിന്നും
യൗനാൻ നിബിയെ രക്ഷിച്ചു;
ഋണ പൂരിതനാ-മെന്നെയും
കൃപയാൽ കോരിയെടു-ക്കേണം

അല്ലെങ്കിൽ

മനുഷ്യരെ സ്നേഹിക്കുന്നവനേ, സമുദ്രത്തിൽനിന്നും യൗനാൻ ദീർഘദർശിയെ നീ രക്ഷിച്ചപ്രകാരം എന്റെ അസംഖ്യങ്ങളായ അധർമ്മങ്ങളിൽനിന്നു നിന്റെ കൃപയാൽ എന്നെയും കോരിയെടുക്കണമേ.

ശുശ്രൂ : സ്തൗമെൻ കാലോസ്

ജനം : കുറിയേലായിസ്സോൻ

www.malankaralibrary.com

കാർമ്മി : നാമെല്ലാവരും...

ജനം : കാരുണ്യവാനായ...

കാർമ്മി : സ്തുതിയും സ്തോത്രവും...

## പ്രുമിയോൻ

കരുണനിറഞ്ഞ കർത്താവേ, നിന്റെ കൃപയാൽ ഈ ദാസന്റെ പ്രാർത്ഥന കേൾക്കണമേ. ബലഹീനനായ എന്റെ മദ്ധ്യസ്ഥതയാൽ ഈ ഭവനത്തെ നീ അനുഗ്രഹിക്കണമേ. ഇവിടെ കൂടിയിരിക്കുന്ന എല്ലാവരെയും നീ ഐശ്വര്യസമൃദ്ധരാക്കണമേ. നിനക്ക് ഭവനാശീർവാദത്തിന്റെ ഈ സമയത്തും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

ജനം : ആമ്മീൻ

## സെദറാ

പ്രാർത്ഥനകൾ സ്വീകരിക്കുകയും യാചനകൾക്കുത്തരമരുളുകയും ചെയ്യുന്ന ദൈവമായ കർത്താവേ, ഹാബേലിന്റെ ആദ്യഫലം നീ സ്വീകരിച്ചതുപോലെ ഞങ്ങളുടെ ധൂപം സ്വീകരിക്കണമേ. ഹാനോക്കിന്റെ ശുശ്രൂഷ നിന്നെ പ്രസാദിപ്പിച്ചതുപോലെ, ഞങ്ങളുടെ ശുശ്രൂഷ നിനക്ക് പ്രീതികരമാകണമേ. നീതിമാനായ നോഹയുടെ ബലിയിൽ നീ സന്തുഷ്ടനായ പ്രകാരം ഞങ്ങളുടെ അധരഫലത്തിൽ നീ സന്തുഷ്ടനാകണമേ.

കർത്താവേ, ഞങ്ങളുടെ പിതാവും നിന്റെ സ്നേഹിതനുമായ അബ്രഹാമിന്റെ വിശ്വാസം നിനക്ക് പ്രീതികരമായതുപോലെ ഞങ്ങളുടെ നമസ്ക്കാരം നിനക്ക് ആനന്ദപ്രദമാകണമേ. നീതിമാനായ യോബിന്റെ അടുക്കൽ ദുഷ്ടൻ ലജ്ജിതനായ പ്രകാരം ഈ ഭവനത്തിൽ ശത്രുവായ ദുഷ്ടൻ ലജ്ജിക്കുവാൻ ഇടയാകണമേ. ശ്രേഷ്ഠാചാര്യനായ അഹറോന്റെ ധൂപം മുഖേന ഇസ്രായേൽ ജനത്തിൽനിന്ന് വസന്ത നിരോധിക്കപ്പെട്ടതുപോലെ ഈ ഭവനത്തിൽനിന്ന് കഠിന രോഗങ്ങളും കോപത്തിന്റെ ദണ്ഡനങ്ങളും നിരോധിക്കണമേ.

www.malankaralibrary.com

* ആചാര്യനായ സ്കറിയായ്ക്ക് തന്റെ ശുശ്രൂഷയിൽ നിന്റെ മുന്നോടിയായ യോഹന്നാനെക്കുറിച്ച് വെളിപാടുണ്ടായതു പോലെ, ഞങ്ങളുടെ ശുശ്രൂഷമൂലം ജീവന്റെയും രക്ഷയുടെയും അറിയിപ്പ് ഞങ്ങൾക്കുണ്ടാകണമേ. കർത്താവേ, ചുങ്കക്കാരൻ സക്കായിയോടെന്ന പ്രകാരം തിരുവചനംമൂലം ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ. ധന്യരായ ശ്ലീഹന്മാരുടെ തലവനായ ശെമഓന്റെ അപേക്ഷ നീ സ്വീകരിച്ച പ്രകാരം മഹാപാപിക ളായ ഞങ്ങളുടെ അപേക്ഷകളും സ്വീകരിക്കണമേ. പാപിനിയുടെ കടങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ. കർത്താവേ, ആ സ്ത്രീ വിഷമതരമായ അവ ളുടെ രോഗത്തിൽനിന്ന് സൗഖ്യം പ്രാപിച്ചതുപോലെ അനാദ്യ ന്തമായ നിന്റെ കരുണ ഞങ്ങളിലും പ്രത്യക്ഷപ്പെടണമേ. ക്നാനാ യക്കാരിയുടെ മകളിൽനിന്ന് ദുഷ്ടനെ നീ ഓടിച്ചുകളഞ്ഞതു പോലെ ശത്രുവിന്റെ ശക്തിയെ ഞങ്ങളിൽ നിന്നകറ്റണമേ. സുന്ദരപുരുഷനായ ദാനിയേലിനെപ്പോലെ തിരുസന്നിധിയിൽ ഞങ്ങൾക്കും വിജയം നൽകണമേ. ജ്വലിക്കുന്ന തീച്ചൂളയിൽവച്ച് ഹാനനിയാ ആദിയായവരുടെ ബന്ധനങ്ങൾ അഴിക്കപ്പെട്ട പ്രകാരം പൈശാചിക ബന്ധനങ്ങൾ ഞങ്ങളിൽനിന്നഴിക്കണമേ.

* നിന്റെ ആചാര്യന്മാർക്കും ശെമ്മാശന്മാർക്കും തിരുഹിതം നിറവേറ്റുവാൻ കൃപ നൽകണമേ. നിന്റെ സ്വർഗീയഭണ്ഡാരത്തിൽ അവർ വിശ്വസ്തരായി ഭവിക്കണമേ. തിരുവചനപ്രകാരം ഭക്തിയോടുകൂടെ നിന്റെ ഇടവകയിലെ ആടുകളെ മേയിക്കു വാൻ അവരെ സഹായിക്കണമേ. നിന്റെ വിശുദ്ധ മാർഗത്തിൽകൂടെ അവർ സഞ്ചരിക്കുകയും ജീവദായകങ്ങളായ നിന്റെ കർത്തൃകല്പനകൾ ആചരിക്കുകയും ചെയ്യുമാറാകണമേ.

കർത്താവേ, ഇപ്പോൾ ഈ ഭവനത്തിനുവേണ്ടിയും ഇതിൽ വസിക്കുന്നവർക്കുവേണ്ടിയും (പഠനത്തിനായോ ജോലിക്കായോ ഇവിടെനിന്ന് അകന്നിരിക്കുന്നവർക്കുവേണ്ടിയും) കരുണയും കൃപയും നിന്നോട് ഞാൻ യാചിക്കുന്നു. ഈ നിന്റെ ഭൃത്യന്റെ യാചന തിരുസന്നിധിയിൽ എത്തുകയും ഈ ഭവനം ഐശ്വര്യം പ്രാപിക്കുകയും ഇതിലെ നിവാസികൾ നീതീകരിക്കപ്പെട്ട് രക്ഷ നേടുകയും ചെയ്യണമേ. നിന്റെ കുഞ്ഞാടുകൾ നിന്റെ മേച്ചിൽ

www.malankaralibrary.com

സ്ഥലങ്ങളിൽ മേയുകയും, നിന്റെ ആടുകൾ നിന്റെ നന്മകളാൽ തൃപ്തരാകുകയും ഞങ്ങളെല്ലാവരും നിന്നിൽനിന്ന് കരുണ പ്രാപിക്കുകയും ചെയ്യണമേ.

പാപികളിൽ കനിവുള്ളവനും അനുതാപികളിൽ പ്രീതിപ്പെടുന്നവനുമായ കർത്താവേ, നിന്റെ കരുണാബാഹുല്യത്തിനനുസരണം ഞങ്ങളിൽ ദയതോന്നി ഞങ്ങളെ അനുഗ്രഹിക്കണമേ. നീ തിരുമനസ്സായി ഞങ്ങളുടെ ധൂപവും പ്രാർത്ഥനയും സ്വീകരിച്ച് ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കുകയും വിശ്വാസികളായ പരേതർക്ക് പാപമോചനം നൽകുകയും ചെയ്യണമേ. ഞങ്ങൾ നിനക്ക് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും.

ജനം : ആമ്മീൻ

കാർമി : ദൈവത്തിൽനിന്ന്...

ജനം : ആമ്മീൻ

## കോലോ

(കാക്കുക നാഥാ സ്ലീബായാൽ... എന്ന രീതി)

അൻപുടയോനേ നിൻ വാതിൽ
മുട്ടുന്നു ദാസർ നാദം
ആവശ്യത്താൽ യാചിക്കും
അടിയാരെ തള്ളീടല്ലെ.

അലിവൊടു ശിക്ഷിച്ചടിയാരെ
അരിശം നീക്കിക്കാക്കേണം
വാതിൽ തുറന്നീ പ്രാർത്ഥനയിൻ
നാദം കേട്ടേകീടണമേ.

നിന്നെ വിളിക്കുന്നേ നാഥാ
നിന്നുതവിക്കായ് ബലഹീനർ
നല്ലവനേ, കാരുണ്യത്താൽ
നൽകണമേ, യാചിപ്പുകളെ.

www.malankaralibrary.com

കർത്താവേ, കാരുണ്യത്താൽ
കനിവടിയാരിൽ ചെയ്യണമേ
നന്മ നിറഞ്ഞോനേ, എന്റെ
തിന്മകളെ നീ ഓർക്കരുതേ.

അല്ലെങ്കിൽ

കരുണയുള്ളവനേ, നിന്റെ വാതിൽക്കൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു. നിന്നെ വന്ദിക്കുന്നവരുടെ യാചനകൾ നീ നിരസിക്കരുതേ. ദൈവമേ, നീ കരുണയോടെ ഞങ്ങളെ ശിക്ഷിച്ച്, അതികോപത്തിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ.

ഞങ്ങളുടെ പ്രാർത്ഥനയ്ക്ക് നിന്റെ വാതിൽ തുറന്ന് തരികയും നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകൾക്ക് മറുപടി നൽകുകയും ചെയ്യണമേ.

ദൈവമേ, ഞങ്ങളുടെ ബലഹീനതയുടെ സഹായത്തിന്നായി നിന്നെ വിളിക്കുന്നു. നല്ലവനേ, ഞങ്ങളുടെ അപേക്ഷയുടെ സ്വരം കേട്ട് കരുണതോന്നി ഞങ്ങളുടെ യാചനകൾക്കുത്തരമരുളണമേ.

കർത്താവേ, നിന്റെ കാരുണ്യാതിരേകത്താൽ എന്റെമേൽ ദയതോന്നി കരുണചെയ്യണമേ. കാരുണ്യവാനേ, ഞാൻ പ്രവർത്തിച്ചിട്ടുള്ള അന്യായങ്ങൾ നീ ഓർക്കുകയുമരുതേ.

## പെസ്ഗോമോ

ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
നാഥാ, നിൻ പ്രഭയും വിശ്വാസവുമേകി നയിക്കൂ-
സാന്ത്വനമരുളി-പ്പാവനഗിരിശിബിരങ്ങളിലേക്കെന്നെ-ഹാ...

അല്ലെങ്കിൽ

ഹാ-ഹാ-നിന്റെ പ്രഭയും വിശ്വാസവും നൽകി നിന്റെ വിശുദ്ധ പർവ്വതത്തിലേക്കും കൂടാരത്തിലേക്കും എന്നെ നയിക്കണമേ. ഹാലേലുയ്യാ.

ചെറിയ പാത്രത്തിൽ വച്ചിരിക്കുന്ന ജലം ഗൃഹനാഥൻ എടുത്തു കാർമികന്റെ മുമ്പിൽ പിടിക്കുന്നു. പുരോഹിതൻ സുവിശേഷം വായിക്കുന്നു.

www.malankaralibrary.com

## സുവിശേഷം

യോഹ. 10:1–5

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ആട്ടിൻ തൊഴുത്തിലേക്ക് വാതിലിലൂടെയല്ലാതെ മറ്റു വഴിക്കു കടക്കുന്നവൻ കള്ളനും കവർച്ചക്കാരനുമാണ്. എന്നാൽ, വാതിലിലൂടെ പ്രവേശിക്കുന്നവൻ ആടുകളുടെ ഇടയനാണ്. കാവൽക്കാരൻ അവന് വാതിൽ തുറന്നു കൊടുക്കുന്നു. ആടുകൾ അവന്റെ സ്വരം കേൾക്കുന്നു. അവൻ തന്റെ ആടുകളെ പേരു ചൊല്ലി വിളിക്കുകയും പുറത്തേക്കു നയിക്കുകയും ചെയ്യുന്നു. തനിക്കുള്ളതിനെയെല്ലാം പുറത്തിറക്കിയിട്ട് അവൻ അവയ്ക്കു മുമ്പേ നടക്കുന്നു. അവന്റെ സ്വരം തിരിച്ചറിയുന്നതുകൊണ്ട് ആടുകൾ അവനെ അനുഗമിക്കുന്നു. അവ ഒരിക്കലും അപരിചിതനെ അനുഗമിക്കുകയില്ല. അന്യരുടെ സ്വരം അറിയാത്തതിനാൽ അവ അവരിൽനിന്ന് ഓടിയകലും.

അല്ലെങ്കിൽ

ലൂക്കോസ് 19:1–10

യേശു ജറീക്കോയിൽ പ്രവേശിച്ച് അതിലൂടെ കടന്നു പോവുകയായിരുന്നു. അവിടെ സക്കേവൂസ് എന്നു പേരായ ഒരാൾ ഉണ്ടായിരുന്നു. അവൻ ചുങ്കക്കാരിൽ പ്രധാനനും ധനികനുമായിരുന്നു. യേശു ആരെന്നു കാണുവാൻ അവൻ ആഗ്രഹിച്ചു. പൊക്കം കുറവായിരുന്നതിനാൽ ജനക്കൂട്ടത്തിൽ നിന്നുകൊണ്ട് അത് സാധ്യമായിരുന്നില്ല. യേശുവിനെ കാണുവാൻവേണ്ടി അവൻ മുമ്പേ ഓടി, ഒരു സിക്കമൂർ മരത്തിൽ കയറിയിരുന്നു. യേശു അതിലേയാണു കടന്നുപോകാനിരുന്നത്. അവിടെയെത്തിയപ്പോൾ അവൻ മുകളിലേക്കു നോക്കിപ്പറഞ്ഞു: സക്കേവൂസ്, വേഗം ഇറങ്ങിവരിക, ഇന്നു എനിക്ക് നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു. അവൻ തിടുക്കത്തിൽ ഇറങ്ങിച്ചെന്നു സന്തോഷത്തോടെ അവനെ സ്വീകരിച്ചു. ഇതു കണ്ടപ്പോൾ അവരെല്ലാവരും പിറുപിറുത്തു. ഇവൻ പാപിയുടെ വീട്ടിൽ അതിഥിയായി താമസിക്കുന്നല്ലോ. സക്കേവൂസ് എഴുന്നേറ്റു പറഞ്ഞു: കർത്താവേ, ഇതാ, എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ

www.malankaralibrary.com

നാലിരട്ടിയായി തിരിച്ചുകൊടുക്കുന്നു. യേശു അവനോടു പറഞ്ഞു: ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു. ഇവനും അബ്രഹാത്തിന്റെ പുത്രനാണ്. നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തി രക്ഷിക്കാനാണു മനുഷ്യപുത്രൻ വന്നിരിക്കുന്നത്.

## മാർ യാക്കോബിന്റെ ബോവൂസോ

നാ–ഥാ നിന്നുടെ ആർദ്രത നിറയും വാതിൽ തുറന്നീ–
യാ–ചന കേട്ടിട്ടാത്മക്കൾമേൽ കൃപ ചൊരിയണമേ.

ഗൂഢംമുറിയിൽ പ്രാർത്ഥിപ്പതിലാണീശൻ സംപ്രീതൻ
ആരവമതിനാലല്ലാ ശിഷ്ടർ നേടിയതൗന്നത്യം.

പ്രാർത്ഥനമൂലം സൗമ്യൻ മോശ സമുദ്രം ഭാഗിച്ചു:
ഇസ്രേൽ തരണം ചെയ്തു; ദുഷ്ടൻ ഫറവോൻ മുങ്ങിപ്പോയ്.

ദാവീദിൻ പ്രാർത്ഥന കേട്ടീശന്നാർദ്രത തോന്നി
പാപം മോചിച്ചേകി വീണ്ടും പ്രവചന ശക്തി.

ഹാനനിയാദ്യർ തീച്ചൂളയിൽ വച്ചഭ്യർത്ഥിച്ചപ്പോൾ
തീജ്ജ്വാലയിൽ നിന്നവരെ ദൈവം സംരക്ഷണചെയ്തു.

ദേവാ, എന്നിൽ ഭ്രമമേറ്റീടും കാര്യങ്ങൾ മൂന്നാം:
ചാവിൻ നാഴിക, ന്യായാസനവും നരകവുമിവതന്നെ.

### അല്ലെങ്കിൽ

കർത്താവേ, നിന്റെ കരുണാസമ്പൂർണ്ണമായ വാതിൽ ഞങ്ങൾക്കു തുറന്നു തരണമേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളിൽ കൃപ ചെയ്യണമേ.

കർത്താവു മുറിക്കുള്ളിലുള്ള രഹസ്യപ്രാർത്ഥന ഇഷ്ടപ്പെടുന്നു. നീതിമാൻമാർ ഉന്നതിയാർജ്ജിച്ചത് അത്യുച്ചത്തിലുള്ള ആരവംകൊണ്ടല്ല.

മോശയുടെ പ്രാർത്ഥനയും താഴ്മയും സമുദ്രത്തെ ഭാഗിച്ചു. ഇസ്രായേൽ അതിലൂടെ മറുകര കടന്നു. ദുഷ്ടനായ ഫറവോൻ സൈന്യത്തോടൊപ്പം അതിൽ മുങ്ങിച്ചത്തു.

www.malankaralibrary.com

ദാവീദിന്റെ പ്രാർത്ഥനകേട്ട്, ദൈവം അവനോട് കരുണ കാണിക്കുകയും അവന്റെ പാപം നീക്കി അവനു വീണ്ടും പ്രവചനവരം നൽകുകയും ചെയ്തു.

ഹാനനിയായും കൂട്ടുകാരും തീച്ചൂളയിൽവച്ച് ദൈവത്തെ വിളിച്ചപേക്ഷിച്ചതിനാൽ അഗ്നിയിൽ ദഹിച്ചുപോകാതെ അവിടുന്ന വരെ സംരക്ഷിച്ചു.

എന്റെ നാഥാ, എന്നെ പരിഭ്രമിപ്പിക്കുന്നതു മൂന്നു സംഗതികളാണ്: അവ മരണവിനാഴിക, ന്യായവിധിയുടെ ഭയങ്കര സിംഹാസനം, നരകം ഇവയാണ്.

## പ്രാർത്ഥന

വിശ്വാസപൂർവ്വം തന്നെ വിളിക്കുന്നവർക്ക് മറുപടി നൽകുന്ന ദൈവാധിദൈവവും കർത്താധികർത്താവുമേ, നിന്റെ ദാസനായ ഞാൻ ബലഹീനനും പാപിയും അയോഗ്യനുമെങ്കിലും എന്റെ അപേക്ഷ കൈക്കൊള്ളണമേ.

* കർത്താവേ, ജലപ്രളയത്തിൽനിന്ന് പെട്ടകം മുഖേന നോഹിനെയും മക്കളെയും മൃഗങ്ങളെയും പറവകളെയും ഇഴജന്തുക്കളെയും നീ സംരക്ഷിച്ചു. നിന്റെ സ്നേഹിതനായ അബ്രഹാമിനെ ആക്രമണത്തിൽനിന്നു വിടുവിച്ച് അവനെയും അവന്റെ സമ്പാദ്യത്തെയും നീ അനുഗ്രഹിച്ചു. സോദോമിലെ അഗ്നിയിൽനിന്ന് ലോത്തിനെ നീ രക്ഷിക്കുകയും ലാബാന്റെ ഭവനത്തിൽവച്ച് യാക്കോബിനെ പരിരക്ഷിച്ച് ശ്രേഷ്ഠനാക്കുകയും അവന്റെ സമ്പത്ത് വർദ്ധിപ്പിക്കുകയും ചെയ്തു. മെസ്രേമിൽവച്ച് യൗസേപ്പിനെ നിന്റെ പരിപാലനയിൽ ഭരണകർത്താവും അധിപനുമാക്കി അവന്റെ നേട്ടങ്ങളും വരുമാനങ്ങളും നീ വർദ്ധിപ്പിക്കുകയും, അനർത്ഥങ്ങളിൽനിന്ന് അവനെ കാത്തുകൊള്ളുകയും ചെയ്തു. നീതിമാനായ യോബിനെ പരീക്ഷണവിധേയനാക്കിയശേഷം അവന്റെ സമ്പാദ്യങ്ങൾ നീ ഇരട്ടിയായി വർദ്ധിപ്പിച്ചുകൊടുത്തു. മോശയെയും ഇസ്രായേൽ ജനത്തെയും സമുദ്രത്തിൽനിന്ന് നീ രക്ഷിച്ചു. മേശയുടെ പ്രാർത്ഥനയാലും അഹറോന്റെ ധൂപാർപ്പണത്താലും ഫിനഹാസിന്റെ വാളാലും ഇസ്രായേലിൽനിന്നും കോപവും വസന്തയും നീ നിരോധിച്ചു.

www.malankaralibrary.com

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനും കരുണാസമ്പൂർണ്ണനും തന്റെ സൃഷ്ടിയോട് സർവ്വദാ അനുകമ്പയുള്ളവനുമായ കർത്താവേ, നിന്റെ കൃപയാൽ ഈ ദാസന്റെ ഭവനാംഗങ്ങൾ എല്ലാവരിൽനിന്നും കോപഫലമായ ശിക്ഷകളും പലതര രോഗങ്ങളും, മഹാമാരിയും, സങ്കടകരമായ നാശനഷ്ടങ്ങളും, ദുഷ്ടന്റെ ഉപദ്രവങ്ങളും നീ തടയണമേ. ദൈവമാതാവായ മറിയാമിന്റെയും വിശുദ്ധനായ (ഇന്നാരുടെയും), സകല വിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ഞങ്ങളിൽ കരുണയും ദയയുമുണ്ടാകുമാറാകണമേ.

ജനം : ആമ്മീൻ.


വെള്ളം വാഴ്ത്തുന്നു.

ഈ ഭവനത്തിന്റെ സമാധാനത്തിനും ഐശ്വര്യത്തിനുമുള്ള തളിപ്പായിത്തീരാൻ ഈ വെള്ളം ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

## ആശീർവാദം

വാതിലിൽ കുരിശടയാളം വരച്ചുകൊണ്ട്



**ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രകുത്തിക്കൊണ്ട് ഈ ഭവനം ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു (ബാറെക്മോർ). ✠ഒന്നായിരിക്കുന്ന പിതാവിന്റെ നാമത്തിൽ (ആമ്മീൻ) ✠ പുത്രന്റെ നാമത്തിൽ (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ).**

www.malankaralibrary.com

അല്ലെങ്കിൽ

✠ ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ നിങ്ങളെല്ലാവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ✠ ആത്മീകമായ ഈ ശുശ്രൂഷയിൽ ഞങ്ങളോടുകൂടെ സംബന്ധിച്ചവരായ നിങ്ങളോരോരുത്തരെയും ദൈവമായ കർത്താവ് വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ. ✠ ദൈവമായ കർത്താവ് നിങ്ങളെയും വിശ്വാസികളായ മരിച്ചുപോയവരെയും ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തുമാറാകട്ടെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ, ബലഹീനവും കുറവുള്ളതുമായ ഞങ്ങളുടെ പ്രാർത്ഥനകൾ നിന്റെ ഉന്നത സിംഹാസനത്തിൻ മുൻപാകെ കേൾക്കപ്പെട്ടവയും അംഗീകരിക്കപ്പെട്ടവയുമാക്കിത്തീർക്കണമേ. (ആബോ വബ്റോ ഉ-റൂഹോകാദീശോ ഹോശോ വബ്കുൽ സ്ബാൻ ല്ഒൽമീൻ)

ജനം : ആമ്മീൻ.

കുറിയേലായിസ്സോൻ... കുറിയേ... കുറിയേ...

❖

www.malankaralibrary.com

# അനുബന്ധം

## മരിച്ചവർക്കുവേണ്ടിയുള്ള ധൂപപ്രാർത്ഥന

### കൗമാ

### 1. ആചാര്യന്മാർ

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

### പ്രാരംഭ പ്രാർത്ഥന

ഞങ്ങളുടെ മിശിഹാതമ്പുരാനേ, നിന്റെ ശരണത്തിൽ മുൻകൂട്ടി നിദ്രപ്രാപിച്ച് നിന്റെ സ്വർഗ്ഗീയ വാഗ്ദാനങ്ങൾക്കായി നോക്കിപ്പാർത്തിരിക്കുന്ന നിന്റെ ദാസന്മാരും ആരാധകരുമായവരെ നീ അനുകൂലമാക്കി ആശ്വസിപ്പിക്കണമേ. ഞങ്ങളുടെ രക്ഷയ്ക്കായി വന്നവനും ഞങ്ങളുടെ പുനരുത്ഥാനത്തിനും എന്നേയ്ക്കും ഞങ്ങളുടെ വർഗത്തിന്റെ നവീകരണത്തിനുമായി വരുവാനിരിക്കുന്നവനുമായ മിശിഹാതമ്പുരാനേ, ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സമർപ്പിക്കും.

ജനം : ആമ്മീൻ.

### കുക്കിലിയോൻ (ഏഴാം രാഗം)

കാർമി : ചാർത്തും നീതിയെ നിന്നാചാര്യന്മാരും
മഹിമയെ നിൻ നയവന്മാരും ഹാ-ഹാ
നിന്നഭിഷിക്തമുഖം തിരിപ്പിക്കല്ലേ
നിൻ ദാസൻ ദാവീദിനെയോർത്ത്.

www.malankaralibrary.com

ജനം : നിൻ പുത്രന്മാർ കാത്തിടുമെങ്കിൽ ഹാ-ഹാ
എൻ നിയമത്തെയും ഞാൻ ഉപദേശിക്കും
സാക്ഷ്യമിതും. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

## എക്ബോ

ശുചിയോടു ശുദ്ധ്യാ ബെസ്ക്കുദിശാ
സ്പർശിച്ചുള്ള പാദങ്ങൾ
പറുദീസിൻ വാതിൽ പൂകി
വാനവരൊത്തു വസിക്കേണം.

ശുശ്രൂ : സ്തൗമെൻ കാലോസ്.

ജനം : കുറിയേലായിസ്സോൻ.

കാർമി : നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം : കാരുണ്യവാനായ...

കാർമി : സ്തുതിയും സ്തോത്രവും...

## പ്രുമിയോൻ

പ്രധാന പുരോഹിതനും, താലന്തുകൾ വിഭജിച്ചുകൊടുക്കുന്നവനും മനുഷ്യമക്കളെ കുപ്പയിൽനിന്ന് തന്റെ സിംഹാസനത്തിലേക്കുയർത്തി തന്റെ ശ്രീഭണ്ഡാരത്തിന്മേൽ അധികാരം നൽകുന്നവനുമായ കർത്താവിന് സ്തുതി. തന്റെ ആചാര്യന്റെ അനുസ്മരണ നിർവ്വഹിക്കപ്പെടുന്ന ഈ സമയത്തും എല്ലാ പെരുന്നാളുകളിലും ഞങ്ങളുടെ ആയുഷ്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും അവന് യോഗ്യമാകുന്നു.

ജനം : ആമ്മീൻ

www.malankaralibrary.com

## സെദ്റാ

ഞങ്ങളുടെ കർത്താവായ യേശുമിശിഹായായ ദൈവമേ, വെടിപ്പോടും വിശുദ്ധിയോടുംകൂടെ തിരുമുമ്പാകെ ശുശ്രൂഷ നടത്തിയിട്ടുള്ള (ഞങ്ങളുടെ ....) വേണ്ടിയും എല്ലാ ശ്രേഷ്ഠാ ചാര്യന്മാർക്കും നിർമ്മലരായ ശെമ്മാശ്ശന്മാർക്കു വേണ്ടിയും അശുദ്ധരും നിന്റെ ദാസരുമായ ഞങ്ങൾ നിന്റെ ദയയോട് അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അവരെ നീ ന്യായം വിധിക്കരുതേ. കർത്താവേ, നിന്റെ വിശുദ്ധ മദ്ബഹായുടെ പടികളിൽ ചവിട്ടിയിട്ടുള്ള കാലുകൾ അഗ്നിക്കനലുകളിൽ ചവിട്ടുവാൻ നീ വിട്ടുകൊടുക്കരുതേ. കർത്താവേ, നിനക്ക് ആത്മീയ കീർത്തനങ്ങൾ പാടിയിട്ടുള്ള വായ്കളും നാവുകളും അടച്ചുപൂട്ടിയവയായിത്തീരുവാൻ തക്കവണ്ണം അവയെ മൗനമാക്കരുതേ. നിന്റെ വിശുദ്ധ ഗ്രന്ഥ ങ്ങളിൽ നോക്കിയിട്ടുള്ള കണ്ണുകൾ ചിതലിനും പുഴുവിനും കൂടു കളായി ഭവിക്കുമാറ് അവയെ അന്ധകാരമയമാക്കിത്തീർക്കരുതേ.

കർത്താവേ, വിശുദ്ധങ്ങളും വന്ദ്യങ്ങളുമായ നിന്റെ രഹസ്യങ്ങൾ ആഘോഷിച്ചിട്ടുള്ള കൈകൾ അഗ്നിയാൽ ചുരുട്ട പ്പെടുവാൻ നീ ഇടയാക്കരുതേ. കർത്താവേ, അവർക്കുവേണ്ടി യുള്ള ഞങ്ങളുടെ ബലഹീനമായ പ്രാർത്ഥനകൾ കേട്ട് ഞങ്ങളും അവരും ചെയ്തുപോയിട്ടുള്ള സകല തെറ്റുകളും പാപങ്ങളും നീ പരിഹരിച്ച് മോചനം നൽകണമേ. നീ ഉത്തമനും നൽവര ങ്ങളിൽ സമ്പന്നനും ദാനങ്ങളുടെ ഉറവിടവുമാകുന്നുവല്ലോ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും.

ജനം : ആമ്മേൻ

www.malankaralibrary.com

അല്ലെങ്കിൽ

## പ്രുമിയോൻ

അഗ്നിമയന്മാരായ ശുശ്രൂഷകരാൽ സേവിക്കപ്പെടുന്ന സ്വർഗീയ മഹാപുരോഹിതനായ കർത്താവിന് സ്തുതി. നീതീകരണം നൽകുവാൻ തന്റെ ദൈവത്വത്തെ പ്രീതിപ്പെടുത്തുന്ന ബലികൾ അർപ്പിക്കുവാൻ മൺമയരും മരണമുള്ളവരുമായ മനുഷ്യരിൽനിന്ന് തന്റെ ശുശ്രൂഷയ്ക്കായി ആചാര്യന്മാരെയും പ്രധാനാചാര്യന്മാരെയും അവൻ നിയമിച്ചു. അങ്ങനെ അവരെ അവൻ ബഹുമാനിക്കുകയും ആത്മീയ വരങ്ങളാൽ അലങ്കരിക്കുകയും ചെയ്തു. മനുഷ്യ വർഗത്തിന്മേൽ നിശ്ചയിക്കപ്പെട്ട മരണത്തിന്റെ വിധിതീർപ്പാൽ താൽക്കാലിക ജീവിതത്തിൽനിന്ന് അവരെ അവൻ വിമുക്തരാക്കുന്നു. അത് മരണമുള്ള എല്ലാവർക്കും നിശ്ചയിക്കപ്പെട്ടിരിക്കുന്ന അന്ത്യം അവർ പ്രാപിക്കുവാനും വാഗ്ദാനം ചെയ്യപ്പെട്ട അനശ്വര ജീവിതത്തിലേക്ക് യാത്രയാകുന്നതിനും സ്വീകാര്യബലികൾ സ്വർഗീയ യെറുശലേമിൽ അവനു സമർപ്പിക്കുന്നതിനും വേണ്ടിയത്രേ. അവരുടെ ഓർമ്മ നിർവ്വഹിച്ചുകൊണ്ട് ഞങ്ങളും അവരുടെ പ്രാർത്ഥനകളാൽ അനുഗ്രഹവും അവരുടെ തിരുശേഷിപ്പുകളിൽ നിന്ന് പാപപരിഹാരവും പ്രാപിക്കുവാൻ യോഗ്യരായിത്തീരുന്നു. തന്റെ ആചാര്യന്റെ അനുസ്മരണ നിർവ്വഹിക്കപ്പെടുന്ന ഈ സമയത്തും ഞങ്ങളുടെ ആയുഷ്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും തനിക്ക് യോഗ്യമാകുന്നു. ആമ്മീൻ.

## സെദ്റാ

മഹോന്നതനും വിസ്മയനീയനും സർവ്വസൗഭാഗ്യവാനും യഥാർത്ഥ പ്രധാനാചാര്യനും ഉത്തമ ഇടയനും ആയ ദൈവമേ, ഞങ്ങൾ നിന്റെ മനുഷ്യസ്നേഹത്തോട് പ്രാർത്ഥിക്കുന്നു. ബലഹീനമായ ഞങ്ങളുടെ പ്രകൃതിയുടെ കഴിവനുസരിച്ച്

www.malankaralibrary.com

തിരുമുമ്പാകെ ഈ ദാസൻ നിർവ്വഹിച്ച ജാഗരണങ്ങൾക്കും പ്രാർത്ഥനകൾക്കും പകരമായി സന്തോഷകരമായ നിന്റെ എതിരേൽപിൽ ഈ ആചാര്യനെ സ്വീകരിക്കണമേ. നിന്റെ വിശുദ്ധ ബലിപീഠത്തിന്റെ മുമ്പാകെ ഈ ആചാര്യൻ അർപ്പിച്ചിട്ടുള്ള ബലികൾക്കും നേർച്ച കാഴ്ചകൾക്കും പകരം സന്തോഷവും സൗഭാഗ്യവും നൽകണമേ. സ്വർഗീയമായ നിന്റെ മഹാവിശുദ്ധസ്ഥലത്ത് ഈ ദാസന്റെ ആത്മാവിനെ വസിപ്പിക്കണമേ. സ്തുതിയും സ്തോത്രവും അർപ്പിച്ചുകൊണ്ടും, മാലാഖമാർക്കടുത്ത ആഹ്ലാദം പ്രതീക്ഷിച്ചുകൊണ്ടും അവിടെയുള്ള ശ്രേഷ്ഠന്മാരുടെ കൂട്ടത്തിൽ വസിക്കുമാറാക്കണമേ.

കർത്താവേ, പാപികളായ ഞങ്ങൾ ഈ ആചാര്യനുവേണ്ടി സമർപ്പിക്കുന്ന പ്രാർത്ഥനകൾ തിരുവുള്ളമുണ്ടായി സന്തോഷത്തോടെ സ്വീകരിക്കണമേ. വിശുദ്ധ കൂദാശാനുഷ്ഠാനകരിൽ സ്തുത്യരും ശ്രേഷ്ഠരുമായവരോടുകൂടെ ഈ ദാസനെ ആശ്വസിപ്പിക്കണമേ. ഏതെങ്കിലും തരത്തിൽ ഈ ആചാര്യനിൽ പുരണ്ടിട്ടുള്ള മലിനതയും കറയും തിരുമുമ്പാകെ ഈ ആചാര്യൻ അനുഷ്ഠിച്ചിട്ടുള്ള വിശുദ്ധ കൂദാശകളുടെ പുണ്യദായകമായ കൃപയാൽ കഴുകി വെടിപ്പാക്കണമേ. നിന്റെ പ്രാഭവത്തിൻ മുമ്പാകെ ഈ ആചാര്യനെ നിറുത്തണമേ. വിശുദ്ധരോടും സ്വർഗീയ സേനകളോടും ചേർന്ന് ഞങ്ങൾ നിന്നെയും നീ മുഖാന്തരം നിന്നോടുകൂടെ നിന്റെ പിതാവിനെയും സൗഭാഗ്യദായകമായ കരുണയുടെ ഉറവിടവും സാരാംശത്തിൽ നിന്നോടു സമനുമായ നിന്റെ പരിശുദ്ധാത്മാവിനെയും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിക്കുമാറാകണമേ.

ജനം : ആമ്മീൻ.

കാർമി : ദൈവത്തിൻ നിന്നു...

www.malankaralibrary.com

## കോലോ

ദൈവം സൃഷ്ടിച്ചാദത്തെ
സ്രഷ്ടാവൊടു തുല്യം സൃഷ്ടി-
യായ് മൺമയനുദ്യാനത്തിൽ
തരുനിരയിൽ പോയ് വന്നീടു-
ന്നതു കാൺമാനുള്ളാനന്ദം
സൂക്ഷിച്ചുംകൊണ്ടേമേവി
കൂറുന്നീറേന്മാർ
മണ്ണിനുയർച്ചയിലാശ്ചര്യം. ബാറെക്മോർ.

കാർമ്മി : ശുബ്ഹോ...

ആദ്യാചാര്യത്വം കൈക്കൊ-
ണ്ടഹറോൻ മൂശയൊടൊന്നിച്ച്
സ്ക്കറിയാവരെ നൽകീ മൂശ
നിത്യാചാര്യനാമീശോ
സർവ്വലോകോദ്ധാരണാർത്ഥം
നൽകീ തൻ ശ്ലീഹന്മാർക്കും
നാനാ ഭൂമിവിഭാ-
ഗങ്ങൾക്കേകി ശ്ലീഹന്മാർ.

ജനം : മെൻഓലം...

നിൻ ഗാത്രം കൈക്കൊണ്ടും നിൻ-
രക്തത്താൽ പുണ്യപ്പെട്ടും
നിദ്രാ പ്രാപ്തന്മാരോർക്ക-
പ്പെടണം സ്വർഗ്ഗീയോർശ്ലേമിൽ
നീ സിംഹാസനമിതേറി
ദുഷ്ടരെ വേറാക്കുന്നേരം
സന്തുഷ്ടന്മാരാ-യവർ നിൻ വലമായ് നില്ക്കേണം.
മൊറിയൊ റാഹേം...

www.malankaralibrary.com

അല്ലെങ്കിൽ

നാഥാ നൽകീടുക-പുണ്യം-ഹാലേലുയ്യാ
പള്ളികൾ ദയറാകളിൽ നിന്നെ ആയുഷ്ക്കാലെ
പരികർമ്മിച്ചോരാചാര്യർ ശെമ്മാശ്ശന്മാർക്കായ്
കരമതിൽ നിൻ തിരുമെയ് നിണമവരാഘോഷിച്ചാർ
കടമെല്ലാം നീങ്ങിടുവാനായ് മദ്ബഹായതിനുള്ളിൽ
നിൻ തിരുമെയ് അവർ പിഴ പോക്കണമേ;
തവരുധിരം പാപം മായ്ക്കണമേ;
നിൻ വലഭാഗേ പാടുമവർ നാഥാ തേ! സ്തോത്രം.
ബാറെക്മോർ.

കാർമ്മി : ശുബ്ഹോ...

ശ്ലീഹന്മാർ ശിരസ്സാം ശെമഓനോടായ് നാഥൻ
"കഹനൂസാ" പരമുര ചെയ്തോരതിമോഹന വചനം.
ഭവന വിചാരകനായ് നിന്നെ ഞാൻ നിയമിച്ചു
ഉയരാഴങ്ങടെ താക്കോൽകൾ നിൻ കൈകളിൽ നൽകി.
നീ ബന്ധിച്ചാൽ ഞാൻ ബന്ധിക്കും
മോചിച്ചാൽ ഞാനും മോചിക്കും
പാപികൾ പേർക്കായ് യാചിക്കിൽ
നിൻ പ്രാർത്ഥന കേൾപ്പേൻ".
മൊറിയൊ റാഹേം...

അല്ലെങ്കിൽ

കാർമ്മി : നിർമ്മല മദ്ബഹായിൽ കർത്യ -
സ്നേഹാൽ ശുശ്രൂഷിച്ചോരാം
വൈദികരെ പിൻചെല്ലും വ -
ന്നീറേന്മാർ ദേവാഗാരേ. ബാറെക്മോർ.

കാർമ്മി : ശുബ്ഹോ...

ജനം : ഭംഗ്യാ ദൈവസുതാ നിന്നെ
ശുശ്രൂഷിച്ചൊരു വൈദികരെ
നിന്നാഗമന മഹാനാളിൽ
ഓർത്തു മുഖപ്രഭയേകേണം.
മൊറിയോ...

www.malankaralibrary.com

അല്ലെങ്കിൽ

✠ ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ നിങ്ങളെല്ലാവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ✠ ആത്മീകമായ ഈ ശുശ്രൂഷയിൽ ഞങ്ങളോടുകൂടെ സംബന്ധിച്ചവരായ നിങ്ങളോരോരുത്തരെയും ദൈവമായ കർത്താവ് വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ. ✠ ദൈവമായ കർത്താവ് നിങ്ങളെയും വിശ്വാസികളായ മരിച്ചുപോയവരെയും ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തുമാറാകട്ടെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ, ബലഹീനവും കുറവുള്ളതുമായ ഞങ്ങളുടെ പ്രാർത്ഥനകൾ നിന്റെ ഉന്നത സിംഹാസനത്തിൻ മുൻപാകെ കേൾക്കപ്പെട്ടവയും അംഗീകരിക്കപ്പെട്ടവയുമാക്കിത്തീർക്കണമെ. (ആബോ വബ്റോ ഉ-റൂഹോകാദീശോ ഹോശോ വബ്കുൽ സ്ബാൻ ല്ഒൽമീൻ)

ജനം : കുറിയേലായിസ്സോൻ...കുറി...കുറി..

## 2. വിശ്വാസികൾ

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

### പ്രാരംഭ പ്രാർത്ഥന

ഞങ്ങളുടെ മിശിഹാതമ്പുരാനേ, നിന്റെ ശരണത്തിൽ മുൻകൂട്ടി നിദ്രപ്രാപിച്ച് നിന്റെ സ്വർഗീയ വാഗ്ദാനങ്ങൾക്കായി നോക്കിപ്പാർത്തിരിക്കുന്ന നിന്റെ ദാസന്മാരും ആരാധകരുമായവരെ നീ അനുകൂലമാക്കി ആശ്വസിപ്പിക്കണമേ. ഞങ്ങളുടെ രക്ഷയ്ക്കായി വന്നവനും ഞങ്ങളുടെ പുനരുത്ഥാനത്തിനും എന്നേക്കും ഞങ്ങളുടെ വർഗത്തിന്റെ നവീകരണത്തിനുമായി വരുവാനിരിക്കുന്നവനുമായ മിശിഹാതമ്പുരാനേ, ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും അർപ്പിക്കും. (മോറാൻ വാലോഹാൻ ല്ഒൽമീൻ)

ജനം : ആമ്മീൻ.

www.malankaralibrary.com

## കുക്കിലിയോൻ

കാർമ്മി : മക്കളിലപ്പൻ കൃപ ചെയ്വതുപോലെ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും.

ജനം : പുല്ലിനു തുല്യം നരനുടെ നാൾകളഹോ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ.

ബാറെക്മോർ.

കാർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

## എക്ബോ

ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്.

ശുശ്രൂ : സ്തൗമെൻ കാലോസ്

ജനം : കുറിയേലായിസ്സോൻ

കാർമ്മി : നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം : കാരുണ്യവാനായ...

കാർമ്മി : സ്തുതിയും സ്തോത്രവും

## പ്രുമിയോൻ

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ മായിക്കുകയും ഞങ്ങൾക്കുവേണ്ടിയുള്ള തന്റെ ബലിയാൽ ആദാമിന്റെ സകല മക്കളെയും പുണ്യമാക്കുകയും ചെയ്ത ഉത്തമനായ കർത്താവിനെ നാം ഓർത്ത് മഹത്വപ്പെടുത്തണം. അവന് തന്റെ ദാസന്റെ (ദാസിയുടെ) ഓർമ്മകഴിക്കുന്ന ഈ സമയത്തും

www.malankaralibrary.com

സകല പെരുന്നാളുകളിലും കാലങ്ങളിലും നേരങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

ജനം : ആമ്മീൻ.

## സെദ്റാ

മരിച്ചവരെ അനുകൂലമാക്കുന്നവനും കബറടക്കപ്പെട്ടവരെ ഉയിർത്തെഴുന്നേല്പിക്കുന്നവനുമായ കർത്താവേ, ഇന്ന് ആർക്കു വേണ്ടി പ്രാർത്ഥിക്കുന്നുവോ ആ നിന്റെ (ഇന്നാരുടെ) ആത്മാവിനെ നീ കൈക്കൊള്ളണമേ. എന്റെ കർത്താവേ, നിന്റെ സ്നേഹിതന്മാരായ അബ്രഹാം, ഇസ്സഹാക്ക്, യാക്കോബ് എന്നിവരോടുകൂടെയും നിന്റെ തിരുവിഷ്ടം പ്രവർത്തിച്ച് നിന്നെക്കുറിച്ചുള്ള പ്രത്യാശയിൽ നിദ്രപ്രാപിച്ച സകല വിശ്വാസികളോടുകൂടെയും നിന്റെ പിതാവിന്റെ വാഴ്ത്തപ്പെട്ട ഭവനങ്ങളിൽ ഈ ദാസനെ (ദാസിയെ) വസിപ്പിക്കണമേ. ഈ ദാസനെ (ദാസിയെ) ഉയിർത്തെഴുന്നേല്പിച്ച് നിന്റെ വലത്തു ഭാഗത്തു നിർത്തണമേ. ഞങ്ങളെല്ലാവരുടെയുംമേൽ നിന്റെ കരുണ ചൊരിയണമേ. ഞങ്ങളൊരുമിച്ച് നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും സമർപ്പിക്കും.

ജനം : ആമ്മീൻ

കാർമി : ദൈവത്തിൽനിന്നു...

ജനം : ആമ്മീൻ.

## കോലോ

രക്ഷകനേ, നിൻ ഗാത്രത്തെ ഭക്ഷിച്ചും നിൻ-
വിലയേറും രക്തക്കാസാ പാനം ചെയ്തും
മൃതരായോരെ നാശം നീക്കി ജീവിപ്പി-
ച്ചണിയിക്കുക നിന്നെ നോക്കുന്നവരിൽ കാന്തി.

ബാറെക്മോർ.

www.malankaralibrary.com

കാർമി : ശുബ്ഹോ...

മൃതരെ ജീവിപ്പിപ്പാനെഴുന്നെള്ളും രാജാ-
മുകിലഴകിന്മേലാഘോഷിതനായീടുന്നു.
നയവാൻമാർ തൻ മുൻ കൊമ്പിൻ നാദം കേട്ടി-
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.

മൊറിയൊ റാഹേം...

അല്ലെങ്കിൽ

ഉയിരേകുന്നോൻ രാജാ-വുയരത്തിൽ നിന്നെഴുന്നെള്ളി
ജീവൻ മൃതരാ-മേവർക്കും നൽകുന്നു.
കബറുകളുള്ളിൽ നിന്നി-ങ്ങവരവരുയിരോടെഴുന്നേറ്റു
ഉയിരേകും നി-ന്നെ സ്തുതി ചെയ്തീടുന്നു. ബാറെക്മോർ.

കാർമി : ശുബ്ഹോ...

എന്റെ ശരീരം ഭക്ഷി-ച്ചെൻ രക്തം പാനം ചെയ്വോൻ
പാതാളത്തിൽ പോകാനായ് വിടാ ഞാൻ
എന്നുമവൻ ജീവിപ്പാനണഞ്ഞെത്തീട്ടു മരിച്ചിതു ഞാൻ
എന്നും കർത്താ തന്നരുളിന്നു മഹത്ത്വം.

മൊറിയോ റാഹേം...

## ബോവൂസോ

മരമതിനുയരെ കർത്താവേ
കള്ളനു കിട്ടിയ നിന്റെ വരം
ത്രിത്വത്തെ സ്തുതിചെയ്തോരാം
മൃതരും കൈക്കൊണ്ടീടേണം.

അല്ലെങ്കിൽ

കരുണ നിറഞ്ഞവനേ, - പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ-പുതുതാക്കീടണമേ
നിന്നിൽ ശരണത്താൽ-നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും-മൃതരിൽ കനിയണമേ

www.malankaralibrary.com

അവരബറാഹത്തി-ന്റെയുമിസ്സഹാക്കുടെയും
യാക്കോബിന്നുടെയും-മടിയിൽ പാർക്കണമേ.
വന്നവനും വരുവോനും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാത്മാക്കൾ പാടണമേ.

## ഹൂത്തോമോ

(പേജ് : 282)

കുറിയേലായിസ്സോൻ, കുറിയേ... കുറിയേ...

❖❖❖

www.malankaralibrary.com

# ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിലെ ധൂപപ്രാർത്ഥന (പ്രുമിയോൻ, സെദ്റാ ചേർത്തത്)

## പ്രാരംഭപ്രാർത്ഥന

കാർമ്മി : ശുബ്ഹോ...

ജനം : ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നേക്കും വർഷിക്കുമാറാകണമേ.

കാർമ്മി : ദൈവമായ കർത്താവേ, ഞങ്ങളുടെ പിതാവ് മാർ ഈവാനിയോസിന്റെ ഓർമ്മ ആചരിക്കുന്ന ഈ ദിവസത്തിൽ ഭക്ത്യാദരപുരസ്സരം നിന്നെ സ്തുതിക്കുവാൻ അടിയങ്ങളെ യോഗ്യരാക്കണമെ. ഈ ശ്രേഷ്ഠാചാര്യൻ ലോകത്തെ ത്യജിച്ച്, കുരിശെടുത്തു നിന്നെ അനുഗമിച്ച്, ദയറാ സ്ഥാപിക്കുകയും നിർമ്മല വ്രതങ്ങളാൽ അതിനെ അലങ്കരിക്കുകയും ചെയ്തു വല്ലോ. ഞങ്ങളെ നയിക്കുന്ന പ്രധാന ഇടയനായി നീ നിയമിക്കുകയും, ഭൗമിക പറുദീസയായ സഭയാകുന്ന പാറമേൽ നിന്റെ മക്കളെ ഉറപ്പിക്കുവാൻ നീ നിയോഗിക്കുകയും ചെയ്തു. സത്യവിശ്വാസത്തിലേക്കും മാനസാന്തരത്തിലേക്കും അനേകർ ഈ ദൈവദാസനാൽ വിളിക്കപ്പെട്ടു. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ ആചരിക്കുന്ന ഈ ദിവസങ്ങളിൽ ഞങ്ങൾക്കു നിന്റെ അനുഗ്രഹങ്ങളും സഹായങ്ങളും സ്വർഗ്ഗം തുറന്ന് നൽകുമാറാകണമെന്ന് അപേക്ഷിക്കുന്നു. ഞങ്ങളെയും ഞങ്ങളുടെ മരിച്ചുപോയവരെയും നിന്റെ വിളിയാലും കൃപയാലും ആനന്ദിപ്പിക്കുവാൻ യോഗ്യരാക്കണമെ. മോറാൻ വാലോഹാ-ൻല് ഒൽമീ-ൻ

ജനം : ആമ്മീൻ

www.malankaralibrary.com

## കുക്കിലിയോൻ

**ചാർത്തും നീതിയെ നിന്നാചാര്യന്മാരും ...........** പേജ് 275

## എക്ബോ

**ശുചിയൊടു ശുദ്ധ്യാ ബെസ്ക്കുദിശാ ..........** പേജ് 276

ശുശ്രൂഷകൻ : സ്തൌമെൻ... കുറിയേ...

കാർമ്മി : നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് കരുണയും ദയയും യാചിക്കണം.

ജനം : കാരുണ്യവാനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് സഹായിക്കണമേ.

കാർമ്മി : സ്തുതിയും സ്തോത്രവും മഹിമയും പുകഴ്ചയും അനശ്വരകീർത്തിയും എല്ലാനേരത്തും ഇടവിടാതെ അർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമേ.

I

## പ്രുമിയോൻ

തന്റെ സൃഷ്ടികളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവരെ ദൈവദാസന്മാരായി രൂപപ്പെടുത്തുകയും, വാഴ്ത്തപ്പെട്ടവരായി മുദ്രകുത്തുകയും വിശുദ്ധരെന്നു വിളിക്കുവാൻ സഭയെ നിയോഗിക്കുകയും ചെയ്തവനായ കർത്താവിനു സ്തുതി. അവൻ തന്റെ ദാസരെ തന്റെ തിരുശരീരത്താലും തിരുരക്തത്താലും രക്ഷയിലേക്ക് ആനയിക്കുകയും ദിവ്യമായ ജീവിതത്തിലേക്ക് ആകർഷിക്കുകയും ചെയ്യുന്നു. അവരുടെ മാദ്ധ്യസ്ഥം അപേക്ഷിക്കുന്നവർക്കു കൃപയുടെ നീർച്ചാൽ അവിടുന്ന് ഒഴുക്കിക്കൊടുക്കുന്നു. നിന്റെ ദാസനും വിശ്വാസത്തിൽ ഞങ്ങളുടെ പിതാവുമായ മാർ ഈവാനിയോസ് തിരുമേനിയുടെ ഈ ഓർമ്മപെരുന്നാളിലും എല്ലാ കാലങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും അവിടുത്തേക്ക് യോഗ്യമാകുന്നു. (ബ്കുലഹൂൻ യൗമോസൊ ദ്ഹായെൻ ല്ഒൽമീൻ)

www.malankaralibrary.com

## സെദ്റാ

കാലത്തികവിൽ പരിശുദ്ധസഭയെ നീ നിന്റെ മണവാട്ടിയാക്കി തീർത്തു. നിന്റെ വിശുദ്ധ സഭയിലേക്ക് അനേകരെ നീ വിളിച്ചു വേർതിരിച്ചു. അവളുടെ മഹത്ത്വത്തിനായി കാലോചിതമാംവിധം നിബിയന്മാരെയും ശ്ലീഹന്മാരെയും സഹദേന്മാരെയും മൗദ്യാനൻമാരെയും, മല്പാന്മാരെയും നീ നൽകി. ഉചിതമാംവിധം നിന്നെ ശുശ്രൂഷിച്ചവർക്കായി സ്വർഗ്ഗീയ കിരീടങ്ങൾ നീ മെനഞ്ഞു. ഇവരുടെ സുകൃത ജീവിതത്താൽ സഭയെ നീ അലങ്കരിച്ചു. ഇവരുടെ മാദ്ധ്യസ്ഥം ജനപദങ്ങൾക്കു ആശ്വാസവും പ്രത്യാശയും നൽകി. ഇവരുടെ ചൊവ്വുള്ള വിശ്വാസത്തെ പിൻപറ്റുവാൻ ഞങ്ങൾക്ക് കൃപ നൽകണമെ.

കർത്താവേ, ഇപ്പോൾ ഞങ്ങൾ പ്രാർത്ഥിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നതെന്തെന്നാൽ, പരിശുദ്ധ സഭയുടെ അലങ്കാരത്തിനും നവോത്ഥാനത്തിനും നീ ഒരുക്കിയ ദൈവദാസൻ മാർ ഈവാനിയോസിനെ ഞങ്ങൾക്കു മദ്ധ്യസ്ഥനായി തരണമേ. നിന്റെ ഈ ശ്രേഷ്ഠാചാര്യൻ ഉത്തമ കാര്യവിചാരിപ്പുകാരനും, നിന്റെ മുന്തിരിത്തോട്ടത്തിൽ നല്ല വേലക്കാരനും, ആടുകൾക്കു ജീവൻ നൽകിയ നല്ല ഇടയനും ജ്ഞാനമുള്ള ഭരണകർത്താവും ആയിരുന്നുവല്ലൊ. ഒരിടയനും ഒരു തൊഴുത്തുമെന്നുള്ള നിന്റെ ദിവ്യാഹ്വാനം നിന്റെ ദാസനെ നിയോഗമായി നീ ഏല്പിച്ചു. അതിനാൽ കർത്താവേ, ഞങ്ങളുടെ വന്ദ്യപിതാവിന്റെ നാമം പരിശുദ്ധന്മാരുടെ ഗണത്തിൽ ചേർക്കണമെ. ത്രോണോസിന്മേൽ നിന്റെ ദാസൻ ബഹുമാനിക്കപ്പെടുവാൻ ഇടയാക്കണമേ.

കർത്താവേ, നിന്റെ സഭയെ ഐക്യത്താൽ പരിപോഷിപ്പിക്കണമേ. അവളെ നീ വിശുദ്ധീകരിക്കണമെ. ഞങ്ങളിൽ നിന്നും വേർപിരിഞ്ഞ എല്ലാ മേല്പട്ടക്കാരെയും, പട്ടക്കാരെയും, സന്യസ്തരെയും, വിശ്വാസികളേവരെയും സ്വർഗ്ഗീയ ജറുസലേമിൽ ഓർമ്മിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. (ഹോശോവബ്കൂല്സ്ബാൻ ല്ഒൽമ്മീൻ)

www.malankaralibrary.com

# II

## പ്രുമിയോൻ

കരുണയോടെ ഞങ്ങളുടെ പക്കലേക്കിറങ്ങിവന്നു ബലഹീനരായ ഞങ്ങളെ ദയാപുരസരം തിരുസന്നിധിയിലേക്ക് ഉയർത്തിയ മഹോന്നതനും അദൃശ്യനുമായ ദൈവവും തന്റെ സേവനത്തിനു ഞങ്ങളെ ശുദ്ധീകരിക്കുവാനായി ഞങ്ങൾക്കു വേണ്ടി സ്വയം പ്രതിഷ്ഠിച്ചവനും വിശുദ്ധീകരണം നൽകുന്നവനും സ്തുതികളെ സദാ അംഗീകരിക്കുന്നവനുമായ കർത്താവിനു സ്തുതി. തന്റെ പുരോഹിതൻമാരെ വിശുദ്ധ രഹസ്യങ്ങൾ അനുഷ്ഠിക്കുന്നവരായി നിയോഗിക്കുകയും തന്റെ മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും ഓർമ്മ സജീവമായി നിലനിർത്തുവാൻ അവരെ ഭരമേല്പിക്കുകയും ചെയ്ത ഉത്തമ നാഥനായ കർത്താവിന് തന്റെ ദാസനും ഞങ്ങളുടെ വന്ദ്യപിതാവുമായ മാർ ഈവാനിയോസിന്റെ ഓർമ്മ ആചരിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും കാലങ്ങളിലും നേരങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

## സെദ്റാ

കൃപാസമൃദ്ധിയുള്ളവനും അപരിമേയനും അതിവിശുദ്ധനുമായ ദൈവമേ, നീ പ്രത്യേകവിധം കാരുണ്യവാനും നാഥോചിതമായും യഥാർത്ഥമായും നന്മയും സത്യവും ഉള്ളവനുമാകുന്നു. ധാരാളമായ ദിവ്യദാനങ്ങൾ കൊണ്ട് ഞങ്ങളുടെ വർഗ്ഗത്തെ നീ ഐശ്വര്യപ്പെടുത്തി. നിന്നെ ശുശ്രൂഷിച്ച് നിന്റെ നൽവരം കൊണ്ട് നിറയാൻതക്കവണ്ണം പുണ്യവാന്മാരായ ശ്രേഷ്ഠാചാര്യന്മാരുടെയും ആചാര്യന്മാരുടെയും ശെമ്മാശ്ശന്മാരുടെയും നിരകളാൽ നിന്റെ സഭയെ ശ്രേഷ്ഠയാക്കി.

ദൈവമായ കർത്താവേ, നിന്റെ കരുണയാലും തിരുഹിതത്താലും അങ്ങയുടെ ദാസനും ഞങ്ങളുടെ ശ്രേഷ്ഠാചാര്യനുമായ മാർ ഈവാനിയോസ് തിരുമേനിയെ ദൈവദാസനായി അവിടുന്ന് ഞങ്ങൾക്ക് നൽകിയല്ലോ. സത്യമായി അങ്ങയെ സേവിക്കുന്ന ഉത്തമ ശുശ്രൂഷകനായിരിക്കുന്നതിനു

www.malankaralibrary.com

വേണ്ടി അവിടുത്തെ ഇഷ്ടം നിന്റെ ദാസനിൽ പ്രവർത്തിച്ചു വല്ലോ. കർത്താവേ, നിന്നെ സമ്പാദിപ്പാനായി തന്നെത്തന്നെ നഷ്ടപ്പെടുത്തുവാൻ നിന്റെ ദാസനെ നീ പഠിപ്പിച്ചുവല്ലോ. നിന്നെ പൂർണ്ണമായി സമ്പാദിപ്പാൻ തന്നെത്തന്നെ ശൂന്യമാക്കുവാൻ നീ നിന്റെ ദാസനെ അഭ്യസിപ്പിച്ചുവല്ലോ. കർത്താവേ, ഇപ്പോൾ ഞങ്ങൾ നിന്റെ ദയയോട് അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. നിർമ്മലരും സത്യവിശ്വാസ സംരക്ഷകരുമായ മല്പാന്മാരുടെ ഗണത്തിൽ എണ്ണപ്പെടുവാൻ നിന്റെ ദാസൻ മാർ ഈവാനിയോസിനെ സഭയിൽ വിശുദ്ധനായി നീ ഉയർത്തണമെ. നിന്റെ ദാസന്റെ സുകൃത നടപടികൾ നിനക്ക് ഇമ്പമുള്ളതായിരുന്നതിനാൽ നിന്റെ ദാസനിലൂടെ നിന്റെ സഭയെ നീ മഹത്വപ്പെടുത്തണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ നിന്റെ ദാസരും ആചാര്യരുമായി ഞങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന എല്ലാ മേല്പട്ടക്കാരെയും പട്ടക്കാരെയും ശെമ്മാശ്ശന്മാരെയും സകല പരേതരെയും നിന്റെ സന്നിധിയിലേക്ക് നീ സ്വീകരിച്ചു ക്കൊള്ളണമെ. നിന്റെ രാജ്യത്തിലെ വിശുദ്ധന്മാരോടൊരുമിച്ച് ഞങ്ങൾ ഇപ്പോഴും എല്ലാസമയത്തും എന്നേക്കും പരിശുദ്ധ ത്രിത്വത്തിന് സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

## III

### പ്രുമിയോൻ

(ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചുള്ള തീർത്ഥാടന പദയാത്ര)

സ്വർഗ്ഗീയ സേനകളാൽ സേവിക്കപ്പെടുകയും ദ്രോപ്പേന്മാരാൽ കാദിശ് പാടി സ്തുതിക്കപ്പെടുകയും സർവ്വചരാചരങ്ങളാലും ആരാധിക്കപ്പെടുകയും ചെയ്യുന്നവനായ കർത്താവിനു സ്തുതി. നിന്റെ പുത്രന്റെ മനുഷ്യാവതാരത്തിലൂടെ നീ എല്ലാവരെയും നിന്നിലേക്ക് ആകർഷിക്കുന്നു. നിത്യരക്ഷയ്ക്കുള്ള ഒരു തീർത്ഥാടക ദൈവജനമായി നിന്റെ പുത്രനിലൂടെ സഭയെ നീ സ്ഥാപിച്ചു.

www.malankaralibrary.com

ഈ സഭയിൽ നീ പരിശുദ്ധന്മാരെ പുകഴ്ത്തുകയും ദൈവദാസന്മാരെ മഹത്വപ്പെടുത്തുകയും നാനാഭാഗത്തും അവരുടെ ഓർമ്മയെ ബഹുമാനിക്കുകയും ചെയ്യുന്നു. നിനക്ക് നിന്റെ ദാസനും ഞങ്ങളുടെ വന്ദ്യപിതാവുമായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ കബറിങ്കലേക്കുള്ള തീർത്ഥാടനം നടത്തുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും കാലങ്ങളിലും നേരങ്ങളിലും, നാഴികകളിലും സ്തുതിയും ബഹുമാനവും ആരാധനയും നിനക്ക് യോഗ്യമാകുന്നു. ബ്കുലഹൂൻ യൗമോസോ ദ്ഹായെൻ ല്ഒൽമീൻ). ആമ്മീൻ

## സെദ്റാ

നിന്റെ സ്വർഗ്ഗീയ ഭണ്ഡാരം തുറന്ന്, തെരഞ്ഞെടുക്കപ്പെട്ടവർക്കു കൃപാദാനങ്ങൾ നൽകുകയും, തന്റെ പരിശുദ്ധന്മാർക്കു പുണ്യപൂർണത പ്രദാനം ചെയ്യുകയും വിളിച്ചപേക്ഷിക്കുന്നവരുടെ നിയോഗങ്ങൾക്കു ഉത്തരമരുളുകയും ചെയ്യുന്ന ദൈവമായ കർത്താവേ, നിനക്കു സ്തുതി, നിനക്കു സ്തോത്രം. കർത്താവേ, നീ ബലഹീനരെ താങ്ങുന്നവനും കബറടക്കപ്പെട്ടവർക്കു വിശ്രമസ്ഥാനം ഒരുക്കുന്നവനുമാകുന്നു. ഓരോരുത്തർക്കും അവനവന്റെ പ്രവർത്തിക്കനുസരിച്ച് പ്രതിഫലം നൽകുന്നവനും നീ മാത്രമാകുന്നു. വിശുദ്ധന്മാരെ സുകൃതങ്ങളാൽ നിറച്ച് നിന്റെ സന്നിധിയിലേക്ക് നീ ആനയിക്കുകയും ചെയ്യുന്നു.

ദൈവദാസൻ മാർ ഈവാനിയോസിനെ ഈ ലോകജീവിതയാത്രയിൽ നിന്റെ പരിപാലനയും കൃപയും കൊണ്ടു നിറച്ചു. നിന്റെ ആചാര്യശുശ്രൂഷയിൽ നീ നിന്റെ ദാസനെ പങ്കുകാരനാക്കി. സന്യാസ വ്രതങ്ങൾ കൊണ്ട് നിന്റെ ദാസനെ നീ അലങ്കരിച്ചു. നിന്റെ വിശുദ്ധ സഭയുടെ നവോത്ഥാനത്തിനായി ഈ ദാസനെ നീ വിളിച്ചു വേർതിരിച്ചു. ഈ ദൈവദാസൻ ഏലിയായെപ്പോലെ ഭക്തിയിൽ നിറവുള്ളവനായി. മോശയെപ്പോലെ വിനയത്താലും, നേതൃത്വബലത്താലും നീ അദ്ദേഹത്തെ ശക്തനാക്കി. പ്രവചനവരത്താൽ ഈ ദൈവദാസനെ ദിവ്യപ്രവാചകനായ ദാവീദിനോടു നീ സദൃശനാക്കി. ജറമിയായുടെ ശാസനാശക്തി ഈ ദൈവദാസനു നീ നൽകി.

www.malankaralibrary.com

ആയതിനാൽ ദൈവംതമ്പുരാനേ, നിന്റെ വിശുദ്ധ സഭയിൽ ഈ ദൈവദാസനെ ഞങ്ങൾക്കു വിശുദ്ധനും മദ്ധ്യസ്ഥനുമായി നല്കണമെ.

ഈ ദൈവദാസന്റെ ദിവ്യമാതൃകയെ പിൻപറ്റുവാൻ തീർത്ഥാടകരായി കടന്നുവന്നിരിക്കുന്ന ഈ നിന്റെ മക്കളെ അനുഗ്രഹിക്കണമെ. തെരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ മക്കൾ കാനാനിലേക്ക് യാത്രചെയ്തതുപോലെ, ഈ പദയാത്രികരെ നിന്റെ കൃപയിൻചിറകിൽ മറയ്ക്കണമെ. നിന്റെ ശക്തിയും വചനവും ഈ തീർത്ഥാടകരുടെ കാലുകൾക്കു വിളക്കും ഊടുവഴികൾക്കു പ്രകാശവുമായിരിക്കണമെ. നിന്റെ ജനത്തിനു മന്നാ നൽകി അനുഗ്രഹിച്ചതുപോലെ, ഈ തീർത്ഥാടകരെ എല്ലാ ദാനങ്ങളും നൽകി സുകൃതമുള്ള വരാക്കണമെ. ഈ തീർത്ഥാടനം അങ്ങയുടെ തെരഞ്ഞെടു ക്കപ്പെട്ട ജനം വാഗ്ദത്തനാടായ കാനാനിലേയ്ക്കു ചെയ്ത യാത്ര പോലെയാക്കിത്തീർക്കണമെ. പകൽ മേഘസ്തംഭ മായും രാത്രി അഗ്നിത്തൂണായും നീ ഇവർക്കു വഴികാട്ടിയാ യിരിക്കണമെ. ഈ തീർത്ഥാടനയാത്ര കടന്നുപോകുന്ന ഗ്രാമങ്ങളെയും പട്ടണങ്ങളെയും സകല കുടുംബങ്ങളെയും സർവ ജനങ്ങളെയും നീ വാഴ്ത്തി അനുഗ്രഹിക്കണമെ. ഞങ്ങളുടെ ഈ ദേശത്ത് നിന്റെ കൃപയും സമാധാനവും വാഴുമാറാകണമെ.

ദൈവമായ കർത്താവെ, നിന്റെ പരിശുദ്ധ സഭയെ അനുഗ്രഹിക്കണമെ. അതിലെ മേല്പട്ടക്കാരെ കാത്തുകൊള്ളണമെ. പട്ടക്കാരെയും ദയറായക്കാരെയും പരിപാലിക്കണമെ. മാമോദീസായുടെ വിശുദ്ധ റൂശ്മായാൽ മുദ്രകുത്തപ്പെട്ട മക്കളെ സംരക്ഷിക്കണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഹോശോ വബ്കുൽസ്ബാൻ ല്ഒൽമീൻ. ആമ്മീൻ

**കോലോകൾ** പേജ് ........... 280 – 281

**ബോവൂസോ** പേജ് ........... 282

**ഹൂത്തോമോ** പേജ് ........... 282

❖

www.malankaralibrary.com

www.malankaralibrary.com